# തളരാതെ ഓടുക

പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher
**ഫീലിയോ ബുക്ക്സ്**
കോലഞ്ചേരി – 683 562

# തളരാതെ ഓടുക


## പ്രൊഫ. എം.വൈ. യോഹന്നാൻ

റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682 311, കേരളം.
ഫോൺ: (0484) 2689489, 2689889

E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**


●


Publisher:

**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി - 683 562**

●

Cover Page & Design
Lijo Puthusseril

●

Printed at
Viani Printings, Kochi - 682 018

●

Price: ` 80


●


All rights reserved with the publisher

# ആമുഖം

ക്ഷേമരാഷ്ട്രമായ രാമരാജ്യത്തെപ്പറ്റി എഴുത്തച്ഛൻ പാടി:

“എല്ലാവനുമുണ്ടനുകമ്പ മാനസേ
നല്ലതൊഴിഞ്ഞൊരു ചിന്തയില്ലാർക്കുമേ.”

‘ദൈവത്തിന്റെ സ്വന്തം നാട്’ എന്ന സ്വപ്നത്തിൽ കഴിയുന്ന മലയാളിക്ക് എന്നും തളർച്ചയും വിളർച്ചയും വരൾച്ചയും മാത്രമാണുള്ളത്. സുഭഗശോഭനമായ ഭാവിയിലേക്ക് കുതിച്ചു മുന്നേറാൻ സാധിക്കണമെങ്കിൽ തളരാതെ മുന്നോട്ടോടുവാനുള്ള മനസ്സുണ്ടാവുകയാണാവശ്യം.

സ്പെയിനിന്റെ തീരത്ത് അറ്റ്ലാന്റിക് സമുദ്രത്തിന്റെ അരികിൽ സ്പെയിനിന്റെ ദേശീയ ചിഹ്നം സ്ഥാപിച്ചിരുന്നു: “Ne Plus Ultra” (ഇതിനപ്പുറത്ത് യാതൊന്നും ഇല്ല). അതിനെ അവഗണിച്ചുകൊണ്ട് കൊളംബസ് നൗക തുഴഞ്ഞുകൊണ്ടു പോയി. കൂടെയുള്ളവർ നിരുത്സാഹപ്പെടുത്തി എന്നു മാത്രമല്ല, തിരിച്ചുപോയില്ലെങ്കിൽ കൊളംബസിനെ അപായപ്പെടുത്തുവാൻ ചിന്തിക്കുകപോലും ചെയ്തു. എന്നാൽ കൊളംബസ് തളർന്നില്ല. പിന്നെയും തുഴഞ്ഞ് മുന്നോട്ട് പോയി. ഒടുവിൽ അമേരിക്കൻ ഭൂഖണ്ഡം കണ്ടുപിടിച്ചു. അദ്ദേഹം മടങ്ങി എത്തിയപ്പോൾ സ്പെയിനിലെ രാജാവ് ദേശീയ ചിഹ്നം മാറ്റി എഴുതി: “Plus Ultra” (ഇതിനപ്പുറത്തും കുറെയെല്ലാം ഉണ്ട്).

വാടിത്തളർന്നുപോകാതെ ഉത്സാഹഭരിതനായി മുന്നോട്ടു പോയതുകൊണ്ടാണ് അമേരിക്ക കണ്ടുപിടിക്കുവാൻ

കൊളംബസിന് കഴിഞ്ഞത്.

ഒരു ക്രിസ്തീയകുടുംബത്തിൽ ജനിച്ച 'സൈറസ്' ക്രിസ്തു വിശ്വാസിയല്ലായിരുന്നു. അദ്ദേഹം പ്രശസ്തനായ ഒരു അഡ്വക്കേറ്റായി. അദ്ദേഹത്തിന്റെ മുപ്പത്തിയാറാമത്തെ വയസ്സിൽ അദ്ദേഹത്തിന്റെ ഒരു കക്ഷി അദ്ദേഹത്തോട് ചോദിച്ചു: "നിങ്ങൾ എന്താണ് ഒരു ക്രിസ്ത്യാനി ആകാത്തത്?" ആ വാക്കുകൾ അദ്ദേഹത്തിന്റെ ചിന്തകളെ ജ്വലിപ്പിച്ചു. അദ്ദേഹം വിശുദ്ധ വേദപുസ്തകം വായിക്കാൻ തുടങ്ങി. മുപ്പതുവർഷത്തെ വേദപുസ്തക പഠനം "Scofield Reference Bible" എന്ന മഹദ് ഗ്രന്ഥരചനയിലേക്ക് അദ്ദേഹത്തെ നയിച്ചു.

നന്മയിലേക്ക് പ്രയാണം ചെയ്യേണ്ട മനുഷ്യൻ തിന്മയിലേക്ക് തിരിഞ്ഞ് ജീവിതം നശിപ്പിച്ചുകളയുന്നു എന്നത് ഒരു ദൗർഭാഗ്യമാണ്. വെളിപ്പാടുപുസ്തകം രണ്ടാം അദ്ധ്യായത്തിലും പതിമൂന്നാം അദ്ധ്യായത്തിലും കാണുന്ന സാത്താന്യ ആരാധനയുടെ ഭീകരത ഇന്ന് മാനവ സംസ്കാരത്തിനു നേരെയുള്ള ഒരു വെല്ലുവിളിയാണ്.

1966-ൽ കാലിഫോർണിയായിൽ ആന്റൺ ലാവേ (Anton Lavey) യാണ് സാത്താന്യ ആരാധനയുടെ ഉപജ്ഞാതാവ്. അദ്ദേഹം സാത്താന്റെ ബൈബിൾ രചിച്ചു. ജനങ്ങളെ ആകർഷിക്കാൻ Acid Rock Music (പാട്ടുകച്ചേരി) തുടങ്ങി. ബലാൽസംഗങ്ങൾ, free sex, നരബലി, രതിവൈകൃതങ്ങൾ, മയക്കുമരുന്ന് എന്നിങ്ങനെ യുവാക്കളെ ആകർഷിക്കുന്ന അനേകം ദുഷ്കൃതങ്ങൾ നടമാടി.

1984-ൽ Gary എന്ന യുവാവിനെ വധിച്ച Ricky Kasso എന്ന കൊലയാളി പിടിയിലായപ്പോൾ സാത്താന്യ ആരാധനയുടെ ഭീകരത ചുരുൾ വിടർന്നു. അയാൾ 'Knights of the Black Circle' എന്ന സംഘടനയിൽ പ്രവർത്തിച്ചു. അവർ ശരീരത്തിൽ തലതിരിഞ്ഞ കുരിശടയാളം പച്ചകുത്തും. സാത്താന്യ

ആരാധനയ്ക്ക് ബലികഴിപ്പാൻ ആളെ കിട്ടിയില്ലെങ്കിൽ ശവം മാന്തിയെടുത്ത് ഇടംകൈ വെട്ടിമാറ്റി അത് ബലികഴിക്കുന്നു. ഗാരിയെ പിടിച്ചുകൊണ്ടുവന്ന് "I love Satan" എന്ന് ഉറക്കെ പറയാൻ ആവശ്യപ്പെട്ടു. കത്തികൊണ്ട് അവന്റെ കവിൾ കീറി. എന്നിട്ടും പറയാതെ വന്നപ്പോൾ അവനെ ജീവനോടെ ചുട്ടു കൊന്നു. പിഞ്ചുശിശുവിനെ ബലികഴിച്ച് അതിന്റെ ശരീരത്തിൽ നിന്നുള്ള കൊഴുപ്പുപയോഗിച്ച് ഉണ്ടാക്കുന്ന മെഴുകുതിരി കത്തിച്ച് പൂജിച്ചാൽ വലിയ ശക്തി ലഭിക്കും എന്നാണവരുടെ വിശ്വാസം.

'Ranch of Devil' എന്ന സംഘടന മനുഷ്യനെ കൊലപാതകം ചെയ്ത് അവനെ 'മാലാഖ'യാക്കും! മയക്കുമരുന്നിന് ബിസിനസ്സ് കിട്ടുവാൻ ചെറുപ്പക്കാരെ കൊന്ന് തലച്ചോറും കണ്ണും ചൂഴ്ന്നെടുത്ത് ജീവനോടെ പിശാചിന് ബലി അർപ്പിക്കുന്നു. നട്ടെല്ല് മുറിച്ച് സുഷുമ്ന (Spinal Cord) വലിച്ചെടുത്ത് അതും സാത്താന് ബലി അർപ്പിക്കുന്നു. K. X. Roy എന്ന ഒരു Medical Student പിടിക്കപ്പെട്ടപ്പോഴാണ് ഈ നിഗൂഢതകൾ ലോകം അറിയുന്നത്.

ഇങ്ങനെ വൈകൃതമാണ്ട ലോകത്ത് നന്മയ്ക്കുവേണ്ടി തളരാതെ മുന്നേറുമ്പോഴാണ് തിന്മയ്ക്കൊരു അറുതി വരുന്നത്. നമുക്കെല്ലാം നവോന്മേഷത്തോടെ ഇറങ്ങി പുറപ്പെടുവാൻ ആവേശം പകരുന്നതാണ് ആത്മീയ തീക്ഷ്ണത. തിന്മയുടെ തേരോട്ടത്തിൽ സംസ്കാരം ചതഞ്ഞരഞ്ഞു പോകുന്നവർക്കു വേണ്ടി സുവിശേഷമായ ക്രിസ്തുവിനെ നൽകുവാൻ നാം ആവേശഭരിതരാകേണ്ടതാണ്.

മെതോഡിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്ഥാപകനായ ജോൺ വെസ്ലി പറഞ്ഞു: "The Church has nothing to do, but to save souls. Therefore spend and be spent in this work." (ആത്മാക്കളെ രക്ഷിക്കാൻ ചെലവിടുകയും ചെലവായിപ്പോകുകയും

അല്ലാതെ സഭയ്ക്ക് മറ്റൊന്നും ചെയ്യാനില്ല).

സെന്റ് അഗസ്റ്റിൻ പറഞ്ഞു: "Our souls will never rest, until they rest in Thee." യേശുക്രിസ്തുവിൽ സമാധാനം കണ്ടെത്തിയാൽ മാത്രമേ നമ്മുടെ ജീവിതം ശാന്തിയിലെത്തുകയുള്ളൂ. തളരാതെ ഓടി, വിശ്വാസത്തിന്റെ പോരാട്ടം തുടങ്ങിയാൽ നാം ധന്യരാകും.

ഹെൻറി ഫോർഡ് തന്റെ ആദ്യത്തെ കാറിന് പുറകോട്ട് എടുക്കാനുള്ള സംവിധാനം (Reverse gear) ഉണ്ടാക്കിയിരുന്നില്ല. അഞ്ചു പ്രാവശ്യം അദ്ദേഹം വലിയ കടബാദ്ധ്യതയിൽ പെട്ടുപോയി. തളരാതെ യത്നിച്ചതുകൊണ്ട് Automobile Industry-യുടെ പിതാവായി മാറി. "വയലാർ ഗർജ്ജിക്കുന്നു" എന്ന കവിതയിൽ കവി പാടി:

ഉയരും, ഞാൻ നാടാകെ
പടരും, ഞാനൊരു പുത്തൻ
ഉയിർ നാടിന്നേകിക്കൊണ്ടുയരും വീണ്ടും.

ചങ്ങമ്പുഴയുടെ സുപ്രസിദ്ധമായ ഒരു കവിതാഭാഗം ശ്രദ്ധിക്കൂ:

എത്ര ശപിച്ചാലും എത്ര കരഞ്ഞാലും
പിന്തിരിഞ്ഞെത്തില്ല പോയകാലം
ഇന്നാണു നിൻ ജയം, ഇന്നാണു നിൻ സുഖം
ഇന്നിനെത്തന്നെ നീയാശ്രയിക്കൂ.

നാം ഊർജ്ജസ്വലരായി ഉണർന്നു പ്രവർത്തിക്കണം. നാം 'Live' ആകണം. Live മറിച്ചിട്ടാൽ 'Evil' ആകും. നാം Live അല്ലാത്ത സമയം Evil ആകും. സാത്താൻ നമ്മിൽ കടന്ന് നമ്മെ പ്രയോജനശൂന്യരാക്കും.

ക്രിസ്തു നമ്മെ തളർച്ചയിൽ നിന്നെഴുന്നേല്പിച്ച് ഉത്സാഹഭരിതരായി മുന്നേറാൻ കൃപ നൽകട്ടെ. "പാരിൽ പരദേശി"

യായ യാക്കോബിന്റെ ജീവിതകഥ നമ്മെ ഓർമ്മപ്പെടുത്തു ന്നത് "തളരാതെ ഓടുക" എന്നാണ്.

ഈ പുസ്തകം രചിക്കുവാൻ എന്നെ സഹായിച്ച എന്റെ ഏറ്റവും പ്രിയപ്പെട്ട സഹോദരങ്ങളോട് എന്റെ അകൈതവ മായ നന്ദി ഞാൻ പ്രകാശിപ്പിക്കുന്നു. നിങ്ങളുടെ തളർച്ച മാറ്റാൻ, ഊർജ്ജസ്വലത കൈവരിക്കാൻ ഈ ഗ്രന്ഥപാരായണം ഉതകട്ടെ എന്നാശംസയോടെ ഞാൻ ഇവിടെ നിറുത്തട്ടെ.

നിങ്ങളുടെ സ്വന്തം,

**എം.വൈ. യോഹന്നാൻ സാർ.**

# ഒന്ന്

*"അനന്തരം യിസ്ഹാക്ക് യാക്കോബിനെ വിളിച്ച്, അവനെ അനുഗ്രഹിച്ച്, അവനോട് ആജ്ഞാപിച്ചു പറഞ്ഞത്: നീ കനാന്യ സ്ത്രീകളിൽനിന്ന് ഭാര്യയെ എടുക്കരുത്. പുറപ്പെട്ട് പദ്ദൻ-അരാമിൽ നിന്റെ അമ്മയുടെ അപ്പനായ ബെഥൂവേലിന്റെ വീട്ടിൽ ചെന്ന് നിന്റെ അമ്മയുടെ സഹോദരനായ ലാബാന്റെ പുത്രിമാരിൽനിന്ന് നിനക്ക് ഒരു ഭാര്യയെ എടുക്ക."* *ഉല്പത്തി 28 : 1, 2*

അപ്പനായ യിസ്ഹാക്ക് യാക്കോബിനോടു പറയുകയാണ്: "മകനേ, ഇനി നിനക്ക് വിവാഹത്തെക്കുറിച്ച് ചിന്തിക്കാൻ സമയമായി." മകനല്ല, അപ്പനാണ് അവന്റെ വിവാഹകാര്യം ആലോചിക്കുന്നത്. അപ്പനറിയാം മോന് വിവാഹമാലോചിക്കേണ്ട സമയമായി, അതിനുള്ള പ്രായമായി എന്ന്. അപ്പൻ മകനു വേണ്ടി കരുതുകയാണ്.

മാതാപിതാക്കൾ കരുതി ഒരുക്കിത്തരുന്ന വിവാഹങ്ങൾ ഐശ്വര്യകരമായിരിക്കും. എന്റെ വാക്കുകൾ അല്പം പഴഞ്ചനായി ചിന്തിക്കുമോ എന്നെനിക്കു സംശയമുണ്ട്. മാതാപിതാക്കൾ വിവാഹം ആലോചിക്കുന്നതാണ് നല്ലത്. അതൊരു പിൻതിരിപ്പൻ ചിന്താഗതിയായി കരുതരുത്. യുവാക്കൾ ആലോചിക്കുമ്പോൾ അതിൽ പലതരത്തിലുള്ള അപക്വതകൾ കടന്നുകൂടാൻ സാധ്യതയുണ്ട്. അപക്വത ഉണ്ടെന്ന് ചെറുപ്പക്കാർക്ക് അറിയാൻ പാടില്ല. പക്വതയില്ല എന്ന് അവർക്കു മനസ്സിലാവുകയില്ല. പക്ഷേ, അതാണ് സത്യം.

മാതാപിതാക്കൾ പക്വതയോടുകൂടി അവരുടെ പരിചയത്തികവിൽ അന്വേഷിക്കുന്നതായിരിക്കും ഐശ്വര്യം; അതായിരിക്കും ശോഭനമായ കാര്യം; അതായിരിക്കും അനുഗ്രഹകരം.

ഇവിടെ അപ്പനായ യിസ്ഹാക്ക് പറയുന്നു: മകനേ, നീ പദ്ദൻ-അരാമിലേക്കു പോവുക. അവിടെ നിന്റെ അമ്മയുടെ അപ്പനായ ബെഥൂവേലിന്റെ വീട്ടിൽ ചെല്ലണം. പ്രായമായ ബെഥൂവേലിന്റേയും പക്വതയുള്ള ലാബാന്റേയും അടുക്കൽ ചെന്നു നീ പാർക്കണം. നിന്റെ അമ്മയുടെ സഹോദരനായ ലാബാന്റെ പുത്രിമാരിൽനിന്നു നിനക്ക് ഭാര്യയെ എടുക്ക. പ്രവചനാത്മകമായി പറയുന്നതുപോലെ, വരാനിരിക്കുന്ന കാര്യം മുൻകൂട്ടിക്കണ്ട് പറയുന്നതുപോലെയാണ് യിസ്ഹാക്ക് പറയുന്നത്.

അപ്പനായ യിസ്ഹാക്ക് മകനായ യാക്കോബിന്, ഓരോ ചുവടും കരുതലോടുകൂടി വയ്ക്കണമെന്ന് പറഞ്ഞുകൊടുക്കുകയാണ്. കൃത്യമായിട്ടാണ് എല്ലാം പറഞ്ഞു വിടുന്നത്. അവിടെ യാക്കോബിന് സ്വന്തമായി തീരുമാനമെടുക്കാനുള്ള അവസരം കൊടുക്കുന്നില്ല.

എന്നാൽ യിസ്ഹാക്കിന്റെ മകനായ ഏശാവ്, മാതാപിതാക്കളുടെ അനുമതി നോക്കിയല്ല ഭാര്യയെ എടുത്തത്.

> *“ഏശാവിന് നാല്പത് വയസ്സായപ്പോൾ അവൻ ഹിത്യനായ ബേരിയുടെ മകൾ യെഹൂദീത്തിനെയും ഹിത്യനായ ഏലോന്റെ മകൾ ബാസമത്തിനെയും ഭാര്യമാരായി പരിഗ്രഹിച്ചു. ഇവർ യിസ്ഹാക്കിനും റിബെക്കായ്ക്കും മനോവ്യസനകാരണമായിരുന്നു.”* *ഉല്പത്തി 26 : 34, 35*

ഏശാവിന്റെ ഭാര്യമാർ രണ്ടുപേരും അപ്പനും അമ്മയ്ക്കും മനോവ്യസനകാരണമായിത്തീർന്നു. പല കുടുംബങ്ങളിലും മനോവ്യസനകാരണമായിത്തീരുന്ന മരുമക്കൾ വന്നുകയറാറുണ്ട്. വിവാഹം കഴിച്ചു വരുന്ന വധുവാകട്ടെ, വരനാകട്ടെ,

മാതാപിതാക്കൾക്കു വ്യസനകാരണമായിത്തീരരുത്. ചെറുപ്പക്കാർ ദയവായി ശ്രദ്ധിക്കൂ, നിങ്ങൾ എന്നെങ്കിലും നിങ്ങളുടെ അമ്മായിയപ്പനോ അമ്മായിയമ്മയ്ക്കോ വ്യസനകാരണമായിത്തീർന്നിട്ടുണ്ടോ? എങ്കിൽ അത് അപകടമാണ്, അത് നാശമാണ്, ശാപയോഗ്യമാണ്.

അപ്പന്റെയും അമ്മയുടെയും ഉള്ള് വിങ്ങുകയാണ്. നമ്മുടെ മകനായ ഏശാവ് വിവാഹം കഴിച്ചുകൊണ്ടുവന്നിരിക്കുന്ന ഈ പെൺകുട്ടികൾ നമുക്ക് ഒരു പ്രയാസമായല്ലോ; നമുക്കൊരു വേദനയായിപ്പോയല്ലോ? അവർ മനോവ്യസനകാരണമായിത്തീർന്നു. അതുകൊണ്ടുകൂടിയാണ് റിബെക്ക, ഒന്നും കൃത്യമായി പറഞ്ഞിട്ടില്ലെങ്കിൽ പോലും യാക്കോബിനെ സ്വന്തം സഹോദരനായ ലാബാന്റെ ഭവനത്തിലേക്കു പറഞ്ഞയയ്ക്കുന്നത്.

വളരെ കൗശലത്തോടും തന്ത്രത്തോടും കൂടിയാണ് റിബെക്ക പറയുന്നത്: “മകനേ, നിന്റെ സഹോദരനായ ഏശാവ് നിന്നെ കൊല്ലാൻ നോക്കിയിരിക്കുകയാണ്.” മരണം മുന്നിൽ കണ്ടുകൊണ്ട്, വേഗം ഓടി പൊയ്ക്കോ എന്ന് പറഞ്ഞുവിടുമ്പോൾ, അവൻ അവിടെ ചെന്ന് ഈ കുടുംബത്തിൽ കയറിവരാൻ കൊള്ളാകുന്ന ഒരു പെൺകുട്ടിയെ ഈ വീട്ടിലേക്കു കൊണ്ടുവരണമെന്ന് അമ്മയ്ക്ക് ആഗ്രഹമുണ്ട്. അതുകൊണ്ടാണ് അമ്മ അവനെ പറഞ്ഞു വിടുന്നത്.

പ്രിയപ്പെട്ടവരേ, വളരെ ലളിതമായി ഒരു കാര്യം ഞാൻ പെൺകുഞ്ഞുങ്ങളോടു പറയാം. നിങ്ങൾ ഒരു വീട്ടിലെ മരുമകളായി, നാത്തൂനായി കടന്നുചെന്നാൽ ആ വീട്ടിലുള്ളവർ പറയണം: എത്രയോ ദൈവഭയമുള്ള, വിനയമുള്ള, സ്നേഹമുള്ള പെൺകുട്ടി! എത്രയോ താഴ്മയുള്ള, ജീവിത നിഷ്ഠയുള്ള പെൺകുട്ടി! എത്രയോ പ്രാർത്ഥനാസ്വഭാവമുള്ള പെൺകുട്ടി! എന്തൊരു ഭാഗ്യമായിപ്പോയി ഇങ്ങനെ ഒരു കൊച്ചിനെ നമുക്കു കിട്ടിയത്! ആ വീട്ടിലുള്ളവർക്ക് ഇങ്ങനെ പറയാൻ സാധിക്കണം. നിങ്ങളെക്കുറിച്ച് അങ്ങനെ പറയാൻ പറ്റുമോ?

അഥവാ അങ്ങനെ പറഞ്ഞിട്ടുണ്ടാകുമോ?

അതുപോലെ ആൺകുട്ടികൾ ഒരു വീട്ടിൽനിന്നു വിവാഹം കഴിച്ച് ആ വീട്ടിൽ കയറിച്ചെന്നാൽ അമ്മായിയ മ്മയ്ക്കോ അപ്പനോ അളിയന്മാർക്കോ അവിടെയുള്ള മറ്റു പ്രിയപ്പെട്ടവർക്കോ തോന്നണം: ഈ മോൻ വിവാഹം കഴിച്ചു ഞങ്ങളുടെ മകളെ കൊണ്ടുപോയതുകൊണ്ട് ഞങ്ങളുടെ കുടുംബം അനുഗ്രഹിക്കപ്പെട്ടു. ഞങ്ങളുടെ കുടുംബത്തിന് ഐശ്വര്യമായി. ഇത്രയും നല്ല സ്വഭാവമുള്ള ഒരു ചെറുപ്പക്കാ രനെ ഞങ്ങളുടെ കുടുംബത്തിലേക്കു കിട്ടിയല്ലോ എന്ന്.

നമ്മുടെ ജീവിതം മറ്റുള്ളവർക്ക് അനുഗ്രഹം പ്രദാനം ചെയ്യുന്നതായിത്തീരണം. ആ കുടുംബത്തിൽ നാം മൂലം ഒരു വേദന വരരുത്. നാം മൂലം മനോവ്യസനമുണ്ടാകരുത്. നാം മനോവ്യസനകാരണമായിത്തീരരുത്. നാം മൂലം ആ കുടുംബ ത്തിൽ ഐശ്വര്യം ഉണ്ടാകണം, അഭിവൃദ്ധിയുണ്ടാകണം.

> *"സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്ക പ്പെടും"* *മത്തായി 5 : 9*

നാം ഒരു വീട്ടിൽ ചെല്ലുന്നതുമൂലം ആ വീട്ടിൽ സമാധാനമുണ്ടാകണം, സമാധാനമുണ്ടാക്കണം. പലപ്പോഴും അനേകർ ഭാര്യാഗൃഹത്തിൽ അല്ലെങ്കിൽ ഭർത്തൃഗൃഹത്തിൽ ചെല്ലുമ്പോൾ, ആ വീട്ടിലെ സമാധാനം കെടുത്തുകയാണ്. അതുവരെ സമാധാനമുള്ള കുടുംബത്തിൽ സമാധാനം പോവുകയാണ്. അങ്ങനെ വരരുത്.

അനേകം കുടുംബങ്ങളിൽ അമ്മായിയമ്മപ്പോര്, നാത്തൂൻപോര്, ഇതെല്ലാം മൂലമുണ്ടാകുന്ന കെടുതികൾ എത്രയോ ദുസ്സഹമാണ്! എത്രയോ ഭയാനകമാണ്! എത്രയോ സങ്കടകരമാണ്! കുടുംബത്തിന്റെ ഐശ്വര്യം പോവുകയല്ലേ? പരസ്പരം ഭിന്നതകൾ വർദ്ധിക്കുകയല്ലേ? ആ കുടുംബത്തിൽ എന്നും ഭിന്നതയും മുഷിച്ചിലും ഇഷ്ടക്കുറവും ഈർഷ്യയും പിണക്കവുമായി അന്തരീക്ഷം കലങ്ങുകയല്ലേ? അതു വരാൻ

ഇടവരരുത്.

യിസ്ഹാക്ക് യാക്കോബിനോട് പറഞ്ഞു: "നീ നിന്റെ അമ്മയുടെ അപ്പനായ ബെഥൂവേലിന്റെ വീട്ടിൽ ചെന്ന് നിന്റെ അമ്മയുടെ സഹോദരനായ ലാബാന്റെ പുത്രിമാരിൽനിന്ന് നിനക്ക് ഒരു ഭാര്യയെ എടുക്ക." അപ്പൻ മകനെ അനുഗ്രഹിച്ചു പറഞ്ഞു വിടുകയാണ്. നിങ്ങൾ മാതാപിതാക്കളുടെ അനുഗ്രഹം വാങ്ങണം, അപ്പന്റെയും അമ്മയുടേയും അനുഗ്രഹം വാങ്ങണം.

അപ്പൻ ഒരു പക്ഷേ, പോരായ്മയുള്ള മനുഷ്യനായിരിക്കും. നിങ്ങളുടെയത്രയും വിദ്യാഭ്യാസമില്ലായിരിക്കാം, കഴിവില്ലായിരിക്കാം, ആരോഗ്യമില്ലായിരിക്കാം. ഇംഗ്ലീഷ് ഭാഷ അറിയാൻ പാടില്ലായിരിക്കാം, സാരമില്ല. എങ്കിലും മാതാപിതാക്കളുടെ അനുഗ്രഹം നിങ്ങൾ വാങ്ങണം. സ്വന്തം മാതാപിതാക്കളുടെ അനുഗ്രഹം മാത്രമല്ല, നിങ്ങളുടെ ഭാര്യയുടെയും ഭർത്താവിന്റെയും മാതാപിതാക്കളുടെ അനുഗ്രഹം നിങ്ങൾ വാങ്ങണം. അതിനു തക്കതുപോലെയായിരിക്കണം നിങ്ങളുടെ ജീവിതം.

നമ്മുടെ കൊച്ചു കൊച്ചു കുടുംബങ്ങൾ കൊച്ചു കൊച്ചു സ്വർഗ്ഗങ്ങളായി മാറണം. സ്വർഗ്ഗീയസമാധാനം, സ്വർഗ്ഗീയ സ്നേഹം, സ്വർഗ്ഗീയകരുതൽ, സ്വർഗ്ഗീയമായ ക്ഷമാഭാവം, സ്വർഗ്ഗീയമായ എളിമ, സ്വർഗ്ഗീയ സത്ഗുണങ്ങളെല്ലാം നമ്മുടെ ജീവിതത്തിൽ പ്രതിബിംബിക്കണം. ജീവിതത്തിൽ നിറഞ്ഞു നിൽക്കണം.

മകന് വിവാഹമാലോചിക്കുമ്പോൾ എന്റെ മകന്റെ ആത്മീയം നിലനിർത്താൻ പറ്റിയ പെൺകുട്ടിയായിരിക്കുമോ എന്നു മാതാപിതാക്കൾ അന്വേഷിച്ചുകൊള്ളണം. മകൾക്കു വിവാഹമാലോചിക്കുമ്പോൾ ആത്മീയജീവിതത്തിൽ ശോഭനമായ ഭാവി ലഭിക്കത്തക്കവണ്ണം, ആത്മീയമായി വളരത്തക്കവണ്ണം ഒരു നല്ല വരനാണോ എന്നു മാതാപിതാക്കന്മാർ നല്ലതുപോലെ അന്വേഷിച്ചുകൊള്ളണം. അല്ലെങ്കിൽ കണ്ണീരും

കൈയുമായി പോകും.

ജീവനുള്ള ക്രിസ്തുവിനെ അറിയുന്ന ഒരു പെൺകുട്ടി, ക്രിസ്തുവിനെ അറിയാത്ത ഒരു ചെറുപ്പക്കാരനുമായി വിവാഹം കഴിച്ചാൽ അവളുടെ ആത്മീയം ക്രമേണ തകർന്നു പോകും. അവളുടെ പ്രാർത്ഥനാജീവിതം നഷ്ടപ്പെട്ടുപോകും. അവളുടെ ആത്മീയമായ നിലവാരം കളഞ്ഞുപോകും. ആത്മീയമായ സമാധാനം പോയ്പ്പോകും. അവൾ മീനെ പിടിച്ചു കരയ്ക്കിട്ടതുപോലെ പിടയ്ക്കേണ്ടി വരും.

അതുപോലെ ആത്മീയനായ യൗവ്വനക്കാരൻ, ആത്മീയബോധമില്ലാത്ത പെൺകുട്ടിയെ താത്ക്കാലികമായ പൈസയുടേയോ സൗന്ദര്യത്തിന്റെയോ കുടുംബമഹിമയുടേയോ പേരിൽ വിവാഹം കഴിച്ചുകഴിഞ്ഞാൽ അപകടമായിരിക്കും. അനർത്ഥമായിരിക്കും. അത് ഭാവിക്കു വിനയായിത്തീരും. അനേകമനേകം അനുഭവങ്ങൾ ഇത് വായിക്കുന്ന നിങ്ങളിൽ ചിലർക്കെല്ലാം ഉണ്ടായിരിക്കും എന്നു ഞാൻ കരുതട്ടെ.

നാം വിവാഹമാലോചിക്കുന്ന സമയത്തു ചില നീക്കുപോക്കുകൾ (adjustments) വരുത്തിയെന്നതുകൊണ്ട് കാര്യമില്ല. ആലോചിക്കുന്ന സമയത്തു തന്നെ പ്രാർത്ഥിക്കണം: “എന്റെ കർത്താവേ, ആത്മീയമായി നിലനിൽക്കുന്നതിനുതകുന്ന ഒരു ബന്ധം എനിക്കു തരണമേ” എന്ന്. മറ്റെല്ലാകാര്യങ്ങളും പിന്നിലേക്ക് മാറ്റി നിർത്തണം.

സ്ത്രീധനത്തിന്റെ കാര്യങ്ങളും സൗന്ദര്യത്തിന്റെ കാര്യങ്ങളും ജോലിയുടെ കാര്യങ്ങളും നിങ്ങൾ പിറകിലേക്കു മാറ്റിയിട്ട് ഒരേയൊരു കാര്യത്തിനു മുൻഗണന കൊടുക്കണം. എന്റെ യേശുവിനെ അറിയുന്ന പെൺകുട്ടി, അല്ലെങ്കിൽ ചെറുപ്പക്കാരൻ ആയിരിക്കണം.

പിന്നീട് വരുത്തുന്ന adjustments അനർത്ഥമായി തീരാവുന്നതാണ്. എല്ലാം അങ്ങനെ തീരും എന്നു ഞാൻ പറയുന്നില്ല. അതെല്ലാം നാം അനുഭവത്തിൽനിന്ന് മനസ്സിലാക്കുന്ന കാര്യങ്ങളാണ്. സഹോദരങ്ങളേ, ഗൗരവമേറിയ കാര്യം ഇതാണ്:

ബന്ധങ്ങൾ തിരഞ്ഞെടുക്കുമ്പോൾ നിങ്ങൾ പ്രത്യേകം ശ്രദ്ധിച്ചുകൊള്ളുക.

ഉല്പത്തി പുസ്തകം 28-ാം അദ്ധ്യായം ആദ്യഭാഗത്തു നമ്മൾ കാണുന്നത് ഒരു വീട്ടിൽത്തന്നെ രണ്ടു തരത്തിലുള്ള മക്കളെയാണ്. അപ്പന്റെ ഇച്ഛയ്ക്കും അമ്മയുടെ ഇഷ്ടത്തിനും ഉതകുന്ന രീതിയിലുള്ള യാക്കോബിനെയും, അപ്പന്റെയും അമ്മയുടെയും ഇഷ്ടത്തിനും ആഗ്രഹത്തിനും വിരുദ്ധമായ രീതിയിൽ പ്രവർത്തിച്ചുപോകുന്ന ഏശാവിനെയും. യാക്കോബിന്റെ തലമുറകൾ അനുഗ്രഹിക്കപ്പെട്ടു വരുന്നു. തലമുറ തലമുറയായി അനുഗ്രഹങ്ങൾ കൈമാറി കിട്ടുന്നു.

നമ്മുടെ തലമുറകൾ അനുഗ്രഹിക്കപ്പെടേണ്ടയോ? മക്കളും മക്കളുടെ മക്കളും അനുഗ്രഹിക്കപ്പെടണ്ടേ? അവരുടെ ഭാവി ശോഭനമാകണ്ടേ? അവരുടെ ജീവിതം മരണത്തിന്നപ്പുറം നിലനിൽക്കുന്ന ശാശ്വത സൗഭാഗ്യം ലഭിക്കുന്നതായി തീരണ്ടേ? നമുക്കതിനാഗ്രഹമില്ലേ? നമ്മുടെ മക്കൾക്കുവേണ്ടി നാം സമ്പാദിക്കുന്നുണ്ട്, മക്കൾക്കുവേണ്ടി നാം കഷ്ടപ്പെടുന്നുണ്ട്. പണിയെടുക്കുന്നുണ്ട്, വീട് വയ്ക്കുന്നുണ്ട്, മക്കൾക്കുവേണ്ടി പല കാര്യങ്ങൾ ചെയ്യുന്നുണ്ട്.

മക്കൾക്ക് നാം വിദ്യാഭ്യാസം കൊടുക്കുന്നുണ്ട്. ഒരു പക്ഷേ നമ്മുടെ പലരുടേയും ജീവിതത്തിന്റെ പ്രധാന ഉദ്ദേശം തന്നെ മക്കളെ വളർത്തുക എന്നുള്ളതാണ്. ഞാൻ ഇത്തിരി കഷ്ടപ്പെട്ടാലും ശരി, എന്റെ മക്കൾ കഷ്ടപ്പെടല്ലേ എന്നുള്ളതാണല്ലോ നമ്മുടെ പലരുടേയും ചിന്താഗതി. ശരിയാണ്, നല്ലതാണ്. മക്കൾക്കുവേണ്ടി നാമാരും ദുരിതം മുൻകൂട്ടി ഡെപ്പൊസിറ്റ് ചെയ്തു വയ്ക്കരുത്. മക്കൾക്കുവേണ്ടി അനർത്ഥം ഡെപ്പൊസിറ്റ് ചെയ്യരുത്. മക്കൾക്കുവേണ്ടി നാശം ഡെപ്പൊസിറ്റ് ചെയ്യരുത്.

ദൈവഹിതപ്രകാരം മാത്രമേ ഓരോ ചുവടും വയ്ക്കാവൂ. എന്റെ ദൈവം എന്നിൽ പ്രസാദിക്കണം. ഈ വാക്കുകളെ വായിക്കുന്ന, വിവാഹം കഴിയാത്തവർ ചിന്തിക്കണം: എന്റെ

കർത്താവേ, എന്റെ ആത്മീയഭാവിക്കുതകുന്ന ഒരു ബന്ധം മാത്രമേ നീ എനിക്കു തരാവൂ. അത് ലഭിക്കുന്നതുവരേയും ഞാൻ കാത്തു നിന്നുകൊള്ളാം.

നിത്യതയിൽ സ്വർഗ്ഗരാജ്യം നഷ്ടം വരാത്ത രീതിയിലുള്ള ഒരു നല്ല ബന്ധം എനിക്കു തരണമേ. അല്ലാത്തതൊന്നും എന്റെ ജീവിതത്തിലേക്കു വരല്ലേ എന്നു നിങ്ങൾ തീരുമാനമെടുക്കണം. ആരെല്ലാം പറഞ്ഞാലും ആരെല്ലാം നിർബ്ബന്ധിച്ചാലും നിങ്ങൾക്കു വ്യക്തമായ കാഴ്ചപ്പാടുണ്ടായിരിക്കണം.

ഇതൊന്നും ചിന്തിക്കാതെ വിവാഹബന്ധത്തിലേക്കു വന്നവരുണ്ട്. അതിന്റെ കയ്പ്പേറിയ ഫലങ്ങൾ അനുഭവിക്കുന്നവരുണ്ട്. അതിന്റെ പ്രയാസങ്ങൾ അനുഭവിക്കുന്നവരുണ്ട്. കുടുംബത്തിൽ വേദനയും യാതനയുമായി വലയുന്നവരുണ്ട്. ഈർഷ്യയും പരാതിയും പരിഭവവുമായി കഴിയുന്നവരുണ്ട്. ഇഷ്ടക്കുറവിൽ കഴിയുന്നവരുണ്ട്.

ഭാര്യയും ഭർത്താവും പിണങ്ങിക്കഴിയുന്ന കുടുംബങ്ങളുണ്ട്. ഇങ്ങനെ അനുഭവമുള്ളവർ, ഇത് വായിക്കുമ്പോൾ ചിന്തിക്കണം: കരുണയുള്ള കർത്താവേ, അന്ന് അറിയായ്മയുടെ കാലങ്ങളിൽ വന്നുപോയ അബദ്ധങ്ങൾ നീ എന്നോട് ക്ഷമിക്കണമേ. എനിക്കിനി ഒരു നല്ല കാലം തരണമേ. എന്റെ ആത്മീയജീവിതത്തിൽ ഒരു നല്ലകാലം തരണമേ. നിന്നെ അറിയുന്ന ഒരാളായി എന്റെ ഭർത്താവിനെ മാറ്റണമേ. നിന്നെ സ്നേഹിക്കുന്ന ഒരു സ്ത്രീയായി എന്റെ ഭാര്യയെ നീ മാറ്റണമേ.

പ്രിയപ്പെട്ടവരേ, തിരുത്താൻ വയ്യാത്തത് ഒന്നുമില്ല. കരുണയുള്ള കർത്താവിന് എല്ലാം സാധിക്കും. ആത്മാവിന്റെ ഭാവി, ഭാര്യയും ഭർത്താവും ഒരുമനസ്സായി കഴിയുന്ന ഒരു ഭാവി, ഭാര്യയും ഭർത്താവും മക്കളും ഒരു ഹൃദയമായി കഴിയുന്ന ഭാവി, പ്രാർത്ഥനയുള്ള ഒരു കുടുംബം! ഇതുവരെ അബദ്ധങ്ങൾ പറ്റിയെങ്കിലും പ്രാർത്ഥന നിങ്ങളുടെ കുടുംബത്തിൽ തുടങ്ങട്ടെ. നിങ്ങൾ ഒരാൾ പ്രാർത്ഥിക്കുന്നവനായിത്തീരട്ടെ.

ഒരാൾ വേദപുസ്തകം വായിക്കുന്ന ആളായിത്തീരട്ടെ. ഒരാൾ ഭക്തിയുള്ള ആളായിത്തീരട്ടെ.

നിങ്ങളിൽ ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ചൂടിറ ങ്ങിയിട്ട്, ആ ചൂട് മറ്റുള്ളവരിലേക്കു പകരട്ടെ. ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ ചൂട് നിങ്ങളിലേക്കിറങ്ങി ആവസിച്ച് നിന്റെ ഭാര്യയിലേക്കും നിന്റെ ഭർത്താവിലേക്കും ആത്മാ വിന്റെ ചൂട് പകരട്ടെ; ആത്മാവിന്റെ തീ പകരട്ടെ. അങ്ങനെ അവിടേയും ചൂട് പിടിക്കട്ടെ. അവിടെയും അന്ധകാരശക്തി കൾ മാറിപ്പോകട്ടെ.

ഐശ്വര്യമുള്ള, സമാധാനവും സന്തോഷവുമുള്ള കുടുംബജീവിതം നിങ്ങൾക്കു വേണമോ? എങ്കിൽ നിങ്ങൾ നിങ്ങളെത്തന്നെ ക്രിസ്തുവിന്റെ കരങ്ങളിലേക്കു കൊടുക്കു വിൻ. ക്രിസ്തുവിനോടു വാക്കുപറയുവിൻ. കർത്താവേ, ഇത്രയും കാലം വിവിധങ്ങളായ കാരണങ്ങളാൽ ഞാൻ അറി യായ്മയിലും അബദ്ധത്തിലും ജീവിതം നയിച്ചുപോയി. എന്നോടു ക്ഷമിക്കണമേ.

എന്റെ കഴിഞ്ഞകാല ജീവിതത്തിൽ വന്നുപോയ അബ ദ്ധങ്ങൾ എന്നോട് കണക്കിടല്ലേ. നിന്റെ തിരുവിലാവിൽ നിന്നൊഴുകിയ ചോരയാൽ എന്നെ കഴുകണമേ. എനിക്കു വേണ്ടി ക്രൂശിൽ ചൊരിഞ്ഞ തിരുരക്തത്താൽ എന്നെ നിന്റെ മകനും അവകാശിയും ആക്കിത്തീർക്കണമേ. എന്നെ നിന്റെ രാജ്യത്തിന്റെ അവകാശിയാക്കിത്തീർക്കണമേ. നാഥാ, നീ രണ്ടാമത് വരുമ്പോൾ നിന്റെ സന്നിധിയിലേക്കു പറന്നുയരുന്ന വിശുദ്ധന്മാരുടെ നിരയിൽ നിൽക്കാൻ എനിക്കു നീ ഭാഗ്യം തര ണമേ.

ക്രിസ്തുവിന്റെ കരങ്ങളിലേക്കു നിങ്ങളെത്തന്നെ കൊടു പ്പിൻ. ക്രിസ്തുവിനോട് വാക്കു പറയുവിൻ. യേശുവേ, ഇന്നു മുതൽ ഞാൻ ഒരു പുതിയ സൃഷ്ടി.

# രണ്ട്

*"എന്നാൽ യാക്കോബ് ബേർ-ശേബയിൽ നിന്ന് പുറപ്പെട്ടു ഹാരാനിലേക്കു പോയി. അവൻ ഒരു സ്ഥലത്തു എത്തിയപ്പോൾ സൂര്യൻ അസ്തമിക്ക കൊണ്ടു അവിടെ രാപാർത്തു; അവൻ ആ സ്ഥലത്തെ കല്ലുകളിൽ ഒന്നു എടുത്തു തലയണ യായി വച്ച് അവിടെ കിടന്നുറങ്ങി."*

*ഉല്പത്തി 28 : 10, 11*

യാക്കോബിന്റെ ജീവിതത്തിൽ സൂര്യൻ അസ്തമിച്ചു! ജീവിതത്തിന്റെ സന്തോഷങ്ങൾ തീരുകയാണ്; ജീവിതത്തിന്റെ കെട്ടുറപ്പ് ഉലയുകയാണ്; ധൈര്യം ചോരുകയാണ്. മനസ്സിന്റെ സമാധാനം തീർത്തും നഷ്ടപ്പെട്ടിരിക്കുകയാണ്.

അപ്പനും അമ്മയും എഴുപത് മൈൽ ദൂരെ ബേർ-ശേബ യിൽ ആണ്. യാക്കോബ് ഈ സ്ഥലത്തെത്തിയപ്പോൾ സൂര്യൻ അസ്തമിച്ചു. അക്ഷരികമായി സൂര്യൻ അസ്തമിച്ചു, ശരിയാണ്. പക്ഷേ, യാക്കോബിന്റെ ജീവിതത്തിന്റെ സന്തോഷം അസ്തമിച്ചു. ജീവിതത്തിൽ ഉണ്ടായിരുന്ന പ്രസാ ദാത്മകത്വം നിശ്ശേഷം അസ്തമിച്ചു. കൂരിരുൾ വ്യാപിക്കുന്നതു പോലെ യാക്കോബിന്റെ ഹൃദയത്തിൽ മ്ലാനത വ്യാപിക്കുക യാണ്.

ഞാൻ ഒറ്റപ്പെട്ടുപോയല്ലോ എന്നുള്ള സങ്കടം; ഞാൻ ആരുമില്ലാത്തവനായിപ്പോയല്ലോ എന്നുള്ള സങ്കടം. വീട് വിട്ട് ഓടിപ്പോകേണ്ടിവന്നല്ലോ എന്നുള്ള സങ്കടം. അനാഥനെ പ്പോലെ ഞാൻ അലയേണ്ടിവന്നല്ലോ എന്നുള്ള സങ്കടം. ഈ

ചെറുപ്രായത്തിൽത്തന്നെ അഗതിയെപ്പോലെ അഴലേണ്ടിവന്നല്ലോ എന്നുള്ള സങ്കടം. ഇനി എന്റെ അപ്പനെ കാണുമോ? എന്റെ അമ്മയെ കാണുമോ? ഇനി എന്നാണ് അവരുടെ അടുക്കൽ ചെല്ലാൻ കഴിയുക? അറിയില്ല. ഹൃദയം മുഴുവൻ മ്ലാനതയാണ്.

മനസ്സ് നിറയെ വിഷാദഭാവമാണ്. മനസ്സിന്റെ സന്തോഷം നഷ്ടപ്പെട്ടുപോയി. മനധൈര്യം ചോർന്നുപോയി. ഈ വാക്കുകളെ നിങ്ങൾ വായിക്കുമ്പോൾ നിങ്ങൾ അനേകരുടെ ജീവിതത്തിൽ സൂര്യൻ അസ്തമിച്ചിരിക്കുകയാണ് എന്ന പരമസത്യം അറിഞ്ഞിരുന്നാൽ നല്ലതാണ്.

അപകർഷതാബോധം (inferiority complex) കൊണ്ട് സൂര്യൻ അസ്തമിച്ച അനുഭവത്തിൽ കഴിയുന്ന അനേകരുണ്ട്. എനിക്ക് സൗന്ദര്യമില്ലല്ലോ എന്നുള്ള അപകർഷതാബോധം; എനിക്ക് ആരോഗ്യമില്ല, അപ്പനില്ല, അമ്മയില്ല, പഠിക്കാൻ ബുദ്ധിയില്ല എന്നിങ്ങനെയെല്ലാമുള്ള അപകർഷതാബോധം. ഞാൻ മറ്റുള്ളവരെപ്പോലെ കളിച്ചുല്ലസിച്ച് നടന്നവനാണ്, എന്നാൽ ഇന്ന് വളരെ ദയനീയമായ സ്ഥിതിയിൽ ആയിപ്പോയല്ലോ എന്നുള്ള അപകർഷതാബോധം.

അനേകം കാര്യങ്ങളിൽ ഉഷ്ണിച്ചു വലയുന്നവരാണ് നിങ്ങൾ ഓരോരുത്തരും. എല്ലാമുണ്ട്, പക്ഷേ സമാധാനം മാത്രമില്ല. ലോകത്തിൽ നേടിയെടുക്കാവുന്നത് പലതും നേടിയെടുത്തു. പക്ഷേ സന്തോഷം മാത്രം കിട്ടുന്നില്ല. ഹൃദയത്തിൽ ഉറപ്പില്ല. ഹൃദയം ശൂന്യമാണ്. സൂര്യൻ അസ്തമിച്ചിരിക്കുകയാണ്; കൂരിരുൾ വ്യാപിച്ചിരിക്കുകയാണ്.

മനോമണ്ഡലമാകെ കൂരിരുൾ വ്യാപിച്ച്, നിരാശ വ്യാപിച്ച്, ദു:ഖം തളംകെട്ടിയിരിക്കുന്നവർ വായിക്കുമ്പോൾ ഓർക്കൂ: നിങ്ങളുടെ ജീവിതത്തിൽ അസ്തമിച്ചിരിക്കുന്ന സൂര്യൻ ഉദിക്കുന്ന ഒരു നല്ല ദിവസം വരാൻ പോകുന്നു. ഇരുപത് വർഷങ്ങൾക്കു ശേഷമാണ് യാക്കോബിന്റെ ജീവിതത്തിൽ ആ

സൂര്യൻ ഉദിച്ചത്.

സംഭവബഹുലമായ ഇരുപതു വർഷങ്ങൾ! എന്ത് യാതനാഭരിതമായ ജീവിതമായിരുന്നു! എന്തു കഷ്ടപ്പാടുള്ള ജീവിതമായിരുന്നു! ഹൃദയം നിരാശമുറ്റിയ അനുഭവങ്ങളായിരുന്നു; കബളിപ്പിക്കപ്പെട്ട അനുഭവങ്ങൾ. മറ്റുള്ളവരിൽ നിന്ന് എതിർപ്പുണ്ടായ അനുഭവങ്ങൾ, കുത്തിത്തിരിപ്പുണ്ടായ അനുഭവങ്ങൾ. ചിലരെല്ലാം വിദ്വേഷിക്കുകയും നഷ്ടം വരുത്താൻ യത്നിക്കുകയും ചെയ്ത അനുഭവങ്ങൾ. മനസ്സിലും ഈ ലോകജീവിതത്തിന്റെ സൗഭാഗ്യങ്ങൾക്കും കേടുപറ്റിയ അവസരങ്ങൾ. എത്രയെത്ര യാതനാപൂരിതമായ അനുഭവങ്ങളെയാണ് യാക്കോബ് ഓരോ ദിവസവും തള്ളിനീക്കിയത്!

എന്നാൽ സ്വന്തം വീട്ടിൽ നിന്ന് എഴുപത് മൈൽ അകലെ ലൂസ് എന്ന ദേശത്തെത്തിയപ്പോൾ സൂര്യൻ അസ്തമിച്ചു. യാക്കോബിന്റെ ജീവിതം ഇരുണ്ട് പോയപ്പോൾ, അപകർഷതാബോധം വന്ന് അവനെ വലയം ചെയ്തപ്പോൾ, ജീവിതത്തിൽ മ്ലാനത തളംകെട്ടിയപ്പോൾ അവനെ സന്ദർശിപ്പാൻ സ്വർഗ്ഗം തിരുമനസ്സായി. അവന്റെ മുമ്പിൽ സ്വർഗ്ഗം തുറന്നു!

മറക്കരുത്. നിങ്ങൾ ക്ഷീണിതരാകുമ്പോൾ, തളർന്നും വലഞ്ഞും പോകുമ്പോൾ, ദു:ഖാകുലരാകുമ്പോൾ ദൈവം നിങ്ങളെ മറക്കുന്നില്ല. ദൈവം നിന്നെ ഉപേക്ഷിക്കുന്നില്ല. ദൈവം നിങ്ങളെ തേടിവരികയും, നിങ്ങളുടെ മുന്നിൽ പ്രത്യക്ഷനാകുകയും ചെയ്യുന്നു. എന്റെ ജീവിതത്തിലെ സന്തോഷം പോയ്പ്പോയല്ലോ എന്ന് ദു:ഖാക്രാന്തനായി വിലപിക്കുന്ന ദൈവദാസന്റെ അരികിലേക്കു സ്വർഗ്ഗം തുറന്ന് ദൈവം പ്രത്യക്ഷനാകുന്നു.

ഇതെന്തു ഭാഗ്യമാണ്! ദൈവത്തിന്റെ കരുണ എന്നുപറയുന്നത് ഇതാണ്. നമ്മുടെ യോഗ്യത നോക്കിയല്ല ദൈവത്തിന്റെ കരുണ നമ്മളെ സന്ദർശിക്കുന്നത്. നമുക്ക് അർഹതയില്ല. ദൈവത്തിന്റെ ശബ്ദം കേൾക്കാൻ നമുക്ക് യോഗ്യത

യില്ല. ദൈവമേ എന്നു വിളിക്കാൻ പോലും അർഹതയില്ല.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, എന്നു വിളിക്കാൻ നാം ആരാണ്? അപ്പന്റെ ഏതെങ്കിലും ഛായ ഈ മോനുണ്ടോ? സ്വർഗ്ഗത്തിലെ അപ്പാ എന്നാണ് വിളിക്കുന്നത്. ദൈവമേ നീ പരിശുദ്ധനാകുന്നു എന്നാണ് പറയുന്നത്. ഇതൊക്കെ പറയാനുള്ള വിശുദ്ധി എന്റെ ചുണ്ടുകൾക്കുണ്ടോ? ബലവാനേ, നീ പരിശുദ്ധനാകുന്നു, മരണമില്ലാത്തവനേ, നീ പരിശുദ്ധനാകുന്നു എന്നെല്ലാം ഉച്ചരിപ്പാൻ ഞാൻ ആരാണ്?

പ്രിയപ്പെട്ടവരേ, മനുഷ്യൻ അർഹതയുള്ളവനല്ല. മനുഷ്യൻ യോഗ്യതയുള്ളവനല്ല. ദൈവമേ, എന്നു വിളിക്കാൻ യോഗ്യതയില്ല. അപ്പാ, എന്നു വിളിക്കാൻ ഒരു കാരണവശാലും അർഹതയില്ല. എങ്കിലും നമ്മെ തേടി വരുന്ന സ്നേഹം. സൂര്യൻ അസ്തമിച്ചിരിക്കുകയാണ്. ദു:ഖം ജീവിതത്തെ വലയം ചെയ്തു നിൽക്കുകയാണ്. വിഷാദഭരിതനായി അഴലുകയാണ്. അപ്പോഴാണ് സ്വർഗ്ഗം തുറക്കുന്നത്; സ്വർഗ്ഗസ്ഥനായ ദൈവം പ്രത്യക്ഷപ്പെടുന്നത്.

നിങ്ങൾ മറക്കരുത്! എനിക്ക് ആരുമില്ല എന്നു നിങ്ങൾ ഓർക്കുമ്പോൾ സ്വർഗ്ഗം നിങ്ങളുടെ മുമ്പിൽ തുറക്കുകയാണ്. ഞാൻ ഏകാകിയും അനാഥനുമാണല്ലോ എന്നോർക്കുമ്പോൾ സ്വർഗ്ഗം നിങ്ങളുടെ മുമ്പിൽ തുറക്കുകയാണ്. അപ്പോൾ ദൈവം നിങ്ങളെ വിട്ടുപോകുകയല്ല, ദൈവം അകന്നു പോകുകയല്ല. നിങ്ങളുടെ ജീവിതത്തിൽ തെറ്റുകൾ സംഭവിച്ചിട്ടുണ്ട്. കബളിപ്പിക്കലുകൾ സംഭവിച്ചിട്ടുണ്ട്. വ്യാജങ്ങൾ സംഭവിച്ചിട്ടുണ്ട്.

അപ്പനെ അനുസരിക്കാതെയും അപ്പനെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലും പലതും സംഭവിച്ചുപോയിട്ടുണ്ട്. നിത്യനായ ദൈവം നോക്കുമ്പോൾ സങ്കടപ്പെടുന്ന കാര്യങ്ങൾ, ദൈവത്തിന്റെ മനോഭാവത്തിനു വിരുദ്ധമായ കാര്യങ്ങൾ പലതും നിങ്ങളിൽ സംഭവിച്ചുപോയിട്ടുണ്ട്. പക്ഷേ, ദൈവം നിങ്ങളെ ഉപേക്ഷിക്കുകയല്ല. ദൈവം നിങ്ങളെ മറികടന്നു പോകുകയല്ല.

ഇപ്പോൾ യാക്കോബ് ഉറങ്ങിക്കിടക്കുമ്പോൾ, അവിടെ സ്വർഗ്ഗം തുറക്കുന്നു.

നിത്യനായ ദൈവം നിങ്ങൾക്കുവേണ്ടി ഇപ്പോൾ സ്വർഗ്ഗം തുറക്കുകയാണ് എന്ന് നിങ്ങൾ വിശ്വസിക്കൂ. തിരുവചനം പറയുന്നു:

> *"ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടുകൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽനിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും."* *വെളിപ്പാട് 21 : 3, 4*

കണ്ണുനീർ തുടയ്ക്കുന്ന ഒരു അപ്പൻ നമുക്കുണ്ട്. വേദന ഒപ്പിയെടുക്കുന്ന ഒരു നല്ല പിതാവ്. നാം വേദനിച്ചു പുളയുമ്പോൾ പുറം തലോടി തടവിത്തരുന്ന സ്നേഹനിധിയായ സ്വർഗ്ഗീയപിതാവ്!

യാക്കോബ് ഏകനായി, തളർന്നവശനായി കിടക്കുകയായിരുന്നു. ഞാൻ ഇങ്ങനെ ചിന്തിക്കും; ഒരു പിഞ്ചുകുട്ടി. ഒന്നോ രണ്ടോ വയസ്സുകാണും. നല്ലപോലെ പനിച്ചു വിറച്ചു കിടക്കുകയാണ്. ഒരു പുതപ്പു പുതച്ചിട്ടും കുഞ്ഞിന്റെ വിറയൽ മാറുന്നില്ല. വീണ്ടും ഒരു കമ്പിളിപ്പുതപ്പുകൊണ്ട് മൂടി. ഏതോ ചില അപശബ്ദങ്ങൾ ഇടയ്ക്കു വരുന്നു. കാരണം രോഗം കൂടിക്കൂടി വരികയാണ്. അമ്മ സങ്കടത്തോടെ കുഞ്ഞിന്റെ അരികത്തു വന്ന്, ഉറങ്ങുന്ന കുഞ്ഞിനെ ഉണർത്താതെ നോക്കി നിൽക്കുന്നു. അതൊരു ചിത്രമാണ്.

ഇത് വായിക്കുന്ന നിങ്ങളിൽ ചിലർ അപ്പനാണ്, അമ്മയാണ്, സഹോദരങ്ങളാണ്. നിങ്ങൾക്കും ഇതുപോലെയുള്ള അനുഭവങ്ങൾ ഉണ്ടായിട്ടുണ്ടാകും. കുഞ്ഞ് അതിവേദനപ്പെട്ട് കിടക്കുകയാണ്. ഉറക്കത്തിലും വേദനയുടെ പാരവശ്യം മുഖത്ത് നിഴലിക്കുന്നുണ്ട്. ആ കുഞ്ഞിനെ നിങ്ങൾ ഇമ

വെട്ടാതെ നോക്കി നിൽക്കുന്നു.

എന്തുകൊണ്ടാണ്? ആ കുഞ്ഞ് അനുഭവിക്കുന്നതിലും വലിയ വേദന നിങ്ങളുടെ ഹൃദയത്തിൽ നിങ്ങൾ അനുഭവിക്കുന്നു. ആ കുഞ്ഞിന്റെ വേദനയിൽ നിങ്ങൾ ഇഴുകിച്ചേരുന്നു; അലിഞ്ഞു ചേരുന്നു. നിങ്ങളുടെ ഹൃദയം വിതുമ്പി കുഞ്ഞിനെ നോക്കി നിൽക്കുന്നു. നിങ്ങൾക്ക് ഉറക്കം വരുന്നില്ല. ഉറങ്ങാൻ പറ്റുന്നില്ല. കണ്ണിമയ്ക്കാതെ നോക്കി നിൽക്കുന്നു.

സ്വർഗ്ഗത്തിലെ അപ്പൻ, ഇവിടെ ഭൂമിയിൽ തന്റെ മകൻ കല്ല് തലയണയായി വച്ച് ക്ഷീണിതനായി തളർന്നു കിടന്നുറങ്ങുന്നതു നോക്കിക്കൊണ്ട് സ്വർഗ്ഗം തുറന്നു ഭൂമിയിലേക്ക് ഉറ്റു നോക്കുന്നു. ഈ കാഴ്ച നിങ്ങൾ കാണുക. ദൈവം സ്നേഹമാണ്.

സ്നേഹവാനായ ദൈവം, നിങ്ങൾ വേദനിച്ചു പിടയുമ്പോൾ, നിങ്ങൾ സങ്കടപ്പെട്ടു ഞരങ്ങുമ്പോൾ, രോഗത്തിന്റെ ആവലാതിയിൽപ്പെട്ട് ഉഴലുമ്പോൾ, മനസ്സ് ദു:ഖവിവശമായി അഴലുമ്പോൾ നിങ്ങളുടെ അരികത്തു വരുന്നവനാണ്. എന്റെ തെറ്റു കണ്ടുപിടിക്കുന്ന ദൈവം എന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടാകും. എപ്പോഴും തെറ്റ് എന്തുണ്ട് എന്ന് നോക്കിക്കൊണ്ടിരിക്കുന്ന ഒരു ക്രൂരപ്രകൃതിയെന്ന് നിങ്ങൾക്ക് തോന്നുന്നുണ്ടോ?

ഒരിക്കലും അങ്ങനെ ചിന്തിക്കരുത്. മനുഷ്യപ്രകൃതിയിൽ ദൈവത്തെ കാണരുത്. മനുഷ്യന്റെ ക്രൂരതയിലും കഠിനതയിലും ദൈവത്തെ കാണരുത്. ദൈവം സ്നേഹം മാത്രമാണ്. ദൈവത്തിന് സ്നേഹിക്കാൻ മാത്രമേ കഴിയൂ. സഹതപിക്കാനേ കഴിയൂ. ദൈവം മനസ്സലിവുള്ളവനാണ്.

കൊരിന്ത്യർക്ക് ലേഖനമെഴുതുമ്പോൾ അപ്പൊസ്തലനായ പൗലോസ് പറയും, “മനസ്സലിവുള്ള പിതാവും, സർവ്വശ്വാസവും നൽകുന്ന ദൈവം” എന്ന്. ഇപ്പോൾ ഈ സമയം ആ സ്നേഹവാനായ ദൈവം നിങ്ങളെത്തന്നെ നോക്കി നിൽക്കുന്നു എന്ന് നിങ്ങൾ വിചാരിക്കൂ. നിങ്ങളുടെ അരി

കത്തു നിന്നുകൊണ്ട് നിങ്ങളുടെ മുഖത്തേക്ക്, നിങ്ങളുടെ ബുദ്ധിയിലേക്ക്, ചിന്തയിലേക്ക്, നിങ്ങളുടെ ഉള്ളത്തിലേക്ക്, നിങ്ങളുടെ അബോധമനസ്സിന്റെ തലങ്ങളിലേക്ക് നോക്കി ക്കൊണ്ട് ഈ ദൈവം നിൽക്കുകയാണ്.

നിങ്ങളെ ആകമാനം ദൈവം കാണുകയാണ്. നിങ്ങളുടെ പോരായ്മകളും പ്രയാസങ്ങളും വേദനകളും ഏങ്ങലടികളും ദൈവം കാണുകയാണ്. നിങ്ങളുടെ ചുടുനെടുവീർപ്പുകൾ ദൈവം ഒപ്പിയെടുക്കുകയാണ്. എന്തിനാണ് ദൈവം നിങ്ങ ളുടെ അരികെ വന്നു നിൽക്കുന്നതെന്ന് നിങ്ങൾക്ക് മനസ്സി ലായോ? നിങ്ങളുടെ കണ്ണുനീർ ഒപ്പാനാണ്. നിങ്ങളുടെ കഷ്ട പ്പാടു മാറ്റാൻ, രോഗം ശമിപ്പിക്കാൻ, നിങ്ങളുടെ കുടുംബത്തി ലേക്ക് സമാധാനം പകരാൻ!

നേർവഴിവിട്ടു തെറ്റി, വേണ്ടാത്ത വഴിയിലൂടെ പോകുന്ന മക്കളെ നേർപാതയിലേക്കു തിരികെ കൊണ്ടുവരാൻ. നിങ്ങളെ നേർനിലത്തിൽ നടത്താൻ. ശുഭകരമായി നടക്കാൻ നിങ്ങളെ അഭ്യസിപ്പിക്കാൻ. അൻപാർന്ന ഹൃദയമുള്ള ദൈവം നിങ്ങളെ നോക്കി വിതുമ്പുകയാണ്. അവന് നിങ്ങളെ താങ്ങണ മെന്നുണ്ട്; സഹായിക്കണമെന്നുണ്ട്. അവന് നിങ്ങളെ തലോട ണമെന്നുണ്ട്. നിങ്ങളുടെ തലമേൽ കൈവെച്ച് അനുഗ്രഹിക്ക ണമെന്നുണ്ട്. യോഹന്നാൻശ്ലീഹാ ചാരിയ മാറിൽ നിങ്ങളെ അണച്ച് തലോടുവാൻ ദൈവത്തിനാഗ്രഹമാണ്.

സ്നേഹവാനായ ദൈവം യാക്കോബിനെ ഉറ്റുനോക്കി. യാക്കോബ് അപ്പോൾ കാണുന്നു ഒരു ദർശനം.

> *"അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വെച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽ കൂടി കയറുകയും ഇറങ്ങുക യുമായിരുന്നു."* *ഉല്പത്തി 28 : 12*

ഭൂമിയിൽ വച്ചിരിക്കുന്ന കോവണി! അതിന്റെ താഴത്തെ

അറ്റം ഭൂമിയിൽ തൊട്ടിരിക്കുന്നു. അതിന്റെ മുകളിലത്തെ അറ്റം സ്വർഗ്ഗത്തിലേക്കു കയറിപ്പോകാനുള്ള കോവണി. ഭൂമിയിലേക്ക് കൂടെക്കൂടെ സ്വർഗ്ഗത്തിൽ നിന്നു ഇറങ്ങിവരാനുള്ള കോവണി!

നിന്നെ ഓരോ ചുവടു കൈ പിടിച്ചു കയറ്റാനുള്ള കോവണി! ചരിത്രത്തിന്റെ നെറുകയിൽ വച്ച, കാലത്തിന്റെ മൂർദ്ധാവിൽ വച്ച ഈ കോവണി ഏതാണ്? അത് കർത്താവായ യേശുവാണ്! ചക്രവാളത്തിന്റെ അതിരുകൾക്കുള്ളിൽ മനുഷ്യന്റെ മസ്തിഷ്കത്തിൽ അത്ഭുതകരമായ രൂപാന്തരം വരുത്തുവാൻ പോന്ന കോവണി! മനുഷ്യജീവിതത്തെ ഇളക്കിമറിയ്ക്കുവാൻ പോന്ന കോവണി!

മനുഷ്യന്റെ സ്വഭാവത്തെ മാറ്റുന്ന കോവണി! മനുഷ്യന്റെ ക്രൂരതയെ മാറ്റുന്ന കോവണി! മനുഷ്യന്റെ അഹങ്കാരത്തെ നിശ്ശേഷം തകർത്തു കളയുന്ന കോവണി! ദൈവപൈതലേ, ഈ കോവണി ഇന്ന് നിന്റെ മുമ്പിൽ കൊണ്ടുവന്ന് വച്ചിരിക്കുകയാണ്. യേശു നിന്റെ അരികത്ത് വന്നു നിൽക്കുകയാണ്.

നിങ്ങൾക്കിപ്പോൾ എന്തെല്ലാമാണ് പറയാനുള്ളത്? എന്തെല്ലാമാണ് ചോദിക്കാനുള്ളത്? അതെല്ലാം തരാനാണ് യേശു വന്നിരിക്കുന്നത്. എല്ലാ കൃപയും തരാനാണ് യേശു വന്നിരിക്കുന്നത്. നിങ്ങളെ തഴുകാൻ യേശു തന്റെ കരം നീട്ടുകയാണ്. ആ കരത്തിലേക്ക് നിങ്ങൾക്ക് നോക്കാമോ? ആ കരം ആണിപ്പാടുള്ള കരമാണ്. ആ കരത്തിൽ രക്തം തുടിച്ചു നിൽക്കുന്നുണ്ട്.

പരിശുദ്ധരക്തം! പരിശുദ്ധന്റെ പുണ്യരക്തം! ലോകരക്ഷിതാവിന്റെ തിരുരക്തം! ആ തിരുരക്തം പൊടിഞ്ഞകരം നിങ്ങളുടെ നേരെ നീട്ടിയിരിക്കുകയാണ്. പ്രവാചകനായ യിരമ്യാവ് നൂറ്റാണ്ടുകൾക്ക് മുമ്പ് ചോദിച്ചു.

*“കടന്നുപോകുന്ന ഏവരുമായുള്ളോരേ, ഇതു നിങ്ങൾക്ക് ഏതുമില്ലയോ?”       വിലാപങ്ങൾ 1 : 12*

എന്റെ കൈകൾ കണ്ടിട്ട് നിങ്ങൾക്ക് ഏതുമില്ലയോ? എന്റെ മാറിൽ നിന്ന് രക്തം ഒഴുകുന്നതു കണ്ടിട്ട് നിങ്ങൾക്ക് ഏതുമില്ലയോ? ഞാൻ വേദനകൊണ്ട് പിടയുമ്പോഴും തൂക്കുക, തൂക്കുക എന്നുപറഞ്ഞ് അവർ ആർത്തട്ടഹസിക്കുന്നു. മുഖത്ത് തുപ്പലേറ്റപ്പോഴും കന്നത്തടിയേറ്റപ്പോഴും മുഖത്ത് നിന്നു രോമം പിഴുതെടുത്തപ്പോഴും അവർ ഇവനെ കൊല്ലുക, തൂക്കുക, എന്ന് പറയുന്നു. ഈ വേദനയുടെ പ്രതീകമായി നിൽക്കുന്ന ഞാൻ നിങ്ങൾക്ക് ഏതുമില്ലയോ?

ജനസമൂഹം കടന്നുപോകുകയാണ്. എല്ലാവരും തല കുലുക്കുകയാണ്. “ദേവാലയം പൊളിച്ച് മൂന്നു ദിവസം കൊണ്ട് പണിയുന്നവനേ, നീ ഇപ്പോൾ ക്രൂശിൽ നിന്ന് ഇറങ്ങിവാ” എന്നുപറഞ്ഞ് പലരും ആക്ഷേപിക്കുകയാണ്. “നിന്റെ അവസ്ഥ എന്തായി” എന്നുപറഞ്ഞ് പുച്ഛിക്കുകയാണ്.

“അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായുള്ളോരേ, എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം” എന്നു പറഞ്ഞതല്ലേ? എന്നിട്ടിപ്പോൾ എന്തായി? യേശു വേദനകൊണ്ട് പിടഞ്ഞ് കുരിശിൽ കിടന്നു. ചരിത്രത്തിന്റെ മദ്ധ്യത്തിൽ, ബി.സി. യുടേയും എ.ഡി. യുടേയും മദ്ധ്യത്തിൽ യേശു ക്രൂശിന്മേൽ കിടന്നു.

സ്വർഗ്ഗത്തിന്നും ഭൂമിയ്ക്കും മദ്ധ്യത്തിൽ, സ്വർഗ്ഗീയപിതാവിന്നും പാപിയായ മനുഷ്യനും മദ്ധ്യത്തിൽ, രണ്ടു കൊള്ളക്കാരുടെ മദ്ധ്യത്തിൽ കുരിശിന്മേൽ കിടന്നു. “നിങ്ങൾക്കിത് ഏതുമില്ലയോ” എന്നാണ് യേശു ചോദിക്കുന്നത്?

വേദനകൊണ്ട് പിടയുമ്പോൾ ആരെങ്കിലും മിണ്ടുന്നുണ്ടോ എന്നു കർത്താവ് കാതോർത്തോ? പതിനെട്ടുകൊല്ലം കൂനിയായിരുന്ന സ്ത്രീ മിണ്ടുന്നുണ്ടോ, അയ്യോ കർത്താവേ, നിനക്ക് ഇങ്ങനെ ഭവിക്കരുതേ എന്ന്? പന്ത്രണ്ടു വർഷം രക്തവാർച്ചയുണ്ടായിരുന്ന സ്ത്രീ അവിടെയെങ്ങാനും നിന്നു കരയുന്നുണ്ടോ എന്ന് കർത്താവ് ശ്രദ്ധിച്ചോ? എനിക്കറിഞ്ഞുകൂടാ.

പക്ഷേ, ഇന്നു ഞാൻ പറയുകയാണ്: എന്റെ യേശുവേ, നീ വേദനിച്ചു പിടയുന്നത് എനിക്ക് വേണ്ടിയാണല്ലോ. എന്റെ പാപം നീ ചുമന്നതാണല്ലോ. സ്വർഗ്ഗത്തിന്റെ കോവണിയേ, നീ ഇതു വഹിച്ചത് എനിക്കുവേണ്ടിയാണല്ലോ. നരകാവകാശി യായ എന്നെ, നരകത്തിന്റെ ഭീകരച്ചുഴിയിൽ നിന്നു പൊക്കി യെടുത്തു സ്വർഗ്ഗത്തിലാക്കുവാൻ നിത്യപിതാവിന്റെ സ്നേഹ ത്തിന്റെ പ്രയത്നമായിരുന്നല്ലോ കർത്താവേ.

യേശുവേ, എന്നെ നീ സ്നേഹിച്ചല്ലോ, എന്നെ നീ വീണ്ടെടുത്തല്ലോ. എന്റെ യേശുവേ, നിനക്കു സ്തുതി. കുരി ശിലേക്കു നോക്കിക്കൊണ്ട് സ്തുതിക്കാൻ തോന്നുന്നുണ്ടോ? കുരിശിലെ മുറിവുകളിലേക്ക് നോക്കിക്കൊണ്ട് അവന്റെ മഹ ത്വത്തെ വർണ്ണിപ്പാൻ നിങ്ങൾക്ക് തോന്നുന്നുണ്ടോ? ക്രിസ്തു വിന്റെ വേല ചെയ്യാൻ നിങ്ങൾക്ക് തോന്നുന്നുണ്ടോ?

ആ കരം നിങ്ങളുടെ നേരെ നീട്ടുകയാണ്. ആ കരത്തിൽ കാണുന്നത് ആണിപ്പാടുകളാണ്. യാക്കോബ് ഒരു കോവണി യാണ് കണ്ടത്. നാം കാണുന്നത് കർത്താവായ യേശുവിനെ യാണ്. തലമുറകൾ കടന്നുപോയി. എന്നാൽ അത്ഭുതപുരുഷ നായി യേശു ഇന്നും ജീവിക്കുന്നു. അത്യാവശ്യക്കാരായി കര യുന്നവരുടെ അടുക്കലേക്ക് അവൻ ഓടി അണയുന്നു. ഏകാ കികളായിരിക്കുന്നവരുടെ അടുക്കലേക്ക് അവൻ ഓടിച്ചെ ല്ലുന്നു. സൂര്യൻ അസ്തമിച്ചവരുടെ അടുക്കലേക്ക് അവൻ ഓടിച്ചെല്ലുന്നു.

നിരാശയിൽ പുകയുന്നവരുടെ അടുക്കലേക്ക് അവൻ ഓടിയണയുന്നു. എന്റെ യേശു വലിയവനാണ്. അവൻ കാരു ണ്യവാനാണ്. അവൻ സ്നേഹമാണ്. ഇത് വായിക്കുമ്പോൾ യേശു അടുത്തുണ്ട് എന്നറിഞ്ഞുകൊണ്ട് നിങ്ങളുടെ ജീവിതം കൈമാറിക്കൊടുക്കാം.

യേശുവേ, ഇത്രയുംകാലം ഈ ജീവിതം പിശാചിന്റെ ഇഷ്ടത്തിന് താളം തുള്ളിയതാണ്. പാപത്തിന് വിട്ടുകൊടുത്ത

ജീവിതമാണ്. പ്രാർത്ഥനയില്ലാത്ത, സ്നേഹമില്ലാത്ത ജീവിതമാണ്. ലോകസുഖങ്ങൾക്കുവേണ്ടി ഓടിയ ജീവിതമാണ്. ചിലരുടെയെല്ലാം ഹൃദയത്തിൽ മുറിവേൽപ്പിച്ച ജീവിതമാണ്.

യേശുവേ, ഇപ്പോൾ ഈ ജീവിതം പിശാചിന്റെ കൈയിൽ നിന്നും നിന്റെ കൈയിലേക്ക് തരികയാണ്. നിന്റെ കരം എന്നെ പിടിച്ചുകൊള്ളണമേ. തിരുവിലാവിൽ ഒളിപ്പിച്ചുകൊള്ളണമേ. എന്റെമേൽ നിന്റെ കൃപ വന്നു പൊതിയണമേ. എന്നെ സ്വീകരിക്കണമേ. എന്നോടു മനസ്സലിയണമേ.

പ്രാർത്ഥിക്കൂ. നിങ്ങളെത്തന്നെ ക്രിസ്തുവിനായി സമർപ്പിക്കൂ. ക്രിസ്തുവിനോട് വാക്ക് പറയൂ. യേശുവേ, ഇന്നു മുതൽ ഞാൻ ഒരു പുതിയ സൃഷ്ടി.

# മൂന്ന്

*"എന്നാൽ യാക്കോബ് ബേർ-ശേബയിൽ നിന്നു പുറപ്പെട്ടു ഹാരാനിലേക്കു പോയി. അവൻ ഒരു സ്ഥലത്ത് എത്തിയപ്പോൾ സൂര്യൻ അസ്തമിക്ക കൊണ്ട് അവിടെ രാപാർത്തു; അവൻ ആ സ്ഥലത്തെ കല്ലുകളിൽ ഒന്നെടുത്ത് തലയണയായി വച്ച് അവിടെ കിടന്നുറങ്ങി."* *ഉല്പത്തി 28 : 10, 11*

യാക്കോബ് സ്വന്തം ഭവനത്തിൽ നിന്ന് ദൂരെ ഹാരാനിലേയ്ക്ക് പോകുന്ന യാത്രയിൽ സൂര്യൻ അസ്തമിക്കകൊണ്ട് അവിടെ രാപാർത്തു. യാക്കോബിന്റെ ജീവിതത്തിൽത്തന്നെ പല കാരണങ്ങളാൽ ഇരുൾ വ്യാപിച്ചിരിക്കുന്നു.

യാക്കോബ് യാത്ര ചെയ്ത് ബേർ-ശേബയിൽ നിന്നും എഴുപത് മൈൽ ദൂരം സഞ്ചരിച്ചിരിക്കുന്നു. ഈ ദൂരയാത്രയിൽ യാക്കോബിന്റെ ഹൃദയത്തിൽ നിറയെ കൂരിരുളാണ്. ഈ പ്രത്യേകസ്ഥലത്ത് എത്തിക്കഴിഞ്ഞപ്പോൾ ഹൃദയത്തിലെ കൂരിരുൾ, അക്ഷരികമായി സൂര്യൻ അസ്തമിക്കകൊണ്ട് പ്രകൃതിയിലും വ്യാപിച്ചു കാണുന്നു.

സന്ധ്യയായ സമയമാണ്. കൂരിരുൾ വ്യാപിക്കുന്നുണ്ട്. പക്ഷേ, യാക്കോബിന്റെ ഹൃദയത്തിലും മുഴുവൻ ഇരുളായിരുന്നു. വലിയ ഒരു ആശങ്കയുടെ കരിനിഴൽ ഹൃദയത്തിൽ വ്യാപരിച്ചിരിക്കുകയാണ്. എന്നാണ് ഈ യാത്രയുടെ അവസാനം? ഞാൻ എപ്പോഴാണ് അവിടെ എത്തിച്ചേരുക? നാളെ എന്താണ് സംഭവിക്കുക?

വലിയ ഭീതി യാക്കോബിന്റെ ഹൃദയത്തിൽ നിറഞ്ഞു നിൽക്കുകയാണ്. ഹൃദയത്തിൽ മരണഭീതിയാണ്. സഹോദരനായ ഏശാവ് വന്ന് പിടികൂടുമോ, കൊന്നുകളയുമോ എന്നുള്ള ഭയം! യാക്കോബിന് പുറത്തിറങ്ങി സഞ്ചരിച്ച് അത്ര പരിചയമില്ല. യാക്കോബ് എന്നും കൂടാരവാസിയാണ്.

അവൻ വീട്ടിൽ മാത്രം ഒതുങ്ങിക്കഴിയുന്ന പ്രകൃതമുള്ള വനായിരുന്നു. എന്നാൽ ഏശാവ് അങ്ങനെയല്ല. ഏശാവിന് ആ പ്രദേശങ്ങൾ പരിചയമുണ്ട്. ഏശാവിന് പകലെന്നില്ല, രാത്രിയെന്നില്ല ഈ പ്രദേശങ്ങളിലൂടെ സുഗമമായി സഞ്ചരിക്കാൻ കഴിയും.

യാക്കോബിന് അക്കാര്യം അറിയാം. ഏതു സമയത്തും ഏശാവ് വന്ന് പിടികൂടാവുന്നതാണ്. ജീവിതമാകെ ആശങ്കയുടെ കരിനിഴൽ വീശിയിരിക്കുന്നു. ഭാവിയെക്കുറിച്ചുള്ള അനിശ്ചിതത്വം! ഇനി ഞാനെന്റെ അപ്പനെ കാണുമോ? അമ്മയെ കാണുമോ? എന്റെ വീട് കാണുമോ? വീട്ടിൽ ഞാൻ തിരിച്ചെത്തുമോ? വലിയ ആശങ്കയും ഭീതിയും യാക്കോബിനെ നിഴൽപോലെ പിന്തുടരുകയാണ്.

ഈ ഭയം ഹൃദയത്തിൽ കൂരിരുൾ വ്യാപിക്കുന്നതിന് കാരണമായിത്തീർന്നു. എന്നാൽ അത് മാത്രമല്ല, യാക്കോബിന് കടുത്ത നൈരാശ്യം വന്നിരിക്കുകയാണ്. ജീവിതത്തിലെ പ്രതീക്ഷകളെല്ലാം തകർന്ന് കഴിഞ്ഞിരിക്കുന്നു. മനസ്സിൽ കൊടുങ്കാറ്റ് വീശുന്ന, അന്ത:സംഘർഷം മുറ്റിനിൽക്കുന്ന അന്തരീക്ഷം.

തീർത്തും അവശനായി യാക്കോബ് അവിടെ ഇരിക്കുക യാണ്. യാക്കോബിന്റെ ഹൃദയത്തിലിപ്പോൾ മറ്റൊരു കൂരിരുൾ കൂടി വ്യാപിക്കുന്നുണ്ട്. ജീവിതത്തിൽ വന്ന തെറ്റുകളെക്കുറിച്ചുള്ള കടുത്ത നൈരാശ്യം. സഹോദരനെ ചതിച്ചു പോയല്ലോ. അപ്പനെ കബളിപ്പിച്ചു പോയല്ലോ. അപ്പന്റെ മുമ്പിൽ നിന്നു കൊണ്ട് ഞാൻ നിന്റെ ആദ്യജാതൻ ഏശാവ് എന്ന് നുണപറഞ്ഞു

പോയല്ലോ.

കണ്ണിന് കാഴ്ച മങ്ങിപ്പോയ അപ്പനെ ഞാൻ ചതിച്ചു പോയല്ലോ. കുറ്റബോധം യാക്കോബിനെ വേട്ടയാടുകയാണ്. പാപത്തിന്റെ ഭാരച്ചുമട് യാക്കോബിനെ വല്ലാതെ മർദ്ദിച്ച് താഴ്ത്തുകയാണ്. തന്നെയുമല്ല, കരിനിഴൽ വീശുന്ന മറ്റൊരു കാര്യം ഞാൻ ആരുമില്ലാത്തവനായിപ്പോയല്ലോ എന്ന അനാഥ ത്വമാണ്.

എനിക്കാരുമില്ലല്ലോ എന്ന ചിന്ത. അപ്പനില്ല, അമ്മയില്ല, സഹോദരനില്ല. ഈ ലോകത്ത് എന്നെ സ്നേഹിക്കാൻ ആരുണ്ട്? അനാഥത്വം! അഗതിത്വം!

പ്രിയപ്പെട്ടവരേ, ഇങ്ങനെ കരിനിഴൽ പരത്തിയ കാര്യങ്ങൾ ഓരോന്നും നമ്മിൽ പലരേയും ഇന്ന് ഹിംസിച്ചു കൊണ്ടിരിക്കുകയാണ്; വലയം ചെയ്ത് നിൽക്കുകയാണ്. നിങ്ങൾ ചിന്തിക്കൂ, നിങ്ങളുടെ ഹൃദയം എങ്ങനെയിരിക്കുന്നു? ഏതെങ്കിലും കാര്യത്തിൽ ഹൃദയം അസ്വസ്ഥമാണോ? ഒരുപക്ഷേ പണത്തിന്റെ ഞെരുക്കമാകാം. കടത്തിന്റെ ഭാരമാകാം. ആരോടെങ്കിലുമുള്ള ശത്രുത്വമാകാം.

നിങ്ങൾക്ക് രോഗം വന്നതിന്റെ ആവലാതിയാകാം. മരണം അടുത്തുവരുന്നല്ലോ എന്ന പേടിയാകാം. ഇതുപോലുള്ള ചിന്തകളിൽ മനസ്സ് നൊന്ത് വിങ്ങിക്കഴിയുന്നവർ അനേകരുണ്ട്.

എന്നാൽ ഈ ഭയപ്പാടുകളെല്ലാം അകറ്റുവാനായി ജീവനുള്ള ദൈവം യാക്കോബിന് പ്രത്യക്ഷനായി! അതൊര ത്ഭുതമാണ്. ദൈവത്തിന് യാക്കോബിനോട് കരുണ തോന്നി, യാക്കോബിനോട് സ്നേഹം തോന്നി, യാക്കോബിനോട് ദൈവത്തിന് വാത്സല്യം തോന്നി.

എന്താണതിന് കാരണം? ഒരു കാരണവുമില്ല. ദൈവത്തിന്റെ സ്നേഹം ഉപാധിയില്ലാത്തതാണ്; വ്യവസ്ഥയില്ലാത്തതാണ്. ദൈവം സ്നേഹം മാത്രമാണ്. മനസ്സ് നൊന്തിരിക്കുന്നവരെ,

ഭീതിപൂണ്ട് വലഞ്ഞിരിക്കുന്നവരെ, ആശങ്കയിലും ഭയപ്പാടിലുമായി അഴലുന്നവരെ സ്നേഹിക്കുന്ന ദൈവം! അവരെ താങ്ങുന്ന ദൈവം! എനിക്കാരുമില്ലല്ലോ എന്നോർത്ത് കേഴുന്നവരെ തലോടുവാൻ കരം നീട്ടുന്ന ദൈവം! അവർക്ക് പ്രത്യക്ഷനാകുന്ന ദൈവം! ഇതൊരു ചരിത്രവസ്തുതയാണ്. നിത്യ സത്യമാണ്.

നിങ്ങൾ ആരെല്ലാം ഞാൻ ഏകാകിയാണെന്നോർത്ത് കരയുന്നുണ്ട്? മനസ്സ് നീറിപ്പുകഞ്ഞിരിക്കുന്നുണ്ട്? എന്നോട് ആർക്കും ഒരു കരുതലില്ലല്ലോ, എന്റെ പ്രശ്നം ആരും കാണുന്നില്ലല്ലോ, എന്റെ വേദനയിൽ പങ്കുചേരാൻ എനിക്കാരുമില്ലല്ലോ, ഒരു നല്ല വാക്ക് പറയാൻ എനിക്കാരുമില്ലല്ലോ, എന്നോടിടപെടുന്നവരെല്ലാം ക്രൂരമായിട്ടല്ലേ എന്നോട് സംസാരിക്കുന്നത്? എത്ര കുത്സിതമായ വഴികളിലൂടെയാണ് എന്നെ നയിച്ചുകൊണ്ട് പോയത്? അരുതാത്ത കാര്യങ്ങൾ എന്നെക്കൊണ്ട് ചെയ്യിച്ചത്? ഞാൻ എന്താണിങ്ങനെയായിപ്പോയത്? നിരാശമുറ്റിയ അനുഭവത്തിൽ കഴിയുന്നവർ! മനസിലാക്കൂ. യാക്കോബിനെ ദൈവം സ്നേഹിച്ചു; നിങ്ങളെയും ദൈവം സ്നേഹിക്കുന്നു. ഇത് ഒരു നിത്യ യാഥാർത്ഥ്യമാണ്.

എന്തെങ്കിലും നന്മ കണ്ടുകൊണ്ടല്ല ദൈവം നമ്മെ സ്നേഹിക്കുന്നത്. അവൻ നമ്മെ ആദ്യം സ്നേഹിച്ചതുകൊണ്ട് നാം അവനെ സ്നേഹിക്കുന്നു എന്ന് അപ്പൊസ്തലനായ യോഹന്നാൻ പറയുന്നുണ്ട്.

*“അവൻ ആദ്യം നമ്മെ സ്നേഹിച്ചതുകൊണ്ട് നാം സ്നേഹിക്കുന്നു.” 1 യോഹന്നാൻ 4 : 19*

ദൈവത്തിനു നമ്മോട് സ്നേഹമാണ്. പ്രിയപ്പെട്ടവരേ, ഞാൻ വളരെ വിനയപൂർവ്വം നിങ്ങളെ അറിയിക്കട്ടെ. നിങ്ങളാരും ഒരിക്കലും ചിന്തിച്ചുപോകരുത് ‘എനിക്കാരുമില്ല’ എന്ന്. അപ്പനില്ലായിരിക്കാം, അമ്മയില്ലായിരിക്കാം, ഭാര്യയില്ലായിരിക്കാം, അല്ല വിവാഹം കഴിഞ്ഞില്ലായിരിക്കാം, ഭർത്താവി

ല്ലായിരിക്കാം, ഭർത്താവുണ്ടെങ്കിൽത്തന്നെ സ്നേഹമില്ലായിരിക്കാം.

മക്കളില്ലായിരിക്കാം, അഥവാ മക്കളുണ്ടെങ്കിലും ഉള്ളതിനേക്കാൾ കൂടുതൽ ദു:ഖമായിരിക്കാം. പലതരത്തിൽ നിങ്ങളുടെ മനസ്സ് അഴലുകയും വലയുകയും ചെയ്യുന്നുണ്ടാവും. എന്നാൽ നിങ്ങൾ ഒരിക്കലും പറയരുത് എനിക്കാരുമില്ല, എന്നെ സ്നേഹിക്കാൻ ആരുമില്ല എന്ന്.

ഒരു വ്യവസ്ഥയും ഒരു ഉപാധിയുമില്ലാതെ നിങ്ങളെ സ്നേഹിക്കുന്ന നിത്യനായ ക്രിസ്തു ഇപ്പോൾ നിങ്ങളുടെ അരികത്തുണ്ട്, അവൻ നിങ്ങളെ കരുതുന്നുണ്ട് എന്ന് നിങ്ങൾ വിശ്വസിക്കൂ. ദൈവത്തിന് സ്നേഹിക്കാൻ കൊള്ളാവുന്ന യാതൊരു നന്മയും നമ്മിൽ കണ്ടു എന്ന് വരികയില്ല. നമ്മുടെ ഹൃദയം ക്രൂരമായിരിക്കും.

കല്ലിച്ച മനസ്സായിരിക്കും. അൽപ്പംപോലും കരുണയോ ആർദ്രതയോ നമുക്കില്ലായിരിക്കും. സ്നേഹിക്കാൻ അറിഞ്ഞുകൂടായിരിക്കും. സ്നേഹിക്കാൻ തോന്നിയിട്ടില്ലായിരിക്കും. ഹൃദയത്തിലൂടെ കടന്നുപോകുന്ന ചിന്തകൾ ഒന്ന് പരിശോധിച്ചാൽ, 'ദൈവമേ' എന്ന് വിളിക്കാൻ പോലും അർഹതയില്ലല്ലോ എന്ന് നിങ്ങൾക്ക് തോന്നുമായിരിക്കും. എങ്കിലും ദൈവം നിങ്ങളെ സ്നേഹിക്കുന്നു.

> *"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."*
>
> *യോഹന്നാൻ 3 : 16*

തന്റെ ഏകജാതനായ പുത്രനെ നൽകുവാൻ തക്കവണ്ണം ദൈവം നമ്മെ സ്നേഹിച്ചു. ദൈവം ലോകത്തെ സ്നേഹിച്ചു. ദൈവത്തിന് നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി എന്നാണ് യോഹന്നാൻശ്ലീഹ തന്റെ ലേഖനത്തിൽ പറയുന്നത്.

*“പ്രിയമുള്ളവരേ, നാം അന്യോന്യം സ്നേഹിക്ക; സ്നേഹം ദൈവത്തിൽ നിന്നു വരുന്നു. സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നു. ദൈവത്തെ അറികയും ചെയ്യുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. ദൈവം സ്നേഹം തന്നേ. ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന് ലോകത്തിലേക്ക് അയച്ചു എന്നുള്ളതിനാൽ ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി.” 1 യോഹന്നാൻ 4 : 7 – 9*

*“നാം ദൈവത്തെ സ്നേഹിച്ചതല്ല, അവൻ നമ്മെ സ്നേഹിച്ചു തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തം ആകുവാൻ അയച്ചതു തന്നേ സാക്ഷാൽ സ്നേഹം ആകുന്നു. പ്രിയമുള്ളവരേ, ദൈവം നമ്മെ ഇങ്ങനെ സ്നേഹിച്ചു എങ്കിൽ നാമും അന്യോന്യം സ്നേഹിക്കേണ്ടതാകുന്നു. ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. നാം അന്യോന്യം സ്നേഹിക്കുന്നു എങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു; അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു. നാം അവനിലും അവൻ നമ്മിലും വസിക്കുന്നു എന്ന് അവൻ തന്റെ ആത്മാവിനെ തന്നതിനാൽ നാം അറിയുന്നു. പിതാവ് പുത്രനെ ലോകരക്ഷിതാവായിട്ട് അയച്ചിരിക്കുന്നു എന്ന് ഞങ്ങൾ കണ്ടു സാക്ഷ്യം പറയുന്നു.” 1 യോഹന്നാൻ 4 : 10 – 14*

ആദ്യം ദൈവം നമ്മെ സ്നേഹിച്ചിരിക്കുന്നു. നമ്മിൽ നിന്ന് ഒന്നും പ്രതീക്ഷിച്ചല്ല. ഒന്നും കണ്ടിട്ടല്ല. ഒരു നന്മയും നോക്കിയിട്ടല്ല ഈ സ്നേഹം. അവന്റെ സ്നേഹമാണ് നമുക്കൊരു മാനസാന്തരം തരുന്നത്. അവന്റെ സ്നേഹമാണ് നമുക്കൊരു സുബോധം തരുന്നത്.

അവന്റെ സ്നേഹമാണ് നമുക്കൊരു പാപബോധം തരുന്നത്. ദൈവത്തിന്റെ സ്നേഹമാണ് തിരുവചനം കേൾക്കാനുള്ള ആർത്തി നമുക്ക് തരുന്നത്. അവന്റെ സ്നേഹമാണ് തിരുവചനത്തിന്റെ അരികിലേക്ക് വരുവാനുള്ള സാഹചര്യം നമുക്ക് തരുന്നത്. ദൈവത്തിന്റെ അത്ഭുതസ്നേഹം നമ്മെ കൂട്ടിവരുത്തിയിരിക്കുന്നു.

ഞാൻ കഴിഞ്ഞദിവസം ഒരു കണക്ക് വായിച്ച് അത്ഭുതപ്പെട്ടുപോയി. ഹോസ്പിറ്റലുകളിൽ രോഗികൾക്ക് ഓക്സിജൻ സിലിണ്ടറുകളിൽ ഓക്സിജൻ കൊടുക്കുവാനുള്ള സജ്ജീകരണങ്ങളുണ്ട്. ഒരു മണിക്കൂറിന് പ്രാണവായു ശ്വസിക്കാൻ എൺപത് രൂപയാണെന്നിരിക്കട്ടെ. അങ്ങനെയാണെങ്കിൽ 80 വയസ്സുള്ള ഒരാൾ തന്റെ ആയുസ്സിൽ ശ്വസിക്കുന്ന പ്രാണവായുവിന് മൊത്തം തുക '5 കോടി 84 ലക്ഷം' രൂപ.

സൗജന്യമായിട്ടാണ് നാം ഇന്ന് ഇത് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. ഞാൻ ആ കണക്ക് വായിച്ച് അത്ഭുതപ്പെട്ടുപോയി. ഈ തുക ആർക്ക് കൊടുക്കാൻ പറ്റും?

നിത്യനായ ദൈവം നമുക്ക് ഈ പ്രകൃതിയിൽ പ്രാണവായു തന്നിരിക്കുന്നു. സൂര്യപ്രകാശം തന്നിരിക്കുന്നു. ദൈവം നമുക്ക് ആയുസ്സ് തന്നിരിക്കുന്നു. ആരോഗ്യം തന്നിരിക്കുന്നു. നമ്മുടെ കഴിവ് കൊണ്ടല്ല. നമ്മുടെ പ്രാപ്തി കൊണ്ടല്ല.

യാക്കോബിനെ ദൈവം സ്നേഹിച്ചു. യാക്കോബിന്റെ ഹൃദയത്തിലെ നൈരാശ്യം മാറ്റുവാൻ, ഹൃദയത്തിലെ കൂരിരുൾ മാറ്റുവാൻ ദൈവം യാക്കോബിന് പ്രത്യക്ഷപ്പെട്ടു. യാക്കോബിന്റെ ജീവിതത്തിൽ വന്ന കരിനിഴലുകളെല്ലാം മാറ്റുവാൻ നീതിസൂര്യനായ ദൈവം യാക്കോബിന് പ്രത്യക്ഷപ്പെട്ടു. പ്രകൃതി മുഴുവൻ കൂരിരുട്ടിൽ മുങ്ങിയിരിക്കുന്നു. ആ ഇരുളിന്റെ മദ്ധ്യത്തിൽ സത്യപ്രകാശമായ ദൈവം യാക്കോബിന് പ്രത്യക്ഷനായി.

ലോകം മുഴുവൻ അന്ധകാരത്തിലാണ്. കൊള്ളരുതാ

യ്മകളിലാണ്. വൃത്തികേടിലും അഴുക്കിലുമാണ്, പാപത്തിൽ മുങ്ങിക്കഴിയുന്നു. ലോകത്തിൽ അന്ധവിശ്വാസം വ്യാപിച്ചു വരികയാണ്. മതങ്ങളിലും സഭകളിലും സമുദായങ്ങളിലും ദുരാചാരങ്ങൾ വ്യാപിച്ചുവരികയാണ്.

കൊള്ളരുതായ്മയിൽ മനുഷ്യൻ ജീവിക്കുന്നു. പള്ളികളിൽ പോകുന്നു. പ്രാർത്ഥിക്കുന്നു. പക്ഷേ, സ്വന്തം ജീവിതത്തിലെ തിന്മകൾ മാറ്റാൻ ആർക്കും പരിപാടിയില്ല. കുടുംബങ്ങൾ കലങ്ങിയിരിക്കുന്നു. ഭാര്യയും ഭർത്താവും ഭിന്നിച്ച് കഴിയുന്നു. മാതാപിതാക്കളും മക്കളും പിണങ്ങിക്ക ഴിയുന്നു.

കുടുംബത്തിൽ കലഹമുണ്ടാകുന്നു. പല കുടുംബങ്ങളിലും പരസ്പരം മിണ്ടാട്ടമില്ല. ഇതിനെല്ലാം കാരണമെന്താണ്? ദുഷ്ടപ്പിശാച് മനുഷ്യസമൂഹത്തെ കെട്ടിയിട്ടിരിക്കുകയാണ്; ദുരാത്മാക്കളുടെ ദൂഷിത വലയത്തിൽ ഞെളിപിരികൊള്ളുക യാണ്. മനുഷ്യൻ അത് അറിയുന്നില്ല.

വക്രതയും കോട്ടവുമുള്ള തലമുറ, അവിശ്വാസമുള്ള തലമുറ എന്നാണ് കർത്താവ് പറഞ്ഞത്. ദൈവവിശ്വാസം നഷ്ടപ്പെട്ടുപോയിരിക്കുന്നു. ദൈവബോധം നഷ്ടപ്പെട്ടു പോയിരിക്കുന്നു. പാപത്തിലേക്ക് മനുഷ്യൻ കൂപ്പുകുത്തി പ്പോയിരിക്കുന്നു. അനേകർ നശിച്ചുകൊണ്ടിരിക്കുന്നു. കുടുംബങ്ങൾ തകർന്നുകൊണ്ടിരിക്കുന്നു.

സമൂഹങ്ങൾ ഭിന്നിച്ചുകൊണ്ടിരിക്കുന്നു. തിന്മകൾ പെരുകിപ്പെരുകി വരുന്നു. സനാതനമൂല്യങ്ങൾ നഷ്ടപ്പെട്ടു വരുന്നു. ഈ സാഹചര്യത്തിൽ, രജതതാരമായി, നീതി സൂര്യനായി കർത്താവായ യേശുക്രിസ്തു നമുക്ക് പ്രത്യക്ഷപ്പെടുകയാണ്.

കരിനിഴലുകൾ മാറ്റുവാനായി, ഹൃദയത്തിലെ ഇരുട്ട് മാറ്റുവാനായി നിങ്ങളുടെ അരികത്ത് ക്രിസ്തു കടന്നു വന്നിരിക്കുന്നു എന്ന് നിങ്ങൾ വിചാരിക്കൂ. നിരാശകൾ

മാറ്റിത്തരാൻ, ദു:ഖങ്ങൾ അകറ്റിത്തരാൻ, രോഗം മാറ്റിത്തരാൻ, എല്ലാ പാപത്തിനും പരിഹാരം തരാൻ യേശു നിങ്ങളുടെ അരികത്ത് വന്നിട്ടുണ്ട്.

യേശുവിനെ നിങ്ങൾ കാണൂ. അവൻ നിങ്ങൾക്ക് പ്രത്യക്ഷനാവുകയാണ്. സൂര്യൻ അസ്തമിക്കകൊണ്ട് യാക്കോബ് അവിടെ രാപാർത്തു. എന്നാൽ അവന്റെ ഹൃദയത്തിൽ സത്യ വെളിച്ചം പ്രകാശിക്കുകയാണ്. ഒരു കോവണി അവൻ കാണുകയാണ്. സ്വർഗ്ഗത്തോളം എത്തുന്ന ഒരു കോവണി. യേശു പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

പ്രിയരേ, സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന കോവണിയായി യേശു നിങ്ങൾക്ക് പ്രത്യക്ഷപ്പെട്ടിരിക്കുകയാണ്. ഇപ്പോൾ നിങ്ങൾ സമർപ്പിക്കൂ: കർത്താവേ, എനിക്കുവേണ്ടി ക്രൂശിൽ മരിച്ച രക്ഷകാ, നിന്റെ സന്നിധിയിലേക്ക് എനിക്ക് വരാൻ കഴിഞ്ഞില്ല. എന്നാൽ നീ എന്റെ അരികിലേക്ക് എന്നെത്തേടി വന്നിരിക്കുന്നുവല്ലോ. ഒരു കാരണവും കൂടാതെ നീ എന്നെ സ്നേഹിച്ച് എന്റെ അരികിലേക്ക് വന്നിരിക്കുന്നുവല്ലോ. നാഥാ! ഞാൻ എന്നെ നിനക്ക് തരുന്നു.

എന്റെ ആയുസ്സ് നിനക്ക് തരുന്നു. എന്റെ ജീവിതം നിനക്ക് തരുന്നു. എന്റെ ഭാവി നിനക്ക് തരുന്നു. എന്നെ സ്നേഹിക്കുന്ന യേശുവേ, എന്റെ അരികത്ത് പ്രത്യക്ഷപ്പെട്ടി രിക്കുന്ന യേശുവേ, എന്റെ ഹൃദയം ഞാൻ നിനക്ക് തുറന്ന് തരുന്നു. പാപം നിറഞ്ഞ ഹൃദയം, അന്ധകാരവും നിരാശയും മുറ്റിയ ജീവിതം നിന്റെ സന്നിധിയിലേയ്ക്ക് താഴ്ത്തി വയ്ക്കുന്നു. എന്റെ ജീവിതത്തെ നീ കഴുകണമേ. വിശുദ്ധീകരിക്കണമേ. എന്റെ ഹൃദയത്തിൽ സത്യപ്രകാശം ഉദിക്കണമേ. ദിവ്യവെളിച്ചം പ്രകാശിക്കണമേ.

# നാല്

*“എന്നാൽ യാക്കോബ് ബേർ-ശേബയിൽ നിന്നു പുറപ്പെട്ടു ഹാരാനിലേക്കു പോയി. അവൻ ഒരു സ്ഥലത്ത് എത്തിയപ്പോൾ സൂര്യൻ അസ്തമിക്ക കൊണ്ട് അവിടെ രാപാർത്തു; അവൻ ആ സ്ഥലത്തെ കല്ലുകളിൽ ഒന്ന് എടുത്തു തലയണ യായി വച്ചു അവിടെ കിടന്നുറങ്ങി. അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തി യിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽക്കൂടി കയറുകയും ഇറങ്ങുകയുമായിരുന്നു.”*

*ഉല്പത്തി 28 : 10 – 12*

യാക്കോബിന്റെ ജീവചരിത്രത്തിൽ നിന്നു തന്നെ നാം ഗൗരവമേറിയ ആത്മീയപാഠങ്ങൾ ചിന്തിക്കുകയാണ്. അത് പറഞ്ഞിട്ടും പറഞ്ഞിട്ടും തീരുന്നില്ല. ഓരോന്നോരോന്നു ചിന്തി ക്കുമ്പോൾ ആ ധ്യാനചിന്തകൾക്ക് വീണ്ടും ചിറകുവിരിക്കുക യാണ്.

യാക്കോബ്, സൂര്യൻ അസ്തമിച്ചശേഷം കല്ല് തലയണ യായി വച്ച് ഉറങ്ങുന്ന ചിത്രം ചില ആത്മീയപാഠങ്ങൾ നമുക്ക് തരുന്നുണ്ട്. ഒരു നഷ്ടപ്പെട്ട ആത്മാവിന്റെ, ദൈവത്തിൽനിന്ന് അകന്നുപോയ, അന്ധകാരം വ്യാപിച്ച, ജീവിതത്തിൽ നൈരാശ്യം ബാധിച്ച ഒരു ആത്മാവിന്റെ വ്യക്തമായ ദൃഷ്ടാന്തമാണ് ബേഥേ ലിൽ കിടന്നുറങ്ങുന്ന യാക്കോബ്.

നമ്മിൽ പലരും അങ്ങനെയാണ്. ജീവിതത്തിൽ കൂരി

രുളിന്റെ മദ്ധ്യത്തിലാണ്. ചുറ്റും കൂരിരുൾ വ്യാപിച്ചിരിക്കുന്നു. ഇരുളിന്റെ പേടിപ്പെടുത്തുന്ന ആക്രമണത്തിൽ തളർന്ന് അവശതയോടെ യാക്കോബ് ഒരു കല്ല് തലയണയായി വച്ച് തളർന്നു കിടക്കുകയാണ്.

യാക്കോബിന്റെ ജീവിതം കൂരിരുട്ടിലാണ്. അത് പുറമേയുള്ള ഇരുട്ട് മാത്രമല്ല. അതിന്റെ ആന്തരികമായ ആശയത്തിലേക്ക് കടന്നുചെല്ലുമ്പോഴാണ് ഗൗരവമേറിയ ചിന്തകൾ നമ്മുടെ ജീവിതത്തോട് ബന്ധപ്പെടുത്തി ചിന്തിക്കാൻ സാധിക്കുന്നത്. അനേകർ ഇന്ന് കൂരിരുട്ടിലാണ്. നൈരാശ്യത്തിന്റെ കൂരിരുട്ടിൽപ്പെട്ട് വലയുന്ന മനുഷ്യരുണ്ട്.

ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷകളെല്ലാം നഷ്ടപ്പെട്ട്, ഇനി ഒരു നല്ലകാലം കിട്ടുമെന്ന് യാതൊരു പ്രതീക്ഷയുമില്ലാതെ മനസ്സ് മടുത്ത് ഹൃദയം വിഷാദപരവശരായിക്കഴിയുന്ന ആളുകളുണ്ട്. നിങ്ങൾ അങ്ങനെയാണോ? ഭാവിയെക്കുറിച്ചുള്ള ആശകളെല്ലാം നഷ്ടപ്പെട്ടിരിക്കുകയാണോ? നമ്മുടെ ജീവിതത്തിൽ ഇനി എന്ത്? ഭാവി എങ്ങനെ? ഒരു ശൂന്യതയാണ് മുന്നിൽ!

വെളിച്ചത്തിന്റെ കണികപോലും കാണുന്നില്ല. ഭാവിയിലേക്കു നോക്കിയാൽ ശൂന്യത മാത്രം. കടം വന്നു മൂടിയിരിക്കുന്നു; രോഗം വന്ന് ഗ്രസിച്ചിരിക്കുന്നു; ശരീരം ആസകലം ക്ഷീണിച്ച് അവശമായിരിക്കുന്നു; മനസ്സ് മടുത്തിരിക്കുന്നു; എല്ലാ വിധത്തിലും വഴിമുട്ടിയിരിക്കുന്നു. തളർന്നു വിവശതയോടെ കഴിയുന്നവർ.

യാക്കോബ് അതിന്റെ പ്രതീകമാണ്. നൈരാശ്യത്തിന്റെ കൂരിരുൾ. യാക്കോബിന്റെ ഹൃദയത്തിൽ പാപബോധം നിറഞ്ഞു നിൽക്കുന്നു. അപ്പനെ കബളിപ്പിക്കണ്ടായിരുന്നു. ഞാൻ നിന്റെ ആദ്യജാതൻ ഏശാവ് എന്ന് കണ്ണുകാഴ്ച മങ്ങിയ അപ്പന്റെ മുമ്പിൽ കളവു പറയണ്ടായിരുന്നു. ആ ജ്യേഷ്ഠാവകാശം അപഹരിച്ചെടുക്കണ്ടായിരുന്നു. എന്റെ ജ്യേഷ്ഠനുവേണ്ടി വച്ചിരുന്ന അനുഗ്രഹം തട്ടിയെടുക്കണ്ടായിരുന്നു.

എനിക്കെന്റെ വീട്ടിൽ കിടന്നുറങ്ങാമായിരുന്നു. എന്റെ അമ്മയുടെ കാൽച്ചുവട്ടിൽ എനിക്കു ജീവിക്കാമായിരുന്നു. ആ വാത്സല്യം നുകർന്ന് എന്റെ ജീവിതം കഴിക്കാമായിരുന്നല്ലോ. ഒന്നും വേണ്ടായിരുന്നു.

ചില ചിന്തകൾ നമ്മളെ അലട്ടിക്കൊണ്ടിരിക്കുന്നുണ്ട്. അവിടെ പോകണ്ടായിരുന്നു. ആ ആളോടു മിണ്ടണ്ടായിരുന്നു. ആ ഫോൺ attend ചെയ്യണ്ടായിരുന്നു. ആ missed call ഗൗനിക്കേണ്ട ആവശ്യമില്ലായിരുന്നു. എനിക്കെന്താണ് കൂട്ടു കാരുടെ നിർബ്ബന്ധത്തിനു വഴങ്ങി അവിടെ പോകാൻ തോന്നി യത്? മദ്യം രുചിനോക്കാൻ പോകണ്ടായിരുന്നു. മയക്കുമരു ന്നിന് അടിമപ്പെടണ്ടായിരുന്നു. കഞ്ചാവ് ഉപയോഗിച്ച് തുടങ്ങ ണ്ടായിരുന്നു. ഉഴപ്പിക്കളയണ്ടായിരുന്നു. ഇങ്ങനെ ചില ചില ചിന്തകൾ നിങ്ങളെ അലട്ടുന്നുണ്ടാകും.

അരുതായ്കകൾ സംഭവിച്ചുപോയി. അയ്യോ! എനിക്ക് എന്താണ് അങ്ങനെ തോന്നിയത്? അങ്ങനെ പെരുമാറാൻ തോന്നിയതെന്താണ്? ഞാൻ എന്തിനാണ് കോപിച്ചത്? ഭർത്താ വിനോട് അങ്ങനെ ധിക്കാരമായി പറയണ്ടായിരുന്നു. പെട്ടെന്ന് വാശിപിടിച്ച് ആ വീട്ടിൽ നിന്ന് ഇറങ്ങിപ്പോരണ്ടായിരുന്നു. ആ വീട്ടിൽ രാജ്ഞിയായി വാഴേണ്ടവളായിരുന്നില്ലേ ഞാൻ? ഞാൻ എന്തിനാണ് അങ്ങനെ ചെയ്തത്?

അദ്ദേഹം വന്നു വിളിച്ചുകൊണ്ടുപോകുവാൻ വരും എന്നു പ്രതീക്ഷിച്ചു. കാരണം, എന്നെ അത്ര സ്നേഹമായി രുന്നു. കഷ്ടം! ഞാൻ പ്രതീക്ഷിച്ചതുപോലെയല്ലല്ലോ നടന്നത്. ആരെങ്കിലും തടഞ്ഞിട്ടായിരിക്കാം, അദ്ദേഹം തിരിഞ്ഞുനോ ക്കിയില്ല. ഇന്നു വിവാഹമോചനത്തിന്റെ വക്കിലായി; വേണ്ടാ യിരുന്നു.

എന്നെത്തന്നെ നശിപ്പിക്കണ്ടായിരുന്നു. എന്റെ ജീവിതം കളഞ്ഞുകുളിക്കണ്ടായിരുന്നു. ആ പാവപ്പെട്ട ദൈവപൈതലി നെക്കുറിച്ച് ഇല്ലാത്തതു പറഞ്ഞുപരത്തണ്ടായിരുന്നു. എന്റെ

കുടുംബത്തിലേക്കു ശാപം വരുന്നല്ലോ. എന്റെ മക്കൾക്കു നാശം വരുന്നല്ലോ. ദൈവത്തിന്റെ വേലയെ തടുക്കണ്ടായിരുന്നു. ദൈവത്തിന്റെ വേലക്കാരെ ഉപദ്രവിക്കണ്ടായിരുന്നു. ദൈവത്തിന്റെ വേലക്കാരെ പരിഹസിക്കണ്ടായിരുന്നു.

നിങ്ങളുടെ ജീവിതത്തിൽ വന്നുപോയ പാപങ്ങൾ ഓരോന്നും നിങ്ങളെ അലട്ടുന്നുണ്ട്. പാപബോധത്തിന്റെ കൂരിരുട്ട് ഇരുളുപോലെ നിങ്ങളെ മൂടിയിരിക്കുകയാണ്.

അന്ന് നല്ലപോലെ പഠിക്കാമായിരുന്നു. ഞാൻ ഇന്ന് ഒന്നുമില്ലാത്തവനായിപ്പോയല്ലോ. എന്റെ ജീവിതം ഇത്ര വിരസമായും മടുപ്പായും തീരേണ്ട ആവശ്യമുണ്ടായിരുന്നില്ല. മനസ്സ് ഉഷ്ണിച്ച് കഴിയുന്നു.

എന്റെ മക്കൾക്ക് വീതം വച്ചപ്പോൾ പക്ഷഭേദം കാണിക്കണ്ടായിരുന്നു. ഭാര്യയുടെ താത്പര്യത്തിനു വഴങ്ങി ഒരുപോലെ വീതിക്കാതെ ഞാൻ അല്പസ്വല്പം കൂട്ടിയും കുറച്ചും കൊടുത്തു. വേണ്ടായിരുന്നു. ദൈവസന്നിധിയിലേക്ക് ചെല്ലുമ്പോൾ ഞാൻ എന്തുചെയ്യും? മനസ്സ് ഭാരത്തോടെ ഞെരുങ്ങുന്നവർ അനേകർ ഇത് വായിക്കുന്നുണ്ട്.

നിങ്ങളുടെ ആരുടെയെല്ലാം ജീവിതത്തിൽ കൂരിരുട്ട് വ്യാപിച്ച് വന്നിട്ടുണ്ട്. പണത്തിൽ അവിശ്വസ്തത കാണിച്ച കാര്യങ്ങൾ, ജോലിസ്ഥലത്ത് അവിശ്വസ്തത കാണിച്ച കാര്യങ്ങൾ. എല്ലാം ഓർമ്മയിൽ നിറഞ്ഞുവരുന്നുണ്ട്. ഇപ്പോൾ ഇതെല്ലാം പെറുക്കിയെടുത്തുകൊണ്ട് ക്രൂശിൻചുവട്ടിലേക്ക് അടുത്തു ചെല്ലുക.

യാക്കോബ് കൂരിരുട്ടിൽ ക്ഷീണിച്ച് അവശനായി കിടക്കുകയാണ്.

1. നൈരാശ്യത്തിന്റെ കൂരിരുട്ട്

2. പാപബോധത്തിന്റെ കൂരിരുട്ട്

മൂന്നാമത്തേത്, അപ്പന്റെ വീട്ടിൽ നിന്ന് അകന്നകന്നു

പോകുന്നതിന്റെ കൂരിരുട്ട്. സ്വന്തംവീട്ടിൽ നിന്ന് ഓരോ ചുവടും നടന്നകന്നുകൊണ്ടിരിക്കുകയാണ്. സ്വർഗ്ഗീയപിതാവിൽ നിന്ന് അകന്നകന്നു പോയിക്കൊണ്ടിരിക്കുന്നു. ഇന്ന് പലരും ഇത് അറിയുന്നില്ല. അതൊന്നും പലർക്കും ഒരു ചിന്താവിഷയമല്ല.

നിങ്ങൾ ഓരോ ദിവസവും ഓരോ നിമിഷവും സ്വർഗ്ഗീയ പിതാവിൽ നിന്ന് അകന്ന് ഓടിക്കൊണ്ടിരിക്കുകയാണ്. ദൈവത്തിൽനിന്നും ദൈവമക്കളിൽ നിന്നും അകലുന്നു. കൂട്ടായ്മയിൽ നിന്നും ദൈവസാന്നിദ്ധ്യത്തിൽ നിന്നും ദൈവസ്നേഹത്തിൽനിന്നും ദൈവത്തിന്റെ അത്ഭുതകൃപയിൽ നിന്നും അകന്നുകൊണ്ടേയിരിക്കുകയാണ്.

സ്നേഹിതാ, നിനക്ക് ന്യായങ്ങൾ കാണും. സ്വർഗ്ഗത്തിലെ ദൈവത്തിന്റെ മുമ്പിൽ നിന്റെ ന്യായങ്ങളൊന്നും വിലയുള്ളതായിരിക്കയില്ല എന്നു നീ അറിഞ്ഞുകൊള്ളുക. അപ്പന്റെ ഭവനത്തിൽ നിന്ന് യാക്കോബ് അകന്നകന്ന് കൂരിരുട്ടിലേക്കാണ് പോയത്. സൂര്യൻ അസ്തമിക്കുന്ന സമയത്തേക്കാണ് അവൻ നീങ്ങിയത്.

ഇത് വായിക്കുമ്പോൾ നിങ്ങൾ ചിന്തിക്കണം, അപ്പന്റെ ഭവനത്തിലേക്ക് ഞാൻ അടുത്തുകൊണ്ടിരിക്കുകയാണോ അകന്നുകൊണ്ടിരിക്കുകയാണോ? ലൂക്കോസിന്റെ സുവിശേഷം പതിനഞ്ചാം അദ്ധ്യായത്തിൽ ധൂർത്തപുത്രന്റെ ഉപമ കാണാം. ആ ചെറുപ്പക്കാരൻ അപ്പന്റെ ഭവനത്തിൽ നിന്ന് ദൂരെദേശത്തേക്കു പോയി.

ഓരോ ചുവട്ടടിയിലും അവൻ ദൂരെ ദേശത്തേക്ക് നീങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. പാപത്തിന്റെ വേഴ്ചകളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. ദുർന്നടപ്പുകാരോടുകൂടെ നടക്കാൻ, മ്ലേച്ഛതയിൽ നടക്കാൻ അപ്പനിൽ നിന്ന് അകന്നുകൊണ്ടിരുന്നു.

അവൻ, അപ്പന്റെ സമാധാനത്തിൽ നിന്ന്, അപ്പന്റെ ഭവന

ത്തിലെ സൗഖ്യത്തിൽ നിന്ന്, അപ്പന്റെ വേലസ്ഥലത്തു നിന്ന്, അപ്പന്റെ വയലിൽ നിന്ന്, അപ്പന്റെ വേലസ്ഥലത്തു വേല ചെയ്യുന്ന വേലക്കാരുടെ കൂട്ടത്തിൽ നിന്ന് ഓരോ നിമിഷവും അകന്നു പോയിക്കൊണ്ടിരിക്കുകയായിരുന്നു. സ്നേഹിതരേ, നിങ്ങൾ ഇപ്പോൾ അപ്പന്റെ ഭവനത്തോട് അടുത്തുകൊണ്ടിരിക്കുകയാണോ? അതോ അപ്പന്റെ ഭവനത്തിൽ നിന്ന് അകന്നു കൊണ്ടിരിക്കുകയാണോ?

3. അപ്പന്റെ ഭവനത്തിൽ നിന്ന് അകലുന്നതിന്റെ കൂരിരുട്ട്.

4. അപ്പന്റേയും അമ്മയുടേയും സംസർഗ്ഗത്തിൽ നിന്നുള്ള അകൽച്ചയുടെ കൂരിരുട്ട്.

യാക്കോബ് അമ്മയുടെ തണലിലാണ് ജീവിച്ചത്. അമ്മയ്ക്ക് ഈ മകനോട് വലിയ വാത്സല്യമായിരുന്നു. പക്ഷേ, അമ്മയുടെ സാന്നിദ്ധ്യം നഷ്ടപ്പെട്ടുപോയി. ഇത്രയും വാത്സല്യമായിരുന്ന മകൻ അമ്മയിൽ നിന്ന് അകന്നകന്നു പോയിരിക്കുകയാണ്. അവന് അത് സഹിക്കാവുന്ന കാര്യമല്ല. അവൻ വീട്ടിൽ നിന്നകന്നു ജീവിച്ചവനല്ല. ഇപ്പോൾ അമ്മയിൽ നിന്നു ദൂരെയായിരിക്കുന്നു. സംസർഗ്ഗം നഷ്ടപ്പെട്ടു.

ശ്രേഷ്ഠമായ സംസർഗ്ഗം നഷ്ടപ്പെട്ടാൽ കൂരിരുട്ടാണ്. ശ്രേഷ്ഠമായ കൂട്ടായ്മകൾ നിങ്ങൾക്ക് നഷ്ടപ്പെടുന്നുണ്ടോ? ശ്രേഷ്ഠമായ ദൈവികസാന്നിദ്ധ്യം നിങ്ങൾക്ക് നഷ്ടപ്പെടുന്നുണ്ടോ? ദൈവസന്നിധിയിൽ ഇരുന്നു പ്രാർത്ഥിക്കുന്ന പ്രാർത്ഥനയുടെ കുളിർമ നിങ്ങൾക്കു നഷ്ടപ്പെടുന്നുണ്ടോ? ഇന്നും നിങ്ങൾ പ്രകാശത്തിലാണ് എന്നാണോ ചിന്തിക്കുന്നത്?

ഈ സമയംതന്നെ നിങ്ങൾക്ക് നിങ്ങളെത്തന്നെ ശോധന ചെയ്യാം. അപ്പനിൽ നിന്നകലുന്നു, അമ്മയിൽ നിന്നകലുന്നു, ദൈവികസംസർഗ്ഗത്തിൽ നിന്നകലുന്നു, അപ്പന്റെ കൂട്ടായ്മയിൽ നിന്നകലുന്നു, അപ്പന്റെയും അമ്മയുടെയും സ്നേഹവാത്സല്യങ്ങളിൽ നിന്നകലുന്നു. ഞാൻ ഇതാ, കൂരിരുട്ടിലേക്ക്

പോകുന്നു. കുറ്റബോധം എന്നെ വലയം ചെയ്യുന്നു. നൈരാശ്യം എന്നെ ചുറ്റിനിൽക്കുന്നു. ഞാൻ എന്തു വേണ്ടൂ?

ആ കൂരിരുട്ട് യാക്കോബിന് കടുത്ത യാതന നൽകി ക്കൊണ്ടിരിക്കുകയായിരുന്നു. അവനെ കരുതുന്ന ഒരു ദൈവ മുണ്ട് എന്നറിയാത്തതായിരുന്നു ഏറ്റവും വലിയ കൂരിരുട്ട്. ദൈവം കോവണിമേൽ ഇറങ്ങിവന്നപ്പോഴാണ് അവനെ കരു തുന്ന ഒരു ദൈവമുണ്ട് എന്ന് അവൻ അറിഞ്ഞത്. എല്ലാം നഷ്ടപ്പെട്ട് നിരാശയുടെ കൂരിരുട്ടിൽ മുങ്ങി, പാപബോധ ത്തിന്റെ ദൂഷിതവലയത്തിൽ വലഞ്ഞ് ആത്മീയസംസർഗ്ഗം വിട്ടുപോകുന്നവനെയും സ്നേഹിക്കുന്ന ഒരു ദൈവമുണ്ട്.

ആ ദൈവം നിന്നെ മറന്നിട്ടില്ല. നിന്നെ കൈവിട്ടിട്ടില്ല. സ്നേഹിതാ, നീ വിശ്വസിക്കൂ. നിന്നെ ദൈവം സ്നേഹിക്കു ന്നു. ദൈവം നിന്നെ കരുതുന്നു. ആരുമില്ല എന്നാണ് നീ ചിന്തി ച്ചത്. എന്നാൽ ദൈവം ഇതാ, നിനക്കുവേണ്ടി സ്വർഗ്ഗീയക വാടം തുറന്ന് ഇറങ്ങിവരികയാണ്. തന്റെ വാത്സല്യഭാജനമായ യാക്കോബിന്റെ അരികിലേക്കു വരികയാണ്.

എന്നെ സ്നേഹിക്കുന്ന ഒരു ദൈവമുണ്ട്, എന്നെ കരു തുന്ന, എന്നെ അന്വേഷിക്കുന്ന ദൈവമുണ്ട്, എന്റെ കാര്യം നോക്കാൻ ഒരു ദൈവമുണ്ട് എന്ന് യാക്കോബിന് അറിഞ്ഞു കൂടാ.

യാക്കോബ് നോക്കിയപ്പോൾ നിത്യനായ ദൈവം സ്വർഗ്ഗ ത്തോളം എത്തുന്ന കോവണിയുടെ മുകൾത്തട്ടിൽ നിൽക്കുന്നു. യാക്കോബ് അത്ഭുതത്തോടും അതിശയത്തോടും കൂടി നോക്കിനിന്നു.

5. ദൈവസാന്നിദ്ധ്യം അറിയാത്തതിന്റെ കൂരിരുട്ട് - Ignorance of God's presence.

ദൈവം നിങ്ങളെ സ്നേഹിക്കുന്നു. ആ അറിവ് നിങ്ങൾക്കി ല്ലെങ്കിൽ നിങ്ങൾ അന്ധകാരത്തിലാണ്. ഞാൻ ഏതായാലും

എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടില്ലേ? എനിക്കു പാപം വന്നില്ലേ? ഇനിയുണ്ടോ ഒരു എഴുന്നേൽപ്പ്? ഇനി എനിക്ക് നല്ലകാലം കിട്ടുമോ? ഇങ്ങനെ മനസ്സുമടുത്തിരിക്കുന്നവരെ സ്നേഹിക്കുന്ന ദൈവമുണ്ട്. ആ അറിവില്ലായ്മയാണ് ഏറ്റവും വലിയ കൂരിരുട്ട്!

ദൈവം സ്നേഹം മാത്രമാണ്. ദൈവം ആരെയും വെറുക്കുന്നില്ല, ഉപേക്ഷിക്കുന്നില്ല, തള്ളിക്കളയുന്നില്ല. ദൈവം ആരെയും ശപിക്കുന്നില്ല. ജീവനുള്ള ദൈവം ഗോഗുൽത്തായിലെ കുരിശിൽ വെളിപ്പെടുത്തപ്പെട്ട സ്നേഹമാണ്.

മനുഷ്യനുവേണ്ടി ദാഹിക്കുന്ന സ്നേഹം! മനുഷ്യനെ വീണ്ടെടുക്കാൻ കൊതിക്കുന്ന സ്നേഹം! ക്രൂശിൽ വേദന കൊണ്ട് പിടയുമ്പോഴും കള്ളനോടു സംസാരിക്കുവാൻ ആ സ്നേഹം തയ്യാറായി. അനുതപിക്കുന്ന പാപിയോട് സംസാരിപ്പാൻ ആ സ്നേഹം തയ്യാറായി.

അനുതപിക്കുന്ന പാപി അനുതാപത്തോടെ പറയുകയാണ്: “മശിഹാ, നീ രാജത്വം പ്രാപിച്ചുവരുമ്പോൾ എന്നെക്കൂടി ഓർത്തുകൊള്ളണമേ.” അപ്പോൾ അവനോടു പറയേണ്ടതു പറയാൻ യേശു മറന്നില്ല: “ഇന്നു നീ എന്നോടുകൂടെ പറുദീസയിൽ ഇരിക്കും.” ശരീരമാസകലം വേദനകൊണ്ട് പിടയുമ്പോഴും, രോമകൂപങ്ങളിൽ നിന്നും രക്തം ഒഴുകുമ്പോഴും അനുതപിക്കുന്ന പാപിയുടെ പ്രാർത്ഥനയ്ക്ക് കർത്താവ് മറുപടി കൊടുത്തു.

അനാഥയായി, ദു:ഖിച്ച് കരഞ്ഞുകൊണ്ടിരിക്കുന്ന അമ്മയോട് സംസാരിച്ചു. ശിഷ്യനോടും സംസാരിച്ചു. ക്രൂശിൽക്കിടന്നു പിടയുമ്പോഴും ആ സ്നേഹം മറക്കുന്നില്ല. ക്രൂശിലെ സ്നേഹം ജീവനുള്ള ദൈവത്തിന്റെ സ്നേഹമാണ്.

ആ സ്നേഹം ക്രൂശിൽക്കിടന്നു കരയുന്നു: “പിതാവേ, ഇവർ ചെയ്യുന്നത് ഇന്നതെന്ന് ഇവർ അറിയായ്കയാൽ ഇവരോടു ക്ഷമിക്കണമേ.” സ്വന്തം ശരീരത്തിൽ വേദനയുടെ നീറ്റലിൽ ഉഴലുമ്പോഴും യേശുനാഥൻ പ്രാർത്ഥിക്കുന്നത് മറ്റുള്ള

വർക്ക് വേണ്ടിയാണ്. ക്രൂശിൽ കിടക്കുമ്പോഴും യേശു നോക്കേണ്ടിടത്തെല്ലാം നോക്കി, പറയേണ്ടതെല്ലാം പറഞ്ഞു. അവിടെ ഒരിടത്തും യേശു തന്റെ സ്നേഹം അടക്കിവെച്ചില്ല. സ്നേഹം പ്രകടിപ്പിച്ചു.

ആ സ്നേഹമാണ് യാക്കോബ് മറന്നുപോയത്. യാക്കോബ് ആ സ്നേഹം ഗ്രഹിച്ചില്ല. യാക്കോബ് കൂരിരുട്ടിലായിരുന്നു.

തന്നെ കരുതാൻ ദൈവം അയച്ച മാലാഖമാർ തന്റെ കൂടെ നടക്കുകയായിരുന്നു എന്നു യാക്കോബ് അറിഞ്ഞില്ല. ദൈവസാന്നിദ്ധ്യം അറിഞ്ഞില്ല, മാലാഖമാരുടെ കൂട്ടും കാവലും തനിക്ക് തന്നിട്ടുണ്ട് എന്ന് യാക്കോബ് ഗ്രഹിച്ചില്ല. അതൊരു കൂരിരുട്ടായിരുന്നു. അറിവില്ലായ്മയുടെ കൂരിരുട്ട്.

സ്നേഹിതരേ, നിങ്ങളിലെ അന്ധകാരം നിങ്ങൾക്ക് മനസ്സിലായോ? അനേകരിലും അന്ധകാരമുണ്ട്. ദൈവത്തിന്റെ കരുതൽ അറിയുന്നില്ല. ദൈവത്തിന്റെ വാത്സല്യവും സ്നേഹവും അറിയുന്നില്ല. ദൈവത്തിന്റെ മാലാഖമാരുടെ കരുതൽ അറിയുന്നില്ല. മാലാഖമാരുടെ സംരക്ഷണം അറിയുന്നില്ല. ദാവീദ് പറയുന്നു:

> *"യഹോവയുടെ ദൂതൻ അവന്റെ ഭക്തന്മാരുടെ ചുറ്റും പാളയമിറങ്ങി അവരെ വിടുവിക്കുന്നു."*
>
> *സങ്കീർത്തനങ്ങൾ 34 : 7*

എന്നാൽ യാക്കോബ് കൂരിരുളിന്റെ മദ്ധ്യത്തിൽ രാപാർത്തു.

ഞാൻ ഈ പറഞ്ഞതൊന്നുമായിരിക്കയില്ല നിങ്ങളെ അലട്ടുന്ന കൂരിരുട്ട്. എന്തെല്ലാം തരത്തിലുള്ള നിരാശകളുണ്ടോ, ഏതെല്ലാം തരത്തിലുള്ള ദു:ഖഭാരമുണ്ടോ, ഞാൻ ഒറ്റപ്പെട്ടുപോയി എന്ന ചിന്തയുണ്ടോ, എന്നാൽ ഇപ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവ് കൃപയാൽ നിങ്ങൾക്ക് വാക്ക് തരികയാണ്, നിങ്ങളുടെ ജീവിതത്തിൽ സൂര്യൻ ഉദിക്കാൻ പോകുന്നു. പ്രകാശം വിടരാൻ പോകുന്നു.

നിങ്ങളുടെ ജീവിതത്തിൽ നല്ലകാലം വരാൻ പോകുന്നു. നിങ്ങളുടെ കണ്ണ് തുറക്കാൻ പോകുന്നു. നിങ്ങളുടെ കൂരിരുട്ട് മാറാൻ പോകുന്നു. നിരാശകൾ മാറാൻ പോകുന്നു. നിന്റെ ഒറ്റപ്പെട്ട അവസ്ഥ മാറാൻ പോകുന്നു. എന്നെ സ്നേഹിക്കാൻ ആരുമില്ല എന്നല്ലേ നീ ഓർത്തത്? ഞാൻ ആർക്കുവേണ്ടി ജീവിക്കണം, മരിക്കുകയല്ലേ ഭേദം എന്നല്ലേ ചിന്തിച്ചത്? നിന്നെ കാക്കാൻ, കരുതാൻ, ഭാവിയെല്ലാം ചിട്ടപ്പെടുത്താൻ ഒരു ദൈവമുണ്ട്.

ആ ദൈവം നിന്റെ അരികത്തേക്കു വന്നിരിക്കുകയാണ്. അവൻ നിന്റെ വലഭാഗത്തു വന്ന് നിന്നോടു ചേർന്നു നിൽക്കുന്നു. ഞാൻ യഹോവയായ കർത്താവിനെ എന്റെ മുൻപിൽ വച്ചിരിക്കുന്നു; അവൻ വലത്തുഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങിപ്പോവുകയില്ല എന്നു പിൽക്കാലത്ത് ദാവീദ് പറഞ്ഞു.

അവൻ നിന്റെ തൊട്ടരികത്തു നിൽക്കുകയാണ്. നിന്നെ താങ്ങാൻ, നിന്നെ ചാടിപ്പിടിക്കാൻ അവനിതാ കരം നീട്ടുകയാണ്. നിനക്കുവേണ്ടി അടിച്ചു തകർക്കപ്പെട്ട കരം! നിന്നെ വിടുവിക്കാൻ, നിന്റെ കൂരിരുൾ അകറ്റാൻ, നിന്നിൽ പ്രകാശം തൂകിത്തരാൻ ആ കരം നീട്ടുകയാണ്.

ആ കരം നീട്ടി നിന്നെ പിടിക്കാൻ, നിന്നെ നീ വിട്ടുകൊടുക്കൂ. നിന്റെ ജീവിതം നീ യേശുവിന് ഏൽപ്പിച്ചു കൊടുക്കൂ. യേശുവിനോട് വാക്ക് പറയൂ. യേശുവേ, ഈ നിമിഷം മുതൽ ഞാൻ നിന്റെ വക. ഈ നിമിഷം മുതൽ ഞാൻ ഒരു പുതിയ സൃഷ്ടി. എന്റെ യേശുവേ, നീ ക്രൂശിൽ എനിക്കുവേണ്ടി മരിച്ചതിനാൽ ഇന്നുമുതൽ ഞാൻ നിനക്കായി ജീവിക്കും.

# അഞ്ച്

*"അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽ കൂടി കയറുകയും ഇറങ്ങുകയുമായിരുന്നു. അതിന്മീതെ യഹോവ നിന്ന് അരുളിച്ചെയ്തത്: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും."*

*ഉല്പത്തി 28 : 12, 13*

ഇതിനുമുമ്പ് യാക്കോബിനുണ്ടായ അനുഭവങ്ങളെല്ലാം second hand knowledge ആണ്.

അപ്പനിൽനിന്നും അപ്പന്റെ അപ്പനിൽനിന്നും കിട്ടിയ അറിവ്. അബ്രാഹാമിൽനിന്ന് യാക്കോബിന് അറിവുകൾ കിട്ടിയിട്ടുണ്ട്. യാക്കോബിന്റെ ബാല്യകാലം മുഴുവൻ അബ്രാഹാം പിതാവ് കൂടെയുണ്ടായിരുന്നു.

അബ്രാഹാമിന് ശേഷം യിസ്ഹാക്കിൽനിന്ന് യാക്കോബിന് ദൈവത്തെക്കുറിച്ചുള്ള അറിവുകളുണ്ട്. ദൈവിക പ്രത്യക്ഷതയെക്കുറിച്ചുള്ള കേട്ടുകേൾവിയുണ്ട്. പക്ഷേ, യാക്കോബിന് ഒരിക്കലും സ്വന്തമായി ഒരു ദൈവിക പ്രത്യക്ഷത കിട്ടിയിട്ടില്ല.

എന്നാൽ യാക്കോബ് ഒരിക്കലും തനിക്ക് നേരിട്ട്

ഇങ്ങനെ ഒരു അനുഭവം വേണമെന്ന് ചിന്തിച്ചിട്ടില്ല. അങ്ങനെ ചിന്തിക്കാൻ തക്കവണ്ണമുള്ള ഒരു മനോഭാവമായിരുന്നില്ല യാക്കോബിനുണ്ടായിരുന്നത്. യാക്കോബിന്റെ മനസ്സ് പലപ്പോഴും ലോകത്തിലേക്കുമാത്രം കേന്ദ്രീകരിച്ചുള്ളതായിരുന്നു.

ഈ ലോകമായിരുന്നു യാക്കോബിന്റെ വിഷയം. ഈ ലോകത്തിലെ അനുഗ്രഹങ്ങൾ, ഈ ലോകത്തിലെ സുഖങ്ങൾ, ഈ ലോകത്തിലെ സന്തോഷങ്ങൾ, ഇങ്ങനെയെല്ലാമുള്ള ലക്ഷ്യം ഉണ്ടായിരുന്നതുകൊണ്ട് യാക്കോബിന് ദൈവത്തിങ്കലേക്ക് സ്വന്തമായിട്ട് നോക്കണമെന്ന് തോന്നിയില്ല.

ദൈവം തനിക്ക് നേരിട്ട് പ്രത്യക്ഷനാകണമെന്ന് യാക്കോബ് ആഗ്രഹിച്ചില്ല. ദൈവത്തിന്റെ വ്യക്തമായ അരുളപ്പാട് നേരിട്ട് കിട്ടണമെന്ന്, എന്റെ അപ്പനും അപ്പന്റെ അപ്പനും കിട്ടിയ അനുഗ്രഹത്തിന്റെ നേരിട്ടുള്ള അനുഭവം എനിക്കും വേണമെന്ന് യാക്കോബിന് ആഗ്രഹിക്കാൻ തോന്നിയില്ല.

നമ്മിൽ പലരും അങ്ങനെയാണ്. ആത്മീയമായ കാര്യങ്ങളിൽ നമുക്ക് ചെറിയ ഒരുത്സാഹം വന്നിട്ടുണ്ട്. പക്ഷേ, എനിക്ക് വ്യക്തിപരമായി യേശുക്രിസ്തുവിനോട് ഒരു സ്നേഹബന്ധം വേണം, അതെന്റെ ആവശ്യമാണ്, ക്രിസ്തുവുമായി നേരിട്ടുള്ള ഒരു സ്നേഹബന്ധം കിട്ടിയെങ്കിലേ എന്റെ ആത്മീയ ജീവിതം ശരിയായ ദിശയിലൂടെ നീങ്ങുകയുള്ളൂ എന്നുള്ള കാഴ്ചപ്പാട് പലർക്കും കിട്ടിയിട്ടില്ല.

യാക്കോബിന് കിട്ടിയത് മറ്റുള്ളവരിൽനിന്ന് കിട്ടിയ ചില അറിവുകളാണ്. കൊച്ചുകുട്ടിയായിരുന്ന സമയത്ത് യാക്കോബിനെ മടിയിലിരുത്തി അബ്രാഹാം പിതാവ് എന്തെല്ലാം അനുഭവങ്ങൾ പറഞ്ഞുകാണും!

എന്നാൽ സ്വന്തമായിട്ട് ഈ ദൈവത്തെ വേണമെന്നോ, സ്വന്തമായിട്ട് ദൈവത്തെ അനുസരിക്കണമെന്നോ, സ്വന്തമായിട്ട് ദൈവത്തിൽനിന്ന് ഒരു കല്പന കിട്ടണമെന്നോ, ദൈവത്തിൽനിന്ന് നേരിട്ട് ഒരു വെളിപ്പാട് ലഭിക്കണമെന്നോ, ദൈവി

കമായ ഒരു പ്രത്യക്ഷത വേണമെന്നോ യാക്കോബിന് ആഗ്രഹിക്കാൻ തോന്നിയില്ല.

എന്നാൽ ദൈവം നേരിട്ട് യാക്കോബിന്റെ അടുക്കലേക്ക് ഇറങ്ങി വരികയാണ്.

ക്രൂശിലെ സ്നേഹം പാപിയായ നമ്മെ തേടി വന്നു. നിങ്ങളാരും യേശുവിനെ തേടി പുറപ്പെട്ടില്ല. നിങ്ങളാരും അതിനുവേണ്ടി കാത്തിരുന്നില്ല. യേശുവിനെ ഒന്ന് കാണണമെന്നോ യേശുക്രിസ്തുവിന്റെ സ്നേഹം എന്താണെന്ന് രുചിക്കണമെന്നോ യേശുക്രിസ്തു ഒരു മനുഷ്യനിൽ വരുത്തുന്ന രൂപാന്തരം എന്താണെന്ന് ഗ്രഹിക്കണമെന്നോ ഒന്നും ചിന്തിക്കാതിരുന്നപ്പോൾ കർത്താവ് നേരിട്ട് നിങ്ങളുടെ അരികത്തേക്ക് വന്ന് നിങ്ങളുടെ ഹൃദയത്തിൽ ഇരിപ്പുറപ്പിക്കുകയാണ് ചെയ്തത്.

എന്തൊരത്ഭുതമാണത്! ദൈവം നമ്മെ സ്നേഹിച്ച് നമ്മുടെ അരികിലേക്ക് വന്നു. ഓരോ ദിവസവും ദൈവത്തിന്റെ സ്നേഹം നമ്മുടെ അരികിലേക്ക് വരികയാണ്. ക്രിസ്തു നമ്മുടെ മദ്ധ്യത്തിലേക്ക് ഇറങ്ങി വന്ന് നമ്മോട് നേരിട്ട് ഇടപെടുകയാണ്. അവൻ നമ്മുടെ ഹൃദയത്തിന്റെ വേദനകൾ കാണുന്നു. നമ്മുടെ നൊമ്പരങ്ങൾ അറിയുന്നു. നമ്മുടെ കണ്ണുനീർ തുടച്ചുതരുന്നു. നമ്മുടെ പലരുടേയും മനസ്സിൽ നീറ്റലുകളുണ്ട്, വേദനകളുണ്ട്, ഭാരങ്ങളുണ്ട്. ആകുലങ്ങളുണ്ട്, ആവലാതികളുണ്ട്.

ഇതെല്ലാം കണ്ടിട്ട് കർത്താവ് സ്നേഹത്തോടെ വന്ന് നമ്മുടെ ഹൃദയത്തിൽ അധിവസിക്കുകയാണ്. ജീവനുള്ള ദൈവം നമുക്ക് പ്രത്യക്ഷനാകുന്നു. ദൈവം നേരിട്ട് നമുക്ക് അനുഭവങ്ങൾ തരുന്നു. ദൈവം നേരിട്ട് ഒരു പാവപ്പെട്ട മനുഷ്യനോട് സംസാരിക്കുന്നു.

അബ്രാഹാമിനോട് ദൈവം സംസാരിച്ചു; നേരിട്ട് ഇടപെട്ടു. വെറും നിസ്സാരനായ, ഭൗമികനായ മനുഷ്യനോട്, ലൗകികനായ, ലോകമേ ശരണം എന്നു കരുതുന്ന മനുഷ്യ

നോട്, ജീവിതത്തിലെ ആകുലങ്ങളും ആവലാതികളുമായി തട്ടിമുട്ടി വലയുന്ന, പ്രാരബ്ധങ്ങളും ക്ലേശങ്ങളുമായി അഴലുന്ന മനുഷ്യനോട് നിത്യനായ ദൈവം ഇറങ്ങിവന്ന് സംസാരിക്കുന്നു! അതൊരു മഹാത്ഭുതമാണ്!

യാക്കോബിന്റെ അരികിലേക്ക് ദൈവം ഇറങ്ങി വന്നു. അതിന് മുഖാന്തരമായത് ഒരു വലിയ യാതനയാണ്. ഒരു വലിയ കഷ്ടതയാണ്. യാക്കോബ് നിരാശനായി, സ്വന്തം ഭവനത്തിൽനിന്ന് ഹാരാനിലേക്ക് ഓടുകയാണ്.

ബേർശേബയിൽനിന്ന് പുറപ്പെട്ടു. ഇപ്പോൾ ബേഥേലിൽ എത്തിയിരിക്കുന്നു. എഴുപത് മൈൽ ഈ ചെറുപ്പക്കാരൻ ഓടിയോടി തളർന്നു. അതും മണലാരണ്യത്തിൽക്കൂടിയുള്ള യാത്ര! അവന്റെ കാലുകൾ നല്ലതുപോലെ കഴയ്ക്കുന്നു. നല്ല ക്ഷീണം. മുട്ടെല്ലാം തളർന്നു പോകുന്നതുപോലെ. വല്ലയിടത്തും ഒന്നു കിടന്നാൽ മതിയെന്ന ചിന്ത വരുന്നു.

തന്റെ സഹോദരൻ ഏശാവ് പിടികൂടാൻ പുറകേ വരുന്നുണ്ടോ? മരണഭീതിയോടെയുള്ള ഓട്ടമാണ്, ധൈര്യമില്ല. യാക്കോബിന്റെ ഹൃദയം നിറയെ നിരാശയാണ്. ഇനി ഞാൻ എന്നാണ് വീട്ടിലേക്ക് വരിക?

എന്റെ അപ്പനെ ഞാനിനി കാണുമോ? എന്റെ അമ്മയെ ഇനി കാണുമോ? എന്റെ ഭാവി എന്താണ്? ഞാൻ പോകുന്ന സ്ഥലം പണ്ട് എന്റെ അമ്മ ജനിച്ചു വളർന്ന സ്ഥലമാണ്. പക്ഷേ, ഞാൻ കണ്ടിട്ടില്ല. അവിടെ എന്തെല്ലാം അനുഭവങ്ങളാണ് വരാൻ പോകുന്നത്?

അവിടെയുള്ള ആളുകൾ എങ്ങനെയാണ്? എന്റെ അമ്മാവൻ എങ്ങനെയുള്ള മനുഷ്യനാണ്? ഒന്നും അറിഞ്ഞുകൂടാ. യാക്കോബ് തീർത്തും അവശനിലയിലാണ് ഇപ്പോൾ ഓടുന്നത്. തീരെ വയ്യാതായി. ഓടിയോടിത്തളർന്നു. അവൻ ഒരിടത്ത് ചെന്ന് ഒരു കല്ലിന്മേൽ ചാരി ഇരുന്നു.

ആ കല്ല് തലയണയാക്കി അവിടെക്കിടന്നു. പ്രിയപ്പെട്ട വരേ, നിങ്ങളിൽ ചിലർ ഓടിയോടിത്തളർന്നവരാണ്. നിരാശ യുടെ ഓട്ടമോടിയവരുണ്ട്. ആകുലതയുടെ ഓട്ടമോടിയവ രുണ്ട്. രോഗത്തിന്റെ, ക്ലേശത്തിന്റെ ഓട്ടമോടിയവരുണ്ട്. സ്വന്ത മായി വരുമാനമാർഗ്ഗമില്ലാതെ മനസ്സ് ഓടിത്തളർന്നവരുണ്ട്. കടത്തിൽ മുങ്ങിവലഞ്ഞ് എങ്ങനെ അടുത്ത ദിവസം ഞാൻ നേരിടേണ്ടൂ എന്നറിയാതെ മനസ്സ് നൊന്തിരിക്കുന്നവരുണ്ട്.

ഓടിയോടി തളർന്നവർ! എന്നുണ്ട് ഒരു വിശ്രമം? എന്നെ ങ്കിലും ഒരു സമാധാനം കിട്ടിയിട്ടുണ്ടോ? ജനിച്ച അന്നുമുതൽ ദുരിതത്തിന്മേൽ ദുരിതം. ഏങ്ങലടികളും നെടുവീർപ്പുകളും മാത്രം.

എന്നാൽ നിങ്ങൾ ഓടിയോടിത്തളരുമ്പോഴും നിങ്ങ ളുടെമേൽ ദൃഷ്ടി വയ്ക്കുന്ന നിത്യനായ ദൈവമുണ്ട്. ആ ദൈവം നിന്നെക്കുറിച്ച് ഏറ്റവും നല്ലത് മുൻകരുതുകയാണ്.

ജീവിതത്തിൽ പലതും നഷ്ടപ്പെട്ട് നീ ഓടുകയാണ്. നിനക്ക് സ്വന്തമായിട്ടുള്ളതെല്ലാം വിട്ട് നീ ഓടുകയാണ്. എന്നാൽ നിന്നെ കാണുന്ന, നിന്നെ കരുതുന്ന, നിന്നെ സ്നേഹിക്കുന്ന, നിനക്കുവേണ്ടി എല്ലാം ഒരുക്കിവച്ചിരിക്കുന്ന ഒരു നല്ല പിതാവുണ്ട്. ഒരു നല്ല ദൈവമുണ്ട്.

ആ ജീവനുള്ള ദൈവം യാക്കോബിനെ പിൻപറ്റുകയാ യിരുന്നു. യാക്കോബ് അവിടെ ഒരു കല്ല് തലയിണയാക്കി വച്ചു തളർന്നു കിടന്നുറങ്ങി. ആ pillow ഒരു pillar ആയി മാറി!

തലയിണ തൂണായി മാറി! സ്വർഗ്ഗത്തിലെ ദൈവം ചില തെല്ലാം നിങ്ങളുടെ ജീവിതത്തിൽ ചെയ്യും. ഇന്ന് നിങ്ങൾ തല യിണയായി വച്ചിരിക്കുന്ന കല്ലുണ്ടല്ലോ, അത് നിങ്ങളുടെ ജീവി തത്തിലെ നെടുംതൂണായി മാറാൻ പോവുകയാണ്. അത് നിങ്ങളുടെ ജീവിതത്തിലെ യാഗപീഠമായി, ആരാധനാകേന്ദ്ര മായി മാറാൻ പോവുകയാണ്.

ഇന്ന് നിങ്ങൾ തളർന്നിരിക്കുന്നു. അവശരായി, പല പ്രശ്നങ്ങളിൽ പെട്ട് മനസ്സ് ഉഴന്നിരിക്കുന്നു. എന്നാൽ നിങ്ങൾ നിവർന്ന് തൂണുനാട്ടുന്ന ദിവസം അടുത്ത് വരുന്നു. നല്ലൊരു ശുഭകാലം അടുത്തു വരുന്നു. ജീവിതത്തിലെ ഇന്നത്തെ കല്ലുകളെല്ലാം തൂണായി മാറും!

നിന്റെ ജീവിതത്തിൽ ആരാധന തുടങ്ങും! യാഗമർപ്പിക്കാൻ ഇടയാകും! നിന്നെയും നിനക്കുള്ളതിനേയും യാഗമർപ്പിക്കുന്ന ഒരു മഹാത്ഭുതത്തിലേക്ക് അത് നീങ്ങും! ദൈവിക പ്രത്യക്ഷത നിനക്ക് ലഭിക്കും! ദൈവം നിന്നോട് നേരിട്ട് ഇടപെടും!

കല്ല് തലയിണയായി വച്ച് യാക്കോബ് അവിടെക്കിടന്ന് ഉറങ്ങിപ്പോയി. യാക്കോബ് ക്ഷീണിതനായി കിടക്കുകയാണ്. നല്ല വിശപ്പും ദാഹവുമുണ്ട്. ഉറക്കത്തിൽ അവനൊരു സ്വപ്നം കണ്ടു.

> *"അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽ കൂടി കയറുകയും ഇറങ്ങുകയുമായിരുന്നു." ഉല്പത്തി 28 : 12*

ഒരു കോവണി ഭൂമിയിൽ വച്ചിരിക്കുന്നു. അതിന്റെ തല സ്വർഗ്ഗത്തോളം എത്തുന്നു. സ്വർഗ്ഗത്തോളം എത്തുന്ന ഒരു കോവണി! ഇത് എന്തൊരു ദർശനമാണ്? മനുഷ്യന് മനസ്സിലാവുകയില്ല. നിരാശനായി ഇരിക്കുന്നവന്റെ അരികിൽ കർത്താവായ യേശുക്രിസ്തു പ്രത്യക്ഷപ്പെടുകയാണ്.

യേശുക്രിസ്തു ഒരു കോവണിയായി ഇറങ്ങിവരികയാണ്. ആർക്ക് നിരാശയുണ്ട്? ആർക്ക് വേദനയുണ്ട്? ആർക്ക് സങ്കടമുണ്ട്? ആർക്ക് ആവലാതിയുണ്ട്? ആർക്ക് മന:പീഠകൾ വർദ്ധിച്ചിരിക്കുന്നു? ആർക്ക് ജീവിതയാതനകൾ കൊടുമ്പിരിക്കൊണ്ടിരിക്കുന്നു? സ്നേഹിതരേ, യേശുക്രിസ്തു നിങ്ങളുടെ അരികിലേക്കിറങ്ങിവരും. കോവണിയായി ഇറങ്ങിവരും.

ഭൂമിയിൽനിന്ന് മുകളിലേക്കുള്ള ഒരു കോവണി! മനുഷ്യജാതിക്ക് എക്കാലത്തും ഈ ഭൗതികമായ തലത്തിൽനിന്ന് ഉയർന്ന് സ്വർഗ്ഗീയ ഉന്നതങ്ങളിലേക്ക് കയറാനുള്ള കോവണി യാണ് കർത്താവായ യേശുക്രിസ്തു! ഈ കോവണിയിൽക്കൂടി ആരെല്ലാം കയറി! എത്രയോ വീരന്മാർ, എത്രയോ മഹത്തുക്കൾ കയറിപ്പോയി! എത്രയോ ബലശാലികൾ, എത്രയോ ഭരണ കർത്താക്കൾ കയറിപ്പോയി! എത്രയോ ശാസ്ത്രജ്ഞന്മാരും ചരിത്രകാരന്മാരും ബുദ്ധിജീവികളും തത്ത്വചിന്തകന്മാരും കയറിപ്പോയി!

എട്ടും പൊട്ടും തിരിയാത്ത മുക്കുവത്തൊഴിലാളികൾ കയറിപ്പോയി!

സ്നേഹിതാ, നീയും ഈ കോവണിയിൽ കൂടി കയറാൻ ഈ കോവണി നിന്റെ മുമ്പിൽ കൊണ്ടുവന്ന് വച്ചിരിക്കുക യാണ്. ആ കോവണിയിൽ കൂടി വേണമെങ്കിൽ നിനക്ക് മുകളി ലേക്ക്, സ്വർഗ്ഗീയ ഉന്നതങ്ങളിലേക്ക് കയറിച്ചെല്ലാം. നിനക്ക് സ്വർഗ്ഗീയപിതാവിന്റെ കൃപാസനത്തിന്റെ അടുത്തേക്ക് ചെല്ലാം.

> *"നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീ നതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവ നല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്ക് തുല്യ മായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. അതു കൊണ്ട് കരുണ ലഭിപ്പാനും തത്സമയത്ത് സഹായ ത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യ ത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക."*
>
> *എബ്രായർ 4 : 15, 16*

ധൈര്യത്തോടെ കൃപാസനത്തിന് അടുത്തേക്ക് ഏതുപാ പിക്കും കടന്നുചെല്ലാം. ഏതു കൊടും നിഷ്ഠൂര പാതകിക്കും കടന്നുചെല്ലാം. ഏത് ക്രൂരഹൃദയനും ജീവിതം താറുമാറാക്കി യവനും കടന്നുചെല്ലാം. എല്ലാം കളഞ്ഞുകുളിച്ചവനും കയറി ച്ചെല്ലാം.

ആർക്കും കയറാവുന്ന ഒരു കോവണി ഇതാ ഭൂമിയിൽ തൊട്ടിരിക്കുന്നു. ഈ ഭൂമിയിലുള്ള ആർക്കും കയറിച്ചെല്ലാം. ഇന്ന ജാതിയിലുള്ളവരേ കയറാവൂ എന്നില്ല. ഇന്ന സഭയിൽപ്പെട്ടവരേ അതിൽ കയറാവൂ എന്നില്ല. ഇന്ന വിദ്യാഭ്യാസമുള്ളവനേ അതിൽ കയറാവൂ എന്നില്ല. ഏതൊരാൾക്കും കയറാവുന്ന ഒരു സ്വർഗ്ഗീയ കോവണി ഇതാ ഭൂമിയിൽ തൊട്ടിരിക്കുന്നു.

രണ്ടായിരത്തിലേറെ വർഷം മുമ്പ് ആ കോവണി അക്ഷരികമായി ഭൂമിയിൽ അവതാരം ചെയ്തു. എന്നാൽ ലോകാരംഭത്തിന് മുമ്പേ ഈ കോവണി സ്ഥാപിക്കപ്പെട്ടതാണ്. ലോകാരംഭത്തിനുമുമ്പേ കുരളറുക്കപ്പെട്ട ദൈവകുഞ്ഞാടാണവൻ!

അവൻ ദാവീദിന്റെ വേരാണ്. ദാവീദിന്റെ വംശമാണ്. ശുഭ്രമായ ഉദയനക്ഷത്രമാണ്. അവൻ ആദിയില്ലാത്ത ആദിയാണ്, അന്തമില്ലാത്ത അന്തമാണ്. അവൻ അനാദ്യന്തനാണ്.

എന്റെ യേശു വലിയവനാണ്. എന്റെ യേശു ഉന്നതനാണ്. എന്റെ യേശു അത്ഭുത പുരുഷനാണ്. അവൻ വീരനാം ദൈവമാണ്. അത്ഭുത മന്ത്രിയാണ്. നിത്യപിതാവാണ്. സമാധാനപ്രഭുവാണ്. അവൻ നമ്മുടെ ജീവദാതാവാണ്. അവൻ ജീവനായകനാണ്. ജീവൻ കല്പിക്കുന്നവനാണ്. ജീവൻ പകരുന്നവനാണ്. പാപിയെ വീണ്ടെടുക്കുന്നവനാണ്. അവൻ അശുദ്ധനെ വിശുദ്ധനാക്കുന്നവനാണ്.

ഏതൊരു പാപിക്കും അവന്റെ സന്നിധിയിലേക്ക് കയറിച്ചെല്ലാം. ഈ യേശു ഇന്ന് സ്വർഗ്ഗത്തിലേക്കു കയറുന്ന കോവണിയായി നമ്മുടെ മദ്ധ്യത്തിൽ സ്ഥാപിച്ചിരിക്കുന്നു. യേശു നമ്മുടെ മദ്ധ്യത്തിലേക്ക് ഇറങ്ങി വന്നിരിക്കുന്നു. നിങ്ങളുടെ അരികിലേക്ക് വന്ന് അവൻ നിങ്ങളെ സ്നേഹിക്കുന്നു.

ആരും മാറി നിൽക്കേണ്ട ആവശ്യമില്ല. നിങ്ങളാരും അന്യരല്ല. നിങ്ങൾ സ്വന്തഭവനക്കാരാണ്. നിങ്ങൾ വിശുദ്ധവംശമാണ്. നിങ്ങൾ ജീവനുള്ള ദൈവത്തിന്റെ പ്രിയമക്കളാണ്. കയറിച്ചെല്ലുവിൻ പ്രിയപ്പെട്ടവരേ; പുത്രൻ തമ്പുരാൻ കോവ

ണിയായി നമ്മുടെ മദ്ധ്യത്തിലേക്ക് ഇറങ്ങി വന്നിരിക്കുന്നു.

ഏതൊരു പാപിയേയും സ്വീകരിപ്പാൻ സ്വർഗ്ഗം തയ്യാറാണ്. ഏതൊരു പാപിക്കും രക്ഷപ്പെടാൻ സ്വർഗ്ഗമിതാ വഴിയൊരുക്കിയിരിക്കുകയാണ്. അതാണ് സ്വർഗ്ഗീയ കോവണിയായ കർത്താവായ യേശുക്രിസ്തു! ഈ കോവണിയിൽക്കൂടി മാത്രമേ കയറിപ്പോകാൻ പറ്റുകയുള്ളൂ.

അതുകൊണ്ടാണ് അപ്പൊസ്തലനായ പത്രോസ് പറഞ്ഞത്:

> *"മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല."*
>
> *അപ്പൊ. പ്രവൃത്തികൾ 4 : 12*

ഈ യേശുവിനെ കണ്ടെത്താൻ നമുക്കിടയായയല്ലോ. ഈ യേശു നമ്മെ കാണാനിടയായയല്ലോ! യേശുവിന്റെ സ്നേഹം നമുക്ക് കിട്ടിയല്ലോ! നാം എന്ത് ഭാഗ്യശാലികളാണ്! യേശുവിന്റെ വചനമല്ലേ നമ്മുടെ മദ്ധ്യത്തിലേക്ക് പൊഴിയുന്നത്! സ്വർഗ്ഗത്തിലെ വിശിഷ്ട ഫലങ്ങളല്ലേ നമുക്ക് കിട്ടുന്നത്!

ഈ സ്വർഗ്ഗീയ ഭോജനം ഭക്ഷിച്ച് നമുക്ക് ആനന്ദവിവശരാകാം. നമുക്ക് നമ്മെത്തന്നെ മറക്കാം. അവന്റെ കരങ്ങളിലേക്ക് നമ്മെത്തന്നെ ഏല്പിക്കാം. അവനോട് വാക്ക് പറയാം.

എന്റെ കർത്താവേ, എന്നെത്തേടി വന്ന സ്വർഗ്ഗീയ കോവണിയേ, എനിക്കുവേണ്ടി നീ ക്രൂശിൽ മരിച്ചത്, എനിക്കുവേണ്ടി തിരുരക്തം ചിന്തിയത് ഞാൻ വിശ്വസിക്കുന്നു. എന്റെ പാപം നീ വഹിച്ചുവെന്ന്, എന്റെ ഭാരങ്ങൾ നീ ചുമന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ ആകുലഭാരങ്ങളെല്ലാം ചുമക്കാനാണ് നീ കുരിശും വഹിച്ചുകൊണ്ട് ഗോഗുൽത്തായിലേക്ക് നടന്നതെന്ന് ഞാൻ വിശ്വസിക്കുന്നു.

രക്ഷകാ, നിന്റെ സന്നിധിയിലേക്ക് ഇപ്പോൾ ഞാനിതാ

വരുന്നു. നിന്റെ പാദപീഠത്തിൽ ഞാനിതാ വീഴുന്നു. എനിക്കു വേണ്ടി ആണിയടിച്ചു തകർന്ന ആ തൃപ്പാദം ഞാനിതാ മുത്തുന്നു. ആ പാദം ഞാനിതാ കെട്ടിപ്പിടിക്കുന്നു. യേശുവേ, നിന്റെ തിരു രക്തത്തിൽ ഞാൻ ആശ്രയിക്കുന്നു.

ആ തിരുരക്തത്താൽ എന്നെ മുഴുവനായി കഴുകണമേ. ആ തിരുരക്തത്താൽ ദൂരസ്ഥനായ എന്നെ സമീപസ്ഥനാക്കി മാറ്റണമേ. ജീവനുള്ള പിതാവിനോട് അകന്നുപോയവനായ എന്നെ സ്വർഗ്ഗീയ പിതാവിനോട് അടുപ്പിക്കുന്നവനായ ജീവ നുള്ള പുത്രൻ തമ്പുരാനേ, എന്നെ നീ സ്വീകരിക്കണമേ.

# ആറ്

സമർപ്പണമുണ്ടെങ്കിൽ വാഗ്ദത്തമുണ്ട്. സമർപ്പിക്കുന്നു എങ്കിൽ ദൈവത്തിന്റെ വാഗ്ദത്തം നമുക്ക് ലഭിക്കും. അബ്രാഹാം ദൈവത്തിനായി തന്റെ ജീവിതം സമർപ്പിച്ചു. ജീവനുള്ള ദൈവത്തിന്റെ വിളികേട്ട് അബ്രാഹാം പുറപ്പെട്ടു, അബ്രാഹാമിന് വാഗ്ദത്തം ലഭിച്ചു. യിസ്ഹാക്ക് ദൈവത്തെ അനുസരിച്ച് പുറപ്പെട്ടു, യിസ്ഹാക്കിന് വാഗ്ദത്തം ലഭിച്ചു. യാക്കോബ് ദൈവത്തിന്റെ വഴികളിലൂടെ നടക്കാൻ തീരുമാനിച്ചു, യാക്കോബിന് ദൈവത്തിന്റെ അനുഗ്രഹം ലഭിച്ചു, ദൈവത്തിന്റെ വാഗ്ദത്തം ലഭിച്ചു.

> *"ലോത്ത് അബ്രാമിനെ വിട്ടുപിരിഞ്ഞശേഷം യഹോവ അബ്രാമിനോട് അരുളിച്ചെയ്തത്: തല പൊക്കി, നീ ഇരിക്കുന്ന സ്ഥലത്തുനിന്ന് വടക്കോട്ടും തെക്കോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കുക. നീ കാണുന്ന ഭൂമി ഒക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വതമായി തരും."* *ഉല്പത്തി 13 : 14, 15*

നീ കാണുന്ന ഭൂമിയൊക്കെയും ഞാൻ നിനക്കും നിന്റെ സന്തതിക്കും ശാശ്വതാവകാശമായി തരും എന്ന് ദൈവം അബ്രാഹാമിനോട് വാഗ്ദത്തം ചെയ്തു.

> *"ഞാൻ നിന്റെ സന്തതിയെ ഭൂമിയിലെ പൊടി പോലെ ആക്കും; ഭൂമിയിലെ പൊടിയെ എണ്ണുവാൻ കഴിയുമെങ്കിൽ നിന്റെ സന്തതിയെയും എണ്ണാം."* *ഉല്പത്തി 13 : 16*

അസംഖ്യമായ സന്തതി പരമ്പരകൾ നിനക്ക് ലഭിക്കുമെന്നാണ് അബ്രാഹാമിന് കൊടുത്ത വാഗ്ദത്തം.

യിസ്ഹാക്കിന് കൊടുത്ത വാഗ്ദത്തം ഉല്പത്തി പുസ്തകം 26-ാം അദ്ധ്യായത്തിൽ നമുക്ക് കാണാൻ സാധിക്കും.

*"യഹോവ അവന് പ്രത്യക്ഷനായി അരുളിച്ചെയ്തതെന്തെന്നാൽ: നീ മിസ്രയീമിലേക്ക് പോകരുത്; ഞാൻ നിന്നോട് കല്പിക്കുന്ന ദേശത്ത് പാർക്ക. ഈ ദേശത്ത് താമസിക്ക; ഞാൻ നിന്നോട് കൂടെയിരുന്ന് നിന്നെ അനുഗ്രഹിക്കും. നിനക്കും നിന്റെ സന്തതിക്കും ഈ ദേശമൊക്കെയും തരും. നിന്റെ പിതാവായ അബ്രാഹാമിനോട് ഞാൻ ചെയ്ത സത്യം നിവർത്തിക്കും." ഉല്പത്തി 26 : 2, 3*

ദൈവം യാക്കോബിനും വാഗ്ദത്തം കൊടുക്കുകയാണ്.

*"അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽ കൂടി കയറുകയും ഇറങ്ങുകയുമായിരുന്നു. അതിന്മീതെ യഹോവ നിന്ന് അരുളിച്ചെയ്തത്: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും. നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും; നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും; നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും." ഉല്പത്തി 28 : 12 – 14*

പ്രിയപ്പെട്ടവരേ, സത്യമായി ഒരു സമർപ്പണത്തിലേക്ക്

ദൈവം തന്നെയാണ് നമ്മെ നടത്തുന്നത്; ദൈവത്തിന്റെ പരിശുദ്ധാത്മാവാണ് നമ്മെ സമർപ്പണത്തിലേക്ക് നടത്തുന്നത്. മനുഷ്യന്റെ യാതൊരു വിധമായ ഉദ്യമങ്ങളും അതിന്റെ പിന്നിലില്ല.

ദൈവത്തിന് നമ്മോട് സ്നേഹം തോന്നി നമ്മെ വിളിക്കുകയാണ്. നമ്മോട് കരുണ തോന്നി ദൈവം നമ്മെ ഒരു സമർപ്പണത്തിലേക്ക് നടത്തുകയാണ്. നിങ്ങളിൽ അനേകം പേർ സമർപ്പണമെടുത്തിട്ടുള്ളവരാണ്. ഒരിക്കലെങ്കിലും ദൈവത്തോട് ഒരു വാക്ക് പറഞ്ഞിട്ടുള്ളവരാണ്.

കർത്താവേ, ജീവിതവിശുദ്ധി പ്രാപിച്ച് ഒരു വിശുദ്ധനായി മരണത്തോളം എനിക്കീ ലോകത്ത് ജീവിക്കണമെന്ന് ഞാൻ തിരുമുമ്പാകെ തീരുമാനിക്കുന്നു. എന്നെത്തന്നെ തിരുമുമ്പാകെ ഞാൻ സമർപ്പിക്കുന്നു. എന്റെ ഭാവി ഞാൻ നിനക്കു തരുന്നു. എന്റെ ആയുസ്സ്, എന്റെ വരുമാനം, എന്റെ ഈ ശരീരം, എന്റെ വിദ്യാഭ്യാസം, എന്റെ ജോലി, എന്റെ കുടുംബം, കർത്താവേ, ഞാനും എനിക്കുള്ളതെല്ലാം നിന്റേത്. നിങ്ങൾ പലരും ഇങ്ങനെ സമർപ്പണമെടുത്തവരാണ്.

നിങ്ങൾ ഇങ്ങനെയൊരു വാക്ക് പറഞ്ഞത് നിങ്ങളുടെ സ്വന്തം ശ്രമം കൊണ്ടായിരുന്നുവോ? നിങ്ങൾ സ്വന്തം ബുദ്ധി കൊണ്ട് ആലോചിച്ച് പല നാളായി പരിശ്രമിച്ച് എടുത്തതാണോ? അല്ല. തക്കസമയം വന്നപ്പോൾ സ്വർഗ്ഗത്തിലെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങളെ ഹേമിച്ച് ഈ ഒരു സമർപ്പണത്തിലേക്ക് നിങ്ങളെ നയിക്കുകയായിരുന്നു.

ഇന്ന് ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവ് പ്രവർത്തിച്ച് സാക്ഷാത്തായ ഒരു സമർപ്പണത്തിലേക്ക് നിങ്ങളെ നയിക്കട്ടെ എന്ന് ഞാൻ ആശംസിക്കുകയാണ്. ഈ ആയുസ്സ് എന്നന്നേക്കുമായി നിനക്ക് തരുന്നു. എന്റെ ജീവിതത്തിൽ ഞാൻ മരണം

കൊണ്ട് തീർന്നുപോകേണ്ടവനല്ല, മരണത്തിനപ്പുറത്തേക്ക് നിലനിൽക്കുന്ന ഒരു ശോഭനമായ നിത്യത എനിക്കുണ്ട്. ആ നിത്യതയിലേക്ക് എനിക്ക് കടന്നു വരണമെന്ന് മാത്രമല്ല, എന്റെ അനന്തരതലമുറയും ആ നിത്യസൗഭാഗ്യത്തിലേക്ക് എത്തിച്ചേരണം. അതിനായി ഞാനിതാ എന്നെത്തന്നെ നിനക്ക് തരുന്നു. നിങ്ങൾക്കിങ്ങനെ ദൈവത്തോട് വാക്ക് പറയാൻ കഴിയുമെങ്കിൽ അത് കാതലായ സത്ഫലങ്ങൾ ഉളവാക്കിത്തീർക്കും. അനുഗ്രഹങ്ങൾ നിങ്ങളുടെ മേൽ ചൊരിഞ്ഞുതരും. വാഗ്ദത്തങ്ങൾ നിങ്ങൾക്ക് പകർന്നു തരും.

എത്രയും ശ്രേഷ്ഠമായ, ശോഭനമായ വാഗ്ദത്തങ്ങൾ! അനുഗൃഹീതമായ വാഗ്ദത്തങ്ങൾ! നിങ്ങൾ മൂലം തലമുറകൾ അനുഗ്രഹിക്കപ്പെടും. ആരും ദോഷത്തിലേക്ക് പോവുകയില്ല. നാശത്തിലേക്ക് പോവുകയില്ല. ശാപത്തിൽനിന്ന് മോചനം പ്രാപിക്കും. ബന്ധനങ്ങൾ അഴിഞ്ഞു കിട്ടും. ബാധകൾ മാറിക്കിട്ടും.

തലമുറകളായി പകർന്നുവരുന്ന അനേകം ദോഷങ്ങളും കേടുകളും കെടുതികളും മാറിക്കിട്ടി സമാധാനസമൃദ്ധിയിലേക്കും ഐശ്വര്യത്തികവിലേക്കും നിങ്ങൾക്ക് വന്നെത്തുവാൻ കഴിയും. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നിങ്ങളെ നയിക്കും. പരിശുദ്ധാത്മാവ് നിങ്ങളെ നടത്തിക്കൊണ്ടുപോകുന്നത് നിങ്ങൾ അനുഭവിക്കും. അപ്പോൾ നിങ്ങൾ ദൈവത്തെ സ്തുതിക്കും.

സാക്ഷാത്തായ സമർപ്പണം!

യാക്കോബ് ഇങ്ങനെയൊരു സമർപ്പണം എടുക്കുന്നതിനെക്കുറിച്ചൊന്നും ചിന്തിച്ച ആളല്ല. യാക്കോബ് വളരെ ക്ഷീണിതനായും പരിഭ്രാന്തനായും മരണഭീതിയോടെ ഓടുകയായിരുന്നു. യാക്കോബ് ബേഥേലിൽ നിന്ന് ഹാരാനിലേക്ക് ഓടുന്ന ഓട്ടം! ഇടയ്ക്ക് ബേഥേലിൽ വച്ച് ക്ഷീണിതനായി ഒരു കല്ലിന്മേൽ തലവച്ച് അവൻ ഉറങ്ങിപ്പോയി. അപ്പോൾ ഒരു

സ്വപ്നം കണ്ടു.

മനുഷ്യന് കിട്ടുന്ന ഏറ്റവും സുന്ദരമായ സ്വപ്നം എന്താണ്? യേശുവിനെ കണ്ടെത്താൻ പറ്റുക. നിങ്ങൾ യേശുവിനെ കണ്ടെത്തിയിട്ടുണ്ടോ? നിങ്ങളെ സ്വർഗ്ഗത്തിലേക്ക് കയറ്റിക്കൊണ്ടുപോകാനുള്ള കോവണി! സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവന്ന കോവണി!

മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്ന കോവണി! എന്തു മനോഹരമായ, സുന്ദരമായ സ്വപ്നമാണ് കിട്ടിയത്! ഇന്ന് നിങ്ങളുടെ മുമ്പിൽ കർത്താവ് ചില സ്വപ്നങ്ങൾ തരികയാണ്. ദൈവം നിങ്ങൾക്ക് തരുന്ന സ്വപ്നം ഭാവിയെക്കുറിച്ചുള്ള മോഹനവാഗ്ദാനമാണ്. നിങ്ങൾക്ക് ശോഭനമായ ഒരു ഭാവിയുണ്ട്.

ഇന്നത്തെ കഷ്ടപ്പാടുകൾക്ക് ഒരറുതിയുണ്ട്. ഇന്നത്തെ ടെൻഷൻ മാറും. ഇന്നത്തെ അശുദ്ധിയിൽ നിന്ന് നിങ്ങൾക്ക് ഒരു കരേറ്റം കിട്ടും. ഇന്നത്തെ ദുസ്സ്വഭാവങ്ങൾ മാറിക്കിട്ടും. ഇന്നത്തെ ചീത്ത കൂട്ടുകെട്ടുകളിൽനിന്ന് മോചനം കിട്ടും. നിത്യനായ ദൈവം നിങ്ങൾക്ക് ചില വാഗ്ദത്തങ്ങൾ തരികയാണ്. ഇന്നത്തെ മാനസികമായ പിരിമുറുക്കത്തിന് അയവ് വരും.

യാക്കോബ് ഇങ്ങനെ ഒരു കോവണി കാണണമെന്ന് ആഗ്രഹിച്ചില്ല. യാക്കോബ് വിചാരിച്ചില്ല ഇങ്ങനെയൊരു സ്വപ്നം കാണുമെന്ന്. ഭാവിയെക്കുറിച്ചുള്ള മോഹന സ്വപ്നം!

യോസേഫിനൊരു സ്വപ്നം കിട്ടിയിരുന്നു. ആ സ്വപ്നം മനസ്സിൽ പേറിക്കൊണ്ട് യോസേഫ് സഞ്ചരിച്ചു. മനോഹരമായൊരു സ്വപ്നം! ആ സ്വപ്നം ഉള്ളിലുള്ളതുകൊണ്ടാണ് പൊട്ടക്കിണറ്റിലേക്ക് തള്ളപ്പെട്ടപ്പോഴും യോസേഫ് തളരാതിരുന്നത്. സഹോദരന്മാർ ദ്വേഷിച്ചപ്പോഴും പകച്ചപ്പോഴും അസൂയാലുക്കളായി ഉപദ്രവിച്ചപ്പോഴും യോസേഫ് തളർന്നില്ല. കാരണം, അവന്റെ ഹൃദയത്തിൽ ദൈവം കൊടുത്ത ഒരു സ്വപ്നമുണ്ട്.

അവന് പരിഭവം വന്നില്ല, നിരാശ വന്നില്ല. കാരണം, അവന്റെ ഹൃദയത്തിൽ ഒരു സ്വപ്നം കിട്ടിയിരുന്നു. യോസേഫ് യിശ്മായേല്യ കച്ചവടക്കാരുടെ കൂടെ അടിമയായി പോകുമ്പോഴും ഹൃദയത്തിൽ സ്വപ്നമിങ്ങനെ ചലിക്കുകയാണ്.

പണ്ട് കണ്ട ഒരു സ്വപ്നം! സ്വർഗ്ഗത്തിലെ ദൈവം നൽകിയ സ്വപ്നം, ജീവിതത്തിൽ കിട്ടിയ ഒരു നല്ല സ്വപ്നം! ആ വിഷൻ, ആ ദർശനം അവനെ മുന്നോട്ട് നയിച്ചുകൊണ്ടിരുന്നു. അങ്ങ് ഈജിപ്റ്റിലെത്തിയപ്പോൾ അവിടെയും ആ സ്വപ്നം അവന്റെ ഹൃദയത്തിലുണ്ടായിരുന്നു.

ഈജിപ്തിൽ വച്ച് പൊത്തീഫറിന്റെ ഭാര്യയായ ആ ദുഷ്ടസ്ത്രീ, അവനെ അശുദ്ധിയിലേക്ക് ക്ഷണിച്ചപ്പോഴും തിന്മയ്ക്ക് വേണ്ടി പ്രലോഭിപ്പിച്ചപ്പോഴും ആ സ്വപ്നം അവന്റെ ഹൃദയത്തിൽ സജീവമായിരുന്നു. അതുകൊണ്ടാണ് പാപത്തിൽ വീഴാതിരുന്നത്.

സഹോദരങ്ങളേ, നിങ്ങളുടെ ഹൃദയത്തിൽ ഒരു സ്വപ്നം വേണം. ഒരു കോവണിയുടെ സ്വപ്നം. യേശുക്രിസ്തു നൽകുന്ന സ്വപ്നം. ശോഭനമായ ഒരു ഭാവി കർത്താവ് എനിക്ക് കരുതിയിരിക്കുന്നു എന്നുള്ള സ്വപ്നം. ആരും നിരാശപ്പെട്ടിരിക്കരുത്. നിങ്ങളാരും തളർന്ന് വാടിയിരിക്കരുത്. മ്ലാനവദനരായി ഇരിക്കരുത്.

എനിക്കിത് വന്നല്ലോ, എനിക്കിങ്ങനെ കഷ്ടകാലം വന്നല്ലോ, എന്നെ സ്നേഹിക്കാൻ ആരുമില്ലല്ലോ എന്ന് നിങ്ങൾ പരിഭവിച്ചുകൊണ്ടിരിക്കരുത്. എനിക്കുവേണ്ടി കരുതാൻ, എന്നെ സ്നേഹിക്കാൻ, എന്റെ കാര്യമന്വേഷിക്കാൻ എനിക്കാരുമില്ലല്ലോ എന്നു പറഞ്ഞ് നിങ്ങൾ തളർന്നിരിക്കരുത്.

നിങ്ങളുടെ ഹൃദയത്തിൽ ഒരു സ്വപ്നം നിങ്ങൾ ഏറ്റുവാങ്ങുക. യേശുക്രിസ്തു! ആ ജീവനുള്ള സ്വപ്നം, സജീവസ്വപ്നം അനുഭവിക്കുമ്പോൾ നിങ്ങൾ കോരിത്തരിക്കും.

നിങ്ങൾ പുളകം കൊള്ളും.

നിങ്ങൾ കർത്താവിനോട് പറയും: കർത്താവേ, എന്റെ ജീവിതത്തിൽ ഇന്നേക്കാൾ ഭേദപ്പെട്ട ഒരു നല്ല നാളെയിലേക്ക് എന്നെ നയിക്കാൻ നീ ദിവ്യസ്വപ്നങ്ങളുമായി എന്റെ അരികിലേക്ക് വന്നിരിക്കുകയാണ്. ദിവ്യസ്വപ്നം എന്റെ ഹൃദയത്തിൽ പകരാൻ നീ വന്നിരിക്കുകയാണ്. ഞാൻ തളർന്നിരിക്കാൻ, നിരാശപ്പെട്ടുപോകാൻ നീ ആഗ്രഹിക്കുന്നില്ല.

ഞാൻ പാപത്തിന്റെ അടിമയായി ജീവിക്കാൻ നീ ആഗ്രഹിക്കുന്നില്ല. ഞാൻ സംശയാലുവായി ചോദ്യം ചെയ്യുന്നവനായിത്തീരാൻ നീ ആഗ്രഹിക്കുന്നില്ല. കർത്താവേ, ഞാനിതാ നിന്റെ സ്നേഹത്തെ സംശയിക്കാതെ ആ പരിശുദ്ധസ്നേഹത്തിന്റെ മുമ്പിൽ എന്നെത്തന്നെ അടിയറ വയ്ക്കുന്നു. യേശുക്രിസ്തുവിന്റെ തിരുസ്നേഹത്തിന്റെ മുമ്പിൽ, ഗോഗുൽത്തായിലെ ആ സ്നേഹോഷ്മളമായ വാത്സല്യത്തികവിന്റെ മുമ്പിൽ നിങ്ങൾക്ക് നിങ്ങളെത്തന്നെ അടിയറവയ്ക്കാം. നിങ്ങളെത്തന്നെ സമർപ്പിക്കാം.

ഇന്ന് ക്രൂശിക്കപ്പെട്ടവനായ യേശുവിനെ നിങ്ങളുടെ മുമ്പിൽ വരച്ച് കിട്ടട്ടെ. അത് നിങ്ങളുടെ ഹൃദയത്തിൽ ഒരു സ്വപ്നമായിത്തീരട്ടെ. ഈ യേശുവിനുവേണ്ടി എന്ത് ചെയ്യാൻ പറ്റും? ഈ യേശുവിനെ എങ്ങനെ സ്നേഹിക്കാൻ പറ്റും? യേശു എല്ലാം നമുക്ക് തരുന്നുണ്ട്. പക്ഷേ, നിങ്ങളുടെയുള്ളിൽ ഒന്നും തങ്ങുന്നില്ല.

സമർപ്പണമില്ലാത്ത ജീവിതം! സമർപ്പണമില്ലെങ്കിൽ എന്തുമാത്രം പകർന്നു തന്നാലും അവിടെ നിൽക്കില്ല. സ്നേഹം പകർന്ന് കിട്ടുന്നുണ്ട്. പരിശുദ്ധാത്മാവിനെ പകരുന്നുണ്ട്. ദൈവത്തിന്റെ സമാധാനം പകരുന്നുണ്ട്. ദൈവത്തിന്റെ വിശുദ്ധി പകരുന്നുണ്ട്. പക്ഷേ, പാത്രത്തിലേക്ക് എത്രമാത്രം ഒഴിച്ചാലും പാത്രത്തിൽ നിൽക്കുകയില്ല. കാരണം, ഇത്

bottomless pot – അടിയില്ലാത്ത പാത്രമാണ്.

കാണാൻ ചന്തമുള്ള നല്ല പാത്രമാണ്. താഴെ വച്ചപ്പോൾ നല്ല ഒന്നാന്തരം പാത്രം. അടി ഇല്ലായെന്ന് മനസ്സിലാവുകയില്ല. അനേകം പാത്രങ്ങൾ ഇരിക്കുന്നു. വെള്ളം ഒഴിച്ചു. കുറച്ചു കഴിഞ്ഞ് നോക്കിയപ്പോൾ പാത്രത്തിൽ വെള്ളമില്ല.

എന്താണ് ഒഴിച്ചിട്ടും ഒഴിച്ചിട്ടും വെള്ളം കിട്ടാത്തത്? ഒഴുകിപ്പോവുകയാണ്. അനേകം പേരുടെ ജീവിതത്തിലും ദൈവം സ്നേഹം തരാത്തതുകൊണ്ടല്ല, പാത്രത്തിന് അടിയില്ലാത്തതുകൊണ്ടാണ് വെള്ളം നിൽക്കാത്തത്. ചിലർക്ക് അടിത്തട്ടുണ്ട് പക്ഷേ, ദ്വാരങ്ങളുണ്ട്.

പെട്ടെന്ന് ചോർന്നുപോവുകയില്ല. കുറേശ്ശേക്കുറേശ്ശേ ചോർന്നുപോകും. ചിലത് വലിയ ദ്വാരങ്ങളായിരിക്കും. ചിലർക്ക് ചെറിയ ദ്വാരങ്ങളായിരിക്കും. അത് ഓരോരുത്തരും കണ്ടുപിടിക്കണം.

എന്റെ സമർപ്പണത്തിൽ എവിടെയെല്ലാമാണ് കുറവ്? ഞാൻ ഇന്നും എവിടെയെല്ലാമാണ് പരാജയപ്പെട്ടിരിക്കുന്നത്? അതിനാണ് പ്രാർത്ഥന. എന്റെ ജീവിതത്തിൽ ദൈവം തരുന്ന സ്നേഹം, ദൈവം തരുന്ന ആത്മാവ്, ദൈവം തരുന്ന കൃപ എന്നിൽ തങ്ങിനിൽക്കാതവണ്ണം ഒഴുകിപ്പോകുന്ന ചാലുകളേതെല്ലാമാണെന്ന് കണ്ടുപിടിക്കുക.

കണ്ടുപിടിച്ചിട്ട് ദ്വാരങ്ങൾ അടയ്ക്കണം. അതിനും ദൈവം കൃപ തരും. കർത്താവേ, ഇതെല്ലാം എന്റെ ജീവിതത്തിലെ ചോർച്ചയുള്ള ഭാഗങ്ങളാണ്. ഞാൻ നോക്കിയിട്ട് അത് അടയുന്നില്ല. എന്റെ മാനുഷിക ബുദ്ധിയിൽ അസാദ്ധ്യമാണ്. കർത്താവേ, ഞാനീ പാത്രം നിന്റെ മുമ്പാകെ കൊണ്ടുവരികയാണ്. നീ ഇതൊന്നടച്ചുതരണമേ.

ദൈവകരങ്ങളിലേക്ക് നിങ്ങളെ ഏൽപ്പിച്ചുകൊണ്ട്, ഇന്നിന്ന ഭാഗത്ത് എനിക്ക് ബലഹീനതയുണ്ട്, ഇന്നിന്ന ഭാഗത്ത്

നീ തരുന്ന കൃപ ചോർന്നുപോകുന്നു കർത്താവേ, ഇന്നിന്ന ഭാഗത്ത് എനിക്ക് പരാജയം സംഭവിക്കുന്നു എന്ന് പറഞ്ഞു കൊണ്ട് ദൈവത്തിന്റെ കരുണയ്ക്കുവേണ്ടി യാചിച്ചാൽ സ്വർഗ്ഗത്തിലെ ദൈവം തരാതിരിക്കുമോ?

ദൈവം കരുണ ചൊരിയാതിരിക്കുമോ? “ഇപ്പോൾ ഞാൻ എഴുന്നേൽക്കും. രക്ഷയ്ക്കായി കാംക്ഷിക്കുന്നവനെ ഞാൻ അതിലാക്കും” എന്ന് യഹോവ അരുളിച്ചെയ്യുന്നു (സങ്കീർത്തന ങ്ങൾ 12 : 5). രക്ഷയ്ക്കു വേണ്ടി നിങ്ങൾക്കാഗ്രഹമുണ്ടെങ്കിൽ രക്ഷയിലാക്കും എന്നാണ് ദൈവം പറയുന്നത്.

യാക്കോബ് ആ സ്വപ്നം കണ്ട് അമ്പരന്നു. അവൻ നോക്കി. സ്വർഗ്ഗത്തോളം എത്തിയിരിക്കുന്ന കോവണി! അത് ഭൂമിയിൽ തൊട്ടിരിക്കുന്നു, മുകളിലും തൊട്ടിരിക്കുന്നു! കോവ ണിയിൽ കൂടി മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യു ന്നു! യാക്കോബ് അത്ഭുതപ്പെട്ടു.

ദൈവപൈതലേ, നീ മറക്കല്ലേ, ദൈവം നിന്നെ കണ്ടതാണ്. മാലാഖമാർ നിന്നെ സംരക്ഷിക്കും. മാലാഖമാർ നിന്നെ പരിപാ ലിക്കും. നീ യാത്ര പോകുമ്പോൾ വാഹനത്തെ മാലാഖമാർ പരിപാലിക്കും. അപകടങ്ങളിൽ നിന്ന് ദൈവം നിന്നെ പരിപാ ലിക്കും. നീ പ്രതിസന്ധികളിലാകുമ്പോൾ ദൈവം നിന്നെ പരി പാലിക്കും. നീ പരീക്ഷാഹാളിലാകുമ്പോൾ ദൈവത്തിന്റെ ദൂതന്മാരെ നിനക്കു വേണ്ടി ചട്ടംകെട്ടി നിർത്തും.

നീ പ്രശ്നങ്ങളെ നേരിടുമ്പോൾ ദൈവത്തിന്റെ ദൂതന്മാർ വന്ന് നിന്നെ താങ്ങും. നീ രോഗശയ്യയിലാകുമ്പോൾ ദൈവ ത്തിന്റെ മാലാഖമാർ നിന്നെ തലോടിക്കൊണ്ടിരിക്കും. ദൈവപൈതലേ, ജീവനുള്ള ദൈവത്തിന്റെ കൈയിൽ നിന്റെ ജീവിതം സുരക്ഷിതമാണ്. ദൈവത്തിന്റെ കൈകളിലേക്ക് നിന്നെ വിട്ടുകൊടുക്കാമോ? അവന്റെ കരങ്ങളിലേക്ക് നിന്നെ ഏൽപ്പിക്കാമോ? അവനായി നിന്റെ ഹൃദയം തുറക്കാമോ?

അവനോട് നിനക്കൊരു വാക്ക് പറയാമോ? നാഥാ, ഇത്രയും കാലം നിന്റെ സംരക്ഷണം ഞാൻ അറിഞ്ഞില്ല. നീ എനിക്കുവേണ്ടി കരുതുന്നുവെന്നോ നീ എന്നെ സ്നേഹിക്കുന്നുവെന്നോ അറിയാതെ ഞാൻ ജീവിച്ചുപോയി. എന്നോട് പൊറുക്കണമേ. എന്നെ കരുതാൻ സ്വർഗ്ഗീയ ദൂതന്മാരെയാക്കുന്ന നിത്യനായ ദൈവമേ, നിന്റെ കരുണയ്ക്കുവേണ്ടി ഞാൻ നിന്നെ സ്തുതിക്കുന്നു.

ദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നു! അത്യുന്നതന്റെ മറവിൽ വസിക്കുന്നു! സർവ്വശക്തന്റെ നിഴലിൻ കീഴിൽ പാർക്കുന്നു! ദൈവത്തിന്റെ കരുണ നിന്നെ വലയം ചെയ്യുന്നു. ദൈവം നിന്നെ നയിക്കുന്നു. ദൈവത്തിന്റെ കൃപയുടെ കരം നിന്റെമേൽ വയ്ക്കുന്നു.

ഈ മഹാഭാഗ്യത്തിലേക്ക് ദൈവം നിന്നെ ക്ഷണിക്കുകയാണ്. ആർക്കുവേണം ഈ യേശുവിനെ? യേശു ആരോരുമില്ലാത്തവനെപ്പോലെ കുരിശിന്മേൽ കിടക്കുന്നു. അവനെ ഇപ്പോൾ നിങ്ങളുടെ ഹൃദയത്തിലേക്ക് ഏറ്റ് വാങ്ങുക.

കർത്താവേ, നീ അനാഥനെപ്പോലെ, ആരോരുമില്ലാത്തവനെപ്പോലെ എല്ലാവരാലും ഉപേക്ഷിക്കപ്പെട്ടവനായി ക്രൂശിന്മേൽ കിടക്കേണ്ടവനല്ല. യഹൂദാമതമേധാവികൾക്ക് നിന്നെ വേണ്ടായിരുന്നു. ന്യായശാസ്ത്രികൾക്ക് നിന്നെ വേണ്ടായിരുന്നു. തിയോളജി അറിയുന്ന വേദപണ്ഡിതന്മാർക്ക് നിന്നെ വേണ്ടായിരുന്നു. പരീശന്മാർക്ക് നിന്നെ വേണ്ടായിരുന്നു.

ആർക്കും വേണ്ടാത്തവനായി കിടക്കുന്ന യേശുവേ, ഈ പാവപ്പെട്ട മനുഷ്യന് നിന്നെ വേണം. ഞാൻ നിന്നെ ഒന്ന് ഏറ്റുവാങ്ങിക്കൊള്ളട്ടെ. നിങ്ങൾ യേശുവിനെ കുരിശിൽ നിന്ന് ഇറക്കി നിങ്ങളുടെ മാറിലേക്ക് അണയ്ക്കുക.

ഹൃദയത്തിന്റെ കല്ലറയിൽ നിങ്ങൾ യേശുവിനെ അടക്കം ചെയ്യുമോ? യേശുവിനെ നിങ്ങൾ സ്വീകരിക്കുമോ? യേശു

അവിടെ മരിച്ച് കിടക്കുകയില്ല; ഉയിർത്തെഴുന്നേറ്റ് ജയശാലിയായി ജീവിക്കും. അവൻ നിങ്ങളെ ജയിപ്പിക്കും. അവൻ നിങ്ങളെ അത്ഭുതകരമായി വഴി നടത്തുകയും നിങ്ങളുടെ ജീവിതം ശോഭനമാക്കുകയും ചെയ്യും.

നിങ്ങളുടെ ഭാവി അനുഗൃഹീതമായിത്തീരും. സന്തോഷത്തിന്റെ സമൃദ്ധിയിലേക്കും ആനന്ദത്തിന്റെ ഉല്ലാസത്തിലേക്കും സമാധാനത്തിന്റെ തികവിലേക്കും അവൻ നിങ്ങളെ നയിക്കും. നിങ്ങളുടെ ജീവിതം ഐശ്വര്യമായിത്തീരും. മരണശേഷം നിത്യജീവൻ നിങ്ങൾക്ക് കരഗതമാകും.

# ഏഴ്

*"ആമേൻ ആമേൻ ഞാൻ നിങ്ങളോടു പറയുന്നു: സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നും അവനോട് പറഞ്ഞു." യോഹന്നാൻ 1 : 51*

ഉല്പത്തി പുസ്തകം 28-ാം അദ്ധ്യായത്തിൽ സ്വർഗ്ഗത്തോളം എത്തുന്ന കോവണി ഭൂമിയിൽ വച്ചിരിക്കുന്നത് യാക്കോബ് കണ്ടതിനെക്കുറിച്ച് നാം വായിക്കുന്നു.

വളരെ വിശാലമായ ആശയമുള്ള ഒരു വേദഭാഗമാണിത്.

1. സ്വർഗ്ഗം തുറന്നിരിക്കുന്നത് നിങ്ങൾക്ക് കാണാം- ഇപ്പോഴത്തെ നമ്മുടെ വ്യക്തിജീവിതത്തിൽ സംഭവിക്കുന്ന ഒരു കാര്യം.

2. യേശുക്രിസ്തു സ്വർഗ്ഗം തുറന്ന് ഭൂമിയിലേക്ക് എഴുന്നള്ളി വരുന്നത് നിങ്ങൾ കാണും - കർത്താവിന്റെ രണ്ടാമത്തെ വരവ്.

3. യേശുക്രിസ്തു സ്വർഗ്ഗം തുറന്ന് ഭൂമിയിലേക്ക് വന്ന് ഭൂമിയിൽ രാജാവായി വാഴുന്ന ആ സഹസ്രാബ്ദ വാഴ്ച - അത് ഈ ഭൂമിയിൽ സംഭവിക്കാൻ പോകുന്ന കാര്യം.

ഇത്രയും വിശാലമായ ആശയമാണ് ഈ ഒരു വാക്യത്തിലുള്ളത്. സ്വർഗ്ഗം തുറന്നിരിക്കുന്നത് നിങ്ങൾ കാണും.

നമ്മുടെ ജീവിതത്തിൽ ഇന്ന് സ്വർഗ്ഗം തുറന്നിരിക്കുന്നത്, നിത്യനായ ദൈവം നമ്മോട് സംസാരിക്കുന്നത് നാം അനുഭവിക്കും. യാക്കോബിന് പ്രത്യക്ഷപ്പെട്ട ആ ജീവനുള്ള ദൈവം, നമ്മുടെ മദ്ധ്യത്തിൽ പ്രത്യക്ഷപ്പെടുന്നു. സ്വർഗ്ഗം തുറന്ന് നമ്മോട് സംസാരിക്കുന്നു.

> *"അതിന്മീതെ യഹോവ നിന്ന് അരുളിച്ചെയ്തത്: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും."*
>
> *ഉല്പത്തി 28 : 13*

"നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും" എന്നു പറഞ്ഞ് യാക്കോബിന് ഏഴു വാഗ്ദത്തങ്ങൾ ദൈവം കൊടുക്കുകയാണ്.

യാക്കോബ് ഒന്നും ചോദിച്ചില്ല. ദൈവത്തെ യാക്കോബ് വിളിച്ചില്ല. എന്നാൽ ദൈവം അഡ്വാൻസായി വാഗ്ദത്തങ്ങൾ കൊടുക്കുകയാണ്. അങ്ങോട്ട് ചോദിച്ചിട്ടല്ല, യാചിച്ചിട്ടല്ല കിട്ടുന്നത്.

നിങ്ങളിൽ പലരും ചോദിച്ചിട്ടല്ല അനുഗ്രഹങ്ങൾ കിട്ടിയത്. നിങ്ങളിൽ പലരും ദൈവത്തോട് യാചിച്ച് ഉപവാസമെടുത്ത് പ്രാർത്ഥിച്ചൊന്നുമല്ല അനുഗ്രഹങ്ങൾ കിട്ടിയത്. നിങ്ങളുടെ ജീവിതത്തിലെ ബന്ധനങ്ങൾ അഴിഞ്ഞതെങ്ങനെയാണ്? നിങ്ങളുടെ കുടുംബത്തിലെ ശാപങ്ങൾ പോയതെങ്ങനെയാണ്? നിങ്ങളാരെങ്കിലും പ്രാർത്ഥിച്ചിട്ടാണോ? നിങ്ങളാരെങ്കിലും ഒരുങ്ങിയിട്ടാണോ?

എനിക്കറിയാം, ഞാൻ ഒന്നും ഒരുങ്ങിയിട്ടല്ല കരുണയുള്ള കർത്താവ് എന്നെ അനുഗ്രഹിച്ചത്. ഞാൻ പ്രാർത്ഥിച്ചിട്ടല്ല, ആവശ്യക്കാരനായി യാചിച്ചിട്ടല്ല ദൈവം എന്നെ അനുഗ്രഹിച്ചത്, എനിക്കൊരു മാനസാന്തരം കിട്ടിയത്.

മാനസാന്തരം വേണ്ടാത്ത ഒരു നീതിമാനായിട്ട് ഞാൻ അഹങ്കരിച്ചു കഴിയുകയായിരുന്നു. കാരണം, രണ്ടുനേരവും നമസ്ക്കാരമുണ്ട്. നോമ്പ് കൃത്യമായിട്ട് നോക്കും. എല്ലാ ഞായറാഴ്ചയും പള്ളിയിൽ പോകും. പള്ളിയാരാധനകളിൽ കൃത്യമായും ചിട്ടയായും പങ്കെടുക്കും. മനസ്സറിഞ്ഞ് ഒരു വേണ്ടാതീനത്തിന് പോയിട്ടില്ല. എന്നാൽ അകത്തുള്ള കാര്യങ്ങൾ പാപമാണെന്ന് തോന്നിയിട്ടില്ല.

ചിന്തയിലുള്ള പാപങ്ങൾ, ചിലരോടുള്ള വൈരാഗ്യങ്ങൾ, മുഷിച്ചിലുകൾ, ഇഷ്ടക്കുറവുകൾ, നീരസങ്ങൾ, കയ്പ്പ് ഇതൊന്നും പാപമായിട്ട് ചിന്തിച്ചിട്ടില്ല. മദ്യപാനമില്ല, വ്യഭിചാരമില്ല, കൊലപാതകമില്ല, മോഷണമില്ല. പിന്നെ എന്താണ് മനുഷ്യന് പാപം? ഇങ്ങനെയേ ചിന്തയുണ്ടായിരുന്നുള്ളൂ.

ഇങ്ങനെ ഒരു നീതിമാനാണെന്ന് സ്വയം ഭാവിച്ച്, സ്വയം ധരിച്ച് മാന്യനായി കഴിഞ്ഞുകൂടുകയായിരുന്നു. പക്ഷേ, എന്റെ ഹൃദയത്തിൽ നിറയെ നിരാശയായിരുന്നു. ഹൃദയം ശൂന്യമായിരുന്നു. മനസ്സിന് സ്വസ്ഥതയില്ലായിരുന്നു, സമാധാനമില്ലായിരുന്നു.

എന്റെ അപ്പൻ എന്റെ ഒരു വയസ്സിൽ മരിച്ചതുകൊണ്ട് ഞാൻ ഒരു അനാഥനെപ്പോലെ കഴിയുകയായിരുന്നു. Inferiority complex ആയിരുന്നു എന്റെ ജീവിതത്തിന്റെ ആകെത്തുക. എനിക്കൊരു വിലയുമില്ല, എനിക്ക് കഴിവില്ല, ഞാൻ ആരോരുമില്ലാത്തവൻ എന്ന തോന്നലായിരുന്നു. എന്നാൽ ജീവനുള്ള ദൈവം എനിക്ക് മാനസാന്തരം സൗജന്യമായി തന്നു!

ഒരു മാനസാന്തരം കിട്ടുന്നത് മഹാഭാഗ്യമാണ്. ചിലർക്ക് മാനസാന്തരം എന്ന വാക്ക് കേൾക്കുന്നതുപോലും അലർജിയാണ്. എന്നാൽ എനിക്കത് തേനിലും തേൻകട്ടയിലും മധുരമാണ്. ജീവിതം ക്രിസ്തുവിന് സമർപ്പിക്കാൻ ഇടയാവുക! ക്രിസ്തു ഈ പാവപ്പെട്ട മനുഷ്യന്റെ ഹൃദയത്തിലേക്ക് ഇറങ്ങി

വരിക! അതാണ് മഹാത്ഭുതം!

എനിക്കൊരു സുബോധം കിട്ടി. പാപം ഇന്നതെന്ന് തിരിച്ചറിയാനിടയായി. ജീവിതത്തിൽ സ്വസ്ഥതയില്ലാത്തത് എന്റെ നൈരാശ്യം കൊണ്ടാണെന്ന് എനിക്ക് മനസ്സിലായി. എന്റെ ജീവിതത്തിൽ പകയും വിദ്വേഷവുമുണ്ടെന്ന് മനസ്സിലായി. വ്യഭിചാരവും മദ്യപാനവും കൊലപാതകവും പോലെ തന്നെ മഹാപാപമാണ് വൈരാഗ്യമെന്നും കോപമെന്നും ഈർഷ്യയെന്നും മുഷിച്ചിലെന്നും എനിക്ക് നല്ലതുപോലെ മനസ്സിലായി. കർത്താവ് എനിക്ക് സുബോധവും വെളിവും തന്നു.

പ്രിയപ്പെട്ടവരേ, പ്രകടമായ പാപങ്ങളൊന്നുമില്ലല്ലോ എന്നാണ് നിങ്ങൾ ചിന്തിക്കുന്നത്. ഒരു വിധം മാനംമര്യാദയായിട്ടല്ലേ ഞാൻ ജീവിക്കുന്നത്? മനസ്സറിഞ്ഞ് ആരെയും ഉപദ്രവിക്കുന്നില്ല. ആർക്കും ഒരു ദ്രോഹവും ചെയ്യുന്നില്ല. പിന്നെ എനിക്കെന്താണ് പാപം എന്നാണ് നിങ്ങളിൽ പലരും ചിന്തിക്കുന്നത്.

ഹൃദയത്തിലുള്ള പാപങ്ങൾ നിങ്ങൾ അറിയുന്നുണ്ടോ? അഴുക്കും അശുദ്ധിയും അസൂയയും അഹങ്കാരവും സ്വാർത്ഥതയും ദ്രവ്യാഗ്രഹവും അകത്തുണ്ട് എന്ന് ഗ്രഹിക്കുന്നുണ്ടോ? ഇതെല്ലാം മഹാപാപങ്ങളാണ്. ഈ മഹാപാപങ്ങളെല്ലാമുള്ള മനുഷ്യന് ലഭിക്കുന്ന ഏറ്റവും വലിയ അനുഗ്രഹം ഒരു മാനസാന്തരം കിട്ടുക എന്നുള്ളതാണ്.

നിങ്ങൾ ദൈവത്തോട് പറയണം: കർത്താവേ, എനിക്ക് സത്യമായി ഒരു വെളിവ് തരണമേ. ഞാൻ ആരാണെന്ന് കാണാൻ, ഞാൻ പാപിയാണെന്ന് കാണാൻ എനിക്കൊരു സുബോധം തരണേ. എനിക്ക് യേശുവിനെ കൈക്കൊള്ളാൻ മഹാഭാഗ്യം തരണേ.

യേശുവിനെ സ്വീകരിക്കാൻ, എന്റെ ഹൃദയത്തിന്റെ വാതിൽക്കൽ നിന്നു മുട്ടിക്കൊണ്ടിരിക്കുന്ന എന്റെ യേശുവിനെ ഹൃദയത്തിലേക്ക് എതിരേൽക്കുവാൻ എനിക്ക് ഭാഗ്യം

തരണേ. എന്നെ അനുഗ്രഹിക്കുവാൻ, എന്നെ ഉയർത്തുവാൻ, എന്റെ അപകർഷതാബോധം ഇല്ലാതാക്കാൻ കടന്നുവന്നിരിക്കുന്ന, എന്നെ ചെളിക്കുഴിയിൽനിന്ന് കരേറ്റുവാൻ കടന്നുവന്നിരിക്കുന്ന യേശുവിനെ തിരിച്ചറിയാൻ എനിക്ക് വെളിവ് തരണമേ.

കർത്താവേ, നിന്റെ ശബ്ദം കേൾക്കാൻ, ആത്മാവിൽ നിന്നെ അനുഭവിക്കാൻ, ആത്മാവിൽ നിന്നോട് ചേർന്ന് നടക്കുവാൻ, നിന്നിൽ ലയിക്കുവാൻ, ആത്മാവിൽ നിന്നെ സ്തുതിക്കാൻ, ആത്മാവിൽ നിന്നെ ആരാധിപ്പാൻ എനിക്ക് ആത്മീയമായ ഒരു കാഴ്ചപ്പാട് തരണമേ. ഇങ്ങനെ പ്രാർത്ഥിച്ചാൽ കാണാം അത്ഭുതങ്ങൾ നടക്കുന്നത്. നിങ്ങളുടെ ജീവിതം പ്രശോഭിക്കുന്നത്, ജീവിതം അനുഗൃഹീതമാകുന്നത്. നിങ്ങളുടെ ജീവിതത്തിൽ കെട്ടുറപ്പ് വരുന്നത്.

സ്നേഹിതാ, ഇന്ന് നിന്റെ ജീവിതത്തിൽ സമാധാനമില്ലല്ലോ. മകളേ, നിന്റെ ഹൃദയത്തിൽ സ്വസ്ഥതയില്ലല്ലോ. ദൈവപൈതലേ, നിന്റെ ഹൃദയത്തിൽ ഇന്ന് ശാന്തിയില്ലല്ലോ. നിന്റെ മനസ്സ് ഇന്ന് അസ്വസ്ഥമാണല്ലോ. വലിയോരു ശൂന്യത ഇന്ന് നിന്നെ വലയം ചെയ്തിരിക്കുകയാണല്ലോ.

എന്തിനോ വേണ്ടിയുള്ള ഒരു അസംതൃപ്തി നിന്റെ ഹൃദയത്തിൽ തളംകെട്ടി നിൽക്കുകയാണല്ലോ. നിന്റെ ജീവിതത്തിൽ മ്ലാനത നിൽക്കുന്നുണ്ടല്ലോ. ഇത് മാറ്റാനാണ് യേശു നിന്നോട് സംസാരിക്കുന്നത്. യേശു തന്റെ വചനം നിനക്ക് തരുന്നത്. യേശു നിന്നെ മാനസാന്തരത്തിലേക്ക് നടത്തും.

യാക്കോബ് സ്വപ്നത്തിൽ കോവണി കണ്ടു. ആ കോവണിയിൽ ആദ്യം കാണുന്നത് മാലാഖമാരെയാണ്. മാലാഖമാർ കയറുന്നു, ഇറങ്ങുന്നു. അത് ഒരു പുതിയ കാഴ്ചയായിരുന്നു. കാരണം, യാക്കോബിന്റെ ധാരണ താൻ ഏകനാണെന്നാണ്. എനിക്ക് ആരുമില്ലെന്നാണ്. ഈ കണ്ട വഴിയെല്ലാം യാത്ര ചെയ്ത് വന്നത് ഞാൻ ഒറ്റയ്ക്കാണല്ലോ.

അപ്പനില്ല, അമ്മയില്ല. അമ്മയുടെ തണലിൽനിന്ന് മാറിയിട്ടില്ല. അപ്പന്റെ ചുവട്ടടിയിൽ നിന്ന് മാറിയിട്ടില്ല. വീട്ടിൽനിന്നും എങ്ങും ഇറങ്ങിപ്പോയിട്ടില്ല. പുറം ലോകം കണ്ടിട്ടില്ല. സഹോദരൻ ഏശാവ് പുറംലോകം കണ്ട് നടക്കുന്നവനാണ്. എനിക്ക് വീടും വീടിന്റെ പരിസരവും വിട്ട് പുറത്തിറങ്ങി ഒരു പരിചയവുമില്ല.

അങ്ങനെയുള്ള ഞാൻ ഏകനായി, മരണഭീതിയോടെ ഓടുകയാണ്. ജീവരക്ഷയ്ക്കായി ഓടുകയാണ്. അപ്പോഴാണ് കാണുന്നത് മാലാഖമാർ കയറുന്നു. മാലാഖമാർ കയറുന്നുണ്ടെങ്കിൽ അവർ ഇത്രയും നേരം ഇവിടെ എന്റെ കൂടെ ഉണ്ടായിരുന്നു. ഈ കണ്ട സമയങ്ങളിലെല്ലാം ഇരുളിന്റെ മറവിലൂടെ നടന്നപ്പോഴും രാത്രിയുടെ കരിനിഴൽ വീശിയപ്പോഴും ഏകാന്തതയുടെ വിരസതയിൽ വലഞ്ഞപ്പോഴും മാലാഖമാർ എന്റെ കൂടെ ഉണ്ടായിരുന്നു.

സ്വർഗ്ഗീയദൂതന്മാർ എന്നെ അകമ്പടി സേവിക്കുകയായിരുന്നു. സ്വർഗ്ഗീയ ദൂതന്മാരുടെ കാവൽ എനിക്കുണ്ടായിരുന്നു. ഞാൻ അറിഞ്ഞില്ലല്ലോ എന്നെ ഇങ്ങനെ കരുതുന്ന ഒരു ദൈവമുണ്ടെന്ന്! ഞാൻ അറിഞ്ഞില്ലല്ലോ എന്നെ ഇങ്ങനെ കരുതുന്ന ഒരു സ്വർഗ്ഗീയസ്നേഹമുണ്ടെന്ന്! യാക്കോബ് അത്ഭുതപ്പെട്ടു.

ഒരു കൂട്ടം മാലാഖമാർ കയറിപ്പോകുന്നു. വേറൊരു കൂട്ടം മാലാഖമാർ ഇറങ്ങിവരുന്നു. എപ്പോഴും സ്വർഗ്ഗീയ മാലാഖമാരുടെ സംരക്ഷണത്തിൽ!

ദൈവപൈതലേ, നീ അറിഞ്ഞില്ല, സ്വർഗ്ഗത്തിലെ ദൈവം നിനക്കുവേണ്ടി കരുതിയിരുന്നു, നിനക്കുവേണ്ടി തന്റെ ദൂതന്മാരെ കൽപ്പിച്ചാക്കിയിരുന്നു എന്ന്. സ്വർഗ്ഗീയദൂതന്മാർ നിന്നെ വലയം ചെയ്ത് നിന്നിരുന്നു എന്ന്.

നിനക്ക് ആപത്ത് വന്നപ്പോൾ, നിനക്ക് പ്രതിസന്ധികൾ വന്നപ്പോൾ, അത്യാഹിതം വന്നപ്പോൾ, നിനക്ക് പണത്തിന് ഞെരുക്കം വന്നപ്പോൾ, നീ കടത്തിൽ മുങ്ങി വലഞ്ഞപ്പോൾ,

നാളെ എന്ത് എന്നോർത്ത് നീ അമ്പരന്നപ്പോൾ, ജീവിതത്തിലെ ആവശ്യഭാരങ്ങളിൽ നീ നെടുവീർപ്പിട്ട് ഞെരുങ്ങിയപ്പോൾ, അപ്പോഴെല്ലാം സ്വർഗ്ഗീയദൂതന്മാർ നിന്റെ കൂടെയുണ്ടായിരുന്നുവെന്ന് സ്നേഹിതാ, നീ അറിഞ്ഞില്ല.

ജീവനുള്ള ദൈവം നിന്നെ കാക്കുന്നുണ്ട് എന്നും കരുതുന്നുണ്ട് എന്നും നീ അറിഞ്ഞില്ല. പക്ഷേ, ദൈവത്തിന്റെ സ്നേഹം നിന്നെ പിൻപറ്റി നിന്നിരുന്നു. “മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നത് യാക്കോബ് കണ്ടു. അതിന്മീതെ യഹോവ നിന്നു.” കോവണിയുടെ മീതെ യഹോവ നിന്നു. യാക്കോബ് നോക്കിയപ്പോൾ നിത്യനായ ദൈവം പ്രത്യക്ഷപ്പെട്ടിരിക്കുന്നു.

സ്നേഹിതരേ, ദൈവത്തെ ആർക്കും ജഡപ്രകാരം കാണാൻ പറ്റുകയില്ല. ദൈവത്തിന് ആകൃതിയില്ല. ദൈവത്തിന് രൂപമില്ല. പിന്നെ എന്താണ് ദൈവത്തെ കാണുക എന്നു പറയുന്നത്?

*“ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും.”* *മത്തായി 5 : 8*

ഹൃദയം ശുദ്ധമാകുമ്പോൾ ആത്മാവിൽ നിങ്ങൾക്ക് ദൈവത്തെ കാണാൻ പറ്റും. അത് ആന്തരികമായ ഒരു അനുഭൂതിയാണ്. അത് ലഭിച്ചാൽ നിങ്ങൾ വേറെ ആരെയും ആശ്രയിക്കില്ല. വേറെ ആരെയും നോക്കുകയില്ല. കൂട്ടായ്മക്കും അപ്പുറത്ത്, ദൈവമക്കൾക്കും സുവിശേഷം പറയുന്നവർക്കുമെല്ലാം അപ്പുറത്ത്, അവരിൽ നിന്നെല്ലാം അതീതമായി ഉയർന്നു നിൽക്കുന്ന ക്രിസ്തുവിനെ നിങ്ങൾ നേരിട്ട് കാണാൻ തുടങ്ങും.

നിങ്ങളെ സ്നേഹിക്കുന്ന യേശുവിനെ നേരിട്ട് നിങ്ങൾക്ക് ലഭിക്കും. അതാണ് ആത്മീയമായ അനുഭൂതി എന്ന് പറയുന്നത്. യഹോവയായ ദൈവം ആ ഗോവണിയുടെ മീതെ നിന്ന് അരുളിച്ചെയ്തു. താൻ ആരാണെന്ന് ദൈവം പരിചയപ്പെടുത്തി.

*"ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു." ഉല്പത്തി 28 : 13*

"ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെയും നിന്റെ പിതാവായ യിസ്ഹാക്കിന്റെയും ദൈവം ആകുന്നു." പൂർവ്വപിതാക്കന്മാരുടെ ദൈവം! പുരാതനനായ ദൈവം! തലമുറ കടന്നുപോയി. പക്ഷേ ദൈവത്തിന് മാറ്റമില്ല.

*"പുരാതനനായ ദൈവം നിന്റെ സങ്കേതം; കീഴെ ശാശ്വതഭുജങ്ങൾ ഉണ്ട്." ആവർത്തനം 33 : 27*

പ്രിയപ്പെട്ടവരേ, നിങ്ങളിത് വിശ്വസിക്കൂ. നിങ്ങൾ സംശയിക്കരുത്. ഞാൻ പാപിയാണല്ലോ, എന്റെ കീഴെ ശാശ്വതഭുജങ്ങളുണ്ടോ? ഞാൻ എത്രയും ഹീനനായി ജീവിച്ചവനാണല്ലോ, എന്റെ കീഴെ ഈ ശാശ്വത ഭുജങ്ങളുണ്ടോ? എന്റെ കർത്താവേ, എന്റെ ജീവിതത്തിൽ ഞാൻ പല പല തെറ്റുകൾ വരുത്തിയവളാണല്ലോ, എന്റെ കീഴെ ശാശ്വത ഭുജങ്ങളുണ്ടോ?

സ്നേഹിതാ, നിന്റെ കീഴെ ശാശ്വത ഭുജങ്ങൾ വിരിച്ച് ഇത്രയും കാലം അവൻ നിന്നെ പോറ്റിപ്പുലർത്തിക്കൊണ്ടുവന്നു. നീ കണ്ടില്ലെങ്കിലും നീ അറിഞ്ഞില്ലെങ്കിലും നീ നോക്കിയില്ലെങ്കിലും അവൻ നിന്നെത്തന്നെ നോക്കിക്കൊണ്ടിരുന്നു. കഴുകൻ തന്റെ കൂടനക്കി തന്റെ കുഞ്ഞുങ്ങളെ പറക്കാൻ പഠിപ്പിക്കുന്നതുപോല നിത്യനായ ദൈവം തന്റെ ഭുജങ്ങളിൽ നിന്നെ വഹിച്ചുകൊണ്ടുവന്നു.

കഴുകന്റെ കൂട് വളരെ ഉയരത്തിലാണ്. വളരെ ഉന്നതമായ പർവ്വതശിഖരങ്ങളിലോ കുന്നിൻ മുകളിലോ പാറയുടെ വിള്ളലുകളിലോ ആണ് കഴുകൻ കൂടുണ്ടാക്കുന്നത്.

മുട്ടയിടേണ്ട സമയമാകുമ്പോൾ പല തരത്തിലുള്ള മുള്ളുകൾ കൊണ്ടുവന്ന് കഴുകൻ കൂടുണ്ടാക്കും. കോലുകളും മുള്ളുകളും എല്ലാം വച്ചിട്ട് മീതെ വളരെ ചെറിയ ഒരുനിര

പഞ്ഞിവയ്ക്കും. അതിൽ ഈ മുട്ട വിരിയും. കഴുകൻകുഞ്ഞ് അതിനകത്ത് ഇരിക്കും. കുഞ്ഞിന് പറക്കാൻ അറിഞ്ഞുകൂടാ. അത് പറക്കാൻ തുടങ്ങാറാകുമ്പോഴേക്കും കഴുകൻ കൂട് പയ്യെ അനക്കും. കൂട് അനങ്ങുമ്പോൾ കൂട്ടിനകത്തിരിക്കുന്ന കുഞ്ഞിന്റെ ശരീരത്തിൽ മുള്ളുകൊള്ളും. മുള്ളുകൊള്ളുമ്പോൾ കുഞ്ഞ് കിടന്ന് പിടക്കും. പിടച്ചുപിടച്ച് അത് കൂട്ടിൽനിന്ന് പുറത്ത് ചാടും. ആ സമയത്ത് കഴുകൻ താഴെ വന്ന് കുഞ്ഞിനെ ചിറകിൽ വഹിക്കും. വീണ്ടും കുഞ്ഞിനെ കൊണ്ടുവന്ന് ഈ കൂട്ടിൽ ഇരുത്തും.

പിന്നെയും കുറച്ച് കഴിയുമ്പോൾ കഴുകൻ കൂടനക്കും. ശക്തിയായി കൂടനക്കുമ്പോൾ മുള്ള് നല്ലതുപോലെ കൊള്ളും. വേദനിച്ചു പുളയുമ്പോൾ കഴുകൻകുഞ്ഞ് പുറത്ത് ചാടും. അന്തരീക്ഷത്തിൽ ചാടുമ്പോൾ പെട്ടെന്ന് അത് ചിറക് വിടർത്തും. പയ്യെ പറക്കാൻ തുടങ്ങും. പക്ഷേ, പറക്കാൻ പറ്റുന്നില്ല, താഴോട്ട് പോവുകയാണ്. പറക്കാൻ പറ്റുന്നില്ല എന്ന് കാണുമ്പോൾ കഴുകൻ ഓടിച്ചെന്ന് പിന്നെയും ചിറകിൽ വഹിക്കും. പിന്നെയും കൊണ്ടുവന്ന് കൂട്ടിൽ ഇരുത്തും. അങ്ങനെ പയ്യെപ്പയ്യെ കൂടനക്കി അതിനെ പറക്കാൻ പഠിപ്പിക്കുന്നു.

ദൈവപൈതലേ, നിന്റെ ജീവിതത്തിൽ ഈ മുള്ളുകൊള്ളുന്നുണ്ടോ? അത് നല്ലതാണ്. പറക്കാൻ പഠിപ്പിക്കുകയാണ്. മുള്ളുകൊള്ളുന്നവർ! മുള്ളുകൊണ്ട് വേദനിക്കുന്നവർ! പ്രിയപ്പെട്ടവർ വിട്ടുപോയതിൽ, പ്രിയപ്പെട്ടവർ അകന്നുപോയതിൽ അല്ല, പ്രിയപ്പെട്ടവർ ഈ ലോകത്തുനിന്ന് മാറ്റപ്പെട്ടു പോയതിൽ മുള്ളുകൊണ്ട് വേദനിക്കുന്നവർ ആരെങ്കിലുമുണ്ടോ?

പൈസ നഷ്ടപ്പെട്ടതിൽ, ബിസിനസ്സ് നഷ്ടം വന്നതിൽ, എല്ലാം പോയ്പ്പോയതിൽ മുള്ളുകൊണ്ട് വേദനിച്ചുകൊണ്ടിരിക്കുന്നവർ! നിങ്ങൾ ആശയറ്റവരെപ്പോലെ അങ്ങ് ശൂന്യതയിലേക്ക് താഴാൻ തുടങ്ങുമ്പോൾ കാണാം, അടിയിൽ വന്ന് ചിറക് വിരിക്കുന്നത്. ചിറകിൽ വഹിച്ചുകൊണ്ടുവന്ന് വീണ്ടും ഈ കൂടിനകത്താക്കും.

പിന്നെയും മുള്ളുകൊള്ളും. പിന്നെയും നീ താഴെപ്പോകും. പിന്നെയും നീ പറക്കും. കഴുകൻ തന്റെ കൂടനക്കി കുഞ്ഞുങ്ങളെ പറക്കാൻ പഠിപ്പിക്കുന്നതുപോലെ ദൈവം തന്റെ ചിറകുകളിൽ നിങ്ങളെ വഹിക്കുന്നുവെന്ന് മോശ പഴയകാലത്ത് എഴുതിവച്ചു.

നിങ്ങളുടെ ജീവിതത്തിലെ യാതനകളും വേദനകളും നിങ്ങൾക്ക് വന്ന കഷ്ടപ്പാടുകളും എല്ലാം ഏൽക്കുന്നത് നല്ലതിനാണ്. ആരും സംശയിക്കേണ്ട. അവൻ ചിറകടിയിൽ നിന്നെ വഹിച്ചുകൊള്ളും. ചിറക് താഴെ വിരിക്കുന്നുണ്ട്. ഭയപ്പെടേണ്ട, നീ താഴോട്ട് പോവുകയില്ല. നിലം പരിചായിപ്പോവുകയില്ല.

നീ നഷ്ടപ്പെട്ടുപോവുകയില്ല. നിന്നെ താങ്ങിക്കൊള്ളും. ഭർത്താവ് മരിച്ചുപോയി അല്ല, ഭാര്യ വിട്ടുപോയി. മാതാപിതാക്കളില്ല. അപ്പനുമില്ല അമ്മയുമില്ല. താങ്ങാൻ യേശുവിന്റെ കരം താഴെ വരും.

പൈസയില്ല, വാടക കൊടുക്കാൻ മാർഗ്ഗമില്ല, ഒരു നല്ല കിടപ്പാടമില്ല. ജീവിക്കാൻ മാർഗ്ഗമില്ല. പഠിക്കണമെന്നുണ്ട് പക്ഷേ, പഠിക്കാൻ സാധിക്കുന്നില്ല. എന്തുചെയ്യും? എന്നാൽ താഴെ ചിറകു വിരിക്കുന്ന രക്ഷകന്റെ ചിറകടിയിൽ നീ ഒതുങ്ങിക്കൊള്ളൂ. ആ ചിറക് നിന്നെ താങ്ങിക്കൊള്ളും. പറക്കാൻ നിനക്ക് അഭ്യാസം തന്നുകൊള്ളും.

നിങ്ങൾ ഓരോരുത്തരും ജീവിതം ക്രിസ്തുവിന് കൊടുക്കുവിൻ. യേശുവിന്റെ കരങ്ങളിലേക്ക് ഏല്പിച്ചുകൊടുക്കുവിൻ. യേശുവിനോട് വാക്കുപറയുവിൻ. നാഥാ, എന്നെ നീ സ്നേഹിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. മുള്ളുകൊള്ളുമ്പോഴും, നീ കൂടനക്കുമ്പോഴും എന്നെ നീ സ്നേഹിക്കുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. കൂടനക്കി എന്നെ നീ പറക്കാൻ പഠിപ്പിക്കുകയാണെന്ന് ഞാൻ വിശ്വസിക്കുന്നു. കർത്താവേ, ഇന്ന് മുള്ളുകൊണ്ട് വേദനിക്കുന്നെങ്കിലും നാളെ

ഒരു ദിവസം ആകാശത്തിന്റെ വിരിവിലൂടെ ഞാൻ പറക്കുമെന്ന്, ഉയരങ്ങളിലൂടെ, ഉന്നതങ്ങളിലൂടെ പറക്കുമെന്ന് ഞാൻ അറിയുന്നു.

ഉയരങ്ങളിലൂടെ പറക്കുവാൻ നീ എന്നെ അഭ്യസിപ്പിക്കുകയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. കർത്താവേ, നിന്റെ തിരുരക്തത്താൽ ഇപ്പോൾ എനിക്ക് മുദ്രയിട്ടു തരണമേ. പിതാക്കന്മാരുടെ ദൈവമായി അബ്രാഹാമിന്റേയും യിസ്ഹാക്കിന്റേയും യാക്കോബിന്റേയും ദൈവമായ ജീവനുള്ള ദൈവമേ, നിന്റെ പ്രിയപ്പെട്ട മക്കൾ അനുഭവിച്ച വിശുദ്ധിയുടേയും സ്നേഹത്തിന്റേയും സുഗന്ധം അനുഭവിച്ചുകൊണ്ട് ഈ കാലയളവിൽ ജീവിക്കാൻ എനിക്ക് നീ ഭാഗ്യം തരണമേ. പൂർണ്ണവിശുദ്ധനായി നിൽപ്പാൻ എനിക്ക് നീ ഭാഗ്യം തരണമേ.

നിങ്ങളെത്തന്നെ ക്രിസ്തുവിന് കൊടുപ്പിൻ. പാപമില്ലാത്ത ജീവിതത്തിന്റെ സൗഖ്യം അനുഭവിപ്പിൻ. പാപത്തോട് യാത്രപറഞ്ഞ് സന്തോഷം അനുഭവിപ്പിൻ. നിങ്ങൾ യേശുവിനെ വിളിപ്പിൻ. നാഥാ, എന്റെ ഹൃദയത്തിലേക്ക് വരണമേ. എന്നെ നീ നിയന്ത്രിച്ച് നിന്റെ വഴികളിലൂടെ നടത്തണമേ. നിത്യതയോളം നീ എന്നോട് കൂടെയിരിക്കണമേ.

# എട്ട്

*"അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽക്കൂടി കയറുകയും ഇറങ്ങുകയുമായിരുന്നു. അതിന്മീതെ യഹോവ നിന്ന് അരുളിച്ചെയ്തത്: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും."*

*ഉല്പത്തി 28 : 12, 13*

യക്കോബിന് ദൈവം പ്രത്യക്ഷപ്പെട്ടു. യാക്കോബിനോട് ദൈവം സംസാരിച്ചു. അത് ഒരു വലിയ അത്ഭുതമാണ്. സ്വർഗ്ഗത്തിലെ ദൈവം ഭൂമിയിലെ മനുഷ്യനോട് സംസാരിക്കുക.

ദൈവം ആരാണ്? നിത്യോന്നതനാണ്, നിത്യപരിശുദ്ധനാണ്, ഒരിടത്തും ഒതുങ്ങാത്തവനാണ്, ആകാശവും ഭൂമിയും തന്റെ മഹത്വംകൊണ്ട് നിറഞ്ഞിരിക്കുന്നവനാണ്. ആകാശവും ഭൂമിയും തന്റെ സ്തുതികൾകൊണ്ട് നിറഞ്ഞിരിക്കുന്ന ബലവാനായ ദൈവം തമ്പുരാൻ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ, ഉയരങ്ങളിൽ സ്തുതി എന്നു നാം പ്രാർത്ഥിക്കും.

തന്റെ മഹത്വംകൊണ്ട് ആകാശം നിറഞ്ഞിരിക്കുന്നു. ഭൂമി നിറഞ്ഞിരിക്കുന്നു. സ്വർഗ്ഗീയ സേനകൾ അവനെ നിരന്തരം ആരാധിക്കുന്നു. ആറാറു ചിറകുള്ള സ്രോപ്പേ

മാലാഖമാർ രണ്ടു ചിറകുകൊണ്ട് മുഖം മൂടി, രണ്ടുചിറകു കൊണ്ട് കാല് മൂടി, രണ്ടു ചിറകുകൊണ്ട് പറന്നു നിന്ന് സൈന്യങ്ങളുടെ ദൈവമായ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധനെന്ന് നിരന്തരം ആർത്ത് ആഘോഷിച്ച് പാടിക്കൊണ്ടിരിക്കുന്നു.

തേജോമയനായ ദൈവം! അഗ്നിമയന്മാർ വിറയലോടെ ആരാധിക്കുന്ന ദൈവം! തീയ്ക്കടുത്ത ദൈവം! ആർക്കും ഒരുനാളും കാണാൻ സാദ്ധ്യമല്ലാത്തവനായ ദൈവം! ആത്മാവാകുന്ന ദൈവം! അരൂപിയാകുന്ന ദൈവം! അദൃശ്യനായ ദൈവം! ഈ ജീവനുള്ള ദൈവം മനുഷ്യന് പ്രത്യക്ഷപ്പെടുക! ഒരു മനുഷ്യനോട് സംസാരിക്കുക! അത് ചരിത്രത്തിലെ ഒരു അത്ഭുതമാണ്.

പ്രിയപ്പെട്ടവരേ, നിങ്ങൾ പറയണം: കർത്താവേ, ദൈവം എനിക്ക് പ്രത്യക്ഷനാകുന്നു എന്ന് അനുഭവിക്കാൻ ഒരു ഭാഗ്യം എനിക്ക് തരണം. മറഞ്ഞിരുന്ന ഏതെല്ലാമോ മാറാലകളെല്ലാം മാറി ഒരു പുതിയ വെളിച്ചം എനിക്ക് കിട്ടിയെന്ന് ഒരനുഭവം എനിക്ക് തരണം. മറ്റാരും പറഞ്ഞിട്ടല്ല. ഏതെങ്കിലും പ്രസംഗം കേട്ടിട്ടുമല്ല. ഏതെങ്കിലും പുസ്തകം വായിച്ചിട്ടുമല്ല. വ്യക്തിപരമായി ജീവനുള്ള ദൈവം പ്രത്യക്ഷനായിരിക്കുന്നു എന്ന് അനുഭവിക്കാനുള്ള ഒരു അസുലഭ ഭാഗ്യം എനിക്ക് തരണമേ.

ദൈവം യാക്കോബിന് പ്രത്യക്ഷനായി! യാക്കോബ് അത്ഭുതപ്പെട്ടു. സ്വർഗ്ഗത്തോളം എത്തുന്ന കോവണി! അതിന്റെ മീതെ യഹോവ നിന്ന് സംസാരിക്കുന്നു! എന്താണ് കേൾക്കുന്നത്? വചനമാണ് കേൾക്കുന്നത്.

വചനം വാഗ്ദത്തമാണ്. വാഗ്ദത്തവചനം കേൾക്കുകയാണ്. ദൈവത്തിന്റെ അരുളപ്പാട് കേൾക്കുകയാണ്. ദൈവം തന്നെത്തന്നെ പരിചയപ്പെടുത്തുന്നു. ആദ്യം യാക്കോബിന് പരിചയമുള്ള കാര്യങ്ങളാണ് ദൈവം പറയുന്നത്.

യാക്കോബിന് ദൈവം തന്നെ പരിചയപ്പെടുത്തുമ്പോൾ പിതാക്കന്മാരുടെ പേരിലാണ് പരിചയപ്പെടുത്തുന്നത്. അപ്പന്റെയും അപ്പന്റെ അപ്പന്റെയും പേരിൽ! അത് യാക്കോബിന് അറിയാം. പെട്ടെന്നോർമ്മ വരും. കാരണം, യാക്കോബിന്റെ ജീവിതത്തിൽ പതിനഞ്ചു വയസ്സ് വരെ അപ്പന്റെ അപ്പനായ അബ്രാഹാമിന്റെ കൂടെ ജീവിച്ചിട്ടുണ്ട്. അബ്രാഹാമിന്റെ വാക്കുകൾ കേട്ടിട്ടുണ്ട്. അബ്രാഹാം പിതാവിന് പ്രത്യക്ഷപ്പെട്ട ദൈവത്തെക്കുറിച്ച് പറയുന്നതെല്ലാം യാക്കോബ് കൊതിപൂണ്ട് കേട്ടിരുന്നിട്ടുണ്ട്. എന്തെല്ലാം അനുഭവങ്ങളാണ് ഈ അപ്പന്റെ അപ്പൻ പറയുന്നത്!

ഇടയ്ക്ക് അവൻ അമ്പരപ്പോടെ നോക്കും. ചിലപ്പോൾ അതിശയത്തോടെയും ഭയപ്പാടോടെയും നോക്കും. അവന് ഒന്നും മനസ്സിലാകുന്നില്ല. യാക്കോബ് അന്ന് കൊച്ചുകുട്ടിയാണ്. എന്നാൽ അവന്റെ ജീവിതത്തിൽ നേരിട്ട് ഈ അനുഭവം, പിതാക്കന്മാർക്ക് കിട്ടിയ അനുഭവം കിട്ടുകയാണ്. പൂർവ്വിക പിതാക്കന്മാർക്ക് കിട്ടിയ അനുഗ്രഹം, പൂർവ്വിക പിതാക്കന്മാർക്ക് കിട്ടിയ അനുഭവം മകനേ, നിനക്കു തരാൻ ദൈവത്തിനു തിരുമനസ്സാണ്.

അവരുടെ കാൽപ്പാടുകളെ പിന്തുടരാൻ നമുക്കിന്ന് ഭാഗ്യം ലഭിച്ചിരിക്കുകയാണ്. നാം ഒരു നവീകരണമല്ല ഘോഷിക്കുന്നത്, പൂർവ്വീകരണമാണ്. പഴയകാല പിതാക്കന്മാർ നേടിയെടുത്ത സ്വത്ത് എന്ത് എന്ന് അനുഭവിക്കാനുള്ള മഹാഭാഗ്യമാണ് വക്രതയും കോട്ടയുമുള്ള തലമുറയിലുള്ള നമുക്ക് ദൈവം ദാനമായി തന്നിരിക്കുന്നത്.

ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവുമാകുന്നു എന്ന് പരിചയപ്പെടുത്തിക്കൊണ്ട് ദൈവം യാക്കോബിന് വെളിപ്പെട്ടു.

*"അതിന്മീതെ യഹോവ നിന്ന് അരുളിച്ചെയ്തത്:*

*ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും."*

*ഉല്പത്തി 28 : 13*

യാക്കോബ് ബേർശേബാ മരുഭൂമിയിൽ ആ പ്രത്യേക സ്ഥലത്ത് എത്തിയപ്പോഴുണ്ടായ പ്രത്യക്ഷതയ്ക്ക് ശേഷം പിന്നീട് യാക്കോബിന്റെ ജീവിതത്തിൽ ഏഴു പ്രാവശ്യം ദൈവം പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ഏഴ് പ്രത്യക്ഷതകൾ! കൂടെക്കൂടെ ദൈവം പ്രത്യക്ഷപ്പെടുന്നു! ഓരോരോ സമയങ്ങളിൽ ദൈവം പ്രത്യക്ഷപ്പെടുന്നു!

നിങ്ങൾ ദൈവത്തോടു പറയണം: കർത്താവേ, ഞാൻ രോഗിയായി അവശനിലയിൽ കിടക്കുമ്പോൾ നീ എന്റെ അരികത്തേക്ക് വരണമേ. കർത്താവേ, ഞാൻ മനസ്സുനൊന്ത് വിങ്ങി വിഷമിച്ചിരിക്കുമ്പോൾ നീ എന്റെ അരികത്തേക്ക് ഒന്നു വരണമേ. ഞാൻ പരീക്ഷാഹോളിൽ എങ്ങനെയാണ് ഇതിന്റെ 'answer' എഴുതേണ്ടത് എന്നോർത്ത് മനസ്സ് ചിന്താക്കുഴപ്പത്തിലാകുന്ന സമയത്ത് യേശുവേ, നീ എന്റെ അരികിലേക്ക് ഒന്നു വരണമേ.

ചില കുഴഞ്ഞ പ്രശ്നങ്ങളിൽപ്പെട്ട് എന്റെ മനസ്സ് ഉലഞ്ഞു കൊണ്ടിരിക്കുമ്പോൾ, ജീവിതത്തിൽ ചില വിഷമസന്ധികൾ നേരിടുമ്പോൾ നാഥാ, നീ എന്റെ അരികത്തേക്ക് ഒന്ന് വരണമേ. നീ എന്നിൽ നിന്ന് ദൂരെമാറി നിൽക്കരുതേ. നീ എന്നിൽ നിന്ന് അകലെ മാറി നിൽക്കരുതേ. "യഹോവേ, ഇത് നിനക്ക് പ്രവർത്തിയ്ക്കാനുള്ള സമയമാകുന്നു."

ഒരിക്കൽ ദാവീദ് അങ്ങനെ പറഞ്ഞു: ദൈവമേ, ഇത് നിനക്ക് പ്രവർത്തിക്കാനുള്ള സമയമാകുന്നു. നിങ്ങൾക്ക് ഓരോരുത്തർക്കും ദൈവത്തോട് ഇങ്ങനെ പറയാനുള്ള

സമയങ്ങൾ കിട്ടിയിട്ടുണ്ടാകും. ദൈവമേ, നീ പ്രവർത്തിയ്ക്കേണ്ട സമയമാണ്. ഇപ്പോൾ നീ ഒന്ന് ഇറങ്ങി വന്നേ പറ്റൂ. ഞാൻ നിസ്സഹായസ്ഥിതിയിലാണ്. ഞാൻ ആരോരുമില്ലാത്തവളാണ്.

ഞാൻ അഗതിയാണ്. എനിക്ക് തുണയായിട്ട് ആരുമില്ല. ഒരു നല്ല വാക്ക് തരാൻ, ഒരു ഒത്താശ തരാൻ ആരുമില്ല. യേശുവേ, ഞാൻ ഉപേക്ഷിക്കപ്പെട്ടവനാണ്. ഞാൻ തള്ളപ്പെട്ട വനാണ്. നിരസിക്കപ്പെട്ടവനാണ്. ഞാൻ നിരാശപറ്റിയവനാണ്. ഞാൻ വളരെ സങ്കടത്തിലായിരിക്കുകയാണ്. എന്റെ മാധുര്യ വാനായ യേശുവേ, ഇപ്പോൾ നീ എന്റെ അരികിലേക്ക് ഒന്നു വരണമേ.

അഗതിയായിരുന്ന എന്നെത്തേടി വന്ന് എനിക്ക് മധുരം തന്നവനാണവൻ. കയ്പ്പേറിയ ജീവിതാനുഭവങ്ങളിലൂടെ കടന്നുപോയ കാലങ്ങളിൽ അവൻ എനിക്ക് മധുരം (sweetness) തന്നവനാണ്; എന്നെ അനുഗ്രഹിച്ചവനാണ്. യാതനയുടെ സമയങ്ങളിൽ, കഷ്ടപ്പാടിന്റെ സമയങ്ങളിൽ, പ്രശ്നങ്ങളുടെ സമയങ്ങളിൽ, എതിർപ്പുകളുടെ സമയങ്ങളിൽ, ആക്രമണങ്ങളേറ്റു തളർന്നപ്പോൾ, കൂരമ്പുകളേറ്റു പിടഞ്ഞപ്പോൾ, അപ്പോഴെല്ലാം എന്റെ ജീവനുള്ള ദൈവം മാധുര്യമാർന്ന കരം കൊണ്ട് തലോടി എന്നെ ആശ്വസിപ്പിച്ചവനാണ്.

ഈ വിഷമസന്ധിയിൽ നീ എന്നെ ഒന്ന് തൊട്ടേ പറ്റുകയുള്ളൂ. നീ എന്നെ സഹായിച്ചേ പറ്റുകയുള്ളൂ. ദൈവമക്കളേ, നിങ്ങൾ പ്രാർത്ഥിക്കുമെങ്കിൽ കൂടെക്കൂടെ പ്രത്യക്ഷതകൾ ലഭിക്കും. കൂടെക്കൂടെ ദൈവികസാന്നിദ്ധ്യം ലഭിക്കും. കൂടെക്കൂടെ ദൈവിക സംരക്ഷണം ലഭിക്കും.

വേണമെങ്കിൽ യേശുവിനെ നിങ്ങൾക്ക് അടുത്തറിയാം. യേശുവിന്റെ കാൽക്കൽ കെട്ടിപ്പിടിച്ച് യേശുവിന്റെ പാദം ചുംബിക്കാം. യേശുവിന്റെ തിരുമുറിവുകളെ നിങ്ങൾക്ക് തഴുകാം. യേശുവിന്റെ തൃക്കരം നിങ്ങൾക്കെടുത്ത് മുത്താം.

യേശുവിനെ നിങ്ങൾക്ക് ആനന്ദവായ്പ്പോടെ വാഴ്ത്തി സ്തുതിക്കാം. യേശുവിനെ ആരാധിക്കാം. മഹത്വപ്പെടുത്താം. യേശുവിനായി നിങ്ങളുടെ ജീവിതം വിട്ടുകൊടുക്കാം.

യാക്കോബിന് തുടരെത്തുടരെ ഏഴ് പ്രത്യക്ഷതകൾ കിട്ടി.

*"അപ്പോൾ യഹോവ യാക്കോബിനോട്: നിന്റെ പിതാക്കന്മാരുടെ ദേശത്തേക്കും നിന്റെ ചാർച്ച ക്കാരുടെ അടുക്കലേക്കും മടങ്ങിപ്പോക; ഞാൻ നിന്നോടുകൂടെ ഇരിക്കും എന്ന് അരുളിച്ചെയ്തു."*
*ഉല്പത്തി 31 : 3*

യഹോവ യാക്കോബിനോട് നേരിട്ട് വന്ന് പറയുകയാണ്: മോനേ, നീ മടങ്ങിപ്പോയ്ക്കോള്ളൂ.

*"ദൈവത്തിന്റെ ദൂതൻ സ്വപ്നത്തിൽ എന്നോട്: യാക്കോബേ എന്നു വിളിച്ചു; ഞാൻ ഇതാ, എന്നു ഞാൻ പറഞ്ഞു. അപ്പോൾ അവൻ: നീ തല പൊക്കി നോക്കുക; ആടുകളുടെമേൽ കയറുന്ന മുട്ടാടുക ളൊക്കെയും വരയും പുള്ളിയും മറുവുമുള്ളവ യല്ലോ; ലാബാൻ നിന്നോട് ചെയ്യുന്നതൊക്കെയും ഞാൻ കണ്ടിരിക്കുന്നു. നീ തൂണിനെ അഭിഷേകം ചെയ്കയും എന്നോടു നേർച്ച നേരുകയും ചെയ്ത സ്ഥലമായ ബേഥേലിന്റെ ദൈവം ആകുന്നു ഞാൻ; ആകയാൽ നീ എഴുന്നേറ്റു, ഈ ദേശം വിട്ടു നിന്റെ ജന്മദേശത്തേക്കു മടങ്ങിപ്പോക എന്നു കല്പിച്ചിരിക്കുന്നു."* *ഉല്പത്തി 31 : 11 – 13*

ദൈവം പഴയകാര്യങ്ങൾ ഓർമ്മപ്പെടുത്തുകയാണ്. നീ എന്നോടൊരു വാക്ക് പറഞ്ഞില്ലേ? സമർപ്പണം പറഞ്ഞില്ലേ? പഴയത് ഓർമ്മപ്പെടുത്തിക്കൊണ്ട് ദൈവം യാക്കോബിന് പ്രത്യ ക്ഷപ്പെടുകയാണ്.

*"യാക്കോബ് തന്റെ വഴിയ്ക്കുപോയി; ദൈവത്തിന്റെ*

*ദൂതന്മാർ അവന്റെ എതിരെ വന്നു.” ഉല്പത്തി 32 : 1*

ദൈവത്തിന്റെ ദൂതൻ അവന്റെ എതിരെ വന്നു. ദൈവം വീണ്ടും പ്രത്യക്ഷനാവുകയാണ്.

*“അപ്പോൾ ഒരു പുരുഷൻ ഉഷസ്സാകുവോളം അവനോടു മല്ലുപിടിച്ചു. അവനെ ജയിക്കയില്ല എന്നു കണ്ടപ്പോൾ അവൻ അവന്റെ തുടയുടെ തടം തൊട്ടു.” ഉല്പത്തി 32 : 24, 25*

*“ഞാൻ ദൈവത്തെ മുഖാമുഖമായി കണ്ടിട്ടും എനിക്ക് ജീവഹാനി വന്നില്ല എന്നു യാക്കോബ് പറഞ്ഞു, ആ സ്ഥലത്തിനു പെനിയേൽ എന്നു പേരിട്ടു.” ഉല്പത്തി 32 : 30*

ആ പുരുഷൻ ആരാണെന്ന് പറയുന്നു. ഞാൻ ദൈവത്തെ മുഖാമുഖമായി കണ്ടിട്ടും എനിക്കു ജീവഹാനി വന്നില്ല എന്നു യാക്കോബ് പറഞ്ഞു.

*“അനന്തരം ദൈവം യാക്കോബിനോട്: നീ പുറപ്പെട്ടു ബേഥേലിൽ ചെന്നു പാർക്ക; നിന്റെ സഹോദരനായ ഏശാവിന്റെ മുമ്പിൽ നിന്ന് നീ ഓടിപ്പോകുമ്പോൾ നിനക്കു പ്രത്യക്ഷനായ ദൈവത്തിന് അവിടെ ഒരു യാഗപീഠം ഉണ്ടാക്കുക എന്നു കല്പിച്ചു.” ഉല്പത്തി 35 : 1*

ഇരുപത് വർഷം മുമ്പ് നിനക്ക് പ്രത്യക്ഷനായ ദൈവത്തിന് ബേഥേലിൽ ഒരു യാഗപീഠം ഉണ്ടാക്കുക എന്ന് പറഞ്ഞ് ദൈവം വീണ്ടും പ്രത്യക്ഷനായി.

*“യാക്കോബ് പദ്ദൻ-അരാമിൽ നിന്നു വന്നശേഷം ദൈവം അവനു പിന്നെയും പ്രത്യക്ഷനായി അവനെ അനുഗ്രഹിച്ചു.” ഉല്പത്തി 35 : 9*

ദൈവം അവനു പിന്നെയും പ്രത്യക്ഷനായി അവനെ

അനുഗ്രഹിച്ചു.

> *"അനന്തരം യിസ്രായേൽ തനിക്കുള്ള സകലവുമായി യാത്ര പുറപ്പെട്ടു ബേർ-ശേബയിൽ എത്തി തന്റെ പിതാവായ യിസ്ഹാക്കിന്റെ ദൈവത്തിനു യാഗം കഴിച്ചു. ദൈവം യിസ്രായേലിനോടു രാത്രി ദർശനങ്ങളിൽ: യാക്കോബേ, യാക്കോബേ എന്നു വിളിച്ചതിനു ഞാൻ ഇതാ എന്നു അവൻ പറഞ്ഞു. അപ്പോൾ അവൻ: ഞാൻ ദൈവം ആകുന്നു; നിന്റെ പിതാവിന്റെ ദൈവം തന്നേ. മിസ്രയീമിലേക്കു പോകുവാൻ ഭയപ്പെടേണ്ട; അവിടെ ഞാൻ നിന്നെ വലിയ ജാതിയാക്കും എന്ന് അരുളിച്ചെയ്തു."*
>
> *ഉല്പത്തി 46 : 1 – 3*

ഏഴുപ്രാവശ്യം ദൈവം യാക്കോബിന് പ്രത്യക്ഷനായി. സഹോദരങ്ങളേ, നിങ്ങൾക്ക് ദൈവികപ്രത്യക്ഷത വേണമോ? ദൈവം നേരിട്ട് ഇടപെടുന്നത് നിങ്ങൾക്ക് അനുഭവിക്കണമോ?

ദൈവത്തിന്റെ വചനത്തിൽക്കൂടി ദൈവം നിങ്ങൾക്ക് പ്രത്യക്ഷനാകുന്നു. അവൻ നമ്മോട് ഇടപെടുന്നു. പഴയകാര്യങ്ങൾ ഓർമ്മപ്പെടുത്തുന്നു. പണ്ടത്തെ സമർപ്പണത്തിന്റെ, പണ്ടത്തെ നേർച്ചയുടെ കാര്യം ഓർമ്മ പ്പെടുത്തുന്നു. പണ്ട് നേർച്ച നേർന്ന സ്ഥലത്തിന്റെ കാര്യം ഓർമ്മപ്പെടുത്തുന്നു.

പണ്ട് യാഗം കഴിച്ചതും യാഗപീഠം പണിതതുമായ സ്ഥലത്തിന്റെ കാര്യം ഓർമ്മപ്പെടുത്തുന്നു. പഴയകാര്യങ്ങൾ ഓർമ്മപ്പെടുത്തിയിട്ട് വീണ്ടും വാഗ്ദത്തങ്ങൾ പുതുക്കിത്തരുന്നു. ദൈവം വാഗ്ദത്തം തരുന്നവനാണ്. സ്നേഹിതരേ, ദൈവം നിങ്ങൾക്കിപ്പോൾ ചില വാഗ്ദത്തങ്ങൾ തരികയാണ്. അന്ത്യത്തോളം നിങ്ങളുടെ കൂടെയിരിക്കാമെന്ന് ദൈവം വാഗ്ദത്തം തരികയാണ്.

യാക്കോബിന് ഈ യാത്ര തീരുമെന്ന്, യാത്രയങ്ങ്

ഹാരാനിൽ എത്തുമെന്ന് പ്രതീക്ഷയില്ല. നാളെയെക്കുറിച്ച് യാതൊരു പ്രതീക്ഷയുമില്ലാതെ, ആയുസ്സിനെക്കുറിച്ച് ഇനിയൊരു പ്രതീക്ഷയുമില്ലാതെ, ആരോഗ്യം ലഭിക്കുമോ, ഇനിയെനിക്ക് ഒരു നല്ലകാലം കിട്ടുമോ എന്ന് ഒരു പ്രതീക്ഷയുമില്ലാതെ മനസ്സ് വിങ്ങി വലഞ്ഞിരിക്കുന്ന എന്റെ ബഹുമാന്യസ്നേഹിതരേ, നിങ്ങളോട് ദൈവം പറയുന്നു: നിനക്ക് ഞാൻ പ്രതീക്ഷ തരികയാണ്. നിനക്ക് ഞാൻ വാഗ്ദാനങ്ങൾ തരികയാണ്.

പുതിയ കാഴ്ചപ്പാട് നിനക്ക് തരാം, പുതിയ വഴികളിലൂടെ നിന്നെ കൊണ്ടുപോകാം, പുതിയ അനുഭവങ്ങളിലേക്ക് നിന്നെ നയിക്കാം, അനുഗൃഹീതമായ കാലങ്ങൾ നിനക്ക് തരാം എന്നു പറഞ്ഞുകൊണ്ട് സ്വർഗ്ഗത്തിലെ ദൈവം നിന്റെ അരികിലേക്ക് വന്ന് നിന്നെ തലോടുകയാണ്.

നിന്നെയവൻ ചേർത്തണയ്ക്കുകയാണ്. മകളേ, അവൻ തന്റെ കരം നിന്റെ ശിരസ്സിൽ വയ്ക്കുകയാണ്. അവൻ നിന്നെ ആശ്വസിപ്പിക്കുകയാണ്. നിന്റെ കണ്ണുനീര് തുടച്ചു തരികയാണ്. നിന്റെ ദു:ഖഭാരങ്ങൾ അകറ്റിത്തരികയാണ്. നിന്റെ മാനസക്ലേശങ്ങൾ ദൂരീകരിച്ച് സമാധാനം നിറപടിയായി പകർന്ന് തരികയാണ്.

> *"അതിന്മീതെ യഹോവ നിന്നു അരുളിച്ചെയ്തത്: "ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും."*
>
> *ഉല്പത്തി 28 : 13*

യാക്കോബ് അത്ഭുതപ്പെട്ടു. തീരുകയാണെന്നാണ് വിചാരിച്ചത്. വിവാഹം നടക്കുക! മക്കളുണ്ടാവുക! അതൊന്നും ചിന്തിക്കാൻപോലും സാദ്ധ്യമല്ല. പ്രതീക്ഷകളെല്ലാം തീർന്ന കാര്യമല്ലേ? അപ്പോഴാണ് ദൈവം പറയുന്നത്: ഈ ഭൂമിയെ

ഞാൻ നിനക്ക് തരും; നിന്റെ സന്തതിയ്ക്കും തരും.

അങ്ങനെയൊരു പ്രതീക്ഷയൊന്നും യാക്കോബിനില്ല. എനിക്ക് മക്കളുണ്ടാകുമോ? വിവാഹമുണ്ടാകുമോ? എനിക്കൊരു ഭാവിയുണ്ടോ? ദൈവപൈതലേ, നിന്റെ പ്രതീക്ഷകളെല്ലാം തകർന്നിരിക്കുമ്പോൾ സ്വർഗ്ഗത്തിലെ ദൈവം ചില പുതുനാമ്പുകൾ നിനക്ക് കിളിർപ്പിച്ച് തരികയാണ്. ആശയുടെ പുതുകിരണങ്ങൾ നിനക്ക് തരികയാണ്.

ഇനിയുണ്ടോ ഈ കടം തീരാൻ പോകുന്നു? ഈ കടം ഞാൻ മരിച്ചാലും തീരുമോ? അതല്ലേ നീ ചിന്തിച്ചുകൊണ്ടിരുന്നത്? ഇന്ന് ജീവനുള്ള ദൈവം നിന്നെ സന്ദർശിക്കുന്ന ദിവസമാണ്. അനുഗ്രഹിക്കുന്ന ദിവസമാണ്.

ഒന്നാമത്തെ വാഗ്ദത്തം അതാണ്: “നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിയ്ക്കും തരും. ”

രണ്ടാമത്തെ വാഗ്ദത്തം: “നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും.” ഒന്നോ രണ്ടോ മക്കൾ അല്ല, ഭൂമിയിലെ പൂഴിപോലെ സന്തതി പരമ്പരകൾ നിനക്കുണ്ടാകും. ഉല്പത്തി പുസ്തകം പന്ത്രണ്ടാം അദ്ധ്യായത്തിൽ അബ്രാഹാമിന് കൊടുത്ത ‘ഏഴ്’ വാഗ്ദത്തങ്ങൾപോലെ യാക്കോബിനും ‘ഏഴ്’ വാഗ്ദത്തങ്ങൾ ലഭിക്കുകയാണ്. ‘ഏഴ്’ പൂർണ്ണതയെ കാണിക്കുന്നു. പൂർണ്ണമായ വാഗ്ദത്തങ്ങൾ!

നിറവുറ്റ വാഗ്ദത്തങ്ങൾ! അപ്പന്റെ അപ്പന് കൊടുത്ത വാഗ്ദത്തം. അതെ, ദൈവം മാറ്റമില്ലാത്തവനാണ്. ഈ ദൈവം നിനക്കും വാഗ്ദത്തം തരികയാണ്. അപ്പന്റെ അപ്പൻ കടന്നുപോയി, മക്പേലാ ഗുഹയിൽ വിശ്രമിക്കുകയാണ്. ഇന്ന് അപ്പന്റെ അപ്പൻ ഭൂമിയിലില്ല. എന്നിട്ടും യാക്കോബിന് അതേപോലെ വാഗ്ദത്തങ്ങൾ പുതുക്കിക്കൊടുക്കുകയാണ്.

സ്നേഹത്തിന്റെ വാഗ്ദാനങ്ങൾ തരുന്ന ദൈവം! കരുതലിന്റെ വാഗ്ദാനങ്ങൾ തരുന്ന ദൈവം! Promises and

provisions and protection ദൈവം നമുക്കുവേണ്ടി കരുതിവച്ചിരിക്കുന്നു. ദൈവം വാഗ്ദാനങ്ങൾ കരുതിവച്ചിരിക്കുന്നു. കരുതൽ കരുതിവെച്ചിരിക്കുന്നു. സംരക്ഷണം കരുതിവെച്ചിരിക്കുന്നു. സുരക്ഷിതത്വം കരുതിവെച്ചിരിക്കുന്നു. നമ്മെ കാക്കുന്ന ദൈവം!

ദൈവം ഉണ്ട് എന്നതിന് തെളിവെന്താണെന്നറിയാമോ? ഞാൻ പ്രാർത്ഥിക്കുമ്പോൾ പ്രാർത്ഥന കേൾക്കുന്ന ദൈവം എന്റെ അരികത്ത് വരുന്നു എന്നുള്ളത് അനുഭവിക്കുന്നതാണ് ഏറ്റവും വലിയ തെളിവ്. വേറെ തെളിവൊന്നും തേടിപ്പോകണ്ട.

പ്രിയപ്പെട്ടവരേ, ഞാൻ സ്നേഹത്തോടെ നിങ്ങളോട് പറയട്ടെ. ഈ ദൈവത്തെക്കിട്ടാൻ നിങ്ങൾ മതം മാറണ്ട, സമുദായം മാറണ്ട, സഭ മാറണ്ട, കക്ഷി മാറണ്ട. നിങ്ങളുടെ ഹൃദയം ദൈവം മാറ്റിത്തരും. ആ ദൈവം കർത്താവായ യേശുക്രിസ്തുവാണ്.

യേശുക്രിസ്തു നിങ്ങളുടെ ഹൃദയത്തിൽ സമാധാനം തരും. യേശു നിങ്ങൾക്കുവേണ്ടി ജീവൻ വെടിഞ്ഞവനാണ്. നിങ്ങൾക്കുവേണ്ടി തിരുരക്തം ചിന്തിയവനാണ്. നിങ്ങൾക്കുവേണ്ടി കുറ്റമില്ലാത്ത രക്തം ഒഴുക്കിയവനാണ്.

നിങ്ങൾക്കുവേണ്ടി കരണത്ത് അടിയേറ്റവനാണ്. നിങ്ങൾക്കുവേണ്ടി മുഖത്തുനിന്ന് രോമങ്ങൾ പിഴുതെടുക്കുവാൻ തന്നെത്തന്നെ വിട്ടുകൊടുത്തവനാണ്. അവൻ മുഖത്തു തുപ്പലേറ്റവനാണ്. ശിരസ്സിൽ മുൾമുടി വച്ചവനാണ്. അവന്റെ കൈകാലുകൾ തുളയ്ക്കപ്പെട്ടതാണ്.

അവന്റെ ചങ്കിൽ കുന്തംകൊണ്ട് കുത്തി. അവന്റെ പുറം ഉഴവുചാലുപോലെ വിണ്ടുകീറി. അവന്റെ ശരീരം ഇതാ തിണർത്തിരിക്കുന്നു. അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നിരിക്കുന്നു.

ഈ യേശുവിനെ ആര് കൈക്കൊള്ളുന്നുവോ, ഈ

യേശുവിനെ ഹൃദയത്തിലേക്ക് ആര് സ്വീകരിക്കുന്നുവോ, അവരുടെ ഹൃദയം മാറും. അവരുടെ ജീവിതം പ്രസന്നമാകും. അവരുടെ ജീവിതം പ്രശോഭിതമാകും. അവരുടെ ജീവിതം പ്രഫുല്ലമാകും. അവരുടെ ജീവിതം വിടർന്ന് വരും. അവരുടെ ജീവിതം അനുഗൃഹീതമായിത്തീരും.

യേശുവിനെ കൈക്കൊള്ളുവിൻ. യേശുവിനെ സ്വീകരിപ്പിൻ. യേശുവിന്റെ തിരുരക്തം നിങ്ങളെ കഴുകട്ടെ. യേശുവിന്റെ തിരുരക്തം നിങ്ങൾക്ക് ശുദ്ധീകരണം തരട്ടെ. നിങ്ങൾക്ക് രൂപാന്തരം തരട്ടെ. യേശുക്രിസ്തുവിന്റെ തിരുരക്തം നിങ്ങൾക്ക് പുതിയ ഹൃദയം തരട്ടെ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# ഒൻപത്

*"നീയോ, എന്റെ ദാസനായ യിസ്രായേലേ, ഞാൻ തിരഞ്ഞെടുത്ത യാക്കോബേ, എന്റെ സ്നേഹിതനായ അബ്രാഹാമിന്റെ സന്തതിയേ, നീ എന്റെ ദാസൻ, ഞാൻ നിന്നെ നിരസിച്ചുകളയാതെ തിരഞ്ഞെടുത്തിരിക്കുന്നു എന്നു പറഞ്ഞുകൊണ്ടു ഭൂമിയുടെ അറ്റങ്ങളിൽ നിന്നു എടുക്കയും അതിന്റെ മൂലകളിൽ നിന്ന് വിളിച്ചുചേർക്കയും ചെയ്തിരിക്കുന്നവനായുള്ളോവേ, നീ ഭയപ്പെടേണ്ട; ഞാൻ നിന്നോടുകൂടെ ഉണ്ട്; ഭ്രമിച്ചുനോക്കേണ്ടാ, ഞാൻ നിന്റെ ദൈവം ആകുന്നു; ഞാൻ നിന്നെ ശക്തീകരിക്കും; ഞാൻ നിന്നെ സഹായിക്കും; എന്റെ നീതിയുള്ള വലംകൈകൊണ്ടു ഞാൻ നിന്നെ താങ്ങും."* *യെശയ്യാവ് 41 : 8 – 10*

യാക്കോബിനോട് ദൈവം പണ്ട് വാഗ്ദാനം ചെയ്തത് പിന്നെയും നൂറ്റാണ്ടുകൾ കഴിഞ്ഞ് യെശയ്യാ പ്രവാചകന്റെ കാലത്ത് നിത്യനായ ദൈവം യാക്കോബിന്റെ സന്തതി പരമ്പരയോട് ആവർത്തിച്ചുറപ്പിച്ച് പ്രഖ്യാപിക്കുകയാണ്.

ദൈവം പറയുന്നു: "ഞാൻ നിന്നെ നിരസിച്ചു കളയുകയില്ല. നിന്റെ സ്വഭാവത്തിൽ നിത്യനായ ദൈവം നിന്നെ നിരസിക്കാനുള്ള അനേകം കാര്യങ്ങൾ സംഭവിച്ചുപോയിട്ടുണ്ട്. എന്നാൽ യാക്കോബേ, ഞാൻ നിന്നെ നിരസിച്ചുകളയുകയില്ല.

നീ ഭ്രമിച്ചു നോക്കണ്ട, നീ ഭയപ്പെടേണ്ട, ഞാൻ നിന്നെ

തള്ളിക്കളയുകയില്ല; ഞാൻ നിന്നെ തിരഞ്ഞെടുത്തിരിക്കുന്നു. ഞാൻ നിന്നെ വിളിച്ചുചേർത്തിരിക്കുന്നു. എന്റെ വലംകൈ കൊണ്ട് ഞാൻ നിന്നെ പിടിച്ചിരിക്കുന്നു. ഞാൻ നിന്നെ സഹായിക്കും.”

ഉല്പത്തിപുസ്തകം ഇരുപത്തിയെട്ടാം അദ്ധ്യായത്തിൽ ദൈവം യാക്കോബിന് ദർശനം നൽകി. ദൈവം യാക്കോബിന് ഒരു ‘vision’ നൽകി. യാക്കോബിന് ദൈവം നൽകിയത് സ്വർഗ്ഗത്തോളം എത്തുന്ന ഒരു ‘കോവണി’ യുടെ ‘vision’ ആണ്. ആ കോവണിയുടെ മുകളിൽ നിത്യനായ ദൈവം എഴുന്നള്ളി നിന്നുകൊണ്ട് യാക്കോബിനോട് സംസാരിക്കു കയാണ്.

ദൈവം യാക്കോബിന് തന്റെ ‘voice’ നൽകുകയാണ്. ആദ്യം ദൈവം ഒരു ദർശനം നൽകി. മാത്രമല്ല, ദൈവം അതിനോട് ചേർത്ത് യാക്കോബിന് തന്റെ ശബ്ദം നൽകി. തന്റെ വചനം നൽകി.

ദൈവം ദർശനം നൽകുമ്പോഴെല്ലാം ദൈവികപ്രത്യക്ഷത തന്റെ വചനത്തിൽക്കൂടിയാണ്. ‘Vision’ എല്ലായ്പ്പോഴും ‘voice’-നോടു ചേർന്നാണ്. ദൈവിക ‘voice’ ഇല്ലാത്ത ‘vision’ ദൈവികമല്ല. അനേകർ ‘vision’ ലഭിച്ചു, എനിക്ക് ദർശനം ലഭിച്ചു എന്ന് പറയാറുണ്ട്. പക്ഷേ, ദൈവത്തിന്റെ ശബ്ദമില്ലാതെ, ദൈവത്തിന്റെ വചനമില്ലാതെ, ദൈവത്തിന്റെ വചനത്തോട് അനുസൃതമല്ലാതെ ലഭിക്കുന്ന ‘visions’ ദൈവത്തിന്റേതായിരി ക്കുകയില്ല.

ദൈവികമായ ദർശനം ലഭിച്ചു എന്ന് പറയുന്നത് അർത്ഥ വത്താകണമെങ്കിൽ, സ്വീകാര്യമാകണമെങ്കിൽ, ഒരു ഭക്തന് അത് കൈക്കൊള്ളാൻ സാധിക്കണമെങ്കിൽ ദൈവത്തിന്റെ വചനത്തിന്റെ പിൻബലം വേണം. വചനത്തിന്റെ ശക്തി വേണം

വചനത്തോട് കൂടെ ‘vision’ വേണം. ‘Divine voice’

ഇല്ലാതെ 'Divine vision' ഇല്ല. ദൈവത്തിന്റെ വചനം, ദൈവത്തിന്റെ ശബ്ദം അതായിരിക്കണം 'vision'-ന്റെ പിൻബലം. ദൈവവചനത്തോട് യോജ്യതയില്ലാത്ത, യാതൊരു 'vision'-ഉം നാം കൈക്കൊള്ളരുത്. അത് ദൈവികമാണെന്ന് കരുതിപ്പോകരുത്. പല കൂട്ടായ്മകളും തെറ്റിപ്പോകുന്നത് അവരുടെ vision ദൈവത്തിന്റെ വചനവുമായി ബന്ധമില്ല എന്നുള്ളതു കൊണ്ടാണ്.

വചനാനുസൃതമല്ലാതെ ലഭിക്കുന്ന 'vision' അനുസരിച്ച് പോകുമ്പോൾ തെറ്റിപ്പോകും. മനുഷ്യനെ തെറ്റിക്കാൻ പിശാച് ദർശനം മനുഷ്യന് കൊടുക്കാറുണ്ട്. ആ ദർശനം അത് ദൈവത്തിന്റെ വചനത്തിനു വിരുദ്ധമായി വരാറുണ്ട്. അപ്പോൾ മനുഷ്യൻ ഗ്രഹിച്ചുകൊള്ളണം ഇത് ദൈവത്തിന്റെ വചനത്തിന് ചേർന്നതല്ല എന്ന്. ദൈവത്തിന്റെ വചനത്തിന് ചേരാത്ത എല്ലാ ദർശനങ്ങളേയും നിങ്ങൾ തള്ളിക്കൊള്ളണം.

അനേക സഭകൾ തകരുന്നത്, അനേകം കൂട്ടായ്മകൾ തകരുന്നത്, 'vision' ലഭിക്കുന്നു പക്ഷേ, അതിന് വചനത്തിന്റെ പിൻബലമില്ല എന്നതുകൊണ്ടാണ്.

യാക്കോബിന് ദൈവത്തെ കാണാനിടയായി. കണ്ടു എന്ന് പറഞ്ഞാൽ ദൈവത്തിന്റെ ശബ്ദം കേട്ടു. ദൈവത്തിന്റെ ശബ്ദത്തോട് ചേർന്ന് കോവണിയുടെ ദർശനം ലഭിച്ചു. ഭൂമിയിലും ആകാശത്തിലും തൊട്ടിരിക്കുന്ന വലിയൊരു കോവണി! ആ കോവണിയുടെ മുകളിൽ നിന്ന് നിത്യനായ ദൈവം അരുളിച്ചെയ്യുന്ന സ്വരം യാക്കോബ് കേട്ടു.

> *"അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽക്കൂടി കയറുകയും ഇറങ്ങുകയുമായിരുന്നു. അതിന്മീതെ യഹോവ*

*നിന്ന് അരുളിച്ചെയ്തത്: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും."*
*ഉല്പത്തി 28 : 12, 13*

പ്രിയപ്പെട്ടവരേ, 'vision' ലഭിച്ചു, 'voice' ലഭിച്ചു. ഈ 'voice'-ൽ വലിയോരു 'Promise' ഉണ്ട്. ഒരു വാഗ്ദത്തമുണ്ട്. ആ വാഗ്ദത്തം എന്താണ്? ഞാൻ നിനക്ക് ഭൂമി തരുമെന്നാണ്.

ഈ കാലയളവിൽ ജീവിക്കുന്ന വിശ്വാസികളായ നമുക്ക് ദൈവം ഈ വാഗ്ദത്തം പുതുക്കിത്തരുമ്പോൾ അതിന്റെ അർത്ഥമെന്താണ്? നാം ഏക്കറുകണക്കിന് ഭൂമി സമ്പാദിക്കും എന്നാണോ? നാം ഈ ഭൂമിയിൽ കുറച്ച് സ്വത്ത് സമ്പാദിക്കും എന്നാണോ? അല്ല.

കർത്താവ് തന്റെ മലപ്രസംഗത്തിൽ പറഞ്ഞു:

*"സൗമ്യതയുള്ളവർ ഭാഗ്യവാന്മാർ; അവർ ഭൂമിയെ അവകാശമാക്കും."* *മത്തായി 5 : 5*

മുപ്പത്തിയേഴാം സങ്കീർത്തനത്തിലും അതേ വാക്യം നാം കാണുന്നുണ്ട്. ഭൂമിയെ അവകാശമാക്കും എന്ന്. ഏതാണ് ഈ ഭൂമി? അത് നിത്യപുതുവാനഭൂമിയാണ്! നിത്യമായ ഭൂമി! നിത്യമായ പുതിയ ആകാശവും പുതിയ ഭൂമിയും! അത് സ്വർഗ്ഗീയ ഭൂമിയാണ്! സ്വർഗ്ഗീയ അവകാശമാണ്!

സ്വർഗ്ഗത്തിൽ നമുക്ക് അവകാശം ലഭിക്കും. നമ്മുടെ ദേശം, നമ്മുടെ പാർപ്പിടം ഈ ഭൂമിയല്ല. നമുക്ക് സ്വർഗ്ഗീയമായ ഒരു പാർപ്പിടം അവൻ ഒരുക്കിയിട്ടുണ്ട്.

*"ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്തു നിങ്ങളും ഇരിക്കേണ്ടതിന്നു പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ*

*ചേർത്തുകൊള്ളും.” യോഹന്നാൻ 14 : 3*

യേശു ഇരിക്കുന്നിടത്ത് നാം ഇരിക്കണം. ആ സ്വർഗ്ഗീയവാസസ്ഥാനം, അതാണ് ‘നിത്യവാനഭൂമി’ എന്ന് പറയുന്നത്. പുതിയ ആകാശവും പുതിയ ഭൂമിയും!

*“ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി.” വെളിപ്പാട് 21 : 1*

പ്രിയപ്പെട്ടവരേ, ഇന്നു നാം കാണുന്നതെല്ലാം മാറിപ്പോകുന്നതാണ്. നിത്യനായ ദൈവത്തിന്റെ കരം വന്ന് ഈ ഭൂമിയെ മാറ്റിക്കളയുന്നത് എപ്പോഴാണെന്ന് നമുക്കറിഞ്ഞുകൂടാ. എന്നാൽ ഒരു ദിവസം, “ആകാശം കൊടുംമുഴക്കത്തോടെ ഒഴിഞ്ഞുപോകും” എന്ന് വേദപുസ്തകം പറയുന്നു. ഈ ഭൂമിയും ഭൂമിമേലുള്ള പണികളുമെല്ലാം വെന്തുപോകും.

ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകും. ഒരു പുതിയ ലോകം തുറക്കും. പുതിയ ജീവിതമുണ്ടാകും. ആ പുതിയ ഭൂമിയിൽ, സ്വർഗ്ഗീയ ഭൂമിയിൽ വാസം ചെയ്യുവാൻ നമുക്ക് ദൈവം അവകാശം തരികയാണ്. അതാണ് പറഞ്ഞത്: “നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും.”

കർത്താവായ യേശുക്രിസ്തു നമുക്ക് തരുന്ന വാഗ്ദത്തമതാണ്. അവിടുന്ന് സ്വർഗ്ഗത്തിൽ നിന്ന് ഭൂമിയിലേക്കിറങ്ങിവന്നത്, അവിടുന്ന് ക്രൂശിൽ മരിച്ചത്, മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റത്, സ്വർഗ്ഗത്തിലേക്ക് കയറിപ്പോയത്, തന്റെ പരിശുദ്ധാത്മാവിനെ അയച്ചുതന്നത് എന്തിനു വേണ്ടി? നമുക്ക് സ്വർഗ്ഗീയ അവകാശം തരാൻ.

നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരുമെന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് യാക്കോബിന് കൊടുത്ത വാഗ്ദത്തം ഇന്ന് ദൈവം നമുക്ക് പുതുക്കിത്തരുമ്പോൾ

നാം ഗ്രഹിക്കുന്നതെന്താണ്? ഈ സ്വർഗ്ഗീയ അവകാശത്തിലേക്ക് ദൈവം നമ്മെ മാടിവിളിക്കുന്നു.

ഇവിടെ നാം ഭൗമികപൗരത്വം ഉള്ളവരാണ്. എന്നാൽ അപ്പൊസ്തലനായ പൗലോസ് ഫിലിപ്പിയർക്ക് ലേഖനം എഴുതിയപ്പോൾ പറഞ്ഞു:

*"നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെനിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരുമെന്ന് നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും."*

*ഫിലിപ്പിയർ 3 : 20, 21*

നമ്മുടെ ഈ ശരീരം മാറിയിട്ട് മഹത്വമുള്ള ശരീരം നാം പ്രാപിക്കും. വലിയോരു തേജസ്സ് നമ്മിൽ വെളിപ്പെടും. ഒരു ആത്മശരീരം, പുതിയ തേജസ്സിന്റെ ശരീരം നമുക്ക് ലഭിക്കും. അത് ഓരോ വിശ്വാസിക്കുമുള്ള അവകാശമാണ്. പുതിയ ഭൂമിയിൽ വാഴുവാൻ പുതിയ ശരീരം നമുക്ക് ലഭിക്കും. അത് തേജസ്സിന്റെ ശരീരമായിരിക്കും.

ഈ ദ്രവത്വമുള്ള ശരീരം മാറിപ്പോയിട്ട് അദ്രവത്വമായ, ശരീരം നമുക്ക് ലഭിക്കും. മൺമയമായതു മാറിപ്പോയിട്ട് വിൺമയമായ ശരീരം നമുക്ക് ലഭിക്കും.

*"ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യ മായത് അമർത്യത്വത്തെയും ധരിക്കേണം."*

*1 കൊരിന്ത്യർ 15 : 53*

ഇതെല്ലാം സംഭവിക്കുമോ? ചിലർ വിശ്വസിക്കുന്നു. ചിലർ കേട്ട് വിട്ട് പോകുന്നു. എന്നാൽ നിങ്ങൾ വ്യക്തമായി ഒരുദിവസം ഇതെല്ലാം അക്ഷരികമായി നേരിൽ കാണും.

അപ്പോൾ നിങ്ങൾ അത്ഭുതപ്പെടും.

അന്ന് നിങ്ങൾ ഇതു കാണുന്നത്, ധനവാൻ പാതാളത്തിൽ യാതന അനുഭവിക്കുമ്പോൾ മുകളിലേക്ക് നോക്കിക്കണ്ടതു പോലെയായിരിക്കരുത്. നിങ്ങൾ അബ്രാഹാമിന്റെ മടിയിലിരിക്കുന്നു എന്ന് പറയുന്ന പ്രകാരം വിശുദ്ധന്മാരുടെ നിരയിൽ നിന്നുകൊണ്ട്, കർത്താവായ യേശുവിന്റെ സന്നിധാനത്തിൽ ഇരുന്നുകൊണ്ട് അത് കാണുകയും അനുഭവിക്കുകയും ചെയ്യേണ്ടവരാണ്.

അതിനുവേണ്ടി മാത്രമാണ് വചനശുശ്രൂഷകൾ! അതിനുവേണ്ടിയാണ് ഈ വേദപുസ്തകം എഴുതപ്പെട്ടിരിക്കുന്നത്. അതിനുവേണ്ടിയാണ് ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഇന്ന് അദ്ധ്വാനിച്ചുകൊണ്ടിരിക്കുന്നത്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഇന്ന് മനുഷ്യഹൃദയങ്ങളിൽ വ്യാപരിച്ചുകൊണ്ടിരിക്കുന്നത് ഈ സ്വർഗ്ഗീയ അവകാശത്തിലേക്ക് നമ്മെ എല്ലാവരെയും കൊണ്ടുവരാനാണ്. “നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിയ്ക്കും തരും.” പ്രിയപ്പെട്ടവരേ, എനിക്ക് മാത്രമല്ല സന്തതിപരമ്പരകൾക്കും തരുമെന്നാണ് പറഞ്ഞത്. ദൈവത്തിന്റെ നിയമം അതാണ്.

മക്കളെയോർത്ത് ആവലാതിപ്പെടുന്നവരുണ്ട്. അയ്യോ! എന്റെ മകൻ നഷ്ടപ്പെട്ടുപോകുന്നല്ലോ, അവൻ സുബോധമില്ലാതെ നടക്കുന്നല്ലോ, എന്റെ മകൾ വഴിതെറ്റിപ്പോകുന്നല്ലോ, അവൾ അല്പംപോലും വിവേകമില്ലാത്തവളെപ്പോലെ ജീവിക്കുന്നല്ലോ. എന്റെ ദൈവമേ, അല്പംപോലും ചുമതലാബോധമില്ലാതെ എന്റെ മക്കൾ പോകുന്നല്ലോ. ഞാൻ കഷ്ടപ്പെട്ട് നേടിയെടുത്തതെല്ലാം ഇവർ നശിപ്പിച്ചുകൊണ്ടിരിക്കുന്നുവല്ലോ. ഇന്ന് ലോകത്തെമ്പാടും മക്കളെയോർത്തുള്ള ആശങ്കകളും ആവലാതികളും ഹൃദയത്തെ മഥിച്ചുകൊണ്ടിരിക്കുകയാണ്.

സ്നേഹിതരേ, ദൈവത്തിന്റെ വാഗ്ദത്തം എന്താണ്? ദൈവത്തിന്റെ വചനം കൈക്കൊണ്ട് നീ ഒരാൾ ഈ അവകാശം പ്രാപിച്ച് കഴിഞ്ഞാൽ നിന്റെ സന്തതിയ്ക്കും നിന്റെ സന്തതിയുടെ സന്തതിയ്ക്കും ഈ അനുഗ്രഹത്തിന്റെ അവകാശം പ്രാപിക്കാൻ പറ്റുമെന്നാണ് ദൈവം തരുന്ന വാഗ്ദത്തം.

തലമുറ തലമുറയായി ഞാൻ നിന്നെ അനുഗ്രഹിക്കാം എന്നാണ് നിത്യനായ ദൈവം കല്പിക്കുന്നത്. പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ ഈ വാഗ്ദത്തം ഞാൻ സ്വന്തമാക്കണം. ഞാൻ അവകാശമാക്കണം.

അതിന് ഞാൻ എന്താണ് ചെയ്യേണ്ടത്? മറ്റൊന്നും ചെയ്യേണ്ട, വിശ്വസിക്ക മാത്രം ചെയ്യുക. ഞാൻ കേവലം മനുഷ്യനാണ്. എനിക്ക് നേടിയെടുക്കാവുന്നതല്ല. ചന്ദ്രനിലേക്ക് കുതിച്ച് പറക്കാൻ നോക്കിയാൽ സാധിക്കുമോ? വിമാനത്തിൽ കയറിയാൽ ചന്ദ്രനിലേയ്ക്ക് ചെല്ലാൻ പറ്റുമോ? ചന്ദ്രനിലേക്കു പോകുന്ന വാഹനത്തിൽ തന്നെ കയറണം. നീൽ ആംസ്ട്രോങ്ങ് ചന്ദ്രനിലേക്കു പോകുന്ന വാഹനത്തിൽ കയറി. ചന്ദ്രനിൽ ചെന്നിറങ്ങി. അനേകം ചാന്ദ്രയാത്രികർ ചന്ദ്രനിലേക്ക് പോയത് അതിനുവേണ്ടി സജ്ജീകൃതമായ വാഹനത്തിലാണ്.

സ്വർഗ്ഗത്തിലേക്കുപോകുവാൻ ഒരു വാഹനമുണ്ട്. സ്വർഗ്ഗത്തിൽ നിന്ന് പറന്നിറങ്ങി വന്ന ഒരു വാഹനം! സ്വർഗ്ഗത്തിലേക്ക് കയറിപ്പോയ ഒരു വാഹനം! ആ വാഹനത്തിൽ കയറാൻ ആ വാഹനമിതാ നമ്മുടെ മുമ്പിലേക്ക് ഇറക്കിവച്ചിരിക്കുന്നു.

നമ്മുടെ അരികിലേക്ക് കടന്നുവന്നിരിക്കുന്നു. കർത്താവായ യേശുക്രിസ്തുവിതാ നമ്മുടെ സമീപത്തേയ്ക്ക് കടന്നുവന്നി രിക്കുന്നു. നമുക്ക് എത്തിപ്പിടിയ്ക്കാൻ പാകത്തിന്, നമുക്ക് അടുത്ത് ചെല്ലാൻ പാകത്തിന് വചനം നമുക്ക് സമീപസ്ഥ

മായിരിക്കുന്നു. വചനം നമ്മുടെ അരികിലേക്ക് ഇറങ്ങി വന്നിരിക്കുന്നു.

വേണമെങ്കിൽ നമുക്ക് സ്വീകരിക്കാം. വേണമെങ്കിൽ കൈക്കൊള്ളാം. വേണമെങ്കിൽ നമുക്ക് അകത്ത് കടക്കാം. ഈ വാഹനത്തിൽ കയറി ഇരിക്കാം. അവന്റെ ചങ്കിതാ തുറന്നിരിക്കുന്നു. അവന്റെ തിരുവിലാവിൽ നിന്ന് നമുക്കു വേണ്ടി തിരുരക്തം ഇതാ ഒഴുകുന്നു. ആ സ്നേഹത്തിന്റെ തിരുരക്തം, ഏതു പാപിയെയും കഴുകുവാൻ, ഏത് അശുദ്ധനേയും വിശുദ്ധീകരിക്കാൻ ആ തിരുരക്തം ഇന്ന് ഒഴുകിക്കൊണ്ടിരിക്കുകയാണ്.

സഹോദരങ്ങളേ, നിങ്ങൾ വിശ്വസിക്കൂ. ആ തിരുവിലാവ് തുറന്നിരിക്കുന്നു. ആർക്കും കടന്നുവരാം. ആർക്കും പ്രവേശിക്കാം. സ്വർഗ്ഗീയ അവകാശഭൂമിയിലേക്ക് പറക്കാൻ ഈ സ്വർഗ്ഗീയ വാഹനത്തിലേക്ക് നിങ്ങൾക്ക് കയറാം. സ്വർഗ്ഗത്തിൽ നിന്ന് പറന്നിറങ്ങിവന്ന വാഹനം ഇതാ, നിങ്ങളുടെ അരികത്ത് വന്ന് ‘land’ ചെയ്തിരിക്കുന്നു.

ദൈവമക്കളേ, നിങ്ങളുടെ അരികത്ത് വന്നിറങ്ങിയിരിക്കുന്ന കർത്താവായ യേശുവിനെ ഇപ്പോൾ നിങ്ങളൊന്ന് സ്വീകരിക്കുമോ? യേശുവിനെ നിങ്ങൾ കൈക്കൊള്ളുമോ? സ്നേഹിതരേ, യേശു നമ്മുടെ അരികത്തുണ്ട്. അവൻ നിങ്ങളുടെ സമീപത്ത് വന്ന് നിൽക്കുകയാണ്. മോനേ, അവൻ നിന്റെ അരികത്തു തന്നെയുണ്ട്.

ഇനി താമസിക്കുന്നതെന്ത്? നീ ദൈവത്തെ വിളിച്ച പേക്ഷിക്കൂ. ദൈവകരങ്ങളിലേക്ക് നിന്നെ ഏൽപ്പിക്കൂ. ആ സ്നേഹത്തിന്റെ നിറവായ ഹൃദയത്തിനുള്ളിലേക്ക്, തിരുവിലാവിലേക്ക് മകനേ, നീ കടന്നുവരൂ. നിനക്ക് അകത്ത് പ്രവേശിക്കാം.

ഇതുവരെയുള്ള ജീവിതം പാപമയമാണ്, അശുദ്ധമാണ്,

കാപട്യമാണ്. നിന്റെ ഭക്തി കപടഭക്തിയാണ്. ഇതുവരെ തെറ്റുകൾ സംഭവിച്ചതാണ്. എന്നാൽ ഇന്ന് നീ സകലവും മറന്ന് നിന്നെത്തന്നെ എനിക്കു തരുവിൻ. ഞാൻ നിന്നെ വഹിക്കാം. ഞാൻ നിന്നെ നരയ്ക്കുവോളം ചുമക്കാം. ഞാൻ നിന്നെ സ്വർഗ്ഗീയസോപാനങ്ങളിലേക്ക് കയറ്റാം.

ദൈവം തരുന്ന വാഗ്ദത്തങ്ങളിൽ നിങ്ങൾ വിശ്വസിക്കൂ. ദൈവകരങ്ങളിലേക്ക് നിങ്ങളെ ഏൽപ്പിക്കൂ. ദൈവത്തോട് വാക്ക് പറയൂ. കർത്താവേ, ഈ വചനത്തിന്റെ മുമ്പിൽ ഞാൻ വിനയപ്പെടുന്നു. എന്നെ ഞാനിതാ നിന്റെ പാദപീഠത്തിങ്കൽ സമർപ്പിക്കുന്നു. ഇന്നുമുതൽ ഞാൻ നിന്റെ അടിമ.

## പത്ത്

*"നിന്റെ ദൈവമായ യഹോവ എന്ന ഞാൻ നിന്റെ വലംകൈ പിടിച്ചു നിന്നോട്: ഭയപ്പെടേണ്ട, ഞാൻ നിന്നെ സഹായിക്കും എന്നു പറയുന്നു. പുഴുവായ യാക്കോബേ, യിസ്രായേൽപരിഷയേ, ഭയപ്പെടേണ്ട; ഞാൻ നിന്നെ സഹായിക്കും എന്ന് യഹോവ അരുളിച്ചെയ്യുന്നു; നിന്റെ വീണ്ടെടുപ്പുകാരൻ യിസ്രായേലിന്റെ പരിശുദ്ധൻ തന്നെ."*

*യെശയ്യാവ് 41 : 13, 14*

ദൈവം വലംകൈയ്ക്കു പിടിച്ചിരിക്കുന്നു. എന്തൊരു ഉറപ്പാണത്! പരീക്ഷാഹാളിൽ ഇരിക്കുമ്പോൾ കർത്താവ് വലംകൈയ്ക്ക് പിടിക്കുന്നു. ജോലി ചെയ്ത് ക്ഷീണിച്ചു തളരുമ്പോൾ, ശരീരം വാടുമ്പോൾ, എവിടെയെങ്കിലും ഒന്നിരിക്കുകയോ കിടക്കുകയോ ചെയ്താൽ മതിയായിരുന്നു എന്നോർക്കുമ്പോൾ കർത്താവിന്റെ വലംകരം വന്ന് പിടിക്കുന്നു.

നിരാശാകരമായ സാഹചര്യങ്ങൾ വരുന്നു. കുടുംബത്തിൽ ക്ലേശങ്ങൾ വരുന്നു. അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടാകുന്നു. ഐക്യം നഷ്ടപ്പെടുന്നു. അമ്മായിയമ്മയും മരുമകളും തമ്മിൽ ഇഷ്ടക്കുറവാകുന്നു. അമ്മായിയമ്മയുടെ പോരുകൊണ്ട് മകളുടെ ഉള്ളം വിങ്ങുന്നു.

സ്നേഹമില്ലായ്മ വീട്ടിൽ മുഴുവനും ഹൃദയത്തെ പിളർക്കുന്ന വിധത്തിൽ ആഞ്ഞടിക്കുന്നു. ഭർത്താവിന്റെ മർദ്ദനം - കൈകൊണ്ടുള്ള മർദ്ദനം, കാലുകൊണ്ടുള്ള മർദ്ദനം -ഏറ്റവും ഉപരിയായി വാക്കുകൾ കൊണ്ടുള്ള കത്തിപ്രയോഗം,

ഹൃദയം മുറിപ്പെടുത്തുന്ന വാക്കുകൾ.

കർത്താവ് പറയുന്നു: “പുഴുവായ യാക്കോബേ, ഭയപ്പെടേണ്ട, ഞാൻ എന്റെ വലംകരംകൊണ്ട് നിന്നെ പിടിച്ചിരിക്കുന്നു.”

രോഗക്കിടക്കയിൽ വാടിത്തളർന്ന് കിടക്കുകയാണ്. ശരീരം ക്ഷീണിച്ചു ക്ഷീണിച്ചു വരുന്നു. മാരകമായ രോഗമാണെന്നാണ് ഡോക്ടേഴ്സ് പറയുന്നത്. എന്ത് ചെയ്യണമെന്ന് അറിയാൻ പാടില്ല. മരണം അടുത്തടുത്ത് വരികയാണോ? മനസ്സ് പതറുകയാണ്.

പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് ഏതെല്ലാം കാര്യങ്ങളിൽ ഭയപ്പാടുകളുണ്ട്? ഏതെല്ലാം കാര്യങ്ങളിൽ ഭീതികളുണ്ട്? ഏതെല്ലാം കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് അഴലുന്നുണ്ട്? നാളെയെ ഓർത്തുള്ള വേവലാതികൊണ്ട് നിങ്ങൾ വലയുന്നുണ്ട്? സ്നേഹിതരേ, എന്നാൽ ജീവനുള്ള ക്രിസ്തു ആണിപ്പാടുള്ള കരംകൊണ്ട് നമ്മെ പിടിക്കുന്നു എന്നുള്ള ഒരുറപ്പ് നമുക്കുണ്ടെങ്കിൽ നാം എത്ര ഭാഗ്യശാലികളാണ്!

തനിയെ ഇരുന്നു ധ്യാനിക്കുമ്പോൾ ഞാൻ ചിന്തിക്കാറുണ്ട്: കർത്താവേ, നിന്റെ കൈകൾ ജീവനുള്ള കൈകളാണ്. പരിശുദ്ധമായ കൈകളാണ്. നിന്റെ കൈകൾ എന്നെ മെനഞ്ഞെടുത്ത കൈകളാണ്. നിന്റെ പരിശുദ്ധമായ കൈകൾകൊണ്ട് എന്നെ തൊടുവാൻ എനിക്ക് അർഹതയില്ലല്ലോ. എന്റെ ശരീരം അശുദ്ധമാണ്. എന്റെ മനസ്സും ഹൃദയവും അശുദ്ധമാണ്.

എന്റെ വികാരങ്ങൾ അശുദ്ധമാണ്. എന്റെ രക്തത്തിൽ അശുദ്ധി കലർന്നിരിക്കുന്നു. ഞാൻ അശുദ്ധനായോരു മനുഷ്യൻ, ഞാൻ അഹങ്കാരമുള്ളോരു മനുഷ്യൻ, അവിവേകമുള്ളോരു മനുഷ്യൻ, ഞാൻ അലസതയുള്ളോരു മനുഷ്യൻ.

ഇങ്ങനെ നിങ്ങളെത്തന്നെ കാണുമ്പോൾ നിങ്ങൾ

ഞെട്ടിവിറയ്ക്കും. നിങ്ങൾ ഭയപ്പെടണ്ട. അവൻ നമ്മെ നിരസിക്കുന്നില്ല. കഴിഞ്ഞ കാലങ്ങളിൽ സംഭവിച്ച തെറ്റുകളൊന്നും ഓർക്കുന്നില്ല. നമുക്ക് വന്ന അശുദ്ധി, നമുക്ക് വന്ന അഹങ്കാരം, നമുക്ക് വന്ന പരാജയങ്ങൾ, ഒന്നും അവൻ ഓർക്കുന്നില്ല.

എന്നുമെന്നും തീരുമാനമെടുക്കും, എന്നുമെന്നും തോൽവിയടയും. അതും ദൈവം ഓർക്കുന്നില്ല. ഞാൻ നിന്നെ നിരസിക്കാതെ ഞാൻ നിന്റെ വലംകൈയ്ക്ക് പിടിച്ചിരിക്കുന്നു.

ഉല്പത്തിപുസ്തകം 28-ാം അദ്ധ്യായത്തിൽ യാക്കോബിനുണ്ടായ 'vision', 'vision' നോട് ചേർന്നുണ്ടായ 'voice'; ആ 'voice' - ൽ ഏഴ് വാഗ്ദത്തങ്ങൾ! യാക്കോബിന് ദൈവം കൊടുത്ത ഏഴ് വാഗ്ദത്തങ്ങൾ! പുതിയനിയമ യിസ്രായേലായ നമുക്ക് ഈ വാഗ്ദത്തങ്ങൾ പുതുക്കിത്തരുന്നു എന്ന് നിങ്ങൾ വിശ്വസിക്കൂ.

ഏഴ് വാഗ്ദത്തങ്ങൾ ദൈവം അബ്രാഹാമിന് കൊടുത്തു. ആ ഏഴ് വാഗ്ദത്തങ്ങൾ ദൈവം യിസ്ഹാക്കിന് പുതുക്കിക്കൊടുത്തു. ആ വാഗ്ദത്തങ്ങൾ തന്നെ ദൈവം യാക്കോബിന് പുതുക്കിക്കൊടുക്കുന്നു. തലമുറകൾ മാറിമാറി വരുന്നു. ദൈവത്തിന്റെ വാക്ക് മാറുന്നില്ല.

നാം ഭൂമിയിൽ നിന്ന് കടന്നുപോകും. എന്നാൽ നമ്മോടു പറഞ്ഞ വാക്കുകൾ ദൈവം മറക്കുകയില്ല. നമ്മുടെ മക്കൾക്ക് ആ വാക്കുകൾ അനുഗ്രഹമായിത്തീരും. അനന്തര തലമുറയ്ക്ക് ഈ വാഗ്ദത്തങ്ങൾ ദൈവം പുതുക്കി നൽകും.

തലമുറകൾ തലമുറകൾ കഴിഞ്ഞ് പോകുന്നു. ഓരോ ദിവസം കഴിയുംതോറും നാം നമ്മുടെ ജീവിതാവസാനത്തോട് അടുത്തടുത്ത് വരുന്നു. ഓരോ ദിവസം കഴിയുംതോറും നാം നമ്മുടെ കർത്താവിന്റെ രണ്ടാമത്തെ വരവിനോട് അടുക്കുന്നു.

ഓരോ ദിവസം കഴിയുംതോറും നാം പുതിയ ആകാശ

ത്തോടും പുതിയ ഭൂമിയോടും അടുത്തുകൊണ്ടിരിക്കുന്നു. എന്നാൽ സഹോദരങ്ങളേ, ജീവനുള്ള ദൈവം വാക്കു മാറുന്നില്ല. നാം ദൈവത്തോട് പറഞ്ഞ വാക്കുകൾ ചിലത് മാറിയിട്ടുണ്ട്. സമർപ്പണങ്ങൾ ചിലത് തെറ്റിച്ചുകളഞ്ഞിട്ടുണ്ട്.

ദൈവസന്നിധിയിൽ പറഞ്ഞ പ്രതിഷ്ഠകൾ ചിലത് ലംഘിച്ചുപോയിട്ടുണ്ട്. ദൈവസന്നിധിയിൽ എടുത്ത ചില തീരുമാനങ്ങളിൽ നിന്ന് മാറിപ്പോയിട്ടുണ്ട്. പലതും നാം ലംഘിച്ചു പോയിട്ടില്ലേ? പലതിലും നമുക്ക് തെറ്റുകൾ സംഭവിച്ചില്ലേ? പക്ഷേ, ദൈവം മാറുകയില്ല. അവൻ ഒരു വാക്ക് പറഞ്ഞാൽ മാറുകയില്ല.

Jesus Christ is the same yesterday, today and forever! ഇന്നലേയും ഇന്നും എന്നെന്നേയ്ക്കും അവൻ മാറ്റമില്ലാത്ത വനാണ്. ഞാൻ വാക്ക് മാറിയിട്ടുണ്ട്. ഞാൻ അവനോട് പറഞ്ഞ പ്രതിജ്ഞകൾ ലംഘിച്ചിട്ടുണ്ട്. പക്ഷേ, എന്റെ ദൈവം മാറിയിട്ടില്ല. സ്വർഗ്ഗത്തിലെ ദൈവം മാറുകയില്ല.

അവന്റെ വാക്ക് ഒരിക്കൽ ‘ഉവ്വ്’ എന്നും ഒരിക്കൽ ‘ഇല്ല’ എന്നും ആയിരിക്കില്ല. അവന്റെ വാക്ക് എല്ലാം ‘ഉവ്വ്’ എന്നും ‘ആമ്മേൻ’ എന്നും തന്നെയാണ്.

മാറ്റമില്ലാത്തവനായ ദൈവം ഇന്ന് നിങ്ങൾക്ക് ചില വാഗ്ദത്തങ്ങൾ തരികയാണ്. ദൈവം നിങ്ങളെ അനുഗ്രഹി ക്കാൻ തീരുമാനിച്ചിരിക്കുകയാണ്. പഴയകാലം ഓർത്തിട്ടല്ല ദൈവം യാക്കോബിനെ അനുഗ്രഹിക്കുന്നത്. വരുംകാലങ്ങ ളിൽ യാക്കോബ് എങ്ങനെ നിൽക്കുമെന്നാണ് ദൈവം കാണു ന്നത്. ദൈവം കാണുന്നിടത്തേക്കു യാക്കോബിനെ നയിക്കാനാണ് ദൈവത്തിന്റെ ഉദ്യമം. ദൈവം ഇപ്പോഴത്തേത് മാത്രമല്ല കാണുന്നത്. വളരെ മുന്നോട്ട് കടന്ന് പിന്നീടുള്ള കാലങ്ങൾ ദൈവം കാണുകയാണ്.

ഈ യാക്കോബ് ഫറവോനെ രണ്ട് കൈയും ഉയർത്തി അനുഗ്രഹിക്കുന്നത് ദൈവം കാണുന്നു. യാക്കോബ് മരിക്കാൻ

കിടക്കുമ്പോൾ മക്കളെയെല്ലാം അടുക്കൽ വിളിച്ച് ഓരോരുത്തരെ പ്രവചനാത്മകമായി അനുഗ്രഹിക്കുന്നത്, മക്കളെക്കുറിച്ച് പ്രവചനം പറയുന്നത് ദൈവം കാണുന്നു. യാക്കോബ് വരുംകാലങ്ങളിൽ സംഭവിക്കാനിരിക്കുന്ന കാര്യങ്ങൾ മുൻകൂട്ടി പ്രസ്താവിക്കുവാൻ ആത്മാവിന്റെ നിറവ് പ്രാപിക്കുന്നത് ദൈവം കാണുന്നു. യാക്കോബിന്റെ സന്തതിപരമ്പരകൾ അനുഗ്രഹിക്കപ്പെടുന്നത് ദൈവം കാണുന്നു.

ഇടയ്ക്ക് യാക്കോബിന്റെ സന്തതി പരമ്പരകൾ ലോകത്തിന്റെ നാനാഭാഗങ്ങളിലായി ചിതറപ്പെട്ടുപോയി.

നമ്മുടെ ഈ കൊച്ചുകേരളത്തിലും യഹൂദന്മാർ വന്നു താമസിക്കുകയുണ്ടായി. എന്നാൽ യഹൂദൻ ഉണർന്നു. അവരെല്ലാം കൂട്ടിച്ചേർക്കപ്പെട്ടു. അവർ യിസ്രായേൽ രാഷ്ട്രം സ്ഥാപിച്ചു. ഈ ഭൂമിയെ നിനക്കും നിന്റെ സന്തതിക്കും തരുമെന്ന് അന്ന് ദൈവം പറഞ്ഞ ആ വാഗ്ദത്തഭൂമി മുഴുവനും ഇന്ന് യിസ്രായേലിന്റെ കൈയിൽ ആയിട്ടില്ല. ചിലതെല്ലാം അന്യന്റെ കൈയിൽ കിടക്കുകയാണ്. എന്നാൽ ദൈവം തന്റെ വാഗ്ദത്തം പാലിക്കും. ദൈവം തന്റെ വാക്ക് പാലിക്കും. യിസ്രായേലിന്റെ കൈയിലേക്ക് എല്ലാം വന്നുചേരും.

അതെല്ലാം അടുത്തടുത്ത് വരികയാണ്. സംഭവങ്ങൾ അതിവേഗം നീങ്ങിക്കൊണ്ടിരിക്കുകയാണ്. യഹൂദൻ വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. യിസ്രായേൽ ലോകത്തിൽ എല്ലാവർക്കും ഒരു വലിയ ചിന്താവിഷയമായിരിക്കുകയാണ്.

യഹൂദന്റെ കരുത്തിന്റെ മുമ്പിൽ ലോകം പതറിനിൽക്കുകയാണ്. യഹൂദനെ ഒടുക്കുവാൻ അനേകർ ശ്രമിക്കുന്നുണ്ട്. എന്നാൽ ദൈവത്തിന്റെ വചനം പറയുന്നു: അവൻ അവിടെ സ്ഥാനം ഉറപ്പിക്കും, അവൻ അവിടെ ആരാധനാസ്ഥലം ഉറപ്പിക്കും എന്ന്.

അവന് ഈ ഭൂമി അവകാശമായി കിട്ടും. സ്വർഗ്ഗത്തിലെ ദൈവം കൽപ്പിച്ചതാണത്. അത് ദൈവം നിവർത്തിക്കുക

തന്നെ ചെയ്യും. ദൈവത്തിന്റെ വാഗ്ദത്തം എല്ലാം ക്രമമായി നിറവേറി വരികയാണ്.

1967–ൽ നടന്ന ‘Six day war’ എന്ന് പറയുന്ന ആറു ദിവസത്തെ യഹൂദനും അറബിയും തമ്മിലുള്ള യുദ്ധത്തിൽ യഹൂദന്റെ രാഷ്ട്രം വളരെ വിപുലമാക്കപ്പെട്ടു. അതുവരെയും ലഭിക്കാൻ സാദ്ധ്യമല്ലാത്ത അനേകം ഭൂഭാഗങ്ങൾ യഹൂദൻ പിടിച്ചടക്കി എന്ന് ചരിത്രം സാക്ഷിക്കുന്നു. ‘Six day war’ വളരെ പ്രസിദ്ധമായിരുന്നു. ആറു ദിവസത്തെ യുദ്ധംകൊണ്ട് യഹൂദൻ വലിയോരു വിജയം കരസ്ഥമാക്കി. ദൈവം വാക്ക് മാറാത്തവനാണ്. ദൈവത്തിന്റെ വാഗ്ദത്തത്തിന് മാറ്റമില്ല.

*“നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും.”* *ഉല്പത്തി 28 : 13*

യാക്കോബ് ഒന്ന് ഞെട്ടി. ഭയംകൊണ്ടല്ല, അത്ഭുതം കൊണ്ട്. എന്താണ് കർത്താവ് ഈ പറയുന്നത്? ആരോരുമില്ലാത്തവനെപ്പോലെ ഏകാകിയായി, അനാഥനെപ്പോലെ വീട് വിട്ട് ഓടുന്ന എനിക്ക് മക്കളുണ്ടാകുമെന്നോ? അപ്പോൾ ഞാൻ വിവാഹം കഴിക്കുമെന്നോ? അങ്ങനെയൊരു ഭാവി എനിക്കുണ്ടാകുമോ? യാക്കോബ് ആശയറ്റവനായിരുന്നു. യാക്കോബ് നിരാശനായിരുന്നു.

ഈ യാത്രയിൽ എപ്പോഴെങ്കിലും സഹോദരൻ വന്ന് തന്നെ കൊല്ലുമെന്ന് യാക്കോബിന് പേടിയുണ്ടായിരുന്നു. അതുകൊണ്ടാണ് ‘ഭയപ്പെടേണ്ട’ എന്ന് ദൈവം ആദ്യം തന്നെ പറഞ്ഞത്. യാക്കോബിന്റെ പേടി മാറ്റാൻ വേണ്ടിയാണ് മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നത് കാണിച്ചുകൊടുത്തത്.

യാക്കോബ് ഏകനല്ല എന്നും, മാലാഖമാർ കൂടെയുണ്ട് എന്നും, ദൂതന്മാരുടെ സംരക്ഷണമുണ്ട് എന്നും യാക്കോബിന് മനസ്സിലാക്കിക്കൊടുക്കുവാൻ ദൈവം ആ ദർശനത്തിൽക്കൂടി ഇടപെട്ടു. നിരാശപ്പെട്ടുപോകുന്നവൻ! ഭാവിയെല്ലാം തീർന്നു

എന്ന് വിചാരിച്ചവൻ! അവനാണ് ഇപ്പോൾ കേൾക്കുന്നത്: “നിനക്ക് സന്തതി ഉണ്ടാകും, നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിയ്ക്കും തരും” എന്ന് .

ജീവനുള്ള ദൈവം യാക്കോബിന് കൊടുത്ത വാഗ്ദത്തം നിങ്ങൾക്കും തരികയാണ്: “മോളേ, നീ ഇനിയും നിരാശപ്പെട്ടിരിക്കണ്ട. എല്ലാം തീർന്നു എന്നു വിചാരിക്കണ്ട. ഇനിയും നിനക്ക് ശുഭകാലങ്ങൾ കിട്ടും.” നിത്യനായ ദൈവം നിനക്ക് ചില ഉറപ്പുകൾ തരികയാണ്. ഇനിയും നിങ്ങൾക്ക് നല്ല കാലങ്ങളുണ്ട്. നിങ്ങൾ പ്രത്യാശ പ്രാപിച്ചുകൊള്ളൂ. ആരും നിരാശപ്പെടേണ്ട.

നിങ്ങൾ മരിച്ചാൽ മതിയെന്ന് ഓർത്തവരല്ലേ?എന്റെ നല്ല കാലം പോയല്ലോ എന്ന് ഓർത്തവരല്ലേ? അദ്ദേഹം സുഖമായി ജീവിച്ചോട്ടെ, ഞാൻ വിലങ്ങുതടിയാകണ്ട. ഞാനങ്ങ് വഴിമാറി കൊടുത്തേക്കാം. ഞാനങ്ങ് മരിച്ചേക്കാം. അവർ രണ്ടുപേരും സുഖമായി കഴിഞ്ഞോട്ടെ. അദ്ദേഹത്തിന് ആ സ്ത്രീയിലല്ലേ കമ്പം എന്ന് ചിന്തിച്ച് മോളേ, നീ മനസ്സ് മടുത്ത് വിഷമിച്ചിരിക്കുന്നവളല്ലേ? നിങ്ങളിൽ അനേകർ ഇങ്ങനെയെല്ലാം തീർന്നു എന്ന് വിചാരിച്ചവരുണ്ട്.

സ്വർഗ്ഗത്തിലെ ദൈവം കാലങ്ങൾ കാലങ്ങൾ കഴിഞ്ഞുള്ളത് കാണുകയാണ്. മകനേ, നീ അൽപ്പംപോലും പരിഭ്രമിക്കരുത്. ദൈവപൈതലേ, നീ അൽപ്പംപോലും നിരാശപ്പെടരുത്. ഞാൻ ഈ പരീക്ഷ ജയിക്കാൻ പോകുന്നുണ്ടോ എന്ന് നീ ചിന്തിക്കുന്നുണ്ട്. എത്രപ്രാവശ്യമായി പരീക്ഷയിൽ എനിക്ക് തോൽവി സംഭവിക്കുന്നത്? എത്ര കഷ്ടപ്പെട്ട് പഠിച്ചിട്ടും ഞാൻ തോൽക്കുന്നേയുള്ളൂ. എനിക്ക് ഇനി ജയിക്കാൻ സാധിക്കുകയില്ല എന്ന് നീ എത്രയോ പ്രാവശ്യം വിചാരിച്ചതാണ്?

എത്രയോ ചികിത്സകൾ ചെയ്തു? എനിക്കുണ്ടോ ഒരു കൊച്ചുകുഞ്ഞിനെ കിട്ടാൻ പോകുന്നു? അതിനുള്ള കാലങ്ങളെല്ലാം തീർന്നില്ലേ? ഭാരത്തോടെ, നിരാശയോടെ ഇങ്ങനെ

ചിന്തിച്ചിരിക്കുന്നവരുണ്ട്.

സ്വർഗ്ഗത്തിലെ ദൈവം ജീവിക്കുന്നു. കർത്താവായ യേശുക്രിസ്തു ജീവിക്കുന്നു. മകളേ, നിന്റെ ഹൃദയത്തിന്റെ വാഞ്ഛകളറിയുന്ന ദൈവം, യൗവ്വനക്കാരാ, നിന്റെ മോഹങ്ങൾ കാണുന്ന, മോഹഭംഗങ്ങൾ കാണുന്ന ദൈവം, നിന്റെ നിരാശകൾ കാണുന്ന ദൈവം ജീവിക്കുന്നു.

ഭാവിയെക്കുറിച്ചുള്ള മടുപ്പുകൾ കാണുന്ന ദൈവം ജീവിക്കുന്നു. നിന്നെ സ്നേഹിക്കുന്ന ദൈവം ജീവിക്കുന്നു. അവൻ നിന്റെ അരികത്തേക്ക് വരികയാണ്. അവൻ നിന്നെ താങ്ങുകയാണ്. അവൻ നിന്നെ തലോടുകയാണ്. അവന്റെ കരം നിന്റെ ശിരസ്സിൽ വയ്ക്കുകയാണ്. അവൻ നിന്റെ ഹൃദയത്തിലേക്ക് കടന്നുവരാൻ വെമ്പലോടെ നിൽക്കുകയാണ്.

അവൻ വാതിൽക്കൽ വന്ന് മുട്ടുകയാണ്. "മകനേ, നിരാശകൊണ്ട് വാതിൽ അടച്ചിരിക്കല്ലേ. നിന്റെ ഹൃദയം എനിക്ക് തുറന്നു തരൂ. ഞാൻ അകത്തേയ്ക്ക് വരാം" എന്നാണ് യേശു പറയുന്നത്.

> *"ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്ന് അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും."*
>
> *വെളിപ്പാട് 3 : 20*

നിങ്ങളുടെ ഭാരം മാറ്റാൻ, കണ്ണുനീർ തുടയ്ക്കാൻ, നിങ്ങളുടെ ഹൃദയത്തിന്റെ നൊമ്പരങ്ങൾ ഒപ്പിയെടുക്കാൻ, നിങ്ങളുടെ ആവശ്യങ്ങളറിയാൻ അവൻ അടുത്ത് നില്ക്കുന്നുണ്ട്. "അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്ക് തരും." ദൈവജനമേ, ആഗ്രഹങ്ങളെ തരാമെന്നാണ് പറയുന്നത്. നിങ്ങളെ വീർപ്പുമുട്ടിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തരാമെന്നാണ് പറയുന്നത്. നിന്റെ ഭാവി ശോഭനമാക്കാമെന്നാണ് പറയുന്നത്. അവനെ നോക്കൂ,

അവനെ വിളിക്കൂ, അവനെ സ്നേഹിക്കൂ.

ഇപ്പോൾ യേശുക്രിസ്തു നിങ്ങളുടെ അരികത്തു വന്നു നില്കുന്നു എന്ന് വിശ്വസിച്ചുകൊണ്ട് അവന്റെ ആണിപ്പാടുള്ള കരങ്ങളിലേക്ക് നിങ്ങളെ വിട്ടുകൊടുക്കൂ. അവനോട് നിങ്ങൾ വാക്കുപറയൂ: യേശുവേ, ഇത്രയും കാലം പാപത്തിന് അടിമയായി ഞാൻ ജീവിച്ചുപോയി; എന്റെ ജീവിതത്തിൽ പാളിച്ചകൾ വന്നുപോയി. മുൻവിധിയോടെ സംസാരിച്ചുപോയി. സ്നേഹമില്ലാതെ പെരുമാറിപ്പോയി. കർത്താവേ, എന്റെ ജീവിതത്തിലെ പഴയകാലങ്ങൾ നീ ഓർക്കല്ലേ.

എനിക്കുവേണ്ടി തകർക്കപ്പെട്ട നിന്റെ തൃക്കരം എന്റെ നേരെ നീട്ടിയിരിക്കുന്നത് ഞാൻ കാണുന്നു. എന്നെ ഇതാ, ഞാൻ നിനക്ക് തരുന്നു. യേശുവേ, ഈ നിമിഷം മുതൽ ഞാൻ ഒരു പുതിയ സൃഷ്ടിയായി ജീവിക്കാൻ തീരുമാനിക്കുന്നു. ഞാൻ പിശാചിനെ ഉപേക്ഷിക്കുന്നു. എല്ലാ പാപസ്വഭാവങ്ങളേയും ഞാൻ ഉപേക്ഷിക്കുന്നു. എന്റെ ഹൃദയത്തിലേക്ക് ഞാൻ യേശുവിനെ സ്വീകരിക്കുന്നു. എന്നെ കൈക്കൊള്ളണമേ. എന്റെ ഹൃദയത്തിൽ വന്ന് അധിവസിക്കണമേ. ഇന്നുമുതൽ ഞാനൊരു പുതിയ സൃഷ്ടി.

# പതിനൊന്ന്

*"അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽക്കൂടി കയറുകയും ഇറങ്ങുകയുമായിരുന്നു. അതിന്മീതെ യഹോവ നിന്നു അരുളിച്ചെയ്തത്: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും."*

*ഉല്പത്തി 28 : 12, 13*

1. Vision (വിഷൻ) – ദൈവത്തെ ദർശിച്ചു.

2. Voice (വോയിസ്) ദൈവത്തിന്റെ ശബ്ദം കേട്ടു.

ദൈവത്തെ കാണാൻ യാക്കോബിന് കഴിഞ്ഞു. കോവണിമേൽ നിൽക്കുന്ന നിത്യപരിശുദ്ധ ദൈവത്തെ യാക്കോബിന് ദർശിക്കാൻ കഴിഞ്ഞു. അതൊരു ദർശനാനുഭവമായിരുന്നു.

യാക്കോബിന് കിട്ടിയ ദർശനത്തിൽ, ഏഴു വാഗ്ദത്തങ്ങൾ ഉണ്ട് എങ്കിലും അത് രണ്ട് കാര്യങ്ങളെ ആസ്പദമാക്കിയുള്ളതായിരുന്നു.

1. The Land! ദൈവത്തിന്റെ നഗരം! ദൈവത്തിന്റെ രാജ്യം! The promise of the Land. ദൈവത്തിന്റെ നഗരത്തിന്റെ അവകാശം ലഭിക്കുമെന്നുള്ള വാഗ്ദ

ത്തം. ഭൂമിയെ അവകാശമാക്കും. ദൈവരാജ്യം അവകാശമാക്കും. യാക്കോബിനോടു പറഞ്ഞു: നീ കിടക്കുന്ന ഭൂമി ഞാൻ നിനക്കു തരും. വാഗ്ദത്തഭൂമി!

2. The multiplied seed of Jacob! യാക്കോബിന്റെ വർദ്ധിച്ചുവരുന്ന സന്തതി പരമ്പര (വിത്ത്)! എണ്ണമില്ലാത്ത സന്തതി!

യാക്കോബിന് ഒരു വിവാഹത്തെക്കുറിച്ചോ, ഭാര്യയെക്കുറിച്ചോ, മക്കളെക്കുറിച്ചോ ചിന്തിക്കാവുന്ന കാലമല്ല അത്. എല്ലാ പ്രതീക്ഷയും നഷ്ടപ്പെട്ടിരിക്കുന്നു. അമ്മാവന്റെ ഭവനത്തിൽ എത്തുമെന്ന് ഉറപ്പില്ല. ഈ യാത്രാമദ്ധ്യത്തിൽത്തന്നെ അപകടം പിണഞ്ഞു പോകാവുന്നതാണ്. സഹോദരനായ ഏശാവ് വന്ന് കൊന്നുകളയാവുന്നതാണ്.

യാക്കോബിന് പ്രതീക്ഷയില്ലാതിരുന്ന സ്ഥാനത്ത് ഇതാ, ദൈവം ചില വാഗ്ദത്തങ്ങൾ തരുന്നു. രണ്ടുകാര്യങ്ങളെ ആസ്പദമാക്കി ഏഴു വാഗ്ദത്തങ്ങൾ.

*"അതിന്മീതെ യഹോവ നിന്നു അരുളിച്ചെയ്തത്: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും. നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും; നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും; നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും. ഇതാ, ഞാൻ നിന്നോടുകൂടെയുണ്ട്; നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്തു ഈ രാജ്യത്തേക്കു നിന്നെ മടക്കി വരുത്തും; ഞാൻ നിന്നെ കൈവിടാതെ നിന്നോടു അരുളിച്ചെയ്തതു നിവർത്തിക്കും." ഉല്പത്തി 28 : 13 – 15*

**ഏഴ് വാഗ്ദത്തങ്ങൾ:**

ഭൂമിയെയും സന്തതിയെയും സംബന്ധിച്ചുള്ള ഏഴു വാഗ്ദത്തങ്ങൾ. ഇതുകഴിഞ്ഞ് നമ്മൾ കാണുന്നത് ഒരു വഴിപാടാണ്. ഒരു നേർച്ച, ഒരു സമർപ്പണം, ഒരു ശപഥം, ഒരു പ്രതിജ്ഞ– Vow!

1. Vision!
2. Voice!
3. Vow!

Vision-നും Voice-ഉം കിട്ടിയ ദൈവപൈതൽ ഒരു vow എടുക്കാൻ തീർച്ചയായും തയ്യാറാകണം.

നിങ്ങൾക്കു പ്രകടമായ ഒരു vision കിട്ടിയില്ലെങ്കിലും നിരന്തരം കേൾക്കുന്ന വചനത്തിൽക്കൂടി നിങ്ങൾക്ക് അനേകം അരുളപ്പാടുകൾ ലഭിക്കുകയാണ്. നിങ്ങളുടെ ഹൃദയത്തിൽ ചില കാഴ്ചപ്പാടുകൾ (vision) രൂപപ്പെട്ടു കിട്ടുന്നുണ്ട്. വേദപുസ്തകത്തിലെ വചനങ്ങൾ കേൾക്കാൻ മനസ്സില്ലാത്ത കാലത്തേക്കാൾ എത്രയോ വ്യത്യസ്തമാണ് ഇന്നത്തെ മനോഭാവങ്ങൾ. നിങ്ങളുടെ കാഴ്ചപ്പാടുകൾ എത്രയോ വിശാലമായി!

ഈ പുസ്തകം വായിക്കുന്ന അനേകംപേർ വേദപുസ്തകം വായിക്കുന്നവരാണ്. ബൈബിളിന് വില കല്പിക്കുന്നവരാണ്. ബൈബിളിലെ വാക്കുകളെല്ലാം അക്ഷരംപ്രതി അനുസരിക്കാൻ താല്പര്യമുള്ളവരാണ്. പാപത്തോട് മടികൂടാതെ പോരാടുന്നവരാണ്. പാപത്തിന്റെമേൽ ജയം വേണമെന്ന് ആഗ്രഹിക്കുന്നവരാണ്. പാപമില്ലാത്ത ജീവിതം നയിക്കാൻ താല്പര്യമുള്ളവരാണ്. അനേകരും ആത്മീയജീവിതത്തിന്റെ അനുഭവത്തിലേക്ക് വരാൻ കാലെടുത്തുവച്ചവരാണ്.

എന്നാൽ ജീവനുള്ള ദൈവം ചോദിക്കുന്നു: “നിങ്ങളുടെ ജീവിതത്തിൽ ഇതെല്ലാമായിട്ടും ഇതുവരെ നിങ്ങൾ ഒരു ശപഥമെടുത്തുവോ? നിങ്ങളെത്തന്നെ വഴിപാടായി അർപ്പണം

ചെയ്തുവോ? നിങ്ങൾ വ്യക്തമായ പ്രതിജ്ഞ എടുത്തുവോ?" യാക്കോബ് പ്രതിജ്ഞ എടുത്തു. സ്വപ്നങ്ങൾ കരിഞ്ഞുണ ങ്ങിയ ചെറുപ്പക്കാരൻ! പ്രതീക്ഷകളെല്ലാം നഷ്ടപ്പെട്ട യുവാവ്! അന്ന് ദൈവത്തിന്റെ ദർശനം കിട്ടിയപ്പോൾ, ദൈവത്തിന്റെ അരുളപ്പാടു കേട്ടപ്പോൾ അത്ഭുതസ്തബ്ധനായി അവൻ തെല്ലു നേരം സ്തംഭിച്ചിരുന്നു.

അവൻ പിന്നെ പറഞ്ഞു: ഇത് ദൈവത്തിന്റെ ആലയമ ല്ലാതെ മറ്റൊന്നല്ല. ഞാനിതാ ദൈവത്തിന്റെ ആലയത്തിൽ എത്തിയിരിക്കുന്നു. ദൈവത്തിന്റെ ആലയം സ്വർഗ്ഗത്തിന്റെ വാതിലാണ്. സ്വർഗ്ഗത്തിന്റെ വാതിൽ തുറന്നിരിക്കുന്നു. അവന്നു വ്യക്തമായ കാഴ്ചപ്പാടുണ്ടായി. അവൻ ദൈവ ത്തോട് വ്യക്തമായ പ്രതിജ്ഞകൾ പറയുകയാണ്.

നിങ്ങൾ അനേകംപേർ തീരുമാനമെടുത്തവരാണ്. ഇനി ഞാൻ കോപിക്കുകയില്ല എന്നു തീരുമാനിച്ചവർ പലരും ഇത് വായിക്കുന്നില്ലേ? ഇനി ഞാൻ മദ്യം തൊടുകയില്ല എന്നു തീരു മാനിച്ചവർ പലരുമില്ലേ? ആ തീരുമാനം പാലിക്കുന്ന അനേകം പേരുണ്ട്.

മദ്യപാനം ചെയ്കയില്ല എന്നു തീരുമാനിച്ച്, മദ്യത്തോ ടുള്ള ആസക്തിപോലും പോയ അനേകംപേരുണ്ട്. ഇനി ഒരി ക്കലും മാതാപിതാക്കളോടു ധിക്കാരമായി പെരുമാറുകയില്ല എന്നു തീരുമാനിച്ചവരുണ്ട്. ഇനി എന്റെ ഭാര്യയെ ഉപദ്രവിക്കു കയില്ല, ആ നിഷ്ക്കളങ്കയായ സ്ത്രീയുടെ ഹൃദയം ഞാൻ നൊമ്പരപ്പെടുത്തുകയില്ല എന്നു തീരുമാനമെടുത്തവർ അനേ കരുണ്ട്.

ഇനി ഞാൻ അലസതയിൽ കഴിയുകയില്ല. ഇനി ബ്ലൂഫിലിം കാണുകയില്ല. ഇനി മ്ലേച്ഛചിത്രം കാണാൻ എന്റെ കണ്ണു വിട്ടുകൊടുക്കുകയില്ല. എന്റെ കണ്ണ് ഞാൻ പിശാചിന് കൊടുക്കുകയില്ല. ചീത്ത കൂട്ടുകെട്ടിലേക്കു പോകുകയില്ല. സമയം ഉഴപ്പിക്കളയുകയില്ല. ഇനി ചുമതലാബോധമുള്ളവനാ യിരിക്കും. കാര്യക്ഷമതയോടെ ജോലി ചെയ്യും. അങ്ങനെ

തീരുമാനമെടുത്തവരില്ലേ? പലരും തീരുമാനമെടുത്തവരാണ്. Vow എടുത്തവരാണ്.

എന്നാൽ ആ പ്രതിജ്ഞ ലംഘിച്ചവർ ചിലരെങ്കിലുമില്ലേ? സന്ദർഭം വന്നപ്പോൾ നിങ്ങളുടെ പ്രതിജ്ഞകൾ പാളിപ്പോയില്ലേ? തീരുമാനങ്ങൾ ഉടഞ്ഞുപോയില്ലേ? അല്പനേരത്തേക്ക്, ഒരു ബലഹീനനിമിഷത്തിൽ നിങ്ങൾ എല്ലാം മറന്നുപോയില്ലേ? ദൈവത്തോടു പറഞ്ഞതു നിങ്ങൾ മറന്നുപോയില്ലേ?

വേദപുസ്തകത്തിൽ എന്നെ വളരെ ആകർഷിച്ച വാക്യമാണ്, "യഹോവയോടു ഞാൻ പറഞ്ഞുപോയി, എനിക്കു പിന്മാറിക്കൂടാ." ഒരു പൂർവ്വികപാരമ്പര്യവുമില്ലാത്ത ആളാണ് അത് പറഞ്ഞത്. പഴയ ജീവിതം നല്ലതല്ല. അമ്മയുടെ ജീവിതവും നല്ലതല്ല. കുടുംബപാരമ്പര്യം മോശമായിരുന്നു. ആ ആളുടെ പേരാണ് യിഫ്താഹ്.

ന്യായാധിപന്മാരുടെ പുസ്തകത്തിൽ പറയുന്നു, യിഫ്താഹ് പരാക്രമശാലിയായിരുന്നു എങ്കിലും അവൻ വേശ്യാപുത്രനായിരുന്നു. അവന്റെ അമ്മ മോശമായ ജീവിതമുള്ളവളായിരുന്നു. യിഫ്താഹിന്റെ പഴയജീവിതം നോക്കിയാൽ അഭിനന്ദനാർഹമായോ അഭിമാനാർഹമായോ ഒന്നും പറയാനില്ല. പക്ഷേ, അവന്റെ ജീവിതത്തിൽ അവൻ ഒരു വാക്ക് ദൈവത്തോടു പറഞ്ഞു:

> *"യഹോവയോടു ഞാൻ പറഞ്ഞുപോയി; എനിക്കു പിന്മാറിക്കൂടാ എന്നു പറഞ്ഞു."*
>
> *ന്യായാധിപന്മാർ 11 : 35*

പ്രിയപ്പെട്ടവരേ, നിങ്ങളുടെ ജീവിതത്തിലെ നിന്ദകൾ മാറും. അപ്പനില്ലാത്ത നിന്ദ മാറും. തന്തയ്ക്ക് പിറക്കാത്തവൻ എന്നുപറയുന്ന നിന്ദയും മാറും. നിങ്ങളുടെ കുടുംബത്തിന്റെ ദോഷങ്ങൾ മാറും. ഒന്നും നിങ്ങളെ തൊടുകയില്ല. പഴയ പാരമ്പര്യത്തിൽ പല ദോഷങ്ങൾ സംഭവിച്ച കുടുംബമായിരിക്കാം. പുറത്തുപറയാൻ അറയ്ക്കുന്ന ബന്ധമുള്ള കുടുംബമോ പൂർവ്വികരോ ആയിരിക്കാം. പക്ഷേ, ഒന്നും നിങ്ങളെ തൊടുക

യില്ല. വ്യക്തമായി യഹോവയോടു വാക്കു പറഞ്ഞവരായിരിക്കണം.

പതിനേഴാമത്തെ വയസ്സിൽ എന്റെ ഹൃദയം ദൈവത്തിനു സമർപ്പിച്ചുകൊണ്ട് ഞാൻ വാക്കു പറഞ്ഞു: യഹോവയോടു ഞാൻ പറഞ്ഞുപോയി, എനിക്കു പിന്മാറിക്കൂടാ. ഇപ്പോൾ നിങ്ങൾക്കും ഒരു തീരുമാനമെടുക്കാമോ?

നിങ്ങളെ ഈ ജീവന്റെ വെളിച്ചത്തിലേക്ക് കൊണ്ടുവന്നത് ഒരു കൂട്ടായ്മയല്ല. വ്യക്തമായി മനസ്സിലാക്കൂ, ഈ പുസ്തകം എഴുതുന്ന ഞാനുമല്ല നിങ്ങളെ സ്നേഹിച്ചത്. നിങ്ങളെ സ്നേഹിച്ച്, സത്യവചനത്തിന്റെ മുമ്പാകെ കൊണ്ടുവന്നത് ജീവനുള്ള ക്രിസ്തുവാണ്. ക്രിസ്തുവിന്റെ ശബ്ദമാണ് നിങ്ങളെ ആകർഷിച്ചത്. സ്വർഗ്ഗീയസ്നേഹമാണ് നിങ്ങളെ വശീകരിച്ചത്.

ക്യംതാ നമസ്ക്കാരത്തിൽ പിതാക്കന്മാർ പാടി:

നിൻ മുറിവുകളീന്നേറ്റേൻ മൂറോൻമണമെൻ നാഥാ!
നിന്നധരങ്ങളഹോ പട്ടിൻ നൂലോടൊത്തുള്ളൂ
കാൺമാൻ വന്നോനെന്നെ ഭടർ ചുറ്റി

ഗോഗുൽത്തായിക്കവരെ വിട്ടോടി
നിൻ മാർവ്വുതുറന്നും രക്തം വാർന്നും കണ്ടേൻ ഞാൻ
കുരിശാലടിയാരെ കാക്കും നാഥന്നായ് സ്തോത്രം

ഹാലേലുയ്യാ അട്ടഹസിക്കുന്നേൻ
എന്നെ മയക്കീ നിൻ നൽ സൗന്ദര്യാശ്ചര്യങ്ങൾ
നിൻ സ്തുതി ദൈവസുതാ പാടാൻ സ്വരമിവനില്ലൊന്നും

പിതാക്കന്മാരുടെ വിശ്വാസം എത്ര ശ്രേഷ്ഠമായിരുന്നു! എത്ര മഹത്തരമായിരുന്നു! എന്ത് ഉദാത്തഭാവമായിരുന്നു! എന്ത് ഉന്നതമായ ചിന്താഗതിയായിരുന്നു!

എന്റെ കർത്താവേ, നിന്റെ തിരുമുറിവുകളിൽ നിന്ന് എന്നിലേക്കു മൂറോന്റെ നറുമണം പകർന്നു. പരിശുദ്ധാത്മാവാ

കുന്ന മൂറോന്റെ സുഗന്ധം എനിക്കു കിട്ടി. പട്ടിന്റെ നൂലു പോലെ മൃദുലമോഹനമായ, സ്നിഗ്ദ്ധ സുന്ദരമായ നിന്റെ അധരങ്ങളിൽ നിന്നു തിരുവചനങ്ങൾ പൊഴിഞ്ഞപ്പോൾ എനിക്ക് മൂറോന്റെ നറുമണം ലഭിച്ചു. അത് തിരുമുറിവുകളിൽ നിന്ന് ഒഴുകിയ സുഗന്ധമാണ്.

ഈ സുഗന്ധം വരുന്ന ഉറവിടം തേടി ഞാൻ ഓടി. ഭടന്മാർ എന്നെ തടഞ്ഞു. അവർ കരുത്തരായിരുന്നു; അവർ ഉന്നതാധികാരമുള്ളവരായിരുന്നു; അവർ കല്പന പുറപ്പെടുവിക്കാൻ കെൽപ്പുള്ളവരായിരുന്നു. പക്ഷേ, അവർക്ക് എന്നെ തടഞ്ഞുനിർത്താൻ പറ്റിയില്ല. അത്രമാത്രം ശക്തമായിരുന്നു, അത്രമാത്രം അപ്രതിരോധ്യമായിരുന്നു എനിക്കു ലഭിച്ച ആകർഷണം.

ഞാൻ ആ സുഗന്ധത്തിന്റെ ഉറവിടം തേടി ഓടി. അപ്പോൾ ഞാൻ കണ്ടത് നീ കുരിശിൽ കിടന്നു പിടയുന്നതാണ്; തിരുമാർവ്വ് തുറന്നും തിരുരക്തം വാർന്നും കിടക്കുന്ന എന്റെ യേശുവിനെ ഞാൻ കണ്ടു. അപ്പോൾ എന്റെ ഹൃദയം നന്ദി കൊണ്ട് നിറഞ്ഞു. നാഥാ, ഞാൻ നിനക്കു സ്തുതി പാടി. ഹാലേലുയ്യാ എന്ന് അട്ടഹസിച്ചു പാടി. നിന്റെ ക്രൂശിലെ സ്നേഹം എന്നെ ആകർഷിച്ചു വശീകരിച്ചു. നിനക്കു സ്തുതി പാടാൻ എനിക്കു നാവില്ല. നിന്റെ ആശ്ചര്യകരമായ സൗന്ദര്യം എന്നെ മയക്കി.

നിങ്ങൾക്ക് ഈ അനുഭവം കിട്ടിയോ? ശപഥം ചെയ്യാനുണ്ടോ നിങ്ങൾക്ക്? പ്രതിജ്ഞ പറയാനുണ്ടോ? ദൈവത്തോടു പറയാം: യഹോവയോടു ഞാൻ പറഞ്ഞുപോയി, എനിക്കു പിന്മാറിക്കൂടാ. ഇനി പാപമില്ല, അശുദ്ധിയില്ല, തിന്മപ്രവൃത്തിയില്ല. അരുതാത്ത ഒരു വാക്ക് എന്റെ നാവിൽ വരികയില്ല. പത്തു പൈസ ഞാൻ സമ്പാദിക്കുകയോ ചെലവഴിക്കുകയോ ചെയ്യുന്നെങ്കിൽ അത് എന്റെ യേശുവിന്റെ തിരുഹിതപ്രകാരമായിരിക്കും. യേശുവേ, എന്റെ ജീവിതം ഞാൻ നിനക്കു തന്നിരിക്കുകയാണ്.

നിങ്ങളുടെ കൈയിൽ നിന്ന് നിങ്ങളുടെ ജീവിതം മുഴുവനായി ഏറ്റു വാങ്ങുവാൻ യേശു വന്നിട്ടുണ്ട്. ജീവിതം അനുഗ്രഹിച്ചു തരാൻ യേശു വന്നിട്ടുണ്ട്. കുരിശാണ് നിങ്ങളുടെ ജീവിതത്തിൽ വരാൻ പോകുന്നത്. പഴയമനുഷ്യൻ മരിക്കുകയാണ്. പുതിയ മനുഷ്യൻ ഉയിർക്കുകയാണ്. പഴയ വാശിയും വൈരാഗ്യവും മരിക്കുകയാണ്. മുഴുവനായി മാഞ്ഞുപോകുകയാണ്. പഴയ വാശി എവിടെപ്പോയി? പഴയ ദുശ്ശാഠ്യം എവിടെപ്പോയി? കലഹസ്വഭാവം എവിടെപ്പോയി?

കിടപ്പുമുറി, കോടതിമുറിയായിരുന്നു എന്ന് ഒരു ദൈവദാസി ഒരിക്കൽ സാക്ഷ്യം പറയുകയുണ്ടായി. കിടപ്പുമുറിയിൽ ഭാര്യയും ഭർത്താവുംകൂടി വാഗ്വാദം. എല്ലാം മാറി. ഇന്ന് കിടപ്പുമുറി സന്തോഷസമൃദ്ധമായ ആനന്ദത്തിന്റെ കലവറയാണ്.

എങ്ങനെ മാറി? മാറ്റിയ ഒരുവനുണ്ട്. കൂട്ടായ്മയല്ല, ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പുമല്ല, നിങ്ങളെ മാറ്റിയത് കർത്താവായ യേശുക്രിസ്തുവാണ്. നിങ്ങൾക്കുവേണ്ടി രക്തം ചിന്തിയ രക്ഷകനാണ്. നിങ്ങൾക്കു രൂപാന്തരം തന്നത് നിങ്ങൾക്കുവേണ്ടി പിടഞ്ഞു മരിച്ച രക്ഷകനാണ്. നിങ്ങളുടെ സ്വഭാവം മാറ്റിയത് കർത്താവായ യേശുവിന്റെ തിരുരക്തമാണ്.

ആ തിരുരക്തമാണ് ഇപ്പോൾ നിങ്ങളോടു ഗുണകരമായി സംസാരിക്കുന്നത്. ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തം! ഹാബേലിന്റെ രക്തം പ്രതികാരത്തിനുവേണ്ടി വാഞ്ഛിക്കുന്ന രക്തമാണ്. എന്നാൽ യേശുവിന്റെ രക്തം, പിതാവേ, ഇവർ ചെയ്യുന്നത് ഇന്നത് എന്ന് അറിയായ്കയാൽ ഇവരോടു ക്ഷമിക്കണമേ എന്നു പ്രാർത്ഥിക്കുന്ന സ്നേഹത്തിന്റെ രക്തമാണ്.

ആ ചുടുനിണം നിങ്ങളുടെ നേരെ ഒഴുകി വരികയാണ്. ആ തിരുരക്തം നിങ്ങളെ കഴുകുകയാണ്, ആ തിരുരക്തം നിങ്ങളെ വലയം ചെയ്യുകയാണ്. ആ തിരുരക്തം നിങ്ങൾക്കു മുദ്ര ചാർത്തി തരികയാണ്. ആ തിരുരക്തം, സംഹാരകൻ

നിങ്ങളെ തൊടാതവണ്ണം വാതിൽപ്പടിമേലും കുറുമ്പടിമേലും തളിക്കുകയാണ്.

അവൻ നിങ്ങളെ രക്ഷിക്കുകയാണ്. സാത്താന്യ ബാധകൾ മാറ്റുകയാണ്. പൈശാചികബന്ധനങ്ങൾ അഴിക്കുകയാണ്. ദുരാത്മഭീതികൾ അകറ്റുകയാണ്. എല്ലാ ഭൂതപ്രേതവേതാളകേളികളെയും അകറ്റി നിങ്ങൾക്കു സൗഖ്യം തരികയാണ്. നിങ്ങളുടെ കുടുംബത്തെ വിടുവിക്കുകയാണ്. മക്കളെ രക്ഷിക്കുകയാണ്. അനുഗ്രഹം പകരുകയാണ്.

ഈ യേശുവിന്റെ കൃപ നിങ്ങൾക്കു വേണമോ? യേശുവിന്റെ സാന്നിദ്ധ്യം നിങ്ങൾക്കു വേണമോ? യേശുവിനെ ഹൃദയത്തിന്റെ നാഥനായി ഏറ്റെടുക്കണമോ? എങ്കിൽ ഇതാ, യേശു വന്ന് അരികത്ത് നിൽക്കുന്നു. യേശുവിനോടു പറയുവിൻ: യേശുവേ, ഈ നിമിഷം മുതൽ ഞാൻ ഒരു പുതിയ സൃഷ്ടി.

നമുക്കു പ്രാർത്ഥിക്കാം: കരുണയുള്ള കർത്താവേ, നിന്റെ പരിശുദ്ധ സാന്നിദ്ധ്യം ഈ അല്പപ്രാണികളായ ഞങ്ങൾക്കു തന്നതിനായി സ്തോത്രം. ഞങ്ങളോ, ഏറ്റവും നിസ്സാരർ. ഏറ്റവും ബലഹീനർ. എന്നിട്ടും നീ ഞങ്ങളെ സ്നേഹിച്ച് ഞങ്ങളുടെ അരികത്തേക്കു വരുന്നതിനായി സ്തോത്രം. കുരിശിന്റെ സ്നേഹം ഞങ്ങളെ തഴുകുന്നതിനായി സ്തോത്രം. കുരിശിലെ അത്ഭുതകൃപ ഞങ്ങളെ വലയം ചെയ്യുന്നതിനായി സ്തോത്രം. എല്ലാവരേയും തലോടുന്നതിനായി സ്തോത്രം. സമാധാനം പകർന്നതിനായി സ്തോത്രം. കർത്താവേ, പ്രശ്നങ്ങൾ പരിഹരിച്ചു കൊടുക്കണമേ. ഭാരങ്ങൾ അകറ്റണമേ. വേദനകൾ നീക്കണമേ. രോഗസൗഖ്യം അയയ്ക്കണമേ. എല്ലാവരേയും കൃപയിൽ പരിപാലിക്കണമേ. അവിടുത്തെ രണ്ടാമത്തെ വരവിനായി ഒരുക്കണമേ. യേശുവിൻ നാമത്തിൽത്തന്നെ, ആമ്മേൻ.

## പന്ത്രണ്ട്

*"അപ്പോൾ യാക്കോബ് ഉറക്കമുണർന്നു: യഹോവ ഈ സ്ഥലത്തുണ്ടു സത്യം; ഞാനോ അതു അറിഞ്ഞില്ല എന്നു പറഞ്ഞു. അവൻ ഭയപ്പെട്ടു: ഈ സ്ഥലം എത്ര ഭയങ്കരം! ഇതു ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നല്ല; ഇതു സ്വർഗ്ഗത്തിന്റെ വാതിൽ തന്നേ എന്നു പറഞ്ഞു."* *ഉല്പത്തി 28 : 16, 17*

യാക്കോബ് ഉറക്കമുണർന്നു. ആ ഉറക്കത്തിലാണ് യാക്കോബിന് vision ലഭിച്ചത്. അവൻ അക്ഷരികമായി ഉറക്കമുണർന്നു, ശരിയാണ്. അവന്റെ ശരീരം ഉറക്കത്തിലായിരുന്നു. ബോധം മയങ്ങിക്കിടക്കുകയായിരുന്നു.

ഒരു വലിയ ആന്തരികമായ ചൈതന്യത്തിന്റെ ചലനമാണ്, ആന്തരികമായ ഉണർവ്വാണ് യാക്കോബിന് ലഭിച്ചത്. ദൈവത്തിന്റെ ശബ്ദം ആരുകേട്ടാലും അകത്ത് ഒരു ചലനം, ഉണർവ്വ് ലഭിക്കും. ദൈവത്തിന്റെ സാന്നിദ്ധ്യം ലഭിച്ചാൽ, ദൈവത്തിന്റെ തിരുവചനം ലഭിച്ചാൽ, ദൈവത്തിന്റെ ശബ്ദം കേട്ടാൽ, ദൈവത്തിന്റെ വചനം നമ്മുടെ ഹൃദയത്തിലേക്കു പകർന്നാൽ നമ്മുടെ മയങ്ങിയിരിക്കുന്ന ജീവിതം ഉണരും.

നമ്മിൽ പലരുടേയും മനസ്സ് മയങ്ങിയിരിക്കുകയാണ്. പുറമെയുള്ള ഉറക്കമല്ല, ആന്തരികമായ മയക്കം. ജീവിതത്തിൽ അനേകം ക്ലേശങ്ങളിൽപ്പെട്ട് മയങ്ങിയിരിക്കുന്നവരുണ്ട്. പലവിധത്തിലുള്ള ആവലാതികൾ. പലതരത്തിലുള്ള ഭാരങ്ങൾ!

ഏതെല്ലാം പ്രശ്നങ്ങളാണ് മനുഷ്യനെ അലട്ടിക്കൊണ്ടി

രിക്കുന്നത്! ആന്തരികമനുഷ്യൻ ഇന്ന് നിരാശയിൽ മയങ്ങിക്കിടക്കുകയാണ്. മനസ്സ് വാടിയിരിക്കുകയാണ്. മനസ്സിന്റെ ഉന്മേഷം, ചൈതന്യവത്തായ ചലനശേഷി നഷ്ടപ്പെട്ടിരിക്കുകയാണ്.

ചില വ്യക്തിഗതമായ പ്രശ്നങ്ങൾ നമ്മെ അലട്ടുമ്പോൾ നാം തളർന്നു പോകും. സാധാരണ മനുഷ്യരെല്ലാം അങ്ങനെയാണ്. നമുക്കെല്ലാം ഒരു തളർച്ചയും വാട്ടവും വരും. ചിലത് കുറെനേരം നീണ്ടു നിൽക്കും. എന്നാൽ നാം ദൈവത്തിന്റെ വചനം കേൾക്കുമ്പോൾ, വചനത്തിന്റെ ശക്തി നമ്മിലേക്ക് ആഞ്ഞടിക്കുമ്പോൾ, വചനത്തിന്റെ ആത്മാവ് നമ്മോടു വാദിക്കുമ്പോൾ നമ്മുടെ ഹൃദയം ഉണരും; നമ്മുടെ നിഷ്ക്രിയത്വം മാറും. ജീവിതം ചലനാത്മകമാകും.

നിരാശകൾ മാറും. ചൈതന്യം ലഭിക്കും. കടം മാറിയിട്ടല്ല, പ്രശ്നങ്ങൾ മാറിയിട്ടല്ല, രോഗം മാറിയിട്ടല്ല, കഷ്ടപ്പാടുകൾ മാറിയിട്ടല്ല, തളർച്ചയും ബുദ്ധിമുട്ടും മാറിയിട്ടല്ല. പക്ഷേ, വചനം നമ്മുടെ ഹൃദയത്തിൽ വന്നു തുടങ്ങുമ്പോൾ അകത്തെ വാട്ടം മാറും. നിരാശ മാറും. ഉണർവ്വു ലഭിക്കും.

യാക്കോബിന് ദൈവത്തിന്റെ ദർശനം (vision) ലഭിച്ചു. യാക്കോബിന് ദൈവത്തിന്റെ ശബ്ദം (voice) ലഭിച്ചു. ദൈവത്തിന്റെ വിഷനും വോയിസ്സും ലഭിക്കുന്ന ദൈവപൈതലിന് തീർച്ചയായും ഉണർവ്വുണ്ടാകും.

പ്രിയപ്പെട്ടവരേ, വചനശുശ്രൂഷകൾ നിങ്ങൾ മുടക്കരുത്. വചനശുശ്രൂഷ മുടക്കുക എന്നതാണ് സാത്താന്റെ കെണി. വചനം കേട്ടാൽ മനുഷ്യൻ ഉണരുമെന്ന് സാത്താനറിയാം. വചനം കേൾക്കുമ്പോൾ മനുഷ്യന്റെ നിരാശ മാറുമെന്നും തളർച്ച വിട്ട് ചൈതന്യം പ്രാപിക്കുമെന്നും സാത്താനറിയാം. ദുഷ്ടപ്പിശാച് അതുകൊണ്ട് വചനം കേൾക്കാതെ മനുഷ്യനെ തടയാൻ നോക്കും.

ഉണർത്തുന്ന വചനം എവിടെയുണ്ടോ അത് കേൾക്കാതെ തടുക്കാൻ പിശാച് നോക്കും. മനുഷ്യൻ ഉണരുന്നത്

സാത്താന് സഹിക്കുകയില്ല. അവൻ എന്നും മയങ്ങി, ചലനമറ്റ് കിടക്കണം. അവൻ നിഷ്ചേതനനായി, കഴിവില്ലാത്തവനായി ത്തീരണം. അവൻ ചലനമറ്റ് അവന്റെ ആന്തരികാത്മാവ് നരക ത്തിന്റെ ഭീകരതയിലേക്കു നീങ്ങണം. ഇതാണ് സാത്താന്റെ പരിപാടി. അതുകൊണ്ട് സാത്താനും അവന്റെ ഏജന്റുമാരും എപ്പോഴും തിരുവചനത്തിന്റെ അടുക്കലേക്ക് നമ്മൾ പോകാത വണ്ണം തടുക്കാൻ നോക്കും.

എന്നാൽ നാം ഓർത്തുകൊള്ളണം. ഇതു സാത്താന്റെ കെണിയാണ്. എന്നെയുണർത്താതിരിക്കാൻ പിശാച് കെണി വയ്ക്കുകയാണ്. അതുകൊണ്ട് വചനത്തെ മുടക്കുകയില്ല എന്നു ഞാൻ സ്വയം തീരുമാനിയ്ക്കണം.

യാക്കോബ് ഉറക്കമുണർന്നു. നമ്മിൽ പലരുടേയും അകത്തെ ഹൃദയം തുറന്നിട്ടില്ല. അകത്ത് കണ്ണുകാഴ്ച ലഭിച്ചി ട്ടില്ല. അകത്തെ കണ്ണുതുറന്നു കിട്ടുക! ഉൾക്കണ്ണ് തുറന്ന് കിട്ടുക! അതൊരു ഭാഗ്യകരമായ അനുഭവമാണ്.

മനോഹരമായ ഒരു ഇംഗ്ലീഷ് കവിത ഞാൻ പണ്ടു പഠിച്ചു. അന്ധനായ ഒരു ബാലൻ. അവൻ കരയുകയാണ്. അവന്റെ അരികത്തിരിക്കുന്നവരോടു അവൻ ചോദിക്കുക യാണ്. ഈ വെളിച്ചം എന്താണെന്ന് ഒന്നു പറഞ്ഞു തരാമോ?

O, say what is that thing call'd Light,
Which I must never enjoy;
What are the blessings of the sight,
O, tell your poor blind boy!

You talk of wondrous things you see;
You say the sun shines bright:
I feel him warm, but how can he
Or make it day or night?

My day or night myself I make
Whene'er I sleep or play;

And could I ever keep awake
With me 'twere always day.

Thomas Campbell

കാഴ്ചയുണ്ടെങ്കിലുള്ള അനുഗ്രഹങ്ങൾ എന്താണെന്ന് ഈ പാവപ്പെട്ട അന്ധബാലന് ഒന്നു പറഞ്ഞുതരാമോ? നിങ്ങൾ കാണുന്ന അനേക അത്ഭുതകാഴ്ചകളെക്കുറിച്ച് നിങ്ങൾ പറയുന്നുണ്ട്. പക്ഷേ, എനിക്ക് കാണാൻ പറ്റുന്നില്ലല്ലോ. സൂര്യൻ നല്ല ജ്വലിച്ചു പ്രകാശിക്കുന്ന കാര്യം നിങ്ങൾ പറയുന്നുണ്ട്. എനിക്ക് സൂര്യന്റെ ചൂട് അനുഭവിക്കാൻ പറ്റുന്നെങ്കിലും സൂര്യൻ എങ്ങനെയാണ് ഈ പകലും രാവും ഉണ്ടാക്കുന്നത്?

എന്റെ പകലും രാവും ഞാൻ തന്നെയാണുണ്ടാക്കുന്നത്. ഞാൻ ഉറങ്ങുമ്പോൾ എന്റെ രാത്രി, ഞാൻ ഉണരുമ്പോൾ, കളിക്കുമ്പോഴെല്ലാം എന്റെ പകൽ. എപ്പോഴെല്ലാം ഞാൻ ഉറക്കം തെളിഞ്ഞിരിക്കുകയാണോ, അത് മുഴുവൻ എനിക്കു പകലാണ്. മനോഹരമായ ഈ കവിതയിൽ കവി അന്ധനായ ബാലന്റെ അന്ധതയുടെ പാരവശ്യം വിവരിച്ചു കാണിക്കുകയാണ്.

നമ്മിൽ പലർക്കും പുറമെ അന്ധതയില്ല. ഭാഗ്യവശാൽ നമുക്ക് കണ്ണു കാണാം. പ്രകൃതിയിലെ ദൃശ്യങ്ങൾ കാണാനും വായിക്കാനും പറ്റുന്നുണ്ട്. സൂര്യനെ കാണാം, ചന്ദ്രനെ കാണാം, പൂക്കളെ കാണാം, പ്രിയപ്പെട്ടവരെ കാണാം. എല്ലാം കാണാം. എന്നാൽ നമ്മുടെ അകത്തെ കണ്ണിന്റെ കാഴ്ച പോയിരിക്കുന്നു. അകംകണ്ണ് തുറന്നിട്ടില്ല.

പലപ്പോഴും ദൈവത്തിന്റെ വിഷനും വോയിസ്സും കിട്ടാഞ്ഞിട്ടല്ല. പക്ഷേ, കണ്ണു തുറക്കുന്നില്ല. ദൈവത്തിന്റെ വചനം കേൾക്കുന്ന പലരും ഇന്ന് കണ്ണുകാഴ്ചയില്ലാത്തവരായിരിക്കുന്നു. അങ്ങനെയെങ്കിൽ വചനം കേൾക്കാത്തവരുടെ സ്ഥിതി എത്രയോ ഭയാനകം!

ജീവന്റെ വചനം എല്ലായിടത്തും ഒന്നു വാരിവിതറിയിരുന്നെങ്കിൽ! എല്ലായിടത്തും ഒന്ന് വ്യാപിച്ചിരുന്നെങ്കിൽ! ജനം വചനം കേട്ടിരുന്നെങ്കിൽ! നിഷ്ക്കളങ്കമായ ലക്ഷ്യത്തോടെ,

സ്ഥാപിത താല്പര്യങ്ങളില്ലാതെ, നിക്ഷിപ്ത താല്പര്യങ്ങൾ ഒന്നുമില്ലാതെ വചനം വിതയ്ക്കുന്ന വിശുദ്ധജനം ഒന്ന് എഴുന്നേറ്റിരുന്നെങ്കിൽ! ദേശങ്ങൾ ദേശങ്ങൾ തോറും ഈ വിശുദ്ധിയുടെ വചനത്തിന്റെ ദീപശിഖയേന്തുന്ന വീരജേതാക്കൾ എഴുന്നേറ്റിരുന്നെങ്കിൽ!

വചനം ധാരാളം കേൾക്കണം. വചനം കേൾക്കുമ്പോൾ ആന്തരികമായ മയക്കം മാറും. നാം ഉണരും. അകത്തെക്കണ്ണു തുറക്കും. അകം കണ്ണ് തുറക്കുന്നതിനെക്കുറിച്ച് കർത്താവ് പറഞ്ഞു: "പിതാവേ, സ്വർഗ്ഗത്തിന്നും ഭൂമിയ്ക്കും നാഥനായുള്ളോവേ, നീ ഇതു ജ്ഞാനികൾക്കും വിവേകികൾക്കും മറച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ട് ഞാൻ നിന്നെ വാഴ്ത്തുന്നു. അതേ പിതാവേ, ഇങ്ങനെയല്ലോ നിനക്കു പ്രസാദം തോന്നിയത്."

ജ്ഞാനികൾക്കും വിവേകികൾക്കും മറച്ചു ശിശുക്കൾക്കു വെളിപ്പെടുത്തുന്ന മർമ്മമാണിത്. പണ്ഡിതന്മാർക്ക് മനസ്സിലാകുന്നില്ല. മഹാജ്ഞാനികൾക്കും താത്വികാചാര്യന്മാർക്കും മനസ്സിലാകുന്നില്ല.

റോബർട്ട് ഇംഗർസോൾ (Robert Ingersoll) വലിയ ചിന്തകനായിരുന്നു. നിരീശ്വരനായിരുന്ന അദ്ദേഹം യേശുക്രിസ്തുവിനെക്കുറിച്ചുള്ള കാര്യങ്ങൾ വായിച്ചു. പക്ഷേ യേശുക്രിസ്തുവിനെ കൈക്കൊണ്ടില്ല. ഒന്നും വിശ്വസിച്ചതുമില്ല. അദ്ദേഹം ബൈബിൾ വെറും മിഥ്യയാണെന്നു പറഞ്ഞു.

ഒരിക്കൽ ട്രെയിനിൽ യാത്ര ചെയ്യുമ്പോൾ ഇംഗർസോൾ യാദൃശ്ചികമായി ല്യൂ വാലസ്സിനെ കണ്ടുമുട്ടി. അദ്ദേഹം വളരെ ഭക്തനായ ഒരു വിശ്വാസിയാണ്, സാഹിത്യകാരനുമാണ്. അവർ പരസ്പരം സംഭാഷണം ചെയ്തു. ആദ്യമായി അവർ കൂടിക്കാണുകയായിരുന്നു. അവർ പിരിയുന്നതിനുമുമ്പ് റോബർട്ട് ഇംഗർസോൾ പറഞ്ഞു: നിങ്ങൾ വലിയ സാഹിത്യകാരനല്ലേ? ബൈബിൾ വായിക്കുന്നയാളല്ലേ? ബൈബിൾ വെറും മിഥ്യയാണ്. ബൈബിൾ കേവലം അബദ്ധപഞ്ചാംഗമാ

ണ്. അതൊന്നും ബുദ്ധിയുള്ള മനുഷ്യൻ വിശ്വസിക്കാൻ പോകുന്നില്ല.

നിങ്ങൾ ഒരു കാര്യം ചെയ്യൂ. ഗവേഷണപഠനം നടത്തൂ. ഈ വേദപുസ്തകം മിഥ്യയാണെന്നു തെളിയിക്കൂ. അത് അബദ്ധമാണെന്നും ക്രിസ്തു തന്നെ അബദ്ധമാണെന്നും തെളിയിക്കൂ. ല്യൂ വാലസ്സിന് ഒരു പുതിയ ആശയം. ഇംഗർസോൾ പറഞ്ഞതുപോലെ ശരിക്കുമിരുന്ന് പഠിച്ചു. നാല്പതാമത്തെ വയസ്സിൽ അദ്ദേഹം പഠനം തുടങ്ങി, നാല്പത്തിനാലാമത്തെ വയസ്സിലാണ് തീർന്നത്. അനേകം ഫയലുകൾ എഴുതി. എല്ലാം തയ്യാറാക്കി മേശപ്പുറത്തു വച്ചു, എഴുതാൻ ആരംഭിച്ചു. യേശുക്രിസ്തുവിനെ നിഷേധിച്ചുകൊണ്ടാണ് എഴുതാൻ പോകുന്നത്.

പെട്ടെന്ന് അദ്ദേഹത്തിന് എന്തോ ഒന്ന് സംഭവിച്ചതുപോലെ ചാടിയെഴുന്നേറ്റു. അദ്ദേഹം കസേരയിൽ നിന്ന് എഴുന്നേറ്റ് വെറും തറയിൽ മുട്ടിന്മേൽ നിന്നു. കൂപ്പുകൈയോടെ അദ്ദേഹം ഏങ്ങലടിക്കാൻ തുടങ്ങി: യേശുവേ, നിന്നെ ഞാൻ നിഷേധിക്കുന്തോറും നീ സത്യമായും എനിക്ക് അനുഭവമായിത്തീരുന്നു. യേശുവേ, നീ എന്നോടു ക്ഷമിക്കണമേ. ഞാൻ നിന്നെ എതിർക്കാൻ നോക്കി. പക്ഷേ, നീ എന്നെ കൈവിടുന്നില്ല. യേശുവേ, നിന്നെ സാക്ഷിപ്പാൻ എനിക്ക് ഭാഗ്യം തരണമേ. എന്റെ തെറ്റ് എന്നോടു പൊറുക്കണമേ. ഞാൻ പഠിച്ചുവച്ചതെല്ലാം നിന്റെ മഹത്വത്തിനുവേണ്ടി ചെലവഴിക്കുവാൻ ഭാഗ്യം തരണമേ. അതിന്നായി നിന്റെ കൃപ എന്റെമേൽ പകരണമേ.

ല്യൂവാലസ്സ് വീണ്ടും കസേരയിൽ എഴുന്നേറ്റിരുന്നു, എഴുതാൻ തുടങ്ങി. മനോഹരമായ പുസ്തകം, യേശുക്രിസ്തുവിന്റെ മഹത്വത്തെ വർണ്ണിക്കുന്ന വിശ്രുതമായ ഒരു നോവൽ എഴുതി – 'ബെൻഹർ.' യേശുക്രിസ്തുവിന്റെ സ്വർഗ്ഗീയമായ സ്നേഹത്തെ പ്രകീർത്തിക്കുന്ന, യേശു മനുഷ്യജീവിതത്തിൽ വരുത്തുന്ന അത്ഭുതകരമായ വ്യത്യാസത്തെ പ്രകീർത്തിക്കുന്ന അതിമനോഹരമായ ഗ്രന്ഥം.

സഹോദരങ്ങളേ, കണ്ണുകാഴ്ചയില്ലാത്ത ആളുകളുണ്ട്. അകത്ത് വെളിവില്ലാത്ത ആളുകളുണ്ട്. ക്രിസ്തീയത്വം മിഥ്യയാണെന്നു ചിന്തിക്കുന്ന ആളുകളുണ്ട്. ക്രിസ്തീയത്വത്തെ ബുദ്ധികൊണ്ട് പഠിക്കാൻ നോക്കണ്ട. ബുദ്ധിയിൽ തെളിവു കിട്ടുകയില്ല. നിങ്ങൾ ഒരു കാര്യം ചെയ്യൂ. എളിമയോടെ ക്രിസ്തുവിന്റെ പാദപീഠത്തിൽ ഇരിക്കുന്നു എന്ന് വിശ്വസിച്ചുകൊണ്ട് മുട്ടുമടക്കൂ. എന്നിട്ടു പറയൂ: കർത്താവേ, ഈ നിസ്സാരനായ ഞാൻ ഒരു പാപിയാണ്. എന്നെത്തന്നെ നിയന്ത്രിക്കാൻ എനിക്കു കഴിവില്ല.

എന്റെ ചിന്തയും ബുദ്ധിയും വികാരവും ഒന്നു നിയന്ത്രിക്കാൻ എനിക്കു കഴിവില്ല. ഇപ്പോൾ എന്റെ ഹൃദയം നീ കാണുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. നിന്റെ പാദപീഠത്തിൽ മുട്ടു മടക്കിയിരിക്കുന്ന ഈ നിസ്സാര പാപിയോട് മനസ്സലിഞ്ഞ് നിന്റെ ആണിപ്പാടുള്ള കരം എന്റെ ശിരസ്സിൽ വയ്ക്കണമേ. നിന്നെ സ്നേഹിപ്പാൻ എനിക്ക് പുതിയ ഹൃദയം തരണമേ. നീയൊരു യാഥാർത്ഥ്യമാണെന്ന് എനിക്കൊരു അനുഭവം തരണമേ.

*"എന്നെ പകയ്ക്കുന്നവർ കണ്ടു ലജ്ജിക്കേണ്ടതിന്ന് നന്മയ്ക്കായി ഒരു അടയാളം എനിക്കു തരേണമേ." സങ്കീർത്തനങ്ങൾ 86 : 17*

നിങ്ങൾ പ്രാർത്ഥിച്ചു നോക്കൂ. നിങ്ങൾക്കു തന്നെത്താൻ അനുഭവം കിട്ടും. യേശു പ്രാർത്ഥന കേൾക്കുന്നവനാണ് എന്ന്, യേശു നിങ്ങളുടെ ഏങ്ങലടികൾ ഒപ്പിയെടുക്കുന്നവനാണ് എന്ന്, യേശു നിങ്ങളുടെ കണ്ണുനീർ തുടയ്ക്കുന്നവനാണ് എന്ന്, യേശു നിങ്ങളുടെ രോഗം മാറ്റുന്നവനാണ് എന്ന്, യേശു നിങ്ങൾക്ക് ആശ്വാസവും ധൈര്യവും തരുന്നവനാണ് എന്ന് നിങ്ങൾക്ക് തന്നത്താൻ അനുഭവം കിട്ടും.

യാക്കോബ് ഉറക്കമുണർന്നു. യാക്കോബിന് ഉണർവ്വുണ്ടായി. ദൈവശബ്ദം കേട്ട് ഇന്ന് നിങ്ങൾക്കുണരാൻ തോന്നുന്നുണ്ടോ? നിങ്ങളെ ഉണർത്താൻ കർത്താവിന് ആഗ്രഹമാണ്.

നിങ്ങളിൽ ചിലർ ചില വിഷയങ്ങളിൽ മയങ്ങിക്കിടക്കുകയാണ്. നിങ്ങളുടെ അകത്തെക്കണ്ണ് തുറക്കാൻ നിങ്ങൾക്കു മനസ്സില്ല.

അവിശ്വാസംകൊണ്ട് കണ്ണ് അടഞ്ഞിരിക്കുന്നവരുണ്ട്. ക്രിസ്തുവിനെ അറിയുകയോ അംഗീകരിക്കുകയോ ചെയ്യാത്തവർ! ക്രിസ്തുവിന്റെ അപ്രമേയ ധനത്തെ ഗ്രഹിക്കാത്തവർ! ക്രിസ്തുവിന്റെ അത്ഭുതവ്യക്തിത്വത്തെ ഗ്രഹിക്കാത്തവർ എത്രയോ പേരുണ്ട് ഈ ലോകത്തിൽ!

ലോകം നോക്കിയാൽ ക്രൂശ് ഒരു ഭോഷത്വമല്ലേ? യേശു എന്തിനാണ് ക്രൂശിൽ മരിച്ചത്? യേശുവിന് രക്ഷപെടാമായിരുന്നല്ലോ. യവനന്മാർ (ഗ്രീക്കുകാർ) വന്ന് യേശുവിനെ ക്ഷണിച്ചു: നിന്റെ സ്വന്തക്കാരായ യഹൂദന്മാരിൽ നിന്ന് തട്ടും തൊഴിയും കൊണ്ട് ഇവിടെ കഴിയണ്ട. നിന്നെ മാനിക്കാൻ ഞങ്ങൾക്കറിയാം. അരിസ്റ്റോട്ടിൽ, സോക്രട്ടീസ്, പ്ലേറ്റോ തുടങ്ങിയ ബുദ്ധിജീവികളെ ആദരിച്ച നാടാണ് ഞങ്ങളുടെ നാട്. നീ ഇവിടെ നില്ക്കേണ്ട. നീ ആളുകളുടെ അവഗണന ഏല്ക്കണ്ട. ഞങ്ങൾ നിന്നെ ആദരിച്ചുകൊള്ളാം എന്നു പറഞ്ഞ് യേശുവിന്റെ അടുക്കൽ വന്നു.

പ്രിയപ്പെട്ടവരേ, യേശു അത് സ്വീകരിക്കാഞ്ഞത് ലോകം നോക്കുമ്പോൾ മണ്ടത്തരമാണ്. അത് സ്വീകരിച്ചിരുന്നെങ്കിൽ ക്രൂശുമരണം ഒഴിവാക്കാമായിരുന്നല്ലോ. അത് സ്വീകരിച്ചിരുന്നെങ്കിൽ വെറുതെ മുഖത്ത് തുപ്പലേൽക്കണമായിരുന്നോ? അത് സ്വീകരിച്ചിരുന്നെങ്കിൽ കന്നത്തടിയേല്ക്കണമായിരുന്നോ?

ആ ബഹുമതിയും അംഗീകാരവും എല്ലാം സ്വീകരിച്ചിരുന്നെങ്കിൽ യേശുവിന് ക്രൂശും ചുമന്നുകൊണ്ട് പോകണമായിരുന്നോ? സകലരാലും ഉപേക്ഷിക്കപ്പെട്ട്, ആരോരും തുണയില്ലാതെ, കൊള്ളക്കാരുടെ മദ്ധ്യത്തിൽ ഒരു കൊള്ളക്കാരനെപ്പോലെ വേദനയേറ്റു പിടയണമായിരുന്നോ?

പ്രിയപ്പെട്ടവരേ, ലോകത്തിന്റെ മുമ്പിൽ ക്രൂശ് ഒരു ഭോഷത്വമാണ്. അങ്ങനെ ലോകത്തിന്റെ മുമ്പിൽ ഭോഷത്വമാ

യതു തിരഞ്ഞെടുത്ത യേശുവിന്റെ അനുയായികൾ അവരുടെ ജീവിതത്തിൽ വരുന്ന വ്യതിയാനംമൂലം, ലോകത്തെ കീഴ്മേൽ മറിക്കുന്നു.

അവരുടെ ജീവിതം അനേകർക്കു മാതൃകയായിത്തീരുന്നു. അവരുടെ ജീവിതം ആത്മാക്കളെ ആവേശം കൊള്ളിക്കുന്നു. അവരുടെ ജീവിതം തലമുറകളെ പ്രകമ്പനം കൊള്ളിക്കുന്നു. വിശുദ്ധന്മാരുടെ രക്തം ഇന്ന് വിശ്വാസികൾക്കു വളമായിത്തീർന്നിരിക്കുന്നു. സഭയുടെ മൂല്യവത്തായ വളമായിത്തീർന്നിരിക്കുന്നു.

നിങ്ങളുടെ ജീവിതം യേശുവിന്റെ കൈകളിലേക്കു വിട്ടുകൊടുക്കുവാൻ മനസ്സോ? അതൊരു ഭോഷത്വമല്ല, അതൊരു മഹാജ്ഞാനമാണ്. യേശുവിനായി നിങ്ങളെത്തന്നെ വിട്ടുകൊടുക്കുക; അതൊരു വിഡ്ഢിത്തമല്ല. അത്യുന്നതനോടാണ് വാക്കു പറയുന്നത്. നിങ്ങളുടെ അല്പായുസ്സ് യേശുവിന്റെ കരങ്ങളിലേക്കാണ് കൊടുക്കുന്നത്.

ഈ ക്ഷണികമായ ആയുസ്സ്, വിലകെട്ട ആയുസ്സ്, ആർക്കും വേണ്ടാത്ത ആയുസ്സ്, സ്വന്തഭർത്താവിനുപോലും വിലയില്ലാത്ത ആയുസ്സ്, സ്വന്തം ഭാര്യയ്ക്കും മക്കൾക്കും വിലയില്ലാത്ത ആയുസ്സ്, സ്വന്തം മാതാപിതാക്കൾപോലും പരിഗണിക്കാത്ത ജീവിതം എല്ലാം പരിഗണിക്കുന്നവന്റെ കൈകളിലേക്കു കൊടുക്കാമോ?

പൈസയില്ലാതെ ഞെരുങ്ങുന്ന ജീവിതം, ആരോഗ്യമില്ലാതെ വറ്റിവരണ്ട ജീവിതം, സ്വസ്ഥതയില്ലാത്ത മനസ്സുമായി അഴലുന്ന ജീവിതം യേശുവിന്റെ കൈകളിലേക്കു കൊടുക്കാമോ? യേശു നിങ്ങൾക്കാശ്വാസം തരും. യേശു നിങ്ങളുടെ മനസ്സിനെ ഉണർത്തും. നിങ്ങളുടെ ഹൃദയം പൂവിടരുന്നതുപോലെ വിടർന്നുവരും.

നിങ്ങളുടെ ജീവിതം ഉന്മിഷത്താകും. നിങ്ങളുടെ ജീവിതം ഭാസുരമാകും, അനുഗൃഹീതമാകും. നിങ്ങളുടെ ജീവിതം മൂലം അനേകരുടെ അന്ധകാരം മാറും. അനേകം

കുടുംബങ്ങളിൽ വെളിച്ചം പകരാൻ നിങ്ങൾക്കു സാധിക്കും. മക്കൾ അനുഗ്രഹിക്കപ്പെടും.

അപ്പോൾ നിങ്ങൾക്കു കേൾക്കാം ഒരു വാഗ്ദത്തം. ആ വാഗ്ദത്തം എന്നെ ആശ്വസിപ്പിച്ച വാഗ്ദത്തമാണ്. ആ വാഗ്ദത്തം നിങ്ങൾ ഇന്ന് ഏറ്റു വാങ്ങണം.

> *"ഞാൻ അവരോടു ചെയ്തിരിക്കുന്ന നിയമമോ ഇതാകുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നു: നിന്റെമേലുള്ള എന്റെ ആത്മാവും നിന്റെ വായിൽ ഞാൻ തന്ന എന്റെ വചനങ്ങളും നിന്റെ വായിൽ നിന്നും നിന്റെ സന്തതിയുടെ വായിൽ നിന്നും നിന്റെ സന്തതിയുടെ സന്തതിയുടെ വായിൽ നിന്നും ഇന്നുമുതൽ ഒരുനാളും വിട്ടുപോകയില്ല എന്ന് യഹോവ അരുളിച്ചെയ്യുന്നു."*
>
> *യെശയ്യാവ് 59 : 21*

ദൈവജനമേ, തലമുറകൾ അനുഗ്രഹിക്കപ്പെടാൻ പോവുകയാണ്. തലമുറകൾ ഉണരുകയാണ്, ദേശങ്ങൾ ഉണരുകയാണ്. സഭകൾ ഉണരുകയാണ്, സമുദായങ്ങൾ ഉണരുകയാണ്. ഹൃദയം മാറുകയാണ്, സ്വഭാവം മാറുകയാണ്. സ്നേഹം ജീവിതത്തിൽ നിറയുകയാണ്. വിശുദ്ധി കൈമുതലായി മാറുകയാണ്. വിശുദ്ധിയുടെ ദീപശിഖ കൈകളിലേന്തുകയാണ്. യേശുവിനെ സാക്ഷിക്കുകയാണ്. ഉണരുവിൻ ദൈവജനമേ. മയങ്ങിക്കിടക്കല്ലേ. വചനത്താൽ ഉണരുവിൻ. ഹൃദയത്തിന്റെ മ്ലാനതയകറ്റുവിൻ. ഉന്മേഷം പകരുന്ന ക്രിസ്തുവിന്റെ വചനത്തിന്റെ മുമ്പാകെ താഴുവിൻ.

യേശുവിനോടു വാക്കു പറയുവിൻ. യേശുവേ, ഈ നിമിഷം മുതൽ ഞാൻ നിന്റെ വക.

## പതിമൂന്ന്

*"അപ്പോൾ യാക്കോബ് ഉറക്കമുണർന്നു: യഹോവ ഈ സ്ഥലത്തുണ്ട് സത്യം; ഞാനോ അതു അറിഞ്ഞില്ല എന്നു പറഞ്ഞു. അവൻ ഭയപ്പെട്ടു: ഈ സ്ഥലം എത്ര ഭയങ്കരം! ഇതു ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നല്ല; ഇതു സ്വർഗ്ഗത്തിന്റെ വാതിൽ തന്നേ എന്നു പറഞ്ഞു."* *ഉല്പത്തി 28 : 16, 17*

അബ്രാഹാമിന് 160 വയസ്സുള്ളപ്പോഴാണ് യാക്കോബ് ജനിക്കുന്നത്. അബ്രാഹാംപിതാവ് 175 വയസ്സുവരെ ജീവിച്ചിരുന്നു. പതിനഞ്ചു വർഷം അബ്രാഹാമിന്റെ കൂടെ ജീവിച്ച അനുഭവസമ്പത്ത്. അതൊരു അനുഗ്രഹമാണ്. വിശ്വാസവീരനായ അപ്പന്റേയും അപ്പന്റെ അപ്പന്റേയും കൂടെ കഴിയാൻ ഇടയാവുക.

ഞാൻ പ്രായമായവരോട് ഒരു വാക്ക് ചോദിച്ചോട്ടെ. നിങ്ങളുടെ മക്കളും മക്കളുടെ മക്കളും നിത്യതയിലേക്കു മുതൽക്കൂട്ടുണ്ടാക്കുന്നവരായിത്തീരുവാൻ തക്കവണ്ണം എന്തെങ്കിലുമെല്ലാം പകർന്നുകൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ? അതൊരു വലിയ നേട്ടമാണ്. നമ്മുടെ കൂടെ ജീവിക്കുന്ന നമ്മുടെ മക്കളും മക്കളുടെ മക്കളും, നമ്മോട് സഹവാസം ചെയ്യുന്ന എല്ലാവരുടേയും ഉള്ളിലേക്കു നമ്മിൽ നിന്നു പകരുന്നതു സ്നേഹമാണോ?

നമുക്ക് അവരെ വാത്സല്യമുണ്ട്. Grand parents-ന് കൊച്ചുമക്കളോട് സ്നേഹമാണ്. എന്നാൽ ആ സ്നേഹമല്ല. ക്രിസ്തു

വിന്റെ സ്വഭാവം, ക്രിസ്തുവിന്റെ സ്നേഹം നമ്മുടെ മക്കൾക്കും മക്കളുടെ മക്കൾക്കും പകർന്നു കൊടുക്കാൻ സാധിച്ചിട്ടുണ്ടോ? അതോ നമ്മുടെ ജീവിതംകൊണ്ട് അവർ അവിശ്വാസികളായിത്തീരുകയാണോ?

ഞാൻ അല്പം ഞെട്ടലോടെ വായിച്ചു. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ (Communist Manifesto) എഴുതിയുണ്ടാക്കിയ വലിയ ചിന്തകനും ദാസ് ക്യാപ്പിറ്റൽ (Das Capital) എന്ന വിശ്രുതമായ ഗ്രന്ഥം എഴുതിയ വ്യക്തിയുമാണ് കാൾമാർക്സ് (Karl Marx). അദ്ദേഹമാണ് കമ്മ്യൂണിസ്റ്റ് സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവ്. അദ്ദേഹത്തിന്റെ അപ്പൻ ഒരു യഹൂദനായിരുന്നു. അദ്ദേഹത്തിന് സ്വന്തം നാട്ടിൽ നിന്ന് ദൂരെപ്പോയി പാർക്കേണ്ടിവന്നു.

ദൂരെപ്പോയി പാർത്തപ്പോൾ ആ ദേശത്തെ രീതി അനുസരിച്ച് അദ്ദേഹത്തിന്റെ മതവിശ്വാസമെല്ലാം ത്യജിച്ചു. തന്റെ വിശ്വാസത്തിൽ നിന്നകന്ന്, ഒരു കൂസലുമില്ലാതെ ആ വിശ്വാസം ത്യജിച്ച് അവിടുത്തെ ചുറ്റുപാടനുസരിച്ച് ജീവിക്കാൻ തുടങ്ങി ഇത് കാൾ മാക്സിന് ഇഷ്ടപ്പെട്ടില്ല. അപ്പൻ ഒരു നല്ല മാതൃകയല്ല കാണിച്ചത്.

ഈ ചെറുപ്പക്കാരൻ ബുദ്ധിയുള്ളവനായിരുന്നു. അവൻ ബ്രിട്ടനിൽ എത്തി, ലൈബ്രറിയിൽ ഇരുന്ന് പഠനം തുടങ്ങി. അവന്റെ ഹൃദയത്തിൽ പുകഞ്ഞുവന്ന വിദ്വേഷം, അപ്പന്റെ സ്വഭാവത്തിന്റെ മാലിന്യം അവനിൽ ഏല്പിച്ച ആഘാതം ആ ചെറുപ്പക്കാരനിൽ വലിയ പ്രതികരണമുളവാക്കി. അതിന്റെ ഫലമായിട്ടാണ് അവൻ ദാസ് ക്യാപ്പിറ്റൽ എഴുതിയുണ്ടാക്കിയത്.

ലോകത്തിൽ ഇന്നു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം വളരുന്നതിനും വ്യാപിക്കുന്നതിനും മുഖാന്തരമായി തീർന്ന ദാസ് ക്യാപിറ്റലിന്റെ ഉല്പത്തിയുടെ പിന്നിൽ കാൾ മാക്സിന്റെ അപ്പന്റെ സ്വഭാവത്തിന്റെ മാലിന്യത്തിന്റെ പ്രതികരണമായി

രുന്നു എന്നത് നാം ഞെട്ടലോടെ കേൾക്കേണ്ടതാണ്.

അപ്പന്റെ അപ്പനായ അബ്രാഹാം കൊച്ചുമോനായ യാക്കോബിന് നല്ല മാതൃകയാണ് കാണിച്ചു കൊടുത്തത്. ദൈവത്തെ പരിചയപ്പെടുത്തിക്കൊടുത്തു. പക്ഷേ, അവന്റെ സ്വഭാവം മാറിയില്ല. അപ്പന്റെ അപ്പൻ ഓരോരോ കഥകൾ യാക്കോബിന് പറഞ്ഞുകൊടുത്തുകാണും.

അങ്ങനെ ഒരു ദൈവവിശ്വാസം അവനു കിട്ടി. ഇത് വായിക്കുന്ന മാതാപിതാക്കൾ നിങ്ങളുടെ മക്കൾക്ക് ദൈവവിശ്വാസം കൊടുക്കണം. നിങ്ങളുടെ മക്കൾക്ക് ദൈവത്തിലുള്ള ആശ്രയം നിങ്ങൾ കൊടുക്കണം. നിങ്ങളുടെ മക്കൾ അവിശ്വാസികളാകാൻ നിങ്ങളുടെ ഒരു വാക്കോ ചലനമോ കാരണമായിത്തീരരുത്. നഷ്ടം ഭയാനകമായിരിക്കും.

അബ്രാഹാംപിതാവ് യാക്കോബിനെ ഒരു വിശ്വാസിയാക്കി. പക്ഷേ, ഇപ്പോൾ യാക്കോബ് നിരാശനാണ്. എന്താണ് കാരണം? ഈ യൗവ്വനപ്രായത്തിൽത്തന്നെ വീട് വിട്ട് ഓടേണ്ടിവന്നു. സ്വന്തം അപ്പനായ യിസ്ഹാക്കിനെയും അമ്മയായ റിബേക്കയെയും വിട്ടു ദൂരെ ഹാരാനിലേക്ക് ഓടുകയാണ്. ജ്യേഷ്ഠനായ ഏശാവ് അവനെ കൊല്ലുമെന്നോർത്ത് ഭീതിയോടെ ഓടുന്ന സമയം.

പ്രിയപ്പെട്ടവരേ, ഇന്ന് ഇത് വായിക്കുമ്പോൾ നിങ്ങളുടെ മനസ്സ് തളർന്നിരിക്കുകയായിരിക്കും. പലതിനെ ഓർത്ത് ആകുലപ്പെട്ടിരിക്കുകയായിരിക്കും. കർത്താവിന്റെ വചനം പറയുന്നു:

> *“മാർത്തയേ, മാർത്തയേ, നീ പലതിനെച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയുമിരിക്കുന്നു.”*
>
> *ലൂക്കോസ് 10 : 41*

പലതിനെച്ചൊല്ലി വിചാരപ്പെട്ടും മനം കലങ്ങിയും ഇരുന്നവനാണ് ഞാൻ. നിരാശയുടെ അടിവരമ്പുകണ്ടവനാണ്.

ജീവിതത്തിൽ തളർന്നുപോയവനാണ്. എന്നാൽ എന്റെ ദൈവം എന്നെ മറന്നില്ല. സ്വർഗ്ഗത്തിലെ ദൈവത്തിന് എന്തുകൊണ്ടോ എന്നോട് കരുണ തോന്നി. എന്റെ യോഗ്യത കൊണ്ടല്ല എന്ന് എനിക്ക് നല്ലതുപോലെ അറിയാം. എന്റെ യാതൊരു നന്മ കൊണ്ടും കഴിവുകൊണ്ടും അല്ല.

എന്റെ ഹൃദയം തുറക്കുമ്പോൾ വളരെ അല്പനായ മനുഷ്യനാണ്. അനാഥനായ മനുഷ്യനായിരുന്നു. ആരോരും തുണയില്ലാതെ അലഞ്ഞുപോയ മനുഷ്യനായിരുന്നു. നൊന്തുപോയ മനുഷ്യനായിരുന്നു. മുപ്പതാമത്തെ വയസ്സിൽ വിധവയായ അമ്മയുടെ കണ്ണുനീർകണ്ട് തളർന്നുപോയ മനുഷ്യനായിരുന്നു. അമ്മയുടെ ഏങ്ങലടികൾ കേട്ടാണ് ഞാൻ വളർന്നത്.

വീടിന്റെ പുറത്ത് ഒരു കാൽപ്പെരുമാറ്റം കേട്ടാൽ മതി, ഒരു പൂച്ചയോ പട്ടിയോ ഓടുന്ന ശബ്ദം കേട്ടാൽ മതി ഞങ്ങൾ പേടിക്കുമായിരുന്നു. ഒരു വയസ്സുള്ള ഞാൻ, അഞ്ചുവയസ്സുള്ള എന്റെ പെങ്ങൾ, മുപ്പത് വയസ്സുള്ള അമ്മ; അപ്പൻ മരിക്കുമ്പോൾ അതാണ് ഞങ്ങളുടെ കുടുംബത്തിന്റെ അവസ്ഥ. ഞങ്ങൾ മൂന്നുപേരും പേടിച്ച് വിറങ്ങലിച്ചു കഴിഞ്ഞിരുന്നു. കാടു പിടിച്ച്, കുറുക്കൻ കൂവുന്ന സ്ഥലമായിരുന്നു.

ഞാൻ എത്ര പ്രവശ്യം പറഞ്ഞതാണ്. അത് പറയുന്നതു തന്നെ എനിക്കൊരു സമാധാനമാണ്. ജീവിതം മുരടിച്ചുപോയ മനുഷ്യൻ. നിരാശയുടെ നെല്ലിപ്പലക കണ്ട മനുഷ്യൻ. എന്നാൽ ജീവനുള്ള ദൈവം എന്നെ കണ്ടു, എന്നെ വിളിച്ചു. എന്റെ ഹൃദയത്തിലേക്ക് ഞാൻ പറയാതെ അവൻ ഓടിക്കയറി വന്നു. ഞാൻ അപേക്ഷിച്ചില്ല, ആവശ്യപ്പെട്ടില്ല. ഞാൻ മാനസാന്തരം കൊണ്ട് ആവശ്യമില്ലാത്ത ഒരു നീതിമാനായിരിക്കുകയായിരുന്നു.

പള്ളിയുണ്ട്. പ്രാർത്ഥനയുണ്ട്. രണ്ടു നേരവും ചിട്ടപ്പെട്ട നമസ്ക്കാരമുണ്ട്. കൃത്യമായി കുമ്പിട്ട് നമസ്ക്കരിക്കുന്ന കൗമാ നമസ്ക്കാരങ്ങൾ എല്ലാമുണ്ട്. അറിവുള്ള പാപങ്ങളിൽ

ഒന്നിലും കുടുങ്ങാൻ ഇടയായില്ല. എല്ലാ ഞായറാഴ്ചയും പള്ളിയിൽ കൃത്യമായി പോകും. അതിനാൽ മാനസാന്തരംകൊണ്ട് എനിക്ക് ആവശ്യമില്ലായിരുന്നു. നീതിമാനായി ഭാവിച്ചിരുന്ന പരീശനായ എന്റെ ഹൃദയത്തിലേക്ക് കർത്താവായ യേശു മനസ്സോടെ കടന്നുവന്നു. അവൻ കനിഞ്ഞ് ഈ ജീവിതത്തിലേക്ക് എഴുന്നള്ളി വന്നു.

ഇന്ന് നിങ്ങൾ ഇത് വായിക്കുമ്പോൾ, നിങ്ങളുടെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരാൻ യേശു വന്നു നിൽക്കുന്നുണ്ട്. നിങ്ങളുടെ ഹൃദയത്തിലേക്ക് നടന്നു കയറാൻ യേശു കാത്തു നിൽക്കുകയാണ്.

ഒരു വാക്ക് നിങ്ങൾ പറഞ്ഞാൽ മതി. മോളേ, നിന്റെ ഹൃദയത്തിലേക്ക് യേശു എഴുന്നള്ളി വരും. യേശു കടന്നുവന്നാൽ ഭാഗ്യമാണ്. അത് അത്ഭുതകരമായ അനുഭവമാണ്. യേശു എഴുന്നള്ളി വന്നാൽ നിന്റെ ജീവിതം പുഷ്ടിയുള്ളതായിത്തീരും. നിന്റെ ജീവിതത്തിലെ depressions and frustrations മാറും. നിന്റെ ജീവിതത്തിലെ അലങ്കോലങ്ങൾ-confusions മാറും. നിന്റെ ജീവിതം കെട്ടുറപ്പുള്ളതായിത്തീരും.

മകനേ, നിന്റെ കോപസ്വഭാവം മാറും. വാശിയും വൈരാഗ്യവും മാറും. നിന്റെ അഹന്തയും ദ്രവ്യാഗ്രഹവും മാറും. നിന്റെ സ്ഥാനമോഹം മാറും. നിന്റെ അസൂയയും അവിവേകവും മാറും. അലസത മാറും. അത്ഭുതം നിന്റെ ജീവിതത്തിൽ സംഭവിക്കും. നിന്നെ കാണുന്നവർ യേശുവിനെ കാണാൻ തുടങ്ങും. നിന്നിൽക്കൂടി അനേകരുടെ ഹൃദയത്തിലേക്ക് സമാധാനം പകരാൻ ഇടയാകും.

യേശു നിങ്ങളിൽ അനേകംപേരെ ഉപയോഗിക്കാൻ ആഗ്രഹിക്കുന്നു. ഓരോരുത്തരുടേയും അരികത്തുവന്ന് യേശു ആശയോടെ നോക്കി നിൽക്കുകയാണ്: “മകനേ, നീ ഒരു വാക്ക് പറഞ്ഞാൽ മതി, ഞാൻ നിന്റെ അരികത്തേക്ക്

വരാം" എന്നാണ് പറയുന്നത്. "മകളേ, ഞാൻ നിന്റെ ജീവിതം പോഷിപ്പിക്കാം പുഷ്ടിയുള്ളതാക്കി തരാം; നിനക്ക് തലമുറതലമുറയായി രക്ഷ തരാം" എന്നു പറഞ്ഞുകൊണ്ട് രക്ഷകൻ നിന്റെ വാതിൽക്കൽ വന്ന് മുട്ടുകയാണ്.

അവന്റെ കരങ്ങളിലേക്ക് നിന്നെ വിട്ടുകൊടുക്കാമോ? അവൻ നിന്റെ അടുക്കൽ കെഞ്ചി നിൽക്കുന്ന ഈ സമയം നീ നഷ്ടപ്പെടുത്തരുത്. "ഇപ്പോൾ ആകുന്നു രക്ഷാദിവസം, ഇപ്പോൾത്തന്നെ സുപ്രസാദകാലം." "പ്രസാദകാലത്ത് ഞാൻ നിനക്ക് ഉത്തരമരുളി. രക്ഷാദിവസത്തിൽ ഞാൻ നിന്നെ സഹായിച്ചു."

കൃപയുടെ വാതിൽ തുറന്നിരിക്കുന്നു. പെട്ടകത്തിന്റെ വാതിൽ തുറന്നുകഴിഞ്ഞു. പ്രളയം വരാൻ പോകുന്നു. വേഗം ഓടി അകത്തുകടന്നുകൊള്ളുവിൻ. കടുവകളും ചെന്നായ്ക്കളും പുള്ളിപ്പുലികളും കടന്നു കഴിഞ്ഞു. സിംഹവും സിംഹിയും കടന്നുകഴിഞ്ഞു. ഘോരന്മാർ കടന്നു. കൊള്ളരുതാത്തവർ പ്രവേശിച്ചു. കൊള്ളക്കാർ കടന്നുവന്നു. വിശേഷബുദ്ധിയുള്ള മനുഷ്യൻ മാത്രം പുറത്തുമാറി നിൽക്കുകയാണ്; സംശയിച്ച് നിൽക്കുകയാണ്.

സംശയിച്ചു നിൽക്കല്ലേ. പ്രളയം വരുന്നതിനുമുമ്പ്, വാതിൽ അടയ്ക്കുന്നതിനു മുമ്പ് വേഗം വന്ന് കയറിക്കൊള്ളുവിൻ.

"കൃപയുടെ വാതിലിതാ-പൂട്ടുവാൻ തുടങ്ങുന്നു
സോദരരേ ഓടി വന്നാൽ-നിങ്ങൾക്കും പ്രവേശിക്കാം
ഞാനുമെനിക്കുള്ളതെല്ലാം യേശുവിനു സ്വന്തമേ
അവനെന്നെ നടത്തുന്നു എനിക്കൊന്നും മുട്ടില്ല
തൻ ജനത്തെ കണ്ടെന്നേശു പുഞ്ചിരി തൂകിടുന്നു
ദൈവദൂത സംഘമെല്ലാം നോക്കി നോക്കി നിൽക്കുന്നു."

യാക്കോബ് ഉറക്കമുണർന്നപ്പോൾ, താൻ ഒരു അത്ഭുതക

രമായ രംഗത്താണ് നിൽക്കുന്നതെന്ന് മനസ്സിലായി. മരുഭൂമിയല്ല, ഇതു ദൈവത്തിന്റെ ആലയമാണ്. ദൈവം ഇറങ്ങി വന്നിരിക്കുകയാണ്. മാലാഖമാർ കയറുന്നു, ഇറങ്ങുന്നു. ഞാൻ വിചാരിച്ചു ഞാൻ ഏകനാണ് എന്ന്. എന്നാൽ ഈ മാലാഖമാരെല്ലാം എന്നോടുകൂടെയുണ്ടായിരുന്നു. അവൻ പറഞ്ഞു, യഹോവ ഈ സ്ഥലത്തുണ്ട്, ഞാനോ അത് അറിഞ്ഞില്ല.

ദൈവജനമേ, നിങ്ങളോട് പറയട്ടെ, കർത്താവ് നിങ്ങളെ സ്നേഹിക്കുന്നുണ്ട്. കർത്താവ് നിങ്ങളെ വിട്ടുപോയിട്ടില്ല. നിങ്ങൾ പാപം ചെയ്തു ശരിയാണ്. നീതീകരിക്കാൻ ഒന്നുമില്ല. അവിശ്വാസം വന്നുപോയി. അഹങ്കാരം വന്നുപോയി. അശുദ്ധി സംഭവിച്ചുപോയി. തിന്മകൾ ഏറെയേറെ സംഭവിച്ചു. പക്ഷേ, യേശു നിങ്ങളെ വിട്ടുകളഞ്ഞിട്ടില്ല. യേശു നിങ്ങളെ വെറുക്കുന്നില്ല, തള്ളിക്കളഞ്ഞിട്ടില്ല.

യേശുക്രിസ്തുവിന്റെ ക്രൂശിലെ സ്നേഹം ഇപ്പോഴും നിങ്ങളെ പേർചൊല്ലി വിളിക്കുകയാണ്. ഇപ്പോഴും നിങ്ങളെ വാത്സല്യപൂർവ്വം തഴുകി വിളിക്കുകയാണ്. സ്നേഹത്തോടെ മാടി അടുപ്പിക്കുകയാണ്. ആ ക്രൂശിലെ സ്നേഹമല്ലേ നാം ഇന്ന് ജീവിക്കാൻ കാരണം? ആ സ്നേഹമല്ലേ നാം ഇന്ന് സമാധാനത്തോടെ കഴിയാൻ കാരണം? സന്തോഷത്തോടെ സ്തുതിക്കാൻ കാരണം?

യാക്കോബ് ഭയപ്പെട്ടു. ഈ സ്ഥലം എത്ര ഭയങ്കരം എന്നു പറഞ്ഞു. ഇതിനുമുൻപും ഭയമുണ്ടായിരുന്നു. ഇപ്പോൾ ഉള്ള ഭയമല്ല, ഇതിനുമുമ്പ് ഞാൻ ഏകനാണ്, എന്റെ ഭാവി എന്ത്? ചേട്ടൻ വന്ന് കൊല്ലുമോ? എന്നുള്ള മരണഭയമായിരുന്നു. ഹൃദയം നിറഞ്ഞ ഭീതി. എന്നാൽ ഇപ്പോഴുള്ള ഭയമെന്താണ്? Awe and reverence - ദൈവത്തിന്റെ സാന്നിദ്ധ്യത്തിലുള്ള നടുക്കം.

*“എങ്കിലും അരിഷ്ടനും മനസ്സുതകർന്നവനും എന്റെ*

*വചനത്തിങ്കൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും.”* *യെശയ്യാവ് 66 : 2*

വചനത്തിന്റെ മുമ്പിൽ വിറയ്ക്കുക. പേടിയല്ല, ആദരവാണ്. യാക്കോബ് ഭയപ്പെട്ടു. ഒരു ദൈവഭയം വരുന്നു. എന്നെ കാണുന്ന ഒരു ദൈവം ജീവിക്കുന്നു. എന്റെ രഹസ്യങ്ങൾ കാണുന്ന ദൈവം ജീവിക്കുന്നു. ഞാൻ ഇരിക്കുന്നതും എഴുന്നേൽക്കുന്നതും അറിയുന്ന ദൈവം. ആ ദൈവം അറിയാതെ ഒരു വാക്കും എന്റെ നാവിൻമേലില്ല. ആ ദൈവം ജീവിക്കുന്നു.

എന്റെ ഹൃദയത്തിന്റെ നിരൂപണങ്ങൾ അവൻ ദൂരത്തുനിന്നു ഗ്രഹിക്കുന്നു. നിത്യനായ ക്രിസ്തു എപ്പോഴും എന്നെ കാണുന്നു. Awe and reverence.

*“നടുങ്ങുവിൻ പാപം ചെയ്യാതിരിപ്പിൻ.”*
*സങ്കീർത്തനങ്ങൾ 4 : 4*

*“Stand in awe, and sin not.”* *Psalms 4 : 4*

ഇന്ന് മനുഷ്യന് ദൈവഭയം നഷ്ടപ്പെട്ടിരിക്കുകയാണ്. പാപം ചെയ്യാൻ തയ്യാറാകുന്നതിനു കാരണം ദൈവഭയമില്ലാത്തതാണ്. ദൈവഭയമുണ്ടെങ്കിൽ പാപം ചെയ്യാൻ പേടിക്കും. പാപം ചെയ്താൽ അപകടമാണ് എന്ന് മനസ്സിലാകും.

യുവാക്കളേ, നിങ്ങൾ ദൈവത്തെ ഭയപ്പെടുക. വിദ്യാർത്ഥികളേ, നിങ്ങൾ ദൈവത്തെ ഭയപ്പെടുക. ദൈവത്തെ ആദരവും ബഹുമാനവും വിറയലും. എന്നെ ദൈവം കാണുന്നു. ആ ദൈവം എന്നെ സ്നേഹിക്കുന്നു. ആ സ്നേഹത്തെ എനിക്ക് മുറിപ്പെടുത്തുവാൻ വയ്യ. ആ സ്നേഹത്തെ ഞാൻ വേദനിപ്പിക്കുകയില്ല. എന്നെ സ്നേഹിക്കുന്ന മഹാസ്നേഹത്തെ എന്റെ പാപംകൊണ്ട് വേദനിപ്പിക്കുകയില്ല.

എന്റെ ദൈവത്തിന് ഞാൻ ആശ്വാസമായിരിക്കും. ഞാൻ ഒരു സമാധാനപുത്രനായിരിക്കും. ഞാൻ ദേശത്തു

പാർത്ത് വിശ്വസ്തത ആചരിക്കും. കർത്താവേ, നിന്റെ കൃപ എനിക്കു തരണമേ. നിങ്ങളുടെ ചിന്തകൾ അറിയുന്ന ദൈവത്തിന്റെ സന്നിധിയിൽ ഭയത്തോടെ നിൽക്കാൻ നിങ്ങൾക്കു താല്പര്യമോ? നിങ്ങളുടെ രഹസ്യങ്ങളെല്ലാം അറിയുന്ന ദൈവത്തിന്റെ സന്നിധിയിൽ, സകലവും നഗ്നവും മലർന്നതുമായി കിടക്കുന്ന നിത്യനായ ദൈവത്തിന്റെ അഗ്നിജ്വാലക്കൊത്ത കണ്ണുകൾക്ക് മുമ്പിൽ നിങ്ങൾക്ക് ഇനി മുതൽ വിശ്വസ്തതയോടും വിശുദ്ധിയോടും നിൽക്കാൻ താല്പര്യമോ?

എങ്കിൽ ഇപ്പോൾ ക്രിസ്തുവിന്റെ തിരുരക്തം പുരണ്ട ആണിപ്പാടുള്ള കരം നിങ്ങളുടെ നേരെ നീട്ടിയിട്ടുണ്ട്. ആ കരത്തിലേക്ക് നിങ്ങൾ വിട്ടുകൊടുക്കുവിൻ. ആ തിരുരക്തം നിങ്ങളെ കഴുകാൻ മതിയായതാണ്. കഴിഞ്ഞകാല പാപങ്ങൾ കഴുകിത്തരുന്ന തിരുരക്തത്തിൽ നിങ്ങൾ ശരണപ്പെടുവിൻ. ആ തിരുരക്തം നിങ്ങളുടെ നെറ്റിയിൽ പുരട്ടട്ടെ. ആ തിരുരക്തം നിങ്ങളെ കഴുകട്ടെ. ആ തിരുരക്തം നിങ്ങളെ അലങ്കരിക്കട്ടെ. ആ തിരുരക്തത്താൽ നിങ്ങൾ ഇന്നുമുതൽ വിശുദ്ധരായിത്തീരട്ടെ.

## പതിനാല്

*"അപ്പോൾ യാക്കോബ് ഉറക്കമുണർന്നു: യഹോവ ഈ സ്ഥലത്തുണ്ടു സത്യം; ഞാനോ അതു അറി ഞ്ഞില്ല എന്നു പറഞ്ഞു. അവൻ ഭയപ്പെട്ടു: ഈ സ്ഥലം എത്ര ഭയങ്കരം! ഇതു ദൈവത്തിന്റെ ആല യമല്ലാതെ മറ്റൊന്നല്ല; ഇതു സ്വർഗ്ഗത്തിന്റെ വാതിൽ തന്നേ എന്നു പറഞ്ഞു. യാക്കോബ് അതി കാലത്തു എഴുന്നേറ്റു തലയണയായി വച്ചിരുന്ന കല്ലു എടുത്തു തൂണായി നിർത്തി, അതിന്മേൽ എണ്ണ ഒഴിച്ചു. അവൻ ആ സ്ഥലത്തിന്നു ബേഥേൽ എന്നു പേർ വിളിച്ചു; ആദ്യം ആ പട്ടണത്തിനു ലൂസ് എന്ന് പേരായിരുന്നു."   ഉല്പത്തി 28 : 16 – 19*

ദൈവം കണ്ട ഒരു ദൈവപൈതൽ ഒരു സ്ഥലത്തു ചെന്നു താമസിച്ചാൽ തലയണക്കല്ല് തൂണായി മാറും. Pillow, Pillar ആകും. ജീവനുള്ള ദൈവത്തിന്റെ വാത്സല്യം പിൻചെല്ലുന്ന ദൈവദാസൻ ഒരു സ്ഥലത്തു ചെന്നു താമസിച്ചാൽ അവിടെ അത്ഭുതങ്ങൾ നടക്കും. ആ സ്ഥലത്തിന്റെ പേരു പോലും മാറും.

ഒരു മനുഷ്യനിൽ ദൈവം ഇറങ്ങി നിന്നാലുള്ള മഹത്വം! നിങ്ങളിൽ ദൈവം ഇറങ്ങി നിൽക്കണം. കഴുതമേൽ വാഹനമേറിയ ക്രിസ്തു നമ്മിൽ വാഹനമേറും. നമ്മുടെ ചുമലിലല്ല, നമ്മുടെ ഹൃദയത്തിൽ.

*"അതിനെ അഴിക്കുന്നതു എന്ത് എന്ന് ആരെങ്കിലും*

*നിങ്ങളോടു ചോദിച്ചാൽ: കർത്താവിന്നു ഇതിനെക്കൊണ്ട് ആവശ്യം ഉണ്ട് എന്നു പറവിൻ എന്നു പറഞ്ഞു." ലൂക്കോസ് 19 : 31*

അഴിച്ചുകൊണ്ടുവരുവിൻ എന്നുപറഞ്ഞ് ശിഷ്യന്മാരെ വിടുമ്പോൾ കർത്താവ് പറഞ്ഞു: "അതിനെ കെട്ടിയിട്ടവർ ഒരുപക്ഷേ തടഞ്ഞേക്കും. അപ്പോൾ നിങ്ങൾ പറയണം, ഞങ്ങളുടെ കർത്താവിനു ഇതിനെക്കൊണ്ട് ആവശ്യമുണ്ട് എന്ന്. ഉടനെ അവർ വിട്ടയയ്ക്കും."

കെട്ടിയിട്ടിരിക്കുന്നവർ തടയും പക്ഷേ, കർത്താവിന് ആവശ്യമുണ്ട് എന്നറിഞ്ഞാൽ വിട്ടയയ്ക്കും. നിങ്ങളിൽ ക്രിസ്തു വസിച്ചാൽ ക്രിസ്തുവിനു ചിലതെല്ലാം ചെയ്യാൻ സാധിക്കും. നിങ്ങളുടെ വീടിന്റെ ഛായ മാറും. നിങ്ങളുടെ വിദ്യാഭ്യാസത്തിന്റെ ഛായ മാറും. നിങ്ങളുടെ പരീക്ഷാഫലത്തിന്റെ ഛായ മാറും. അഡ്മിഷന്റെ ഛായ മാറും. നിങ്ങളുടെ ഹോസ്റ്റൽറൂമിന്റേയും ക്ലാസ്സ്റൂമിന്റേയും ഛായ മാറും.

ഒരു കൊച്ചൻ ദൂരെ ഒരു ഹോസ്റ്റലിൽ താമസിച്ചു പഠിക്കുകയാണ്. അമ്മ ഈ മോനെ കാണാനാഗ്രഹിച്ചു ചെന്നു. അവന്റെ മുറിയിൽ ലജ്ജാവഹമായ നഗ്നചിത്രങ്ങൾ ചുറ്റും പതിപ്പിച്ചിരിക്കുന്നു. അമ്മയെല്ലാം കണ്ടു, ഒന്നും മിണ്ടിയില്ല, തിരിച്ചുപോന്നു. തിരികെ വന്ന് അമ്മ അവന് ഒരു എഴുത്തയച്ചു.

എഴുത്തിൽ അമ്മയുടെ ഒരു ഫോട്ടോ വച്ചു: "മോനേ, നീ എന്നെ മറന്നു പോകാതിരിക്കാൻ നിന്റെ ബെഡ്റൂമിന്റെ ചുമരിൽ ഇത് ഒന്നു വയ്ക്കണേ." കുറെനാൾ കഴിഞ്ഞ് അമ്മ വീണ്ടും ചെന്നു. നോക്കിയപ്പോൾ അമ്മയുടെ ഫോട്ടോയല്ലാതെ മറ്റൊരു ഫോട്ടോയും ഇല്ല.

മറ്റു ഫോട്ടോകൾ എവിടെയെന്ന് അമ്മ ചോദിച്ചപ്പോൾ അവൻ പറഞ്ഞു: അമ്മയുടെ ഫോട്ടോ അവിടെ വെച്ചപ്പോൾ മറ്റെല്ലാം അവിടെനിന്ന് എടുത്തു മാറ്റണമെന്നു തോന്നി.

അപ്പോഴും അമ്മയൊന്നും മിണ്ടിയില്ല.

ജീവനുള്ള ദൈവത്തിന്റെ ആത്മാവുള്ള ദൈവപൈതൽ ഒരു സ്ഥലത്തു ചെന്നു താമസിച്ചാൽ ആ ഹോസ്റ്റലിന്റെ മുഖ ഛായ മാറും. ഒരു ദൈവപൈതൽ ആ ഹോസ്റ്റലിന്റെ മുഖ ഛായ മാറ്റും. ഒരു ദൈവപൈതൽ ഒരു സ്ഥാപനത്തിലുണ്ടെ ങ്കിൽ ആ സ്ഥാപനത്തിന്റെ മുഖഛായ മാറും. അതിന്റെ ഭാവം മാറും.

നമ്മുടെ കുടുംബത്തിന്റെ ഭാവം മാറിയിട്ടുണ്ടോ? ഇന്നും കുടുംബത്തിൽ പൊട്ടലും ചീറ്റലുമുണ്ടോ? ഇന്നും വീട്ടിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടോ? നിങ്ങളുടെ കുടുംബത്തിന്റെ അവസ്ഥ എന്താണ്? Charity begins at home. വീട്ടിലാണ് സ്നേഹം ആരംഭിക്കേണ്ടത്.

സ്വന്തം ഭവനത്തിൽ സ്നേഹം കാണിക്കാത്ത ഒരാൾക്ക് മറ്റൊരിടത്തും സ്നേഹം കാണിക്കാൻ സാധിക്കുകയില്ല. മറ്റുള്ളതെല്ലാം വെറും അഭിനയമായിരിക്കും. പൈശാചികവും കാപട്യവുമായിരിക്കും. സ്വന്തം ഭർത്താവിന്റെ അടുത്ത്, സ്വന്തം ഭാര്യയുടെയടുത്ത്, സ്വന്തം മക്കളുടെയടുത്ത്, സ്വന്തം മാതാപി താക്കളുടെയടുത്ത് സ്നേഹം കാണിക്കണം. വെറും ജഡ സ്നേഹമല്ല, ജീവനുള്ള ദൈവം പ്രസാദിക്കുന്ന ശ്രേഷ്ഠമായ സ്നേഹം കാണിക്കണം. ശ്രേഷ്ഠമായ സ്വഭാവം കാണിക്കണം.

പരസ്പരം വിട്ടുവീഴ്ച ചെയ്യാൻ സാധിക്കുക, പര സ്പരം ക്ഷമിക്കാൻ സാധിക്കുക, പരസ്പരം പലതും മറ ക്കാൻ സാധിക്കുക. ഏതെങ്കിലും തെറ്റ് ഒരാൾക്ക് വന്നാൽ അത് മന:പൂർവ്വം കണ്ണടച്ചുകളയാൻ സാധിക്കുക. ഒരാൾക്ക് ബലഹീനത വന്നാൽ മറ്റുള്ളവർക്കുകൂടി താങ്ങാൻ സാധി ക്കുക. ഇതാണ് നല്ല കുടുംബത്തിന്റെ പശ്ചാത്തലം.

ഒരാൾ ദൈവപൈതലായി നിന്നാൽ അത് സാധിക്കും. മറ്റുള്ളവർ ശരിയാകട്ടെ എന്നു ചിന്തിക്കണ്ട. ഞാൻ ഒരാൾ

ക്രിസ്തുവിന്റെ പ്രതീകമായി എന്റെ ഭവനത്തിൽ നിൽക്കും. ഞാൻ ഒരാൾ ക്രിസ്തുവിനെ വഹിച്ചുകൊണ്ട് എന്റെ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിൽക്കും. ഞാൻ ഒരാൾ ക്രിസ്തുവിന്റെ പ്രതീകമായി ഞാൻ യാത്രചെയ്യുന്ന വാഹനത്തിൽ ആയിരിക്കും.

ക്രിസ്തുവിന്റെ പ്രതീകമായി നിൽക്കുന്ന ഒരാൾക്ക് ജോലിയിൽ ഉഴപ്പാൻ പറ്റുമോ? ആത്മാർത്ഥതയില്ലാതെ ജോലി ചെയ്യാൻ സാധിക്കുമോ? ശമ്പളം എണ്ണി വാങ്ങുന്നതിൽ മാത്രം ആത്മാർത്ഥതയും ഉത്തരവാദിത്വവും, എന്നാൽ ജോലി ചെയ്യുന്നതിൽ ആത്മാർത്ഥതയും ഉത്തരവാദിത്വവും ഇല്ലാതിരിക്കുക എന്നുപറഞ്ഞാൽ എത്രയോ നികൃഷ്ടമായ പ്രകൃതമാണ്!

കൂട്ടായ്മയിൽ വരുന്ന അനേകരും ജോലിയിൽ ആത്മാർത്ഥതയും ശുഷ്ക്കാന്തിയും ഉത്തരവാദിത്വവും കഠിനാദ്ധ്വാനം ചെയ്യാൻ മനസ്സും ഇല്ലാത്തവരാണ്. സ്വന്തം കാര്യം പോലെ ജോലിസ്ഥാപനത്തിൽ നിൽക്കാൻ കഴിയാത്തവരാണ്. അങ്ങനെയുള്ളവരിൽ ദൈവം പ്രസാദിക്കുകയില്ല. ജോലിയിൽ കാര്യക്ഷമത കാണിക്കാതെ ദൈവം പ്രസാദിക്കുകയില്ല. യേശുവിന്റെ സ്വഭാവം നിങ്ങളുടെ ജോലിസ്ഥാപനത്തിൽ കാണിക്കണം.

> *“ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തുചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വത്തിന്നായി ചെയ്വിൻ.” 1 കൊരിന്ത്യർ 10 : 31*

സത്യമായും ജീവനുള്ള ദൈവത്തിന്റെ ആത്മാവുണ്ടെങ്കിൽ നിങ്ങളിൽ നിന്ന് ക്രിസ്തുവിന്റെ സുഗന്ധം നിങ്ങൾ നിൽക്കുന്ന സ്ഥലത്തു വ്യാപിച്ചുകൊണ്ടിരിക്കും. വേദപുസ്തകത്തിൽ അതിമനോഹരമായ ഒരു വാക്യമുണ്ട്.

> *“തൈലത്തിന്റെ സൗരഭ്യംകൊണ്ടു വീടു നിറഞ്ഞു.”*
> *യോഹന്നാൻ 12 : 3*

ഈ വാക്യം ഞാൻ ആദ്യമായി ഹൃദയത്തിൽ തട്ടി വായിച്ചപ്പോൾ കോൾമയിർക്കൊണ്ടു. ആനന്ദിച്ച് ദൈവത്തെ സ്തുതിച്ചു. നിങ്ങളിൽ ദൈവത്തിന്റെ സ്നേഹത്തിന്റെ സൗന്ദര്യം വ്യാപിക്കട്ടെ. നിങ്ങളിൽ ദൈവത്തിന്റെ വിശുദ്ധിയുടെ സൗന്ദര്യം വ്യാപിക്കട്ടെ. നിങ്ങളിൽ ദൈവത്തിന്റെ കരുണയുടെ സൗരഭ്യം വ്യാപിക്കട്ടെ. ജീവിതം മുഴുവനും ക്രിസ്തുവിന്റെ വിശുദ്ധിയുടെ സുഗന്ധം പേറുന്നവരായിത്തീരുക.

യാക്കോബ് അവിടെ ചെന്നുകിടന്നു, സ്ഥലത്തിന്റെ പേരുമാറി. ലൂസ് എന്നായിരുന്നു ആ സ്ഥലത്തിന്റെ പേര്. അത് ബേഥേൽ എന്നായി. ലൂസ് എന്ന വാക്കിന്റെ അർത്ഥം Separation – വേർപിരിയൽ, ബേഥേൽ – House of God – ദൈവത്തിന്റെ ഭവനം.

നിങ്ങളുടെ വീടിന് പൂർവ്വികന്മാരുടെ കാലത്തെ പേരു മാറ്റി പുതിയ പേരു വയ്ക്കണം എന്നല്ല ഞാൻ പറയുന്നത്. ബേഥേൽ എന്നോ, ബേഥാന്യ എന്നോ ബേത്‌ലഹേം എന്നോ ഒക്കെ പേരിടാം. അതിലൊന്നും കാര്യമില്ല. ജീവിതത്തിൽ ആ പേരിന്റെ അന്വർത്ഥത വരട്ടെ. പേരിന്റെ യാഥാർത്ഥ്യം നിങ്ങളുടെ ജീവിതത്തിൽ വരട്ടെ.

ലൂസ് Separation ആണ്. എല്ലായിടത്തും Separation! Separation from God – ദൈവത്തിൽ നിന്ന് അകൽച്ച, Separation from family – കുടുംബത്തിൽ നിന്ന് അകൽച്ച, Separation from parents – മാതാപിതാക്കളിൽ നിന്ന് അകൽച്ച, Separation from relationships – ബന്ധങ്ങളിൽ നിന്ന് അകൽച്ച. എന്നാൽ, Separation– ന്റെ സ്ഥലം House of God ആയിമാറി.

നിങ്ങളുടെ കുടുംബം House of God (ദൈവഭവനം) ആയി മാറണം.

*നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു*

*എന്നും അറിയുന്നില്ലയോ? ദൈവത്തിന്റെ മന്ദിരം നശിപ്പിക്കുന്നവനെ ദൈവം നശിപ്പിക്കും; ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ; നിങ്ങളും അങ്ങനെ തന്നേ.” 1 കൊരിന്ത്യർ 3 : 16, 17*

നിങ്ങൾ ദൈവത്തിന്റെ പള്ളിയായി മാറണം. I will destroy him that defileth my temple. എന്റെ ആലയം അശുദ്ധമാക്കുന്നവനെ ഞാൻ നശിപ്പിക്കും എന്ന് ദൈവം പറയുന്നു. നിങ്ങൾ ദൈവത്തിന്റെ ആലയമാണ്. ദൈവത്തിന്റെ മന്ദിരം വിശുദ്ധമല്ലോ, നിങ്ങളും അങ്ങനെതന്നേ. നിങ്ങൾ വിശുദ്ധരായിരിക്കണം.

അപ്പൊസ്തലനായ പൗലോസ് വീണ്ടും കൊരിന്ത്യരോടു പറയുന്നു:

*“ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ?” 1 കൊരിന്ത്യർ 6 : 19*

ശരീരം അശുദ്ധമാക്കാൻ പാടില്ല. ഓരോ അവയവത്തിലും നിയന്ത്രണം വേണം. അതാണ് ഇന്ദ്രിയജയം! ഒരു വാക്കിൽ തെറ്റരുത്, ഒരു നോട്ടത്തിൽ തെറ്റരുത്, ചുണ്ടിൽ പിടിപ്പിക്കുന്നതിൽ തെറ്റരുത്, നമ്മുടെ പണമിടപാടുകളിൽ തെറ്റരുത്. എല്ലാറ്റിലും കൃത്യത വേണം.

എല്ലാറ്റിലും കൃത്യത (accuracy) വേണം. എല്ലാറ്റിലും സംശുദ്ധി വേണം. എല്ലാറ്റിലും കറതീർന്നു നിൽക്കണം. ദൈനംദിന ജീവിത വ്യാപാരരംഗത്ത് കറ തീർന്നു നിൽക്കണം. സംസാരങ്ങളിൽ, കുടിക്കുന്നതിൽ, തിന്നുന്നതിൽ കറ തീർന്നിരിക്കണം.

ദൈവം പ്രസാദിക്കാത്ത രീതിയിൽ പൈസ വരരുത്,

പൈസ ചിലവഴിക്കരുത്. Luxurious living (സുഖലോലുപമായ ജീവിതം) തെറ്റാണ്. അതിഭക്ഷണം തെറ്റാണ്. ഭക്ഷണത്തിനു വേണ്ടി രൂപ അധികം മുടക്കുന്നത് പാപമാണ്.

> *"നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യ പാനത്താലും ഉപജീവനചിന്തകളാലും ഭാരപ്പെ ട്ടിട്ടു ആ ദിവസം നിങ്ങൾക്കു പെട്ടെന്നു കണി പോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ."*
>
> *ലൂക്കോസ് 21 : 34*

മക്കൾ വീട്ടിൽ ലഘുവായ ഭക്ഷണം കഴിച്ചു കിടക്കുന്നു, അപ്പൻ ചുമതലാബോധമില്ലാതെ ഉണ്ടാക്കുന്നതെല്ലാം സുഖിച്ചു പുളച്ച് മേളിച്ച് ചിലവഴിച്ചു കളയുന്നു. എല്ലാം പാപ മാണ്. കൂട്ടായ്മയിൽ വചനം കേൾക്കും, എങ്കിലും ഇമ്മാതിരി യുള്ള കാര്യങ്ങൾ ശ്രദ്ധിക്കാറില്ല. ഭക്ഷണകാര്യത്തിലും പൈസ ചിലവഴിക്കുന്ന കാര്യത്തിലും നിങ്ങൾക്കു മിതത്വം ഇല്ലാതെ പോകുന്നു.

നമ്മുടെ ഓരോ സ്റ്റെപ്പിലും കറ തീർന്നു നിൽക്കണം. അപ്പോഴാണ് കർത്താവ് നമ്മിൽ പ്രസാദിക്കുന്നത്. അപ്പോൾ നമ്മുടെ തൊഴിൽരംഗങ്ങളിൽ ക്രിസ്തു പ്രസാദിക്കുംവണ്ണം നാം നിൽക്കും. അതാണ് ക്രിസ്തീയ ജീവിതം.

യാക്കോബ് വന്നു പാർത്ത സ്ഥലത്തിന്നു 'ലൂസ്' എന്ന പേരു മാറി, 'ബേഥേൽ' എന്നായി. ആ സ്ഥലത്തു മാലാഖമാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നത് കണ്ടു. യാക്കോബിന്റെ ജീവിതത്തിൽ പിന്നെയും ദൂതന്മാരുടെ സാന്നിദ്ധ്യമനുഭവിക്കു ന്നുണ്ട്. പ്രതിസന്ധികൾ വരുമ്പോഴെല്ലാം ദൈവദൂതന്മാർ വരുന്നു.

ഉല്പത്തി പുസ്തകത്തിൽ നാം മുന്നോട്ടു വായിക്കു മ്പോൾ മുപ്പത്തിരണ്ടാം അദ്ധ്യായത്തിൽ യാക്കോബ് ഒരു വലിയ പ്രശ്നത്തെ നേരിടുകയാണ്. ഏശാവ് നാനൂറ് ആളു

മായി വരുന്നു. യാക്കോബിനേയും മക്കളേയും ഭാര്യമാരേയും ദാസീദാസന്മാരേയും ആടുമാടുകളേയും എല്ലാം അപഹരിക്കുകയും കൊല്ലുകയും ചെയ്യുമെന്ന് യാക്കോബിന് മനസ്സിലായി. എന്തു വേണ്ടൂ എന്നു വിചാരിച്ച് പരിഭ്രമിച്ച് ഭയപരവശനായി നീങ്ങുകയാണ്.

*"യാക്കോബ് തന്റെ വഴിക്കു പോയി; ദൈവത്തിന്റെ ദൂതന്മാർ അവന്റെ എതിരെ വന്നു. യാക്കോബ് അവരെ കണ്ടപ്പോൾ: ഇതു ദൈവത്തിന്റെ സേന എന്നു പറഞ്ഞു. ആ സ്ഥലത്തിന്നു മഹനയീം എന്നു പേർ ഇട്ടു. അനന്തരം യാക്കോബ് ഏദോം നാടായ സേയീർ ദേശത്തു തന്റെ സഹോദരനായ ഏശാവിന്റെ അടുക്കൽ തനിക്കു മുമ്പായി ദൂതന്മാരെ അയച്ചു. അവരോടു കല്പിച്ചതു എന്തെന്നാൽ: എന്റെ യജമാനനായ ഏശാവിനോടു ഇങ്ങനെ പറവിൻ: നിന്റെ അടിയാൻ യാക്കോബ് ഇപ്രകാരം പറയുന്നു: ഞാൻ ലാബാന്റെ അടുക്കൽ പരദേശിയായി പാർത്തു ഇന്നുവരെ അവിടെ താമസിച്ചു. എനിക്കു കാളയും കഴുതയും ആടും ദാസീദാസന്മാരും ഉണ്ട്; നിനക്കു എന്നോടു കൃപ തോന്നേണ്ടതിന്നാകുന്നു യജമാനനെ അറിയിപ്പാൻ ആളയക്കുന്നത്. ദൂതന്മാർ യാക്കോബിന്റെ അടുക്കൽ മടങ്ങി വന്നു: ഞങ്ങൾ നിന്റെ സഹോദരനായ ഏശാവിന്റെ അടുക്കൽ പോയി വന്നു; അവൻ നാനൂറു ആളുമായി നിന്നെ എതിരേല്പാൻ വരുന്നു എന്നു പറഞ്ഞു. അപ്പോൾ യാക്കോബ് ഏറ്റവും ഭ്രമിച്ചു ഭയവശനായി."*

*ഉല്പത്തി 32 : 1 – 7*

ഈ ഭയപാരവശ്യം വരുന്നതിന്നു തൊട്ടുമുമ്പ് ദൈവദൂതന്മാരുടെ സംരക്ഷണം യാക്കോബിന്നു കിട്ടിക്കഴിഞ്ഞു. ദൈവ

പൈതലേ, വിശ്വസിക്കുക. പ്രതിസന്ധികൾ നിന്റെ ജീവിതത്തിൽ വരും. പക്ഷേ, തൊട്ടുമുമ്പ് ഇതാ, മാലാഖമാർ വന്ന് അണിനിരന്നു കഴിഞ്ഞു. പ്രശ്നങ്ങൾ നിങ്ങളുടെ ജീവിതത്തിൽ വരില്ലെന്നല്ല പറഞ്ഞത്.

"ലോകത്തിൽ നിങ്ങൾക്കു കഷ്ടമുണ്ട്: എങ്കിലും ധൈര്യപ്പെടുവിൻ. ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" എന്നു നമ്മുടെ കർത്താവ് പറഞ്ഞു. ആവശ്യഭാരങ്ങളും കഷ്ടപ്പാടുകളും നമുക്കുണ്ട്. മനസ്സ് മടുപ്പിക്കുന്ന അനേകം പ്രതിസന്ധികൾ നമ്മെ എതിർത്തു നിൽക്കുന്നുണ്ട്. പക്ഷേ, നിങ്ങൾ വിശ്വസിക്കൂ. ആ പ്രശ്നങ്ങളിൽ നിങ്ങൾ ചെല്ലുന്നതിന്നു മുമ്പേ മാലാഖമാർ ചുറ്റി നിന്നുകഴിഞ്ഞു.

"മഹനയീം!" മാലാഖമാരുടെ സൈന്യം വന്ന് യാക്കോബിനെ വലയം ചെയ്തു. ദൈവപൈതലേ, നിന്നെ വലയം ചെയ്യാൻ സ്വർഗ്ഗീയസേനകൾ സജ്ജമാണ്. ദൈവം തന്റെ ദൂതന്മാരെ അയച്ചിട്ടുണ്ട്.

*"അവർ ഒക്കെയും രക്ഷ പ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷയ്ക്ക് അയക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ?"* *എബ്രായർ 1 : 14*

രക്ഷ പ്രാപിച്ചവരുടെ അല്ല, രക്ഷ പ്രാപിപ്പാനുള്ളവരുടെ ശുശ്രൂഷയ്ക്ക് അയക്കപ്പെടുന്ന സേവകാത്മാക്കൾ! അവർ രക്ഷ പ്രാപിപ്പാനുള്ളവരാണ്. അവർക്കുവേണ്ടി ദൈവം ദൂതന്മാരെ അയച്ചുകഴിഞ്ഞു.

സ്നേഹിതാ, നിനക്കു വരാൻ പോകുന്ന പ്രശ്നം ദൈവം അറിയുന്നുണ്ട്. നീ നേരിടുന്ന ഭയമുളവാക്കുന്ന അമ്പരപ്പിക്കുന്ന കാര്യങ്ങൾ ദൈവം അറിയുന്നുണ്ട്. മകളേ, നിന്റെ ജീവിതത്തിൽ നീ അനുഭവിക്കാൻ പോകുന്ന യാതനകളും ദുരിതങ്ങളും എല്ലാം ദൈവം കാണുന്നുണ്ട്. ദൈവം തന്റെ മാലാഖമാരെ നിനക്കു ചുറ്റും കാവലാക്കി നിർത്തിക്കഴിഞ്ഞിരി

ക്കുന്നു.

ഈ മാലാഖമാരുടെ സംരക്ഷണത്തിലും ആ വലയത്തിലുമാണ് ഞാൻ ജീവിക്കുന്നത് എന്നു നിങ്ങൾ വിശ്വസിക്കൂ. അപ്പോൾ നിങ്ങളുടെ ജീവിതത്തിൽ സ്വന്തമായി ഒരു കെട്ടുറപ്പു കിട്ടും. നിങ്ങൾ പരീക്ഷാഹാളിൽ ഇരിക്കുമ്പോൾ മാലാഖമാർ ചുറ്റും നിൽക്കുന്നുണ്ട്. യേശു കൂടെയുണ്ട്. ഭയങ്ങളിൽ നിന്നു വിടുതൽ കിട്ടും. ജോലിസ്ഥലത്തു ചെല്ലുമ്പോൾ യേശു കൂടെയുണ്ട്. മാലാഖമാർ ചുറ്റും നിൽക്കുന്നുണ്ട്.

നിങ്ങൾ ഒരു അദ്ധ്യാപകനാണെങ്കിൽ, ആദ്യമായി കുട്ടികളെ അഭിമുഖീകരിക്കുകയാണ്. ഇതിനുമുമ്പ് കുട്ടികളെ പഠിപ്പിച്ചിട്ടില്ല, ഒരു സ്റ്റേജിൽ കയറിയിട്ടില്ല. നിങ്ങളുടെ കൈകാലുകൾ വിറയ്ക്കുന്നു, ശരീരം വിറയ്ക്കുന്നു, മുട്ടു കൂട്ടിയിടിക്കുന്നു. നിങ്ങൾ ആസകലം വിയർത്തു കുളിക്കുന്നു. നിങ്ങൾ വിശ്വസിക്കണം, ഞാൻ ദൈവത്തിന്റെ ദാസനാണ്. യേശുക്രിസ്തുവിന്റെ വകയാണ്. എന്റെ ആയുസ്സ് യേശുവിന് കൊടുത്തതാണ്. യേശുവിന്റെ മാലാഖമാർ എന്നെ ചുറ്റിനിൽക്കുന്നു.

യാക്കോബിന് പ്രതിസന്ധികൾ വന്നപ്പോഴെല്ലാം മാലാഖമാരുടെ സംരക്ഷണം കിട്ടി. നിങ്ങളുടെ ജീവിതത്തിൽ, നിങ്ങളെ സ്നേഹിക്കുന്ന യേശുവിന്റെ സ്നേഹം മാലാഖമാരെ നിങ്ങൾക്കയച്ചുതരികയാണ്. സ്വർഗ്ഗീയ ദൂതന്മാരുടെ സംരക്ഷണം നിങ്ങൾക്കു തരികയാണ്.

ജീവനുള്ള ക്രിസ്തു തന്റെ രക്തം കൊടുത്ത് നമ്മെ വിലയ്ക്കുവാങ്ങിയിരിക്കുന്നു. താൻ വിലയ്ക്കു വാങ്ങിയ മക്കൾ, ജീവിതം ക്രിസ്തുവിനു സമർപ്പിച്ച മക്കൾ, തങ്ങളെത്തന്നെ ക്രിസ്തുവിന്നു വിട്ടുകൊടുത്ത മക്കൾ, അവരുടെ സംരക്ഷണം ക്രിസ്തു ഏറ്റെടുത്തിരിക്കുകയാണ്.

ജീവിതം യേശുവിനു കൊടുത്തു എന്ന ഉറപ്പ് നിങ്ങൾക്കുണ്ടോ? ഞാൻ സമാധാനത്തോടെ പറയട്ടെ, ജീവ

നുള്ള ക്രിസ്തുവിന്റെ കരങ്ങളിലേക്ക് ഈ ആയുസ്സ് കൊടുത്തു എന്നുള്ള ഉറപ്പെനിക്കു കിട്ടിയതാണ് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ ഭാഗ്യം. മറ്റു ഭാഗ്യമെന്ന് പറയുന്നതെല്ലാം താത്ക്കാലികമാണ്. ഈ ജീവിതം ഒരിക്കലായിട്ട് അവന്റെ കരങ്ങളിലേക്കു കൊടുത്തതാണ്.

സ്നേഹിതാ, നിന്റെ ആയുസ്സ് യേശുവിനെ ഏല്പിച്ചു എന്ന ഉറപ്പ് നിനക്കുണ്ടോ? സ്വന്തം ഇഷ്ടം ബലി കഴിച്ചു എന്ന്, സ്വന്തം ഭാവി വിട്ടുകളഞ്ഞു എന്ന് നിനക്ക് ഉറപ്പുണ്ടോ? സ്വന്തം ശുശ്രൂഷയില്ല, സ്വന്തം ആത്മീയമില്ല, സ്വന്തം പ്രസംഗമില്ല. സ്വന്തം വേലയില്ല, സ്വന്തം കൂട്ടായ്മയില്ല. ജീവനുള്ള ദൈവത്തിന്നായി എന്നെയും എനിക്കുള്ളതിനെയും വിട്ടുകൊടുത്തിരിക്കുന്നു.

എന്റെ വീട്, എന്റെ ഭാര്യ, എന്റെ ഭർത്താവ്, എന്റെ മക്കൾ, എന്റെ വരുമാനം, എന്റെ വരവും ചിലവും മുഴുവൻ ഞാൻ യേശുവിന്നു കൊടുത്തിരിക്കുന്നു. കഴിവുള്ളവന്റെ കരങ്ങളിലേക്ക് ഏൽപ്പിച്ചിരിക്കുകയാണ്. ഏറ്റെടുക്കുവാൻ ശക്തനായവന്റെ ഭുജങ്ങളിലേക്കു വിട്ടുകൊടുത്തിരിക്കുകയാണ്.

അവൻ എന്നെ കാക്കും. അവൻ തന്റെ മാലാഖമാരെ എന്റെ ചുറ്റും നിർത്തും. അവൻ എന്നെ സംരക്ഷിക്കും. ഏത് അനർത്ഥത്തിന്റേയും രോഗത്തിന്റേയും വഴിയിൽ അവൻ എന്നെ കാത്തുകൊള്ളും. അവന്റെ കരം എന്നെ സൂക്ഷിക്കും. കഷ്ടങ്ങൾ വരുമ്പോഴും നഷ്ടങ്ങൾ വരുമ്പോഴും അവൻ എന്നെ വിട്ടു മാറുകയില്ല.

മറ്റുള്ളവർ നിനക്കെതിരായി നിൽക്കുമ്പോഴും അവൻ എന്നെ വിട്ടുമാറുകയില്ല. യേശു എന്നോടുകൂടെയിരിക്കും. ഞാൻ യേശുവിന്റെ വകയാണ്. യേശു തന്റെ രക്തം കൊടുത്ത് എന്നെ വിലയ്ക്കു വാങ്ങിയിരിക്കുകയാണ്. എന്റെ പാപം അവൻ പോക്കിയിരിക്കുകയാണ്. ഈ ഉറപ്പ് നിങ്ങൾക്കു

ണ്ടെങ്കിൽ നിങ്ങൾ ഭാഗ്യശാലികളാണ്.

ഇപ്പോൾ നിങ്ങളുടെ ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലേക്കു കൊടുക്കാം. യേശുവേ, ഈ ജീവിതം എന്നെന്നേയ്ക്കുമായി നിനക്കു തന്നിരിക്കുന്നു. യേശുവേ, ഞാനും എനിക്കുള്ളതൊക്കെയും നിന്റെ കൈയിൽ തന്നിരിക്കുന്നു. എന്റെ ഭാവിയും എന്റെ ആയുസ്സും എന്റെ ശരീരവും നിനക്കു തന്നിരിക്കുന്നു. ദേഹവും ദേഹിയും ആത്മാവും സമ്പൂർണ്ണമായി നിന്റെ കൈയിൽ തന്നിരിക്കുന്നു. എന്നെ നീ ഏറ്റെടുക്കണമേ. തിരുരക്തത്താൽ വലയം ചെയ്യണമേ.

നമുക്ക് പ്രാർത്ഥിക്കാം.

കരുണയുള്ള കർത്താവേ, അവിടുത്തെ ദിവ്യപരിപാലനത്തിനായി സ്തോത്രം; സ്വർഗ്ഗീയ സംരക്ഷണത്തിന്നായി സ്തോത്രം. നിന്റെ മക്കളെ തൊട്ടതിനായി സ്തോത്രം. എല്ലാവരേയും തഴുകണമേ, എല്ലാവരേയും അനുഗ്രഹിക്കണമേ, നന്മകളാൽ നിറയ്ക്കണമേ, രണ്ടാമത്തെ വരവിന്നായി ഒരുക്കണമേ. യേശുനാഥന്റെ സ്നേഹം നിറഞ്ഞ നാമത്തിൽത്തന്നേ, ആമ്മേൻ.

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മവ്യാപാരം
23. പരിശുദ്ധാത്മശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസ വീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ
102. സ്വർഗ്ഗതീരമണയുന്നവർ
103. സ്നേഹത്തിന്റെ രോദനം
104. വിശുദ്ധനായോരു ദൈവപുരുഷൻ
105. പരിശുദ്ധാത്മപ്രവാഹം
106. CALEB - A BRAVE HERO OF FAITH
107. രക്ഷ പ്രാപിപ്പാൻ ഞാൻ എന്ത് ചെയ്യേണം?
108. ശുഭമുദ്ര
109. LITTLE FOXES
110. വരൾച്ചയും വളർച്ചയും
111. മരണമേ, നിന്റെ ജയം എവിടെ?
112. സമർപ്പണം
113 ON WIND'S WAY
114. സന്തോഷത്തിന് വല്ല വഴിയുമുണ്ടോ?
115. भाग्यशाली
116. ജയാളികൾ
117. സൂര്യനുദിക്കും
118 VICTORIOUS LIVING
119. DEATH, WHERE IS YOUR VICTORY?
120. അഭിവൃദ്ധി പ്രാപിക്കണമോ?
121. എഴുന്നേല്ക്കുക
122 WHAT MUST I DO TO BE SAVED?
123. സ്നേഹാർദ്രകരങ്ങൾ
124. മ്ലാനത മാറുമോ?
125. ഫിലേമോൻ
126. DEDICATION
127. മൊട്ടക്കുന്നിന്മേൽ കൊടി ഉയർത്തുവിൻ
128. ദൈവത്തിന്റെ സ്നേഹിതൻ
129. വിശ്വാസികളുടെ പിതാവ്
130. വിശ്വാസത്തിന്റെ ചുവടുവെപ്പുകൾ
131. ALL FOR THE BEST
132. അനുഗ്രഹം തലമുറകളിലേയ്ക്ക്

# ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ പ്രധാനയോഗങ്ങൾ

**Prof. M.Y. യോഹന്നാന്റെ** ഭവനത്തിനടുത്തുള്ള പ്രാർത്ഥനാഹാളിൽ
കടയിരുപ്പ് (കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്)
Ph : 0484 -2689489, 9142 303096

| | |
|---|---|
| രണ്ടാം ശനിയാഴ്ച | 9.00am - 2.00pm |
| കുട്ടികൾക്കുള്ള ബൈബിൾ ക്ലാസ്സ് | 3.00pm - 4.30pm |
| യുവതികളുടെ ഫെല്ലോഷിപ്പ് | 3.00pm - 4.30pm |
| സാക്ഷ്യയോഗം | 4.30pm - 9.00pm |
| രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30pm - 5.00pm |
| മൂന്നാം ഞായറാഴ്ച | 12.30pm - 5.00pm |
| എല്ലാ തിങ്കളാഴ്ചയും | 6.00pm - 8.30pm |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്സ്) | 6.00pm - 8.30pm |
| ഒന്നാം ചൊവ്വാഴ്ച (വനിതകളുടെ യോഗം) | 9.00am - 12.45pm |
| എല്ലാ ഒന്നും മൂന്നും ബുധനാഴ്ച യുവാക്കന്മാരുടെ യോഗം (15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |